Education For ALL
Education For Ever


**KERALA STATE LITERACY MISSION AUTHORITY (KSLMA)**
'Aksharam', Near Govt. BHSS Pettah, Pettah P.O.,
Thiruvananthapuram, Kerala Pin - 695024
Ph: Off, 90471) 2472253 / 2472254 Tele-Fax: (0471) 2462252
E-mail : info.kslma@kerala.gov.in. Website : www.literacymissionkerala.org

KBPS

Printed by the Managing Director
Kerala Books and Publications Society
(An Undertaking of the Government of Kerala)
Kakkanad, Kochi–682 030

## തുല്യതാ പാഠാവലി

# മലയാളം



കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# 10

# മലയാളം

## സ്റ്റാൻഡേർഡ്

## 10

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ)
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (എസ്.സി.ഇ.ആർ.ടി)

2025

# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്.
എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.
സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ
ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും
മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും
എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by:

Kerala State Literacy Mission Authority (KSLMA)
'Aksharam', Near Govt. BHSS Pettah, Pettah P.O., Thiruvananthapuram, Kerala Pin - 695024
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.

| | | |
|---|---|---|
| Website | : | www.literacymissionkerala.org |
| e-mail | : | stateliteracymission@gmail.com |
| Phone | : | 0471-2472253/2472254, Fax: 0471-2462252 |
| First Edition | : | 2024 |
| Second Edition | : | 2025 |
| Chief Editor | : | Oleena A.G. |
| Academic Co-ordination | : | Aji D.P. (SCERT) |
| | | Dr. J. Vijayamma (KSLMA) |
| Type Setting | : | Sanoop S.V, Udayakala V. |
| Proof | : | Shaimy E.P. |
| Layout | : | Rajesh S, Thiruvananthapuram |
| Cover design | : | Sudheer P Y |
| Price | : | Eighty only |


© Kerala State Literacy Mission Authority, Government of Kerala

# പഠിതാക്കളോട്

ആധുനികസമൂഹങ്ങൾ അറിയപ്പെടുന്നത് അവരവരുടെ മാതൃഭാഷകളിലാണ്. ഒരു ജനത എന്ന നിലയിൽ ലോകം നമ്മെ തിരിച്ചറിയുന്നത് മലയാളത്തിന്റെ പേരിലും. സമ്പന്നമായ ഭാഷകളിലൊന്നാണ് മലയാളം.

മാതൃഭാഷയാണ് സർഗാത്മകതയുടെ അടിത്തറ. ചിന്ത, ഭാവന, സൗന്ദര്യബോധം, യുക്തിചിന്ത, ശാസ്ത്രബോധം, പൗരബോധം എന്നിവ വികസിപ്പിക്കുന്നതിൽ മാതൃഭാഷയ്ക്കുള്ള പങ്ക് അനിഷേധ്യമാണ്. അതുകൊണ്ടുതന്നെ മാതൃഭാഷ പഠിക്കുന്നതും മാതൃഭാഷയിലൂടെ പഠിക്കുന്നതും പ്രധാനമാകുന്നു.

ശാസ്ത്രവും സാങ്കേതികവിദ്യയും ഇതര വൈജ്ഞാനികവിഷയങ്ങളും മാതൃഭാഷയിലൂടെ പഠിക്കാൻ കഴിയേണ്ടതുണ്ട്. അപ്പോഴേ മലയാളം വൈജ്ഞാനികഭാഷയായി വികസിക്കൂ. ആ നിലയ്ക്ക് നമ്മുടെ മാതൃഭാഷയെ വികസിപ്പിക്കേണ്ടത് ഒരു ജനത എന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വമാണ്.

എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക പിന്തുണയോടെയാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി പത്താംതരം തുല്യതാകോഴ്സിന്റെ മലയാളം പാഠാവലി മാതൃഭാഷയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, തയ്യാറാക്കിയിട്ടുള്ളത്. സാഹിത്യാവബോധവും സർഗാത്മകതയും മാനവികതയും പരിസ്ഥിതിസ്നേഹവും ജനാധിപത്യസംസ്കാരവും ലിംഗസമത്വവും ശാസ്ത്രബോധവും വളർത്തിയെടുക്കുന്നതിന് ഉതകുന്ന വിധത്തിലാണ് പാഠപുസ്തകം സംവിധാനം ചെയ്തിരിക്കുന്നത്. ആ നിലയ്ക്ക് നമ്മുടെ സാമൂഹിക മുന്നേറ്റത്തിനുകൂടി ഈ പുസ്തകം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**ഒലീന എ ജി**
ഡയറക്ടർ
കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ആമുഖം

പ്രിയമുള്ള പഠിതാക്കളേ,

വിദ്യാഭ്യാസം ജനങ്ങളുടെ അവകാശമാണ്. അതിൽ മാതൃഭാഷയ്ക്ക് പ്രഥമസ്ഥാനമാണുള്ളത്. ആശയവിനിമയത്തിനും തെളിവാർന്ന ചിന്തയ്ക്കും ഭാഷ അനിവാര്യമാണ്. സമൂഹത്തിന്റെ പുനർനിർമ്മിതിക്കും ഭാഷ ആവശ്യമാണ്. അറിവിന്റെ നിർമ്മാണത്തിനും ജ്ഞാനസമൂഹസൃഷ്ടിക്കും ഭാഷയാണ് വിനിമയോപാധി. വിവിധ കാരണങ്ങളാൽ ഔപചാരിക സ്കൂൾപഠനം പൂർത്തിയാക്കാൻ കഴിയാതെപോയ അനേകം ആളുകൾ നമ്മുടെ സമൂഹത്തിലുണ്ട്. തുടർപഠനാവസരം ഒരുക്കി അവർക്ക് ഭാഷ പഠിക്കാനും പരീക്ഷയിലൂടെ പത്താംക്ലാസ് തുല്യത നേടാനും എസ്.സി.ഇ.ആർ.ടി.യുടെ അക്കാദമിക പിന്തുണയോടെ കേരള സാക്ഷരതാമിഷൻ അതോറിറ്റി തയ്യാറാക്കുന്ന മലയാള പാഠാവലിയാണ് ഇത്.

ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംക്ലാസ് വിദ്യാർഥികൾ നേടുന്ന ഭാഷാശേഷികൾ ഈ പുസ്തകത്തിലൂടെ പഠിതാക്കൾ നേടേണ്ടതുണ്ട്. ഇതിന് സഹായകമായ, സാഹിത്യ - സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട, ഉചിതമായ പാഠഭാഗങ്ങളും പഠനപ്രവർത്തനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്കാരവിനിമയത്തിന്റെ ഉപകരണം എന്ന നിലയിൽ ഭാഷാപഠനത്തിൽ മൂല്യങ്ങളും മനോഭാവങ്ങളും ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ പുസ്തകം അതിന് സഹായകരമാകുമെന്ന് വിശ്വസിച്ചുകൊണ്ട് സ്നേഹപൂർവം സമർപ്പിക്കുന്നു.

ആശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

## ശില്പശാലയിൽ പങ്കെടുത്തവർ

1. **ഡോ. ധർമ്മരാജൻ. എസ്.എസ്**
   അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം
   ഗവ. കോളേജ്, നെടുമങ്ങാട്

2. **മനോജ്. കെ.എസ്**
   അസി. പ്രൊഫസർ, മലയാളവിഭാഗം
   ഗവ. കോളേജ്, കാര്യവട്ടം

3. **രവികുമാർ. എം.ജി**
   അസി. പ്രൊഫസർ, മലയാളവിഭാഗം
   ഗവ. കോളേജ്, ആറ്റിങ്ങൽ

4. **ഡി. യേശുദാസ്**
   എച്ച്.എസ്.എസ്.ടി മലയാളം
   മുഹമ്മദൻസ് ഗവ. ഹയർ സെക്കൻഡണ്ടറി സ്കൂൾ
   ഇടത്തറ, പത്തനാപുരം, കൊല്ലം

**അക്കാദമിക് ചുമതല**

1. **അജി. ഡി.പി.**
   റിസർച്ച് ഓഫീസർ, എസ് സി ഇ ആർ ടി

2. **ഡോ. സുമി ജോയി ഓലിയപ്പുറം**
   അസോ. പ്രൊഫസർ & വകുപ്പധ്യക്ഷ
   മഹാരാജാസ് കോളേജ്
   എറണാകുളം

## വിദഗ്ധസമിതി

**ഡോ. പി. സോമൻ, ഡോ. പി. സത്യനേശൻ
മടവൂർ ശശി, ഡോ. എച്ച്. സാബു, പ്രൊഫ. സുജ സൂസൻ ജോർജ്,
കെ.കെ. കൃഷ്ണകുമാർ**

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)
അക്ഷരം, ഗവ. ബോയ്സ് എച്ച്.എസ്.എസിനു സമീപം, പേട്ട പി.ഒ., തിരുവനന്തപുരം

# ഇന്ത്യയുടെ ഭരണഘടന

**ഭാഗം IV ക**

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഇന്ത്യയിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് -**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക;

(ഗ) ഇന്ത്യയുടെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവുവരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യായുള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


യൂണിറ്റ് 1 | 09 | മൊഴിവഴികൾ

1. സീതാസ്വയംവരം - എഴുത്തച്ഛൻ
2. കുടിയൊഴിക്കപ്പെടുന്നവർ - സാറാജോസഫ്
3. ഉപ്പ് - സച്ചിദാനന്ദൻ
4. അധ്യയനമാധ്യമം മാതൃഭാഷയാകണം - മഹാത്മാഗാന്ധി

യൂണിറ്റ് 2 | 33 | ഭൂമിഗീതങ്ങൾ

1. ഭൂമിക്കൊരു ചരമഗീതം - ഒ.എൻ.വി. കുറുപ്പ്
2. റോബിൻകുരുവികൾ പാടുന്നില്ല - റേച്ചൽ കഴ്സൻ
3. തേന്മാവ് - ബഷീർ

യൂണിറ്റ് 3 | 49 | മധ്യേയിങ്ങനെ മാധ്യമകാലത്ത്

1. പ്രാർഥിക്കുന്നെങ്കിൽ ഇങ്ങനെ - കെ.ജി. ശങ്കരപ്പിള്ള
2. വെബ്സൈറ്റ് - ചന്ദ്രമതി
3. മതിലുകൾ - എം.എഫ്. തോമസ്

യൂണിറ്റ് 4 | 67 | നവീനയുഗത്തിൻ വാകത്തോപ്പുകൾ

1. ദുരവസ്ഥ - കുമാരനാശാൻ
2. ദേവകിയുടെ മനേരിച്ചിൽ - ദേവകി നിലയങ്ങോട്
3. നെഹ്റുവും ശാസ്ത്രാവബോധവും - ടി.കെ. ദേവരാജൻ

യൂണിറ്റ് 5 | 83 | നൊന്തു പൊരുതുന്നവർ

1. പന്തങ്ങൾ - വൈലോപ്പിള്ളി ശ്രീധരമേനോൻ
2. പിറന്ന നാടുവിട്ടവർ - ബെന്യാമിൻ
3. കല്യാണസാരി - ശ്രീജ കെ.വി.

യൂണിറ്റ് 6 | 107 | സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം

1. നഗരത്തിൽ ഒരു യക്ഷൻ - ആറ്റൂർ രവിവർമ്മ
2. പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ - പ്രിയ എ.എസ്.
3. ഒരു ചെറുപുഞ്ചിരി - എം.ടി. വാസുദേവൻ നായർ

# മൊഴിവഴികൾ

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.
അമ്മതാൻ തന്നെ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം.

**- വള്ളത്തോൾ നാരായണമേനോൻ**

**പദപരിചയം**

• വാത്സല്യദുഗ്ധം - വാത്സല്യമാകുന്ന പാൽ,
• ഹൃത്ത് - മനസ്സ് • വക്ത്രം - വായ്, മുഖം


- മാതൃഭാഷ സംബന്ധിച്ച് വള്ളത്തോൾ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം?

  ഈ ആശയങ്ങളുടെ ഇന്നത്തെ പ്രസക്തി എന്ത്? ചർച്ച ചെയ്യുക.

## പാഠം 1

# സീതാസ്വയംവരം

**എഴുത്തച്ഛൻ**



ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ-
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ.
'വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ?
ചൊല്ലുകെ'ന്നതു കേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ:
'എല്ലാമാ,മാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ'.
മന്ദഹാസവും പൂണ്ടു രാഘവനതു കേട്ടു
മന്ദംമന്ദം പോയ് ചെന്നുനിന്നു കണ്ടിതു ചാപം.
ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചു വലിച്ചുടൻ മുറിച്ചു ജിതശ്രമം
നിന്നരുളുന്ന നേരമീരേഴുലോകങ്ങളു-
മൊന്നു മാറ്റൊലിക്കൊണ്ടു, വിസ്മയപ്പെട്ടു ജനം
പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ
കൂട്ടമേ വാദ്യങ്ങളും മംഗളസ്തുതികളും
ദേവകളൊക്കെപ്പരമാനന്ദം പൂണ്ടു ദേവ-
ദേവനെ സേവിക്കയുമപ്സരസ്ത്രീകളെല്ലാം
ഉത്സാഹം കൈക്കൊണ്ടു വിശ്വേശ്വരനുടെ വിവാ-
ഹോത്സവാരംഭഘോഷം കണ്ടു കൗതുകം പൂണ്ടാർ,
ജനകൻ ജഗത്സ്വാമിയാകിയ ഭഗവാനെ-
ജ്ജനസംസദി ഗാഢാശ്ലേഷവും ചെയ്താനല്ലോ,
ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ,
മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസി കൗശികനും.
മൈഥിലിതന്നെപ്പരിചാരികമാരും നിജ-
മാതാക്കന്മാരും കൂടി നന്നായിചമയിച്ചാർ.
സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ-
മർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലേ വരണാർഥമാലയുമിട്ടീടിനാൾ;
മാലയും ധരിച്ചു നീലോല്പലകാന്തി തേടും
ബാലകൻ ശ്രീരാമനുമേറ്റവും വിളങ്ങീടിനാൻ.

*അധ്യാത്മരാമായണം കിളിപ്പാട്ട്*

## പദപരിചയം

• ചന്ദ്രശേഖരൻ - ശിവൻ • കല്യാണം - മംഗളം • രാഘവൻ - ശ്രീരാമൻ • ചാപം - വില്ല് • ജിതശ്രമം - ബുദ്ധിമുട്ട് ഇല്ലാതെ • വിസ്മയിക്കുക - അദ്ഭുതപ്പെടുക • കൂത്ത് - നൃത്തം • വിശ്വേശ്വരൻ - ലോകത്തിന്റെ ഈശ്വരൻ • ഘോഷം - ശബ്ദം • ജഗത്സ്വാമി - ലോകനാഥൻ • ജനസംസദി - ജനസദസ്സ് • ഗാഢാശ്ലേഷം ചെയ്യുക - മുറുകെ പുണരുക • ഉരഗങ്ങൾ - പാമ്പുകൾ • മൈഥിലി - സീത • ചേതസി - മനസ്സിൽ • കൗശികൻ - വിശ്വാമിത്രൻ • നിജ മാതാക്കൾ - സ്വന്തം അമ്മമാർ • സ്വർണ്ണഭൂഷണം - സ്വർണ്ണാഭരണം • അർണ്ണോജനേത്രൻ - താമരക്കണ്ണൻ • സത്രപം - ലജ്ജയോടെ • നേത്രോല്പലമാല - കണ്ണുകളാകുന്ന കരിങ്കൂവള മാല • വരണാർഥമാല - വിവാഹമാല

## പഠനപ്രവർത്തനങ്ങൾ

- "വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ,
  പിന്നാലേ വരണാർഥമാലയുമിട്ടീടിനാൾ"
  ഈ പ്രയോഗത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

- 'കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ'
  കല്യാണം എന്ന പദം നൽകുന്ന അർഥസൂചനകൾ എന്തെല്ലാമാണ്?

- കാവ്യഭംഗി വിവരിക്കുക.
  "ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
  നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ,
  മൈഥിലി മയിൽപ്പേടപോലെ സന്തോഷംപൂണ്ടാൾ."
  വരികളുടെ കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പെഴുതുക.

- "സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
  സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
  സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ-
  മർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്"
  ശബ്ദഭംഗിയും അർഥഭംഗിയും കൂടിച്ചേർന്ന് എങ്ങനെയാണ് ഈ വരികൾ ആസ്വാദ്യമാക്കുന്നത്? ചർച്ചചെയ്ത് കുറിപ്പെഴുതുക.

- സ്വയംവരപ്പന്തലിലേക്കുള്ള സീതയുടെ വരവിനെ കവി അവതരിപ്പിക്കുന്നതെങ്ങനെ?

- സീതയെ മയിൽപ്പേടയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഔചിത്യഭംഗി വിശദമാക്കുക.



## പാഠം 2

# കുടിയൊഴിക്കപ്പെടുന്നവർ

**സാറാ ജോസഫ്**

എട്ടുമുറി ആരുടെയാണ്? ആണും പെണ്ണും കുട്ടിയുമായി പത്തെഴുപതുപേരുണ്ട് എട്ടുമുറിയിലെ താമസക്കാർ. വയറ്റിലുള്ളതും കൂടി കൂട്ടിയാൽ എഴുപത്തഞ്ചായി. ശരിക്കും പറഞ്ഞാൽ അതൊരു പത്തുമുറിയാണ്. രണ്ടറ്റത്തുമുള്ള വീട്ടുകാർ ഓരോ ചായ്പ്പും കൂടി ചായ്ച്ചിറക്കിക്കെട്ടി വാടകയ്ക്ക് കൊടുത്തു. ഒരു ചായ്പ്പിൽ ഈയം പൂശ് അന്തോണിയും മറ്റേതിൽ ചോറുകൊണ്ടു പോകുന്ന കത്തുരുവുമാണ് താമസം. ഈ പത്തുകൂട്ടരും പറയുന്നത് എട്ടുമുറി അവരുടെയാണെന്നാണ്.

എന്നാൽ എമണ്ടൻ വാറു എന്ന തൃശൂർക്കാരൻ മുതലാളി പറയുന്നു, എട്ടുമുറിയും അതിരിക്കുന്ന സ്ഥലവും അയാളുടെ അപ്പാപ്പൻ ചുമ്മാരിന്റെ പേരിലുള്ളതാണെന്ന്. അതിനയാൾക്ക് രേഖകളുണ്ട്. കോക്കാഞ്ചറയിൽ ആൾപ്പാർപ്പ് തുടങ്ങിയ കാലത്ത് ചുമ്മാര് ഉണ്ടാക്കിയിട്ട വീടാണത്രേ പിന്നീട് എട്ടുമുറിയായത്.

"അവൻ ഗുണ്ടടിയ്ക്ക്ണ്" അമ്മാമ പറഞ്ഞു. എട്ടുമുറിക്കാർ അമ്മാമയ്ക്ക് ചുറ്റും കൂടി. എട്ടുമുറിയുടെ മുറ്റത്ത് ഒരു ബെഞ്ചിന്മേൽ അമ്മാമ ഇരുന്നു. ആനി അമ്മാമയെ ചാരി നിന്നു.

"ആൾപ്പാർപ്പ് തൊടങ്ങ്യ കാലത്താ വന്നോരന്നിണ് മ്മളും. അന്നിവിടെ എട്ടു മുറീല്യാ കിട്ട് മുറീല്യാ. ആകെ ഇള്ളത് കൊറേ തൊരടീം തൊട്ടാവാടീം. പിന്നെ കൊറേ എര്ക്കും പാവട്ടെം. അതാ വെട്ടിക്കളഞ്ഞട്ട് ഇവടെ ആദ്യമായി ട്ടൊര് പെര്യാ തല്ലിക്കൂ ട്ടീത്, ദേ ഈ നിക്കണ നേര്ക്രൻ എറപ്പായീരപ്പാപ്പനും അമ്മാമീം കൂടീട്ട്ണ്. എറപ്പാ യീരപ്പാപ്പൻ, കറ്ത്ത് കുറ്റിയാനായിട്ട്ള്ള പത്രോസ്. അന്ന് അവന്റെ ഉമ്മ കൊച്ച്റിയം പത്തും തെകഞ്ഞിരിക്ക്ണ്. ഉമ്മിം മാപ്ലിം കൂടി കളച്ച് മണ്ണാ ചവിട്ടിക്കൊഴച്ച് ഇഷ്ടി യാണ്ടാക്കി. കരിങ്കല്ലിന്റൊറപ്പണ് ഓരോ ഇഷ്ടിയയ്ക്ക്. അവരടെ കയ്യീന്ന് പെട്ടിവേടിച്ച് ഇഷ്ടികയണ്ടാക്കീട്ട്ണ് മ്മറോടത്തെ ചായ്പ് പിടിച്ചത്. ഒര് മുറിം അട്ക്കളീം. അത്ണ് ഇവടെ ആദ്യണ്ടായ പെര. അത് തല്ലിക്കൂട്ടീത് ചുമ്മാരും കിമ്മാര്യൊന്നല്ല. പത്രോസും കൊച്ച്റിയുണ്."

"ഇനീപ്പാ ചുമ്മാരും നേര്കാരന്റോരും തമ്മില് വല്ല എടവാടും ണ്ടാര്ന്നോന്ന് ഇനിക്കറിയില്യാട്ടാ. മ്മള് നോക്ക്മ്പോ ഓരോര്ത്തരാ വര്ണൂ, ഇഷ്ടിയാ പിടിയ്ക്ക്ണൂ, ഇള്ളേന്റെ കൂടെ കൂട്ട്യാ കെട്ട്ണൂ. ഇങ്ങ്നിണ് രണ്ട് മുറിം നാലും മുറിം ഒക്കെ ആയേന്റെ ശേഷം എട്ട് മുറ്യായത്. കൊഞ്ഞനം കുത്തീട്ട്ള്ള അയന്റെ നിൽപാ കണ്ടാ അറിഞ്ഞൂ ട്റോ ഒറ്റടിയ്ക്ക് ഇണ്ടാക്കീട്ട്ള്ളതല്ലാന്ന്. ഇത്രിം കാലം ഇല്യാത്തൊര് ചുമ്മാര് ഇപ്പെവട ന്നാ പൊട്ടി വീണേ? എന്തൂട്ടതിശയണ്ടപ്പാദ്?"

കോക്കാഞ്ചറയുടെ ചരിത്രം അറിയുന്നവരുടെ കൂട്ടത്തിൽ ഏറ്റവും ഓർമ്മശക്തി യുള്ളത് അമ്മാമയ്ക്കായിരുന്നു.

"മറിഞ്ചേട്ത്ത്യാ പറഞ്ഞാ കട്കെടയ്ക്ക്യ വെത്യാസണ്ടാവില്യ."

അതുകൊണ്ട് എട്ടുമുറി എട്ടുമുറിക്കാരുടേതു തന്നെ എന്ന് അവർ ഒന്നുകൂടി ഉറപ്പിച്ചു.

"മ്മക്ക് രേഗ്യൊന്നും വേണ്ട. മറിഞ്ചേട്ത്ത്യാ പറഞ്ഞാ മതി."

അമ്മാമ ചിരിച്ചു. ആനി അഭിമാനത്തോടെ അമ്മാമയെ ചാരി നിന്നു. എട്ടുമു റിക്കാരും കോക്കാഞ്ചറക്കാരും അമ്മാമയുടെ വാക്കിന് വില കല്പിക്കുന്നു. എമണ്ടൻ വാറുവിനെ ഓടിപ്പിക്കാനുള്ള ശക്തി അമ്മാമയുടെ വാക്കുകൾക്കുണ്ട്. അമ്മാമ പറഞ്ഞു.

"ന്നാലും ഇപ്പറയണ ചുമ്മാരും പത്രോസും തമ്മില് വല്ല എഴ്ത്ത്കുത്തും ണ്ടായി ട്ട്ണ്ടോന്ന് നോക്കിക്കോട്ടാ. നിന്റോടെ വല്ല രേഗീം ണ്ട്റാ?"

നേരുകാരൻ എറപ്പായി കൈമലർത്തി. പഴയ മുണ്ടുംപെട്ടിയിൽ ചില പ്രാർഥന പുസ്തകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുത്തൻപാനയുടെയും വണക്കമാസപ്പുസ്ത കത്തിന്റെയും ഉള്ളിൽ നിന്ന് ഒന്നും കിട്ടിയില്ല. രൂപക്കൂടിന്റെ അടുത്ത് കമ്പിയിൽ

കോർത്തിട്ടിരുന്ന കരിപിടിച്ച പഴയ കുറേ കടലാസുകളാണ് പിന്നെയുള്ള രേഖകൾ. മരിച്ചറിയിപ്പുകൾ, മാമോദീസാ കണക്കുകൾ, പഴയ ചില എഴുത്തുകൾ; കഷായത്തിന്റെ കുറിപ്പടികൾ, ഒന്നുരണ്ടു മേൽവിലാസങ്ങൾ, ചില രസീതുകൾ, സ്നേഹസീമയുടെ നോട്ടീസ് ഇത്രയുമായിരുന്നു കമ്പിയിൽ കോർത്തിട്ടിരുന്ന രേഖകൾ.

അതുകൊണ്ടായില്ലല്ലോ. എമണ്ടൻ വാറു എട്ടുമുറിക്കാർക്ക് നോട്ടീസ് കൊടുത്തു. രണ്ടാഴ്ചയ്ക്കുള്ളിൽ എട്ടുമുറി പൊളിക്കാൻ പോവുകയാണ്. വാടകക്കാർ എത്രയും വേഗം സ്ഥലം ഒഴിഞ്ഞു തരണം.

"വാടകക്കാരാ? ന്തൂട്ട്ണ് ഇയാള് പറയണേ? മ്മളാര്ടിം വാടയക്കാരൊന്നല്ല. മ്മളാര്ക്കേങ്കിലും വാടക കൊട്ക്കണ്ണ്ട്റാ? ണ്ടാ? ഇല്യല്ലാ? മ്മളോടാരും വാടയ ചോദിച്ചട്ടും ല്യ. ചോദിച്ചാട്ട് കൊട്ക്കൂല്യ. പിന്നെന്തൂട്ട് വാടയക്കാര്ണ്?

പോയ് പണിനോക്കാൻ പറയരാ എമണ്ടനോട്."

എട്ടുമുറിക്കാർ നേരം വെളുത്താലന്തിയാവോളം എമണ്ടൻ വാറുവിനെ തെറി പറഞ്ഞുകൊണ്ടിരുന്നു.

"മ്മളെവടയ്ക്ക് പൂവാന്ണ്? അവന്റെ ബങ്കളാവ്ല്ല്യാ?"

അവർ എട്ടുമുറിയുടെ തിണ്ണകളിൽ ബലമായി കുത്തിയിരുന്നു.

"എട്ടുമുറിക്കാർ ഒഴിഞ്ഞുകൊട്ക്കര്ത്. പത്തുനാൽപ്പതു വർഷമായിട്ട് അവർ

അവിടെ താമസിക്കുന്നവരാണ്. അങ്ങനെയൊന്നും അവരെ ഒഴിപ്പിക്കാൻ വകുപ്പില്ല."

കുട്ടിപ്പാപ്പൻ പറഞ്ഞു.

"എന്റെ ചത്ത്പോയ അപ്പൻ കുഴീന്ന് ഏറ്റ് വന്നട്ടാ പറയ്ണ്, ട്ട്യേ, കത്ത്രോ, എട്ടുമുറ്യാ ഒഴിഞ്ഞുകൊട്ക്കറീന്ന്. ന്നാലും ഞാൻ ഒഴിഞ്ഞ് കൊട്ക്കില്യാ പ്രാഞ്ച്യേട്ടാ."

കത്തുരുവിന്റെ തീരുമാനം തന്നെയായിരുന്നു എട്ടുമുറിക്കാർക്ക് മുഴുവനും.

പക്ഷേ, നോട്ടീസിന്റെ സമയം കഴിഞ്ഞ അന്ന് എമണ്ടൻ വാറു ആളെക്കൂട്ടി വന്നു. കുരിശുമണി കൊട്ടിയ നേരത്താണ് വരവ്. വന്നവർ അകത്തേക്കിരച്ചു കയറി കണ്ടതൊക്കെ എടുത്ത് പുറത്തേക്കിട്ടു. എട്ടുമുറിയിലെ ആണുങ്ങൾക്കാർക്കും ആ നേരത്ത് കാല് നിലത്തുറയ്ക്കാറില്ല.

"ആഴ്ണ്ടാ? വാഴൂണ്ടാ?" എന്നും ചോദിച്ച് അവർ ആടിയാടി നിന്നു. പെണ്ണുങ്ങളാണ് ചൂലും വിറകുകൊള്ളിയും കൊണ്ട് വാറുവിന്റെ ആൾക്കാരെ അടിച്ചു പുറത്താക്കാൻ നോക്കിയത്. ഒരുപാട് ചട്ടികലങ്ങൾ ഉടഞ്ഞു. അരിവച്ച പാത്രങ്ങൾ മുറ്റത്തേക്കെറിഞ്ഞ് അരിയും ഉപ്പും മണ്ണെണ്ണയും ഒക്കെ കൂടി ഒന്നായി. കുട്ടികൾ വാവിട്ടു കരഞ്ഞു. ഏതോ മുറിയിൽ മണ്ണെണ്ണ ചിമ്മിനി തട്ടിമറിച്ച് തീ പിടിച്ചതോടെ എട്ടുമുറിയില് കൂട്ടനിലവിളിയായി. ആളുകൾ ഓടിക്കൂടി തീ കെടുത്തി. വാറുവിന്റെ ആൾക്കാർ തൽക്കാലം സ്ഥലം വിട്ടു. അന്ന് പിന്നെയും വാറുവിന്റെ ആൾക്കാർ വരുമെന്നു പേടിച്ച് ഒരുപാടുപേർ എട്ടുമുറിക്ക് കാവലിരുന്നു. ആനിയും അമ്മാമയും ഒക്കെ പാതിരാത്രി കഴിഞ്ഞിട്ടും എട്ടുമുറിയിൽ തന്നെ ഇരുന്നു.

അന്ന് വന്നില്ലെങ്കിലും മൂന്നു ദിവസം കഴിഞ്ഞ് പിന്നേയും എമണ്ടൻ വാറുവിന്റെ അറിയിപ്പുണ്ടായി. ഉടനെ എട്ടുമുറി ഒഴിഞ്ഞു കൊടുക്കണം. ഒഴിഞ്ഞില്ലെങ്കിൽ പൊലീസിനെ കൊണ്ടുവരും.

കുട്ടിപ്പാപ്പൻ ആനിയെക്കൊണ്ട് ഒരുപാട് കത്തുകളെഴുതിച്ചു. എട്ടുമുറിക്കാരെ കുടിയൊഴിപ്പിക്കരുതെന്ന് എല്ലാ കത്തിലും വിനീതമായി അപേക്ഷിച്ചിരുന്നു. എമണ്ടൻ വാറുവിനും കുട്ടിപ്പാപ്പൻ കത്തെഴുതി. ആ കത്തിൽ ഒരു മൂലയ്ക്കൽ ആനി സ്വന്തം ഇഷ്ട പ്രകാരം ഒരു തലയോടും രണ്ട് അസ്ഥിക്കഷണങ്ങളും വരച്ചുവെച്ചു. കൊച്ചച്ചനുള്ള കത്തിൽ ആനി പ്രത്യേകം ഈശോ മിശിഹായ്ക്ക് സ്തുതിയും വീട്ടിലെല്ലാവർക്കും പ്രത്യേ കിച്ച് കുട്ടിപ്പാപ്പനും സുഖമാണെന്നും എഴുതിച്ചേർത്തു. അതെഴുതിക്കഴിഞ്ഞപ്പോൾ ആനിക്ക് സങ്കടം വന്നു. വീട്ടിൽ എല്ലാവർക്കും സുഖമാണോ! മുഖം പുറത്തുകാണി ക്കാതെ പോയി അഴക്കയുടെ ചോട്ടിലെ ഇരുട്ടിൽ കുറേശ്ശെ കുറേശ്ശെ അലിഞ്ഞുപോ വുന്ന വല്യമ്മായി. എവിടെയെന്നറിയാതെ അലഞ്ഞു തിരിയുന്ന നോനു അമ്മായിയും ബേബിയും. മിണ്ടാട്ടമേ ഇല്ലാതായ അമ്മ. ചിരിക്കാത്ത ചിന്നമ്മ. രണ്ടായിരം രൂപ കൊ ടുക്കാത്തതുകൊണ്ട് കുഞ്ഞിപ്പാലു വീട്ടിലേക്കു വിടാത്ത ചിയ്യമ്മ. ഓരോരോ വേദന കൾകൊണ്ട് നോക്കിനിൽക്കേ വയസ്സാവുന്ന അമ്മാമ. ആനിയോടുപോലും സന്തോ ഷത്തോടെ മിണ്ടാറില്ലാത്ത കുട്ടിപ്പാപ്പൻ. എഴുതിയത് വെട്ടാം. ഇവിടെ ആർക്കും ഒരു സുഖവുമില്ല.

അവസാനത്തെ കത്തു മാത്രം കുട്ടിപ്പാപ്പൻ സ്വന്തം കൈകൊണ്ടെഴുതി.

"ഇത്ണ് ഏറ്റവും പ്രധാനപ്പെട്ട കത്ത്."

കുട്ടിപ്പാപ്പൻ പറഞ്ഞു. അപ്പോൾ കുട്ടിപ്പാപ്പന്റെ മുഖത്തൊരു ജീവൻ വീണു.

കത്തെഴുതിക്കഴിഞ്ഞ് കുട്ടിപ്പാപ്പൻ ആനിക്കത് വായിക്കാൻ കൊടുത്തു. അത് ഏറ്റവും പ്രിയപ്പെട്ട ഏ.കെ.ജിക്ക് എഴുതിയ കത്തായിരുന്നു.

കത്തിലെ കാര്യങ്ങളിൽ അധികവും ആനിക്ക് മനസ്സിലാവാത്ത കാര്യങ്ങളായി രുന്നു. എമണ്ടൻ വാറു എട്ടുമുറിക്കാരെ കുടിയൊഴിപ്പിക്കുകയാണെന്നും കാര്യങ്ങൾ അയാൾക്കനുകൂലമായിട്ടാണ് നീങ്ങുന്നതെന്നും കുട്ടിപ്പാപ്പൻ എഴുതിയത് വായിച്ച പ്പോൾ ആനിക്കത്ഭുതം തോന്നി. അപ്പോൾ അമ്മാമ പറഞ്ഞകാര്യങ്ങൾ കുട്ടിപ്പാപ്പന് വിശ്വാസമില്ലേ? എന്തുവന്നാലും എമണ്ടൻ വാറു തോൽക്കുമെന്നാണ് ആനിക്ക് തോ ന്നുന്നത്. അത്രയ്ക്ക് സത്യമാണ് അമ്മാമ പറയുന്നകാര്യങ്ങൾ.

വേണ്ടിവന്നാൽ എട്ടുമുറിയുടെ മുമ്പിൽ നിരാഹാരം തുടങ്ങാൻ താൻ തയ്യാറാ ണെന്ന് കുട്ടിപ്പാപ്പൻ എഴുതിയിരിക്കുന്നു. അങ്ങനെ നിരാഹാരം തുടങ്ങുകയാണെ ങ്കിൽ അത് മരണം വരെ ആയിരിക്കും. എന്നാലും എട്ട് മുറി ഒഴിപ്പിക്കാൻ പാടില്ല. അത്തരം ഒരു സമരത്തിനുവേണ്ട ഉപദേശങ്ങൾ തരണം. അതിനാണ് കുട്ടിപ്പാപ്പൻ ഏ.കെ.ജിക്ക് കത്തെഴുതുന്നത്. ജീവനേക്കാൾ സ്നേഹിച്ചതിലൊക്കെ വിശ്വാസം നഷ്ട പ്പെട്ടുകൊണ്ടിരിക്കയാണെന്നും കുട്ടിപ്പാപ്പൻ എഴുതി. ഇത്രയുമാണ് ആനിക്ക് മനസ്സി ലായ കാര്യങ്ങൾ.

ഇത്രയും സുഖമില്ലാത്ത കുട്ടിപ്പാപ്പൻ എങ്ങനെയാണ് എട്ടുമുറിയിലെത്തുക? ആനി ആലോചിച്ചു. എടുത്തുകൊണ്ടുപോയി കിടത്തേണ്ടി വരുമെന്ന് കുട്ടിപ്പാപ്പൻ പറഞ്ഞു. മരണംവരെ നിരാഹാരം എന്നതിന്റെ ഗൗരവം ആനിക്കറിയില്ലായിരുന്നു. എന്നിട്ടും 'മരണം വരെ' എന്ന വാക്ക് വെട്ടട്ടെ എന്നവൾ ചോദിച്ചു. കുട്ടിപ്പാപ്പൻ ചിരിച്ചു. ആ ചിരിയുടെ അർഥം അറിയാവുന്നതുകൊണ്ട് ആനി സങ്കടപ്പെട്ടു. അവൾ എല്ലാ കത്തുകളുടെയും ഒരരുകിൽ എഴുതിച്ചേർത്തു. എട്ടുമുറിയുടെ മുന്നിൽ കുട്ടിപ്പാപ്പൻ മരണം വരെ നിരാഹാരം കിടക്കാൻ പോവുകയാണ്.

ആനിയുടെ കത്ത് കിട്ടിയതും കൊച്ചച്ചൻ വന്നു. കൊച്ചച്ചൻ വർഷങ്ങൾക്കു ശേഷം വരികയാണ്. ഇതിനിടയ്ക്കൊരു ദിവസം കുട്ടിപ്പാപ്പനെ വെല്ലൂർക്ക് കൊണ്ടു പോകാൻ വരട്ടെയെന്ന് ചോദിച്ചുകൊണ്ട് കൊച്ചച്ചൻ എഴുതിയിരുന്നു. വേണ്ടെന്ന് കുട്ടിപ്പാപ്പൻ എഴുതിയതുകൊണ്ട് വരാത്തതാണ്. കൊച്ചച്ചൻ ഇപ്പോൾ കൊച്ചച്ചനല്ല. വികാരിയച്ചനാണ്. കൊച്ചച്ചൻ ആകെ മാറിപ്പോയിരിക്കുന്നു. മെലിഞ്ഞുനീണ്ട ഒരാൾ. മുഖത്തെ എല്ലുകൾ പൊന്തിനിൽക്കുന്നു. താടിയും മുടിയും നരച്ചിരിക്കുന്നു. കൊച്ചച്ചൻ ചിരിക്കുമ്പോൾ മാത്രമാണ് അത് കൊച്ചച്ചനാണെന്നറിയുക. കൊച്ചച്ചൻ വാതിലിൽ മുട്ടിയപ്പോൾ വാതിൽ തുറന്നുകൊടുത്തത് ആനിയാണ്. ആനിയെക്കണ്ടതും കൊച്ച ച്ചൻ അത്ഭുതപ്പെട്ടുനിന്നു. "ഈശോമിശിഹായേ!" എന്നു പറഞ്ഞുകൊണ്ട് കൊച്ചച്ചൻ ആനിയുടെ തലയിൽ കൈവച്ചു. കൊച്ചച്ചൻ അവളുടെ കൈപിടിച്ചുനോക്കി. താടി പിടിച്ചുയർത്തി മുഖത്തുറ്റു നോക്കി.

"ആനിയല്ലേ" സ്വപ്നത്തിൽ ചോദിക്കുന്നതുപോലെ ഇഴഞ്ഞ ഒച്ചയിലാണ് കൊച്ചച്ചൻ ചോദിച്ചത്. ആനി ചിരിച്ചു. അവളുടെ ചിരിയും കൊച്ചച്ചന് വിശ്വസിക്കാനായില്ല. കുട്ടിപ്പാപ്പന്റെ മുറിയിലേക്ക് കടക്കുമ്പോഴും കൊച്ചച്ചൻ ആനിയെ തിരിഞ്ഞു നോക്കി. വാതിലിന്റെ പാതിയിൽ ചാരി അവൾ നിന്നു, അമരയിലകളുടെ അസാധാരണമായ പച്ചപ്രകാശത്തിൽ തിളങ്ങിക്കൊണ്ട്.

കുട്ടിപ്പാപ്പൻ നിരാഹാരം തുടങ്ങരുതെന്ന് കൊച്ചച്ചൻ ഉപദേശിച്ചു. പകരം കൊച്ചച്ചൻ നിരാഹാരം കിടക്കും. ഏ.കെ.ജിയുടെ കത്തുവരട്ടെ, കുട്ടിപ്പാപ്പൻ പറഞ്ഞു. ഈ കുട്ടിപ്പാപ്പന് എന്താണ് ഇങ്ങനെ ഒരു ഏ.കെ.ജി. പ്രാന്ത്? ആനിക്കാണെങ്കിൽ ഹാഫ് മീശയുടെ കാര്യത്തിലല്ലാതെ ഒന്നിലും ഏ.കെ.ജിയെ അറിയില്ല.

"അമരാവതി സമരത്തിൽ പട്ടം താണുപിള്ള എന്താ ചോദിച്ചേ?"

കുട്ടിപ്പാപ്പൻ ആനിയോട് ചോദിച്ചു. ആനിക്കൊന്നുമറിയില്ലല്ലോ. അവൾ വെറുതെ നിന്നു.

കുട്ടിപ്പാപ്പനും കൊച്ചച്ചനും നിരാഹാരത്തെപ്പറ്റി ഒരുപാടുനേരം തർക്കിച്ചുകൊണ്ടിരുന്നു.

ഒറ്റയാൾ നിരാഹാരസമരം ഒരു പാഴ്വേലയാണെന്ന് കൊച്ചച്ചൻ പറഞ്ഞു. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയുടെ പിന്തുണയോടുകൂടി മാത്രമേ നിരാഹാര സമരം വിജയിക്കൂ.

അനേകം നാളുകൾക്കു ശേഷം കുട്ടിപ്പാപ്പന്റെ കണ്ണുകൾ രത്നങ്ങൾ പോലെ തിളങ്ങിത്തുടങ്ങി. കുട്ടിപ്പാപ്പന്റെ കോപ്പിയെഴുത്തുഭാഷ തിരിച്ചുവന്നു.

"അവിടെ താങ്കൾക്കു തെറ്റുപറ്റുന്നു. മുഖം വടിക്കുമ്പോൾ വന്ന ഒരാലോചനയല്ല ഗാന്ധിക്ക് നിരാഹാരം! മുന്നും പിന്നും നോക്കാത്ത ഒരെടുത്തു ചാട്ടമായിരുന്നില്ല ഏ കെ ജിക്ക് അമരാവതി സമരം. അനീതിയോടുള്ള പോരാട്ടത്തിൽ ചിലപ്പോൾ ഒറ്റയാൾ സമരങ്ങളും പ്രധാനമാണ്."

"ഇത് വിഡ്ഢിത്തമാണ് ഫ്രാൻസിസ്! എമണ്ടന്മാരെ നീക്കം ചെയ്യാൻ ശ്രമിക്കുന്ന വിഡ്ഢിയായ രോഗിയാണ് നീ. നിന്നെ വെല്ലൂരിലേക്ക് കൊണ്ടു പോകണമെന്നു മാത്രമാണ് ഞാനാഗ്രഹിക്കുന്നത്."

"താങ്കൾ എനിക്കുവേണ്ടി ചെയ്യേണ്ട സഹായം എന്റെ കട്ടിൽ എട്ടുമുറിയുടെ

വാതുക്കലെത്തിക്കുക എന്നതാണ്."

കുട്ടിപ്പാപ്പൻ ചിരിച്ചു. അപ്പോൾ കുട്ടിപ്പാപ്പന്റെ മുഖത്ത് രോഗവും ക്ഷീണവും ഉണ്ടായിരുന്നു. കുട്ടിപ്പാപ്പന്റെ താടിയും മുടിയും നരച്ചിരുന്നു. നരച്ച രണ്ടാളുകൾക്കും അവരുടെ അച്ചടിവാക്കുകൾക്കും നടുവിൽ ശ്വാസംമുട്ടി ആനി നിന്നു. പൊതുവെ അച്ചടിവാക്കുകൾ അവൾക്കിഷ്ടമായിരുന്നില്ല. അവ പറയാൻ കൈ കെട്ടി ശ്വാസം പിടിച്ച് നിൽക്കണമെന്നാണ് ആനിയുടെ തോന്നൽ. അവൾ പുറത്തുകടന്നു.

"ഇദാര്ണ്ടീ ക്ടാവേ ഈ ഏകേജി. മനിഷന് ഒര് കെടക്കപ്പൊറുത്യാല്യാണ്ടായിലോ." അമ്മാമ പറഞ്ഞു. ആനി അമ്മാമയ്ക്ക് ഏ.കെ.ജിയുടെ പടം കാട്ടിക്കൊടുത്തു.

കുട്ടിപ്പാപ്പന് നിരാഹാരം കിടക്കാൻ പറ്റിയില്ല. അതിനുമുമ്പ് എട്ടുമുറി പൊളിക്കാൻ തീരുമാനമായി. അതൊരു ഒത്തുതീർപ്പായിരുന്നു. പള്ളിയിൽ വെച്ചാണ് ഒത്തുതീർപ്പുണ്ടായത്. എമണ്ടൻ വാറു അച്ചനെ പോയികണ്ടു. അച്ചനും കൈക്കാരന്മാരും കൂടി എട്ടുമുറിക്കാരെ പള്ളിയിലേക്ക് വിളിപ്പിച്ചു. രണ്ടു കരാറിന്മേലാണ് വിളിപ്പിച്ചത്. ഒന്ന്, മര്യാദക്കാരോട് സംസാരിക്കാനുള്ളതാണ്. കുടിച്ചിട്ട് ചെല്ലരുത്. രണ്ട്, ആണുങ്ങൾ സംസാരിക്കുന്നിടത്ത് പെണ്ണുങ്ങൾ ചെല്ലരുത്.

"ഇദ് മ്മള്യാ ഒപ്പിക്കാന്ണ് മോളേ."

പെണ്ണുങ്ങൾ തമ്മിൽ പറഞ്ഞു.

"മ്മളാ പോയാ മോത്താ നോക്കി വർത്താനാ പറയില്ലേ? അതാ പാടില്ല. അത്ണ് എമണ്ടന്റെ സൂത്രം. മ്മടെ പിശാശ്ക്കള്ണ്ങ്ങ്യ കുടിക്കാണ്ടാപോയാ ഒരണ്ണം തൊള്ള്യാ തൊറക്കില്ല."

"ഇനി മ്മള് എന്തൂട്ട്ണ്ട്യപ്പാ ചിയ്യ?"

എട്ടുമുറിയിലെ പെണ്ണുങ്ങൾ രഹസ്യമായി കൂടിയാലോചിച്ചു. കുടിച്ചോട്ടെ! അവർ തീരുമാനിച്ചു. കുടിച്ചട്ടാ പോയാ മതി പള്ളില്യ്ക്ക്. അവട്യാ ചെന്ന് നാല് വർത്താനാ പറയാന്ള്ളത്ണ്. എന്നാ വെച്ചട്ട് കുടി പാകത്തിന് മതീട്ടാ. അധികം കുടിച്ചാലും പിശാശ്ക്കള് തൊള്ള തൊറക്കില്ല.

കുടി പാകത്തിനാക്കാൻ അവർ ഒരുവഴി കണ്ടുപിടിച്ചു. ഞായറാഴ്ച വെളുപ്പിന് എട്ടുമുറിയിലെ പെണ്ണുങ്ങൾ നന്നാലു കുപ്പികളും കൊണ്ട് ചീരാച്ചി കള്ളുഷാപ്പിലേക്ക് വേഗം വേഗം നടന്നു. നടത്തത്തിന്റെ വേഗതകൊണ്ട് അവരുടെ ഞെറിവാലുകൾ കുലുങ്ങി വിടർന്നുകൊണ്ടിരുന്നു. ചീരാച്ചി എത്തിയപ്പോഴേക്കും തണുത്ത കാറ്റിലും അവർ വിയർത്തൊഴുകി. എട്ടൊമ്പതു പെണ്ണുങ്ങൾ ഒന്നിച്ച് രാവിലെത്തന്നെ കള്ളുഷാപ്പിൽ കേറുന്നതാണ് അന്ന് ചീരാച്ചിക്കാരുടെ കണി. ഷാപ്പുകാരും അതിശയിച്ചു. കോക്കാഞ്ചറക്കാർക്ക്, പക്ഷേ ഒന്നിനും നേരമില്ല.

"കള്ള് ഇല്യേ?" അവർ ചോദിച്ചു.

ഒന്നാന്തരം അല്ലിക്കള്ള് വന്നിറങ്ങുന്ന നേരമാണ്. ഓരോരുത്തിയും നാലു കുപ്പി വീതം വാങ്ങി. രണ്ടെണ്ണം കക്ഷത്തിലും രണ്ടെണ്ണം കയ്യിലും പിടിച്ചു.

"ഇതെന്ത്ണ് സംങ്ങതി?"

ചെത്തുകാരൻ രാഘവൻ ഷാപ്പുകാരൻ ഭാസ്കരനോട് ചോദിച്ചു. ഷാപ്പുകാരൻ ഭാസ്കരൻ എന്തുപറയാൻ? ഒമ്പതുപേരും മൂടുകുലുക്കി ഞെറികൾ വിടർത്തി പറന്നു

പോയപോലെ അവർക്ക് തോന്നി. കണ്ണിൽനിന്ന് അതിന്റെ വെള്ളായം മാറിക്കിട്ടാൻ രണ്ടാൾക്കും കുറേ നേരമെടുത്തു.

"നല്ല മറിമായം!" അവർ പറഞ്ഞു.

എന്നിട്ടെന്തുണ്ടായി? അല്ലിക്കള്ള് വയറ്റിൽക്കിടന്ന് മൂത്തു. എട്ടുമുറിയിലെ ആണുങ്ങൾ കമാന്നൊരക്ഷരം അച്ചനോടോ വാറുവിനോടോ പറഞ്ഞില്ല. അച്ചൻ പറഞ്ഞതും ഉപദേശിച്ചതുമൊക്കെ വായപൊത്തിനിന്ന് കേട്ടു. കള്ളിന്റെ മണം പരക്കാതിരിക്കാനാണ് വായ പൊത്തിനിൽക്കുന്നത്. അച്ചനെന്തു തോന്നും?

ഒരറ്റത്ത് ഒന്നും മിണ്ടാതെ ഒതുങ്ങി ഇരിക്കുന്ന എമണ്ടൻ വാറുവിനോട് അവർക്ക് സഹതാപം തോന്നി. പാവം വാറു!

"വാഴു പൊഴുക്കണം." അവർ പറഞ്ഞു. അങ്ങനെ ഒത്തുതീർപ്പായി.

"നഷ്ടപരിഹാരം കിട്ടണ കാശ് ഷാപ്പിലാ കൊണ്ടോയി കലക്കണ്ടാട്ടാ." അച്ചൻ പറഞ്ഞു.

ഒരിക്കലും അങ്ങനെ ചെയ്യില്ലെന്ന് അവർ ഉറപ്പുകൊടുത്തുവെങ്കിലും പള്ളിപ്പടിക്കലെത്തിയപ്പോൾ എല്ലാവർക്കും സങ്കടംവന്നു.

"മ്മളിനി എവടയ്ക്ക്യാ പൂവാടാ? മ്മക്ക് വീടും കുടീല്യാണ്ടായീല്യേ?"

"ചീരാച്ചിയ്ക്കാ പൂവ്. അവിടിര്ന്ന്ട്ട് ആലോചിക്കാം."

എട്ടുമുറിക്കാർ എവിടേയ്ക്കൊക്കെയാണ് പോയത്? കല്ലെറിയുമ്പോൾ ഒരുകൂട്ടം കാക്കകൾ ചിതറുന്നതുപോലെയായിരുന്നു അത്. പലവഴിക്ക് പറന്നു. പരിയാരം, കൊഴുക്കുള്ളി, പട്ടിക്കാട്, വരടിയം, മച്ചാട്, വേലൂര് അങ്ങനെ പല നാടുകളുടെ പേരുകൾ കേട്ടു ആനി. അവിടെ ചെന്നാൽ എങ്ങനെ ജീവിക്കും? അതൊന്നും ആർക്കും അറിയില്ല. ഓരോ 'സന്തുബന്തു'ക്കാരുടെ സഹായം നോക്കി പോവുകയാണ്. ഒരു പരിഷ്കാരവുമില്ലാത്ത നാടുകളിലേക്കാണ് പോവുന്നത്. കൊയ്യാനും കെട്ടാനും വശമുണ്ടെങ്കിലേ അവിടെ ജീവിക്കാനൊക്കൂ. നഗരത്തിൽക്കൂടെ നടന്ന് അന്നന്നത്തെ കഞ്ഞിക്കുള്ള വക കൊത്തിപ്പെറുക്കിയുണ്ടാക്കുന്ന ജീവിതമല്ല അത്. മുന്നൂറ്ററുപത്തഞ്ചു ദിവസവും മണ്ണിൽ പണിയെടുക്കലാണ്. എട്ടുമുറിക്കാരിൽ പലരുടെ കാലിലും ഇന്നോളം ഒരു പാടത്തെ ചെളി പുരണ്ടിട്ടില്ല. നഗരത്തിന്റെ കുപ്പയിൽ പിറന്നുവീണു. നഗരത്തിന്റെ കുപ്പയിലൂടെ നടന്നു.

"ഒര് കണക്കിന് നല്ലത്ണ്. നിന്റെ മാപ്ലേരെ കള്ളുട്യാ പോയിക്കിട്ടും.

നീയ് ദയിര്യായിട്ടാ പോ."

യാത്രപറയാൻ വന്ന മീൻകാരൻ പൊറിഞ്ചുവിന്റെ ഉമ്മ അന്നംകുട്ടിയോട് അമ്മാമ പറഞ്ഞു.

"മീൻ കച്ചോടത്തിന്റെ കാര്യോ മറിഞ്ചേട്ത്ത്യോ?"

"മീങ്കച്ചോടല്ലണ്ട്യെ കൊള്ളിക്കച്ചോടം ചിയ്യണം. നിന്റെ മാപ്ലയ്ക്കെന്താ

മീന്റെ ശൂര് കേട്ടാലാ ഒറക്കം വര്ള്ളോ?"

അന്നംകുട്ടിയുടെ പകപ്പ് പോയില്ല. കണ്ണും വട്ടച്ച് അവളങ്ങനെ നിൽക്കുകയാണ്. അമ്മാമ അവളുടെ കൈപിടിച്ച് ആശ്വസിപ്പിച്ചു.

"കൊയ്യാനും കെട്ടാന്വൊക്കെ അങ്ങടാ പടിയ്ക്കണ അന്നംകുട്ട്യേ. എന്നും കുന്നും

ഇങ്ങനെ കണ്ടോരടെ അട്ക്കള്യാ നെരങ്ങണേലും ഭേദണ്."

ആ ആശ്വസിപ്പിക്കലിൽ അന്നംകുട്ടി കരഞ്ഞുപോയി.

"ഉച്ച്യാവോളം പാത്രം മോറ്യാ വല്ല വളിച്ചതും പുളിച്ചതുണ്ങ്ങിലും അഞ്ചട്ടണത്തിന്റെ വായേല്യ്ക്ക്ള്ളതാ കിട്ടും അട്ക്കള്ളപ്പണിട്ത്താ! ഇന്ന്യെ വ്ടന്ന്ട്ത്ത്ട്ട്ണ്..? ഇനിയ്ക്കൊര് പിടീല്യ."

അങ്ങനെ ഒരുപിടിയുമില്ലാതെ, എങ്ങോട്ടോ ആണ് അന്നംകുട്ടിയും കുടുംബവും പോയത്. അവർ മാത്രമല്ല. എട്ടുമുറിയിൽ നിന്ന് അടർന്നടർന്നുപോയവരൊക്കെ. ഓരോരുത്തർ പോകുമ്പോഴും മറ്റുള്ളവർ കരഞ്ഞു.

"ഒര് ചൊമരിന്റെ അപ്രത്തും ഇപ്രത്തും ജനിച്ചാ ജീവിച്ചോര്ണ് ഞങ്ങള്. അവന്റോട്യാ കരഞ്ഞാ എന്റോട്യാ കേക്കും. ഇന്ന്യെവടെ വെച്ചട്ട് കാണാന്ണ്?"

എട്ടുമുറിക്കാർക്ക് ഇനി കോക്കാഞ്ചറയിലേക്ക് തിരിച്ചുവരാൻ പറ്റില്ലെന്ന് കുട്ടിപ്പാപ്പൻ പറഞ്ഞു. കോക്കാഞ്ചറയിലിനി സ്ഥലം വാങ്ങി വീടുണ്ടാക്കുക വലിയ പണക്കാരായിരിക്കും. തൃശൂർ പട്ടണത്തിൽ ജോലിയും കച്ചവടവും ഒക്കെയുള്ളവർ. മത്സരിച്ചു വിലകൂട്ടി അവർ കോക്കാഞ്ചറയിൽ സ്ഥലം വാങ്ങിക്കൂട്ടുന്നു. വലിയപണക്കാർ, മുതലാളിമാർ, ഉദ്യോഗസ്ഥർ, വ്യാപാരികൾ. അങ്ങനെയുള്ളവർക്ക് താമസിക്കാൻ പറ്റിയ ഏറ്റവും നല്ല സ്ഥലമാണത്രേ കോക്കാഞ്ചറ. അവിടവിടെ മതിലുകെട്ടിത്തിരിച്ച കഷണങ്ങളായി കോക്കാഞ്ചറ മാറുകയാണ്. പേടിച്ചിട്ട് ഒരു മരനായുപോലും അതിനകത്തേക്ക് തലനീട്ടുന്നില്ല. ആദ്യമൊന്നും ഈ മാറ്റം കോക്കാഞ്ചറക്കാർ അറിഞ്ഞില്ല. അവർ വിറ്റുപൊയ്ക്കൊണ്ടിരുന്നു.

പണമുള്ളവർ അങ്ങനെയാണെന്ന് കുട്ടിപ്പാപ്പൻ പറഞ്ഞു. എന്തിനേയും അവർ സ്വന്തം കാൽച്ചോട്ടിലേക്കൊതുക്കും. കോക്കാഞ്ചറയിൽനിന്ന് കോക്കാഞ്ചറക്കാരെ തുടച്ചു നീക്കാനും അവർക്കു പറ്റും. ഇപ്പോൾ കോക്കാഞ്ചറക്കാർക്ക് ഒതുങ്ങിമാറാൻ സ്ഥലമില്ല. അതുകൊണ്ട് ഓരോരുത്തരെയായി പുറംകാലുകൊണ്ട് തട്ടിക്കളഞ്ഞിട്ട് അവിടെക്കയറി ഇരിക്കുകയാണ് കാശുള്ളവർ.

"ഇങ്ങനെ പോയാൽ കോക്കാഞ്ചറ നമ്മുടെ അല്ലാതാവും."

ആനിയെ നടുക്കുന്ന ഒരറിവായിരുന്നു അത്. മുമ്പൊരിക്കലുമില്ലാത്തവിധം അവൾ കോക്കാഞ്ചറയെ സ്നേഹിച്ചു.

*(ആലാഹയുടെ പെൺമക്കൾ)*

**പദപരിചയം**

- തൊരടി - മുള്ളുള്ള ഒരുതരം ചെടി
- സന്തുബന്തുക്കാർ - സ്വന്തക്കാരും ബന്ധുക്കളും

## പഠനപ്രവർത്തനങ്ങൾ

- ❑ കുടിയിറക്കപ്പെടുന്നവരുടെ ജീവിതത്തെ പാഠഭാഗം എത്രമാത്രം പ്രതിഫലിപ്പിക്കുന്നുണ്ട്? ചർച്ചചെയ്യുക.
- ❑ രോഗക്കിടക്കയിലും പ്രതിരോധപ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്ന കുട്ടിപ്പാപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ❑ കോക്കാഞ്ചറയിലെ സ്ത്രീകളുടെ ജീവിതത്തെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? അതിൽ അവരുടെ പ്രതിഷേധവും നിസ്സഹായതയും അതിജീവനപ്രവണതയും കാണാനാവുമോ? പരിശോധിക്കുക.
- ❑ 'നരച്ച രണ്ടാളുകൾക്കും അവരുടെ അച്ചടിവാക്കുകൾക്കും നടുവിൽ ശ്വാസം മുട്ടി ആനി നിന്നു. പൊതുവെ അച്ചടിവാക്കുകൾ അവൾക്കിഷ്ടമായിരുന്നില്ല. അവ പറയാൻ കൈകെട്ടി ശ്വാസം പിടിച്ച് നിൽക്കണമെന്നാണ് ആനിയുടെ തോന്നൽ. അച്ചടിഭാഷയെ ഇങ്ങനെ കാണാൻ ആനിയെ പ്രേരിപ്പിക്കുന്ന സാമൂഹികമായ കാരണമെന്തായിരിക്കും? പാഠഭാഗം മുൻനിർത്തി വിശദീകരിക്കുക.
- ❑ പ്രാദേശികഭാഷയുടെ പ്രയോഗം സർഗാത്മകരചനകളെ ആകർഷമാക്കുമോ? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പാഠം 3

# ഉപ്പ്

സച്ചിദാനന്ദൻ

തൊണ്ണൂറു വർഷം മുൻപ്
സമുദ്രത്തിന്റെ നിരന്തരതരംഗങ്ങളുടെ
വിയർപ്പുവറ്റിച്ച് ഞങ്ങളുണ്ടാക്കി,
ഒരു പിടി ഉപ്പ്.
മെലിഞ്ഞ ഒരു കയ്യിൽ ഉയർത്തിപ്പിടിച്ച
ലോലമായ വെളുപ്പിന്റെ ഒരു മൊട്ട്.

ഒരു കൈ പെട്ടെന്ന് വിലങ്ങണിഞ്ഞ
അറുപതിനായിരം കയ്യുകളായി
സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്നെതിരെ
ഉയർത്തിപ്പിടിച്ച പല കോടി മുഷ്ടികളായി
അന്നു മുതൽ സത്യം
'തടവിലാക്കപ്പെട്ട ഉപ്പെന്നറിയപ്പെട്ടു.



രാമൻ, അള്ളാ, ഖുദാ, മിശിഹാ,
എല്ലാമായിരുന്നു ഞങ്ങൾക്ക് ആ ഉപ്പ്.
കടൽനുരയിൽ നിന്നുയർന്നു
അടുക്കളയിലെത്തിയ പ്രവാചക,
സ്വപ്നങ്ങളുടെ നിത്യസംരക്ഷകയായ
വെള്ളച്ചിറകുള്ള മാലാഖ
ഒരു പിടി സ്വാതന്ത്ര്യം
ഒരു പിടി സമത്വം
ഒരു പിടി സ്നേഹം
ഒരു പിടി കാരുണ്യം,
ഒരു ലവണബുദ്ധൻ.

ഇന്നു ഞങ്ങൾ
ഒരിക്കൽക്കൂടി ഉയർത്തുന്നു,
സമുദ്രനീലയുടെ പശ്ചാത്തലത്തിൽ
വെളുത്ത ഉപ്പിന്റെ ഒരു പതാക.
ഞങ്ങൾക്കിനിയും ദർശനം നൽകാതെ
തെന്നിപ്പോകുന്ന
കൃഷ്ണകേശിനിയായ സ്വാതന്ത്ര്യം,
ഞങ്ങൾ ഇന്നും ചെവിയോർത്തിരിക്കുന്ന
ശുഭ്രസമതയുടെ തുഷാരവിസ്താരം,
ഞങ്ങളുടെ മാംസവും മിഴിനീരും കൊണ്ട്
സ്വേദസുഗന്ധിയായ തയമ്പുറ്റ ഒരു കൈ,

തൊണ്ണൂറു വർഷം മുൻപ്
ഗാന്ധി ദണ്ഡിയിലുയർത്തിയ,
കലാപത്തിന്റെ മണൽത്തരികൾ
പറ്റിപ്പിടിച്ച, അരികു കറുത്ത,
നീതിയുടെ ഒരു പിടി ഉപ്പ്.

**പദപരിചയം**

- മുഷ്ടി - ചുരുട്ടിപ്പിടിച്ച കൈ
- ഖുദാ - ദൈവം
- കൃഷ്ണകേശിനി - കറുത്ത തലമുടിയുള്ളവൾ
- ശുഭ്രം - വെളുപ്പ്
- തുഷാരം - മഞ്ഞ്
- സ്വേദം - വിയർപ്പ്

# SALT

Sachidanandan

Ninety years ago,
we extracted from the sweat of
the ocean's ceaseless waves,
a handful of salt:
a blossom of tender white
in a lean raised hand.

One hand suddenly turned into
six thousand manacled ones :
millions of fists raised against
an empire 'where the sun never set'.
From that day truth in our land
came to be called ' imprisoned salt.'

Ram, Allah, Khuda, Messiah:
that salt was everything to us:
the prophetess who emerged from
the seafoam and arrived in the kitchen,
the white-winged angel,
the eternal saviour of our dreams.
A handful of liberty,
a handful of equality,
a handful of love,

a handful of kindness,
a Buddha of salt.

Today once again we raise
a flag of white salt
in the background of
the ocean's dark turquoise blue:
the fleeting vision of
dark-haired freedom
slipping off from our little hands,
the snowy elaboration of fair equality
that we still keen our ears for,
a calloused hand with the scent of sweat
our flesh and tears have,

a handful of the dark-edged salt of justice
studded with the sand grains of rebellion
that Gandhi had raised in Dandi
ninety years ago.
(Translated from Malayalam by the poet)



(ഒരു ചെറിയ വസന്തം)

## പഠനപ്രവർത്തനങ്ങൾ

- 'ലോലമായ വെളുപ്പിന്റെ ഒരു മൊട്ട്'
  കവിതയിലുള്ള സമാനപ്രയോഗങ്ങൾ കണ്ടെത്തി അവയുടെ അർഥതലങ്ങൾ വിശകലനം ചെയ്യുക.

- ഒരുപിടി സ്വാതന്ത്ര്യം
  ഒരുപിടി സമത്വം
  ഒരുപിടി സ്നേഹം
  ഒരുപിടി കാരുണ്യം
  ഒരു ലവണബുദ്ധൻ
  ഗാന്ധിജിയെയും ബുദ്ധനെയും ബന്ധിപ്പിച്ചുകൊണ്ട് ഈ വരികളുടെ ധ്വനിതലങ്ങൾ വിശദമാക്കുക.

- a blossom of tender white
  a handful of Liberty
  dark haired freedom
  പരിഭാഷയിലുള്ള പ്രയോഗങ്ങൾക്ക് സമാനമായവ കവിതയിൽനിന്ന് കണ്ടെത്തി എഴുതുക.

- തൊണ്ണൂറ് വർഷം മുമ്പ്
  സമുദ്രത്തിന്റെ നിരന്തര തരംഗങ്ങളുടെ
  വിയർപ്പ് വറ്റിച്ച് ഞങ്ങളുണ്ടാക്കി,
  ഒരുപിടി ഉപ്പ്.
  ഉപ്പുസത്യഗ്രഹം എന്ന സമരമുറയുടെ എന്തെല്ലാം സവിശേഷതകളെ അവതരിപ്പിക്കാൻ ഈ വരികൾക്ക് കഴിയുന്നുണ്ട്? വിശകലനം ചെയ്യുക.

- നവംബർ 14 ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ്. സ്വാതന്ത്ര്യസമര നായകൻ, ആദ്യ പ്രധാനമന്ത്രി, കുട്ടികളെയും പൂക്കളെയും സ്നേഹിച്ച ചാച്ചാനെഹ്റു എന്നീ നിലകളിലൊക്കെ വിദ്യാർഥികൾ അദ്ദേഹത്തെ പഠിക്കുന്നുണ്ട്. ധൈഷണികരംഗത്ത് ഏറെ ഔന്നത്യം പുലർത്തിയ അദ്ദേഹം ആധുനികശാസ്ത്രം മാനുഷികപുരോഗതിക്കു നൽകിയ സംഭാവനകൾ തിരിച്ചറിയുകയും എങ്ങനെ അതു രാജ്യപുരോഗതിക്ക് പ്രയോജനപ്പെടുത്തുമെന്ന് ഉറക്കെ ചിന്തിക്കുകയും ചെയ്ത ഭരണാധികാരിയാണ്.

  *മുകളിൽ നൽകിയ ഗദ്യഭാഗം ആശയവ്യത്യാസം വരാതെ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.*

പാഠം 4

# അധ്യയനമാധ്യമം മാതൃഭാഷയാകണം

**മഹാത്മാഗാന്ധി**

വിദേശഭാഷ തലച്ചോറിനെ ക്ഷീണിപ്പിച്ചിരിക്കുന്നു. നമ്മുടെ കിടാങ്ങളുടെ ഞരമ്പുകൾക്കു താങ്ങാനാകാത്ത ഭാരം ചുമത്തിയിരിക്കുന്നു. അവരെ കരണ്ടികളും കാട്ടിയതു കാട്ടുന്നവരുമാക്കിയിരിക്കുന്നു. സ്വന്തമായി ചിന്തിക്കാനും പ്രവർത്തിക്കാനും പറ്റാത്തവരാക്കിയിരിക്കുന്നു. തങ്ങളുടെ അറിവ് കുടുംബത്തിലും ബഹുജനങ്ങൾക്കിടയിലും സന്നിവേശിപ്പിക്കാൻ കഴിവില്ലാത്തവരാക്കിയിരിക്കുന്നു. വിദേശഭാഷ നമ്മുടെ കുട്ടികളെ സ്വന്തം നാട്ടിൽ പ്രായോഗികവശങ്ങളിലെല്ലാം വിദേശികളാക്കി മാറ്റിയിരിക്കുന്നു. നിലവിലുള്ള സമ്പ്രദായത്തിന്റെ ഏറ്റവും വലിയ ദുരന്തം ഇതാണ്. വിദേശഭാഷ നമ്മുടെ നാട്ടുഭാഷകളുടെ വളർച്ചയെ തടസ്സപ്പെടുത്തിയിരിക്കുന്നു. എനിക്ക് ഒരു സ്വേച്ഛാധിപതിയുടെ അധികാരങ്ങളുണ്ടായിരുന്നുവെങ്കിൽ, ഒരു വിദേശഭാഷയിലൂടെ ആൺകുട്ടികളെയും പെൺകുട്ടികളെയും പഠിപ്പിക്കുന്നത് ഇന്നുതന്നെ നിർത്തലാക്കും; എല്ലാ ടീച്ചർമാരെയും പ്രൊഫസർമാരെയും പുറത്താക്കുമെന്ന ഭീഷണിയിൽ അവരോടും ഉടൻതന്നെ ഭാഷയിലുള്ള ഈ മാറ്റം വിദ്യാലയങ്ങളിൽ അവതരിപ്പിക്കാൻ ആവശ്യപ്പെടും. ഞാൻ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതുവരെ കാത്തുനിൽക്കുകയില്ല. അവ മാറ്റത്തെ അനുസരിച്ചുവന്നുകൊള്ളും. അവിളംബിത നിവാരണം ആവശ്യമായ ഒരു ദോഷമാണത്.

തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണു ചെയ്യുന്നതെന്ന് എനിക്കുറപ്പുണ്ട്. അതവരുടെ ജന്മാവകാശത്തെ അപഹരിക്കലാണ്. ഒരു വൈദേശികാധ്യയനഭാഷ ചെറുപ്പക്കാരുടെമേൽ അനർഹമായ ഭാരം ചുമത്തുന്നു; അതവരുടെ നൈസർഗിക സിദ്ധികളെ അപഹരിക്കുന്നു; വളർച്ചമുട്ടിക്കുന്നു: അവരെ സ്വന്തം വീട്ടിൽ നിന്നും ഒറ്റപ്പെടുത്തുന്നു. തന്മൂലം, ഞാൻ അത്തരം കാര്യങ്ങൾ സർവപ്രധാനമായ ഒരു ദേശീയദുരന്തമായി കണക്കാക്കുന്നു.

ഇപ്പോൾ നൽകപ്പെടുന്ന രീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം ഇംഗ്ലീഷ് പഠിച്ച ഇന്ത്യക്കാരനെ നിർവീര്യനാക്കിയിരിക്കുന്നു. ഇന്ത്യൻ വിദ്യാർഥികളുടെ സിരാശക്തിയുടെമേൽ അത് വളരെ കഠിനമായി ആയാസപ്പെടുത്തിയിരിക്കുന്നു. നമ്മെ അത് വെറും അനുകർത്താക്കളാക്കിയിരിക്കുന്നു. ഇംഗ്ലീഷുകാരുമായുള്ള ബന്ധത്തിന്റെ അധ്യായങ്ങളിൽ ഏറ്റവും പരിതാപകരമായ ഒന്നാണ് നാട്ടുഭാഷകളെ സ്ഥാനഭ്രഷ്ടമാക്കിയത്. ഇംഗ്ലീഷിൽ ചിന്തിക്കുകയും തങ്ങളുടെ ചിന്തകൾ പ്രധാനമായും ഇംഗ്ലീഷിൽ പകർത്തുകയും ചെയ്യുകയെന്ന വൈഷമ്യത്തോടുകൂടിയല്ല പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിൽ, റാം മോഹൻറോയ് കൂടുതൽ വലിയൊരു പരിഷ്കർത്താവും ലോകമാന്യ തിലകൻ കൂടുതൽ




വലിയൊരു പണ്ഡിതനും ആകുമായിരുന്നു. കുറച്ചുകൂടി അകൃത്രിമമായ ഒരു രീതിയിലായിരുന്നെങ്കിൽ അവരുടെ അതിമഹത്തായ സന്ദേശം ജനങ്ങൾക്കിടയിൽ കൂടുതൽ ഫലപ്രദമായേനെ. ഇംഗ്ലീഷ് സാഹിത്യത്തിന്റെ അമൂല്യനിക്ഷേപങ്ങളുമായുള്ള പരിചയത്തിൽനിന്ന് പല നേട്ടങ്ങളും അവർ നേടിയിട്ടുണ്ട്, സംശയമില്ല. എന്നാൽ, ഇതവർക്ക് സ്വന്തം നാട്ടുഭാഷയിൽക്കൂടെത്തന്നെ അഭിഗമ്യമാകണമായിരുന്നു. ഒരു ജാതി അനുകർത്താക്കളെമാത്രം സൃഷ്ടിച്ചുകൊണ്ട് ഒരു നാടിനും ഒരു രാഷ്ട്രമായി വളരാൻ കഴിയില്ല. ബൈബിളിന് ഒരു അധികൃതവിവർത്തനമില്ലെങ്കിൽ, ഇംഗ്ലീഷുകാരുടെ നില എന്താകുമായിരുന്നുവെന്ന് ഒന്നാലോചിച്ചു നോക്കൂ. റാം മോഹൻറോയിയെക്കാളും, തിലകനെക്കാളും മഹാന്മാരായിരുന്നു ചൈതന്യനും കബീറും നാനാക്കും ഗുരുഗോവിന്ദസിങ്ങും ശിവജിയും പ്രതാപസിംഹനും എന്ന് ഞാൻ വിശ്വസിക്കുകതന്നെ ചെയ്യുന്നു. താരതമ്യം ചെയ്യുന്നത് അനുചിതമാണെന്നെനിക്കറിയാം. എല്ലാവരും സ്വന്തം നിലയ്ക്കു തുല്യനിലയിൽ. പക്ഷേ, ഫലംകൊണ്ടു നോക്കുമ്പോൾ റാംമോഹനും തിലകനും ജനസാമാന്യത്തിനുമേൽ ചെലുത്തിയ സ്വാധീനശക്തി, അവരെക്കാളധികം ഭാഗ്യവാന്മാരായി ജനിച്ച മറ്റവരുടേതിനോളം സ്ഥായിയോ വിദൂരസ്പർശിയോ ആയിരുന്നില്ല. അവർക്ക് കടന്നുചാടേണ്ടിയിരുന്ന വിഘ്നങ്ങളാലോചിച്ചാൽ, അവർ മഹാരഥന്മാരായിരുന്നു. അവരിരുവരും തങ്ങൾക്കു കിട്ടിയ വിദ്യാഭ്യാസംകൊണ്ടു പ്രതികൂലസ്ഥിതിയിലായിരുന്നില്ലെങ്കിൽ, മഹത്തരമായ ഫലങ്ങൾ നേടുന്നതിൽ കൂടുതൽ വിജയിക്കുമായിരുന്നു. ഇംഗ്ലീഷ് ഭാഷ അറിയുമായിരുന്നില്ലെങ്കിൽ റാം മോഹനും ലോകമാന്യനും അവർ ചിന്തിച്ചതുപോലെ ചിന്തിക്കുവാൻ സാധിക്കയില്ലായിരുന്നുവെന്നു വിശ്വസിക്കുവാൻ ഞാൻ

വിസമ്മതിക്കുന്നു. സ്വതന്ത്രാശയങ്ങൾ ഉൾക്കൊള്ളാനും ചിന്താസൂക്ഷ്മത വികസിപ്പിക്കാനും ഇംഗ്ലീഷ് ഭാഷാജ്ഞാനം ആവശ്യമാണെന്ന വിശ്വാസമാണ് ഇന്ത്യയെ ബാധിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളിൽവച്ച് ഏറ്റവും വലുത്. കഴിഞ്ഞ 50 കൊല്ലക്കാലമായി ഇന്ത്യയ്ക്ക് ഒരു വിദ്യാഭ്യാസ സമ്പ്രദായമേ ഉണ്ടായിരുന്നുള്ളുവെന്ന് ഓർക്കണം. ഒരൊറ്റ ആശയവിനിമയോപാധി മാത്രമാണ് നമ്മുടെ നാട്ടിൽ അടിച്ചേൽപ്പിക്കപ്പെട്ടത്. ഇന്നത്തെ സ്കൂളുകളിലും കോളേജുകളിലും ഈ വിദ്യാഭ്യാസമില്ലായിരുന്നുവെങ്കിൽ, നാം എന്താകുമായിരുന്നുവെന്നറിയാൻ അതുകൊണ്ട് യാതൊരു അനുമാനമാർഗവുമില്ല. എന്തായാലും, ഒന്നറിയാം; ഇന്ത്യ 50 കൊല്ലം മുമ്പത്തേക്കാൾ ഇന്നു ദരിദ്രമാണ്; സ്വയം പ്രതിരോധിച്ചുനിൽക്കാനുള്ള ശക്തി ഇന്നു കുറവാണ്; ഇന്ത്യയുടെ മക്കൾക്ക് കരുത്തും ഇന്നു കമ്മിയാണ്. ഇതുമുഴുവൻ ഭരണരീതിയുടെ കുറവുകൾകൊണ്ടാണെന്ന് എന്നെ പറഞ്ഞുമനസ്സിലാക്കേണ്ടതില്ല. വിദ്യാഭ്യാസരീതിയാണതിലെ ഏറ്റവും ദൂഷ്യം ബാധിച്ച ഭാഗം.

ഇംഗ്ലീഷിനെയോ ആ ഭാഷയിലെ ഉൽകൃഷ്ടസാഹിത്യത്തെയോ അപലപിക്കുകയാണ് ഞാനെന്നു ധരിക്കരുത്. ഹരിജന്റെ പംക്തികൾതന്നെ എനിക്ക് ഇംഗ്ലീഷിനോടുള്ള സ്നേഹത്തിന് മതിയായ തെളിവാണ്. ഇംഗ്ലണ്ടിന്റെ മിതശീതോഷ്ണ കാലാവസ്ഥ, പ്രകൃതിദൃശ്യങ്ങൾ എന്നിവയാലുണ്ടാകാവുന്നതിലധികം പ്രയോജനം ഇംഗ്ലീഷ് സാഹിത്യത്തിന്റെ ഔൽകൃഷ്ട്യം കൊണ്ട് ഭാരതരാഷ്ട്രത്തിനുണ്ടാവില്ല. ഇന്ത്യക്ക് സ്വന്തം കാലാവസ്ഥയും പ്രകൃതിദൃശ്യവും സാഹിത്യവും കൊണ്ടുതന്നെ വേണം അഭിവൃദ്ധി പ്രാപിക്കാൻ. ഇവ മൂന്നും ഇംഗ്ലീഷ് കാലാവസ്ഥയ്ക്കും പ്രകൃതിദൃശ്യത്തിനും സാഹിത്യത്തിനും താഴെയാണെന്നു വന്നാലും, നമ്മളും നമ്മുടെ സന്താനങ്ങളും സ്വന്തം പാരമ്പര്യത്തിന് മേൽത്തന്നെ ഉൽക്കർഷം കെട്ടിപ്പടുക്കണം. നാം മറ്റൊന്നു കടംകൊണ്ടാൽ, നമ്മുടേതിനെ ദാരിദ്ര്യസ്ഥിതിയിലാഴ്ത്തും. നമുക്കു വിദേശാഹാരം ഭക്ഷിച്ചുവളരാൻ ഒരിക്കലും പറ്റുകയില്ല. നമ്മുടെ രാഷ്ട്രത്തിന് ആ ഭാഷയിലെയും ലോകത്തിലെ ഇതരഭാഷകളിലെയും അനർഘനിധികൾ സ്വന്തം നാട്ടുഭാഷകളിലൂടെ കൈവരേണ്ട ആവശ്യമുണ്ട്. രവീന്ദ്രനാഥിന്റെ നിസ്തുലമായ കലാസൃഷ്ടികൾ ആസ്വദിക്കാൻ എനിക്ക് ബംഗാളി പഠിക്കേണ്ടതില്ല; നല്ല തർജമകളിലൂടെ എനിക്കതു ലഭിക്കുന്നു. ടോൾസ്റ്റോയിയുടെ ചെറുകഥകൾ ആസ്വദിക്കാൻ ഗുജറാത്തിലെ ആൺകുട്ടികളും പെൺകുട്ടികളും റഷ്യൻഭാഷ അഭ്യസിക്കേണ്ടതില്ല; അവർ, നല്ല വിവർത്തനങ്ങൾ വഴി അവ പഠിച്ചറിയുന്നു. ഇംഗ്ലീഷുകാർക്ക് സാഭിമാനം പറയാൻ കഴിയും, ലോകത്തിലെ ഏറ്റവും മികച്ച സാഹിത്യസൃഷ്ടികൾ പ്രസിദ്ധീകരിച്ച് ഒരാഴ്ച കഴിയുന്നതിനകം ലളിതമായ ഇംഗ്ലീഷിൽ തങ്ങളുടെ രാഷ്ട്രത്തിനു കരഗതമാവുമെന്ന്. ഷേക്സ്പിയറും മിൽട്ടണും ചിന്തിച്ചതും എഴുതിയതുമായ കാര്യങ്ങളിൽ അനർഘങ്ങളായവ ലബ്ധമാവാൻ എനിക്ക് ഇംഗ്ലീഷ് പഠിക്കേണ്ട ആവശ്യമെന്ത്?

ലോകത്തിലെ വിവിധ ഭാഷകളിൽ പഠിക്കേണ്ടവയിൽ വച്ച് ഏറ്റവും നല്ലതു പഠിച്ച് നാട്ടുഭാഷകളിലേക്കു വിവർത്തനം ചെയ്യുക തൊഴിലാക്കിയ ഒരുസംഘം വിദ്യാർഥികളെ നിയോഗിക്കുക ലാഭകരമായ ഒരു ധനവിനിയോഗമായിരിക്കും. നമ്മുടെ യജമാനന്മാർ നമുക്കു തെറ്റായ മാർഗം തിരഞ്ഞെടുത്തു തന്നു; ശീലം തെറ്റിനെ ശരിയെന്നു തോന്നിക്കുകയും ചെയ്തു.

കപടവും നമ്മെ ഭാരതീയരല്ലാതാക്കുന്നതുമായ വിദ്യാഭ്യാസംകൊണ്ട് ജനല

ക്ഷങ്ങളോടു തുടർച്ചയായും വർധമാനമായും ചെയ്യുന്ന അപരാധത്തിനുള്ള തെളിവും ഞാൻ അനുദിനം കാണുന്നുണ്ട്. എന്റെ വിലപ്പെട്ട സഹപ്രവർത്തകരായ ഈ ബിരുദധാരികൾക്കുതന്നെ സ്വന്തം ഹൃദയാന്തർഭാഗത്തുള്ള ചിന്തകൾ ആവിഷ്കരിക്കേണ്ടി വരുമ്പോൾ വല്ലാതെ കുഴങ്ങുന്നു. അവർ സ്വന്തം വീട്ടിൽ അപരിചിതരാണ്. ഇംഗ്ലീഷ് വാക്കുകളോ വാചകങ്ങളോ അവലംബിക്കാതെ സംഭാഷണം മുഴുമിക്കാൻ വയ്യാത്തത്ര പരിമിതമാണവരുടെ മാതൃഭാഷാജ്ഞാനം. അവർക്ക് ഇംഗ്ലീഷു പുസ്തകങ്ങളില്ലാതെ ജീവിക്കാൻ വയ്യ. അവർ പലപ്പോഴും തമ്മിൽത്തമ്മിൽ ഇംഗ്ലീഷിലെഴുത്തെഴുതുന്നു. ഞാൻ എന്റെ കൂട്ടുകാരുടെ കാര്യമെടുത്തു പറഞ്ഞത് ഈ ദോഷം എത്രയധികം അടിയിലേക്കിറങ്ങിയിരിക്കുന്നുവെന്ന് കാണിക്കാനാണ്. കാരണം, ഞങ്ങൾ സ്വയം കുറവുകൾ തീർക്കാൻ ബോധപൂർവം പരിശ്രമിച്ചിട്ടുള്ളവരാണ്.

കോളേജുവിദ്യാർഥികളിൽനിന്ന് ഒരു ജഗദീശ് ബോസിനെ സൃഷ്ടിക്കാൻ കഴിയുമെങ്കിൽ, നമ്മുടെ കലാശാലകളിലെ ധനദുർവ്യയം നമ്മെ വിഷമിപ്പിക്കേണ്ടതില്ലെന്ന് വാദിക്കപ്പെട്ടിട്ടുണ്ട്. ദുർവ്യയം ഒഴിവാക്കാൻ വയ്യാത്തതായിരുന്നുവെങ്കിൽ, ഞാനും ആ വാദത്തെ അനുകൂലിക്കുമായിരുന്നു. അതൊഴിവാക്കാമായിരുന്നു, ഇന്നും ഒഴിവാക്കാം എന്നു ഞാൻ കാണിച്ചുതന്നിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. മാത്രമല്ല, ഒരു ബോസുണ്ടായി എന്നത് ആ വാദത്തിന് സഹായകമല്ല. കാരണം, ബോസ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഒരു സന്താനമല്ല. അദ്ദേഹം തനിക്ക് പ്രവർത്തിക്കേണ്ടിവന്ന പരിതഃസ്ഥിതിയിൽ കഠിനമായ പ്രതിബന്ധങ്ങളുണ്ടായിട്ടും ഉയർന്നുവന്നു. അദ്ദേഹത്തിന്റെ വിജ്ഞാനം ബഹുജനങ്ങൾക്ക് മിക്കവാറും ദുർഗ്രഹമായിത്തീർന്നു. ഇംഗ്ലീഷറിയാത്ത ഒരാൾക്കും ബോസിനെപ്പോലെയാവാൻ സാധ്യമല്ലെന്നും നാം ചിന്തിക്കുന്നതുപോലെ തോന്നുന്നു. ഇതിലും വമ്പിച്ച ഒരന്ധവിശ്വാസം എനിക്കു സങ്കൽപ്പിക്കാൻ സാധ്യമല്ല. നമ്മെപ്പോലെ ഒരു ജപ്പാൻകാരന് നിസ്സഹായത തോന്നുന്നില്ല.

സംസ്ഥാനഭാഷകൾക്ക് ശരിയായ സ്ഥാനം നൽകിയാൽ, അധ്യയനഭാഷ എന്തു വിലകൊടുത്തും ഉടനെ മാറ്റണം. നിത്യവും പെരുകിവരുന്ന കുറ്റകരമായ ദുർവ്യയത്തേക്കാൾ ഞാൻ ഇഷ്ടപ്പെടുക ഉന്നതവിദ്യാഭ്യാസത്തിലുള്ള താൽക്കാലികമായ അവ്യവസ്ഥയാണ്.

സംസ്ഥാനഭാഷകളുടെ പദവിയും കമ്പോളവിലയും വർധിപ്പിക്കാനായി, നീതിന്യായക്കോടതികളിലെ വ്യവഹാരഭാഷ, ആ കോടതികൾ സ്ഥാപിച്ചിരിക്കുന്ന സംസ്ഥാനത്തിലെ ഭാഷയായിരിക്കണമെന്നു ഞാൻ നിർദേശിക്കുന്നു. സംസ്ഥാന നിയമസഭകളിലെ നടപടികൾ ആ സംസ്ഥാനത്തിലെ ഭാഷയിൽ അഥവാ സംസ്ഥാനത്തിൽ ഒന്നിലധികം ഭാഷകളുണ്ടെങ്കിൽ അവയിൽ ആയിരിക്കണം. നിയമസഭാംഗങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചാൽ ഒരു മാസത്തിനുള്ളിൽ അവരുടെ ഭാഷകൾ അവർക്ക് മനസ്സിലാക്കാൻ കഴിയുമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. ഒരു തമിഴന് തമിഴിനോട് ബന്ധപ്പെട്ട തെലുങ്ക്, മലയാളം, കർണ്ണാടകം എന്നീ ഭാഷകളിലെ ലളിതമായ വ്യാകരണവും ഏതാനും ശതം വാക്കുകളും നിഷ്പ്രയാസം പഠിക്കുന്നതിന് പ്രതിബന്ധമായി യാതൊന്നുമില്ല. കേന്ദ്രത്തിൽ ഹിന്ദുസ്ഥാനി ആധിപത്യം വഹിക്കുകയും വേണം.

ഇംഗ്ലീഷ് പഠിക്കാൻ ഇപ്പോൾ പതിവുള്ളതിലും കുറച്ചുസമയം മാത്രമേ എടുക്കാവൂ എന്ന് നമ്മുടെ സ്ത്രീപുരുഷന്മാരോട് ഞാൻ പറയുമ്പോൾ, അവർക്കതുവഴിയുണ്ടാകാവുന്ന സന്തോഷം നഷ്ടപ്പെടുത്തുകയെന്നതല്ല എന്റെ ഉദ്ദേശ്യം. ഇത്ര വമ്പിച്ച വിലകൊടുക്കാതെയും വിഷമം സഹിക്കാതെയും കൂടുതൽ സ്വാഭാവികമായ ഒരു

മാർഗം അവലംബിച്ചാൽ അതേ തോതിലുള്ള സന്തോഷം തന്നെ കൈവരുമെന്നാണെന്റെ പക്ഷം. ലോകം അമൂല്യസൗന്ദര്യമോലുന്ന അനേകം രത്നങ്ങൾകൊണ്ടു നിറഞ്ഞതാണ്. എന്നാൽ ഈ രത്നങ്ങളെല്ലാം ഇംഗ്ലീഷ് സംവിധാനത്തിലുള്ളവയല്ല. തുല്യവൈഭവമുള്ള കലാസൃഷ്ടികൾ തങ്ങൾക്കുമുണ്ടെന്ന് അന്യഭാഷകൾക്കും അഭിമാനിക്കാൻ വകയുണ്ട്. ഇതെല്ലാം നമ്മുടെ സാധാരണക്കാർക്കു കിട്ടാറാവണം. നമ്മുടെ പഠിച്ച ആളുകൾ ഇവയെല്ലാം നമുക്കുവേണ്ടി നമ്മുടെ സ്വന്തം ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ ഏറ്റാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

*('ഗാന്ധിസാഹിത്യം')*

## പദപരിചയം

● സന്നിവേശിപ്പിക്കുക - പ്രവേശിപ്പിക്കുക, ഉൾച്ചേർക്കുക ● സ്വേച്ഛാധിപതി - തന്നിഷ്ടംപോലെ പ്രവർത്തിക്കുന്ന അധികാരി ● അവിളംബിതനിവാരണം - കാലതാമസം കൂടാതെയുള്ള ഒഴിവാക്കൽ ● സിര - ഞരമ്പ് ● പരിതാപകരം - വളരെയധികം ദുഃഖമുണ്ടാക്കുന്നത് ● സ്ഥാനഭ്രഷ്ടം - സ്ഥാനനഷ്ടം സംഭവിച്ചത് ● അഭിഗമ്യം - പ്രാപിക്കത്തക്കത് ● അധികൃതം - അധികാരപ്പെടുത്തപ്പെട്ട ● സ്ഥായി - സ്ഥിരമായത് ● വിഘ്നം - തടസ്സം ● അനുമാനം - ഊഹം ● കമ്മി - കുറവ് ● അപലപിക്കുക - ആക്ഷേപിക്കുക ● ഔൽകൃഷ്ട്യം - ശ്രേഷ്ഠത ● അനർഘം - വിലമതിക്കാനാകാത്തത് ● നിസ്തുലം - തുല്യമല്ലാത്തത് ● കരഗതം - കൈയിൽ വന്നുചേർന്ന

## പഠനപ്രവർത്തനങ്ങൾ

- ബ്രിട്ടീഷ് ഭരണത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ സ്വാതന്ത്ര്യസമരം നയിച്ച ഗാന്ധിജിയുടെ ദേശീയമായ കാഴ്ചപ്പാട് ഭാഷാനയത്തിലും പ്രതിഫലിക്കുന്നുണ്ട്. പാഠത്തെ ആസ്പദമാക്കി ചർച്ചചെയ്യുക.
- ഇംഗ്ലീഷ് ഭാഷാജ്ഞാനത്തോടുള്ള അമിതതാൽപര്യം അന്ധവിശ്വാസമാണ് എന്ന ഗാന്ധിജിയുടെ അഭിപ്രായം പരിശോധിക്കുക.
- "തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണു ചെയ്യുന്നതെന്ന് എനിക്കുറപ്പുണ്ട്."

  "ഇപ്പോൾ നൽകപ്പെടുന്ന രീതിയിലുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസം ഇംഗ്ലീഷ് പഠിച്ച ഇന്ത്യക്കാരനെ നിർവീര്യനാക്കിയിരിക്കുന്നു."

  "ഒരുജാതി അനുകർത്താക്കളെമാത്രം സൃഷ്ടിച്ചുകൊണ്ട് ഒരു നാടിനും ഒരു രാഷ്ട്രമായി വളരാൻ കഴിയില്ല."

  "ഇംഗ്ലീഷറിയാത്ത ഒരാൾക്കും ബോസിനെപ്പോലെയാവാൻ സാധ്യമല്ലെന്നും നാം ചിന്തിക്കുന്നതുപോലെ തോന്നുന്നു. ഇതിലും വമ്പിച്ച ഒരന്ധവിശ്വാസം എനിക്കു സങ്കൽപ്പിക്കാൻ സാധ്യമല്ല. നമ്മെപ്പോലെ ഒരു ജപ്പാൻകാരന് നിസ്സഹായത തോന്നുന്നില്ല."

  ഗാന്ധിജിയുടെ ഈ അഭിപ്രായങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിച്ച് ഉപന്യാസം തയ്യാറാക്കുക.
- മാതൃഭാഷയിലൂടെയല്ലാത്ത അധ്യയനം ഒരു ദേശീയദുരന്തമാണെന്ന് ഗാന്ധിജി പറയുന്നത് എന്തുകൊണ്ടാവാം? പരിശോധിക്കുക.

- "ഷേക്സ്പിയറും മിൽട്ടണും ചിന്തിച്ചതും എഴുതിയതുമായ കാര്യങ്ങളിൽ അനർഘങ്ങളായവ ലബ്ധമാവാൻ എനിക്ക് ഇംഗ്ലീഷ് പഠിക്കേണ്ട ആവശ്യമെന്ത്!" എന്ന് ഗാന്ധിജി ചോദിക്കാൻ കാരണമെന്തായിരിക്കാം? വിശദമാക്കുക.
- കോടതിഭാഷയെക്കുറിച്ച് ഗാന്ധിജിയുടെ സമീപനമാണോ ശരി? നിങ്ങളുടെ ചിന്തകൾ വ്യക്തമാക്കുക.
- 'ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
  മേതൊരു കാവ്യവുമേതൊരാൾക്കും
  ഹൃത്തിൽപതിയേണമെങ്കിൽ സ്വഭാഷതൻ
  വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം.'
  ഈ കാവ്യഭാഗത്തെ നിരീക്ഷണങ്ങളും ലേഖനത്തിലെ ആശയങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## എഴുത്തുകാർ



### വള്ളത്തോൾ നാരായണ മേനോൻ (1878 - 1958)

ആധുനിക കവിത്രയത്തിൽ ഒരാൾ. വാല്മീകിരാമായണവും ഋഗ്വേദവും വിവർത്തനം ചെയ്തു. വെയിൽസ് രാജകുമാരൻ നൽകിയ രാജകീയ അംഗീകരമായ പട്ടും വളയും നിരസിച്ചു. വൈക്കം സത്യഗ്രഹ കാലത്ത് ഗാന്ധിജിയെ നേരിൽ കണ്ടതോടെ ഗാന്ധിയനായി മാറി. കേരള കലാമണ്ഡലം സ്ഥാപിച്ചു. 1955 ൽ ഇന്ത്യാ ഗവണ്മെന്റ് പദ്മഭൂഷൺ ബഹുമതി നൽകി. കൃതികൾ - *ബധിരവിലാപം, ഗണപതി, ബന്ധനസ്ഥനായ അനിരുദ്ധൻ, ചിത്രയോഗം മഹാകാവ്യം, ശിഷ്യനും മകനും, മഗ്ദലനമറിയം, കൊച്ചുസീത, അച്ഛനും മകളും, സാഹിത്യമഞ്ജരി.*



### തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ (16-ാം നൂറ്റാണ്ട്)

മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള തുഞ്ചൻപറമ്പിൽ ജനിച്ചു. കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായും ഭക്തിപ്രസ്ഥാനത്തിന്റെ പ്രമുഖ പ്രയോക്താവായും അറിയപ്പെടുന്നു. *അധ്യാത്മരാമായണം, ശ്രീമഹാഭാരതം* എന്നീ കിളിപ്പാട്ടുകൾക്കു പുറമേ *ഹരിനാമകീർത്തനം, ചിന്താരത്നം* തുടങ്ങിയ കൃതികളുടെയും കർത്താവായി എഴുത്തച്ഛനെ കണക്കാക്കുന്നു.

## സാറാജോസഫ് (1946 - )




തൃശൂർ ജില്ലയിൽ കുരിയച്ചിറയിൽ ജനിച്ചു. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയും. *ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, ഒതപ്പ്, ഊരുകാവൽ, ആതി, ആളോഹരി ആനന്ദം, ബുധിനി (നോവലുകൾ), മനസ്സിലെ തീ മാത്രം, കാടിന്റെ സംഗീതം, നന്മതിന്മകളുടെ വൃക്ഷം, പാപത്തറ, നിലാവ് അറിയുന്നു, ഒടുവിലത്തെ സൂര്യകാന്തി, കാടിതു കണ്ടായോ കാന്താ, പുതുരാമായണം - രാമായണകഥകൾ വീണ്ടും പറയുമ്പോൾ* (കഥകൾ) തുടങ്ങിയവയാണ് പ്രധാന കൃതികൾ. എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

## സച്ചിദാനന്ദൻ (1946 - )



തൃശൂർ ജില്ലയിലെ പുല്ലൂറ്റ് (കൊടുങ്ങല്ലൂർ) ജനനം. കവിത, ലേഖനം, നാടകം, യാത്രാവിവരണം, പരിഭാഷ എന്നീ മേഖലകളിൽ അമ്പതോളം കൃതികൾ. എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ് എന്നിവ ലഭിച്ചു. *അപൂർണം, ഇവനെക്കൂടി, കവിബുദ്ധൻ, മലയാളം, മറന്നുവച്ച വസ്തുക്കൾ, വിക്ക്, വീടുമാറ്റം, സച്ചിദാനന്ദന്റെ കവിതകൾ (3 വാല്യങ്ങൾ), ബഹുരൂപി, നിൽക്കുന്ന മനുഷ്യൻ, സച്ചിദാനന്ദന്റെ കവിതകൾ 1965-2015* തുടങ്ങിയ കവിതാസമാഹാരങ്ങൾ. *പല ലോകം പല കാലം-യാത്രകളുടെ പുസ്തകം, മുഹൂർത്തങ്ങൾ, ഭാരതീയ കവിതയിലെ പ്രതിരോധപാരമ്പര്യം, ദർശനങ്ങളുടെ ഋതുഭേദങ്ങൾ, മലയാള കവിതാപഠനങ്ങൾ* തുടങ്ങിയ പഠനഗ്രന്ഥങ്ങളും മൂന്നാം ലോക കവിത, കറുത്ത കവിത, ഇന്ത്യൻ കവിത തുടങ്ങിയ പരിഭാഷകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി (1869-1948)



ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയും ആയിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവാണ് അദ്ദേഹം. അഹിംസയിലൂന്നിയ സത്യഗ്രഹം എന്ന സമരസിദ്ധാന്തം ലോകത്തിനുമുന്നിൽ അവതരിപ്പിച്ച ഗാന്ധി ദാർശനികനും എഴുത്തുകാരനും ആയിരുന്നു. 'സർവ്വോദയം' ആണ് അദ്ദേഹത്തിന്റെ ജീവിതദർശനം. 1948 ജനുവരി 30 ന് ഡൽഹിയിൽവച്ച് നാഥുറാം ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് മരണമടഞ്ഞു.



## തുടർവായന

1. മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം - പി. പവിത്രൻ
2. മലയാളത്തിന്റെ ഭാവി - കെ. സേതുരാമൻ
3. മമ്മി (കവിത) - ചെമ്മനം ചാക്കോ
4. അമ്മമലയാളം (കവിത) - കുരീപ്പുഴ ശ്രീകുമാർ
5. മലയാളം (കവിത) - സച്ചിദാനന്ദൻ
6. പാത്തുമ്മായുടെ ആട് (നോവൽ) - വൈക്കം മുഹമ്മദ് ബഷീർ
7. പെണ്ണുങ്ങൾ കാണാത്ത പാതിരാനേരങ്ങൾ (കാവ്യസമാഹാരം) - വി എം ഗിരിജ
8. ഐഡന്റിറ്റി കാർഡ് (കാവ്യസമാഹാരം) - എസ് ജോസഫ്
9. വിവർത്തനം - (എഡി) എൻ.വി. കൃഷ്ണവാര്യർ

യൂണിറ്റ് - 1

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | കവിതകൾ വിശകലനം ചെയ്ത് പ്രയോഗസവിശേഷതകൾ കണ്ടെത്താൻ | | | |
| 2 | കവിതാഭാഗം വിശകലനം ചെയ്ത് ശബ്ദഭംഗിയും അർഥഭംഗിയും കണ്ടെത്തി ആസ്വാദനം തയ്യാറാക്കാൻ | | | |
| 3 | കഥാഭാഗങ്ങളും നോവൽഭാഗങ്ങളും വിശകലനം ചെയ്ത് അവയിലെ ആശയതലം കണ്ടെത്തി ചർച്ചയിൽ പങ്കെടുക്കാൻ | | | |
| 4 | കഥകളും നോവലുകളും വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ സവിശേഷത കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കാൻ | | | |
| 5 | കഥാഭാഗങ്ങൾ വിശകലനം ചെയ്ത് പ്രാദേശികഭാഷയുടെ ഭംഗി, തനിമ എന്നിവ കണ്ടെത്തി വിശദീകരിക്കാൻ | | | |
| 6 | വ്യത്യസ്ത കവിതകളിലെ സമാനപ്രയോഗങ്ങൾ കണ്ടെത്തി അവയുടെ അർഥതലങ്ങൾ വിശകലനം ചെയ്യാൻ | | | |
| 7 | കവിതാഭാഗങ്ങളിലെ ഭാവതലങ്ങൾ കണ്ടെത്തി അവയുടെ സവിശേഷതകൾ വിശദീകരിക്കാൻ | | | |
| 8 | ഇംഗ്ലീഷ് ഗദ്യഭാഗങ്ങൾ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്താൻ | | | |
| 9 | കവിതകൾ വിശകലനം ചെയ്ത് ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കാൻ | | | |
| 10 | പാഠഭാഗം വിശകലനം ചെയ്ത് ഭാഷയുമായി ബന്ധപ്പെട്ട ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ സ്വാംശീകരിച്ച് കുറിപ്പ് തയ്യാറാക്കാൻ | | | |
| 11 | രചനകളിലെ ആശയങ്ങൾ സംഗ്രഹിച്ച് വിവിധ രചനാരൂപങ്ങളിൽ പ്രയോഗിക്കാൻ | | | |

# ഭൂമിഗീതങ്ങൾ

കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരനൊരു യന്ത്രമായാൽ
അംബ, പേരാറേ! നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?

(കുറ്റിപ്പുറം പാലം - ഇടശ്ശേരി ഗോവിന്ദൻ നായർ)

- ഭാരതപ്പുഴയ്ക്കു മുകളിൽ പാലമുയർന്നപ്പോൾ കവിക്കുണ്ടായ ആശങ്കയാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

  ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം ആശങ്കകൾക്ക് പ്രസക്തിയുണ്ടോ? നിരീക്ഷണങ്ങൾ പങ്കുവയ്ക്കുക.

പാഠം 1

# ഭൂമിക്കൊരു ചരമഗീതം

**ഒ എൻ വി കുറുപ്പ്**

ഇനിയും മരിക്കാത്ത ഭൂമി! - നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി!
ഇതു നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം.
മൃതിയുടെ കറുത്തവിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കേ
ഉയിരറ്റ നിൻ മുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരു, മീ ഞാനും!
ഇതു നിനക്കായ് ഞാൻ കുറിച്ചിടുന്നു:
ഇനിയും മരിക്കാത്ത ഭൂമി! - നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി.

* * *

അറിയാതെ ജനനിയെ പരിണയിച്ചൊരു യവന
തരുണന്റെ കഥയെത്ര പഴകീ!
പുതിയ കഥയെഴുതുന്നു, വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നൂ!
വിപണികളിലവ വിറ്റുമോന്തുന്നു, വിടനഖര
മഴുമുനകൾ കേളി തുടരുന്നൂ!
കത്തുന്ന സൂര്യന്റെ കണ്ണുകളിൽ നിന്നഗ്നി-
വർഷിച്ചു രോഷമുണരുന്നൂ!
ആടിമുകിൽമാല കുടിനീരു തിരയുന്നൂ;
ആതിരകൾ കുളിരു തിരയുന്നൂ;
ആവണികളൊരു കുഞ്ഞുപൂവു തിരയുന്നൂ;
ആറുകളൊഴുക്കു തിരയുന്നൂ!
സർഗലയതാളങ്ങൾ തെറ്റുന്നു, ജീവരഥ-
ചക്രങ്ങൾ ചാലിലുറയുന്നൂ!
ബോധമാം നിറനിലാവൊരു തുള്ളിയെങ്കിലും
ചേതനയിൽ ശേഷിക്കുവോളം
നിന്നിൽനിന്നുരുവായി

നിന്നിൽനിന്നുയിരാർന്നൊരെ-
ന്നിൽ നിന്നോർമ്മകൾ മാത്രം!
നീയെന്റെ രസനയിൽ വയമ്പും നറുംതേനു-
മായ് വന്നൊരാദ്യാനുഭൂതി!
നീയെന്റെ തിരികെടുംനേരത്തു തീർഥകണ-
മായെത്തുമന്ത്യാനുഭൂതി

* * *

ആയിരമുണ്ണിക്കനികൾക്കു തൊട്ടിലും
താരാട്ടുമായ് നീ ഉണർന്നിരിക്കുന്നതും,
ആയിരം കാവുകളിലൂഞ്ഞാലിടുന്നതും,
ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും,
അഞ്ചിതൾപ്പൂക്കളായ് കൈയാട്ടിനിൽപ്പതും,
അമ്പലപ്രാവായി നീ കുറുകുന്നതും,
ആയിരം പുഴകളുടെയോളങ്ങളായെന്റെ
ആത്മഹർഷങ്ങൾക്കു താളംപിടിപ്പതും
പൂവാകയായ് പുത്തിലഞ്ഞിയായ് കൊന്നയായ്
പുത്തനാം വർണ്ണക്കുടകൾ മാറുന്നതും



കൂമന്റെ മൂളലായ് പേടിപ്പെടുത്തി നീ
കുയിലിന്റെ കൂകലായ് പേടിമാറ്റുന്നതും,
അന്തരംഗങ്ങളിൽ കളമെഴുതുവാൻ നൂറു
വർണങ്ങൾ ചെപ്പിലൊരുക്കിവയ്ക്കുന്നതും,
സായന്തനങ്ങളെ സ്വർണ്ണമാക്കുന്നതും,
സന്ധ്യയെയെടുത്തു നീ കാട്ടിൽ മറയുന്നതും,
പിന്നെയൊരുഷസ്സിനെത്തോളിലേറ്റുന്നതും;
എന്നെയുമുണർത്തുവാ,നെന്നെയമൂതൂട്ടുവാൻ,
കദളിവനഹൃദയനീഡത്തിലൊരു കിളിമുട്ട
അടവച്ചു കവിതയായ് നീ വിരിയിപ്പതും,
ജലകണികപോലവേ തരളമെൻ വാഴ്‌വിനൊരു
നളിനദലമായി നീ താങ്ങായി നിൽപതും,
അറിയുന്നു ഞാ,നെന്നിൽ നിറയുന്നു നീയെന്റെ
അമൃതമീ നിൻ സ്മൃതികൾ മാത്രം!

ചിറകുകളിൽ സംഗീതമുള്ള കളഹംസമേ
അരിയ നിൻ ചിറകിന്റെ
യൊരു തൂവലിൻ തുമ്പി-
ലൊരുമാത്രയെങ്കിലൊരു മാത്ര,യെൻ വാഴ്‌വെന്ന
മധുരമാം സത്യം ജ്വലിപ്പൂ
അതുകെട്ടുപോകട്ടെ! -നീയാകുമമൃതവും
മൃതിയുടെ ബലിക്കാക്ക കൊത്തീ...!
മുണ്ഡിതശിരസ്കയായ് ഭ്രഷ്ടയായ് നീ സൗര-
മണ്ഡലപ്പെരുവഴിയിലൂടെ
മാനഭംഗത്തിന്റെ മാറാപ്പുമായി സ-
ന്താനപാപത്തിൻ വിഴുപ്പുമായി
പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം
വേദനകൾതൻജ്വാല മാത്രമായി
പോകുമിപ്പോക്കിൽ സിരകളിലൂടരി-
ച്ചേറുകയല്ലീ കരാളമൃത്യു?....

ഇനിയും മരിക്കാത്ത ഭൂമി?
ഇതു നിന്റെ മൃതിശാന്തിഗീതം!
ഇതു നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്കു
ഹൃദയത്തിലിന്നേ കുറിച്ച ഗീതം!
ഉയിരറ്റ നിൻമുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ

ഇവിടെയവശേഷിക്കയില്ല ഞാ;നാകയാൽ
ഇതുമാത്രമിവിടെയെഴുതുന്നു:
ഇനിയും മരിക്കാത്ത ഭൂമി! നിന്നാസന്ന-
മൃതിയിൽ നിനക്കാത്മശാന്തി!
മൃതിയിൽ നിനക്കമൃതശാന്തി!

## പദപരിചയം

• ആകുല - ദുഃഖിത • ആസന്നം - അടുത്ത • മൃതി - മരണം • ജനനി - അമ്മ • പരിണയിക്കുക - വിവാഹം ചെയ്യുക • തരുണൻ - യുവാവ് • വസുധ - ഭൂമി • നഖരം - നഖം • രോഷം - ദേഷ്യം • ആടിമുകിൽ - കർക്കിടകമാസത്തിലെ മേഘം • ആവണി - ചിങ്ങമാസം • ചേതന - ജീവൻ • രസന - നാവ് • തീർഥം - വിശുദ്ധജലം • കണം - തുള്ളി • അന്ത്യാനുഭൂതി - അവസാനത്തെ അനുഭൂതി • ആത്മഹർഷം - സ്വയം സന്തോഷിക്കൽ • അന്തരംഗം - മനസ്സ് • ചെപ്പ് - ഡപ്പി • സായന്തനം - വൈകുന്നേരം • ഉഷസ്സ് - പ്രഭാതം • നീഡം - കിളിക്കൂട് • സ്മൃതി - ഓർമ്മ • ഹംസം - അരയന്നം • മുണ്ഡിതശിരസ്ക - മുണ്ഡനം ചെയ്ത ശിരസ്സോടുകൂടിയവൾ • ഭ്രഷ്ട് - കൂട്ടത്തിൽനിന്ന് ഒഴിവാക്കൽ • കരാളമൃത്യു - ക്രൂരമായ മരണം • അശ്രു - കണ്ണുനീർ • ഉദകം - വെള്ളം

## പഠനപ്രവർത്തനങ്ങൾ

- മനുഷ്യനും പരിസ്ഥിതിയുമായുള്ള ഗാഢബന്ധത്തെ ആവിഷ്കരിക്കുന്ന വരികൾ കവിതയിൽനിന്ന് കണ്ടെത്തി വിശദീകരിക്കുക.
- മനുഷ്യൻ പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ച് വർണ്ണിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- "എന്നിൽ നിറയുന്നു നീയെന്റെ അമൃതമീ നിൻസ്മൃതികൾ മാത്രം"
  'കവിയിൽ നിറയുന്ന ഭൂസ്മൃതികൾ' എന്തെല്ലാം? വിവരിക്കുക.
- നീയാകുമമൃതവും
  മൃതിയുടെ ബലിക്കാക്ക കൊത്തി
  മുണ്ഡിതശിരസ്കയായ്, ഭ്രഷ്ടയായ് നീ സൗര-
  മണ്ഡലപ്പെരുവഴിയിലൂടെ
  മാനഭംഗത്തിന്റെ മാറാപ്പുമായി സ-
  ന്താനപാപത്തിൻ വിഴുപ്പുമായി
  പാതിയുമൊഴിഞ്ഞൊരു മനസ്സിലതിതീവ്രമാം
  വേദനകൾ തൻ ജ്വാലമാത്രമായി
  പോകുമിപ്പോക്കിൽ സിരകളിലൂടരി-
  ച്ചേറുകയല്ലീ കരാളമൃത്യു?...

  ഈ വാങ് മയചിത്രത്തിൽ ഭൂമിയെ സംബന്ധിച്ച എന്തെല്ലാം ആശങ്കകളാണുള്ളത്? വിശദമാക്കുക.
- 'ഈ ഭൂമിയോട്, അതിലെ ജീവിതമെന്ന മഹാപ്രഭാവത്തോട്, അതിന്റെ ലാവണ്യസാരമായ കവിതയോട് കവിക്കുള്ള അതിശക്തമായ മമതയാണ് കവിതയുടെ അടിസ്ഥാനഭാവം.' ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

പാഠം 2

# റോബിൻകുരുവികൾ പാടുന്നില്ല

**റേച്ചൽ കഴ്സൻ**




അമേരിക്കൻ ഐക്യനാടുകളുടെ വളരെയേറെ പ്രദേശങ്ങളിൽ ഇപ്പോൾ വസന്തം കടന്നുവരുന്നത് പക്ഷികളുടെ തിരിച്ചുവരവിന്റെ ആരവങ്ങളില്ലാതെയാണ്. ഒരിക്കൽ പക്ഷികളുടെ ആകർഷകമായ കൂജനങ്ങൾകൊണ്ടു നിറഞ്ഞിരുന്ന ഉഷസ്സുകൾ ഇന്ന് അസാധാരണമാംവിധം നിശ്ശബ്ദമാണ്.

ഗായകപ്പക്ഷികളുടെ പൊടുന്നനെയുള്ള മൗനവും അവ നമ്മുടെ ലോകത്തിനു പകരുന്ന വർണ്ണത്തിന്റെയും സൗന്ദര്യത്തിന്റെയും താൽപര്യത്തിന്റെയും മാഞ്ഞു പോകലും സംഭവിച്ചത് ദ്രുതഗതിയിലും വഞ്ചനാപൂർണ്ണമായും മാത്രമല്ല ഇതുവരെ വിപത്തൊന്നും സംഭവിക്കാത്ത ഒരു സമുദായത്തിലുള്ളവരുടെ ശ്രദ്ധപതിയാത്തതു കൊണ്ടുകൂടിയാണ്.

ഇല്ലിനോയിലെ ഹിൻസ്ഡേൽ പട്ടണത്തിൽനിന്ന് ഒരു വീട്ടമ്മ പ്രസിദ്ധ പക്ഷി ശാസ്ത്രജ്ഞനും അമേരിക്കൻ മ്യൂസിയം ഓഫ് നാച്വറൽ ഹിസ്റ്ററിയിൽ പക്ഷികളെ സംബന്ധിച്ച ക്യുറേറ്റർ എമിററ്റസുമായ റോബർട്ട് കുഷ്മാൻ മർഫിക്ക് പാരവശ്യത്തോടെ എഴുതി:

*"ഇവിടെ ഞങ്ങളുടെ ഗ്രാമത്തിൽ എൽമ് മരങ്ങളിൽ കുറെ വർഷങ്ങളായി മരുന്നു തളിക്കുന്നു (അവർ 1958 ലാണ് എഴുതിയത്). ആറു വർഷം മുമ്പ് ഞങ്ങ ളിങ്ങോട്ടു മാറിയപ്പോൾ ഇവിടെ പക്ഷിക്കൂട്ടങ്ങൾ സമൃദ്ധമായിരുന്നു. ഞാനൊരു പക്ഷിത്തീറ്റക്കൂട് സ്ഥാപിച്ചപ്പോൾ അതിലേക്ക് ശൈത്യകാലത്ത് കാർദിനലുകൾ (Cardinals), ചിക്കഡീസ് (Chickadees), ഡൗണീസ് (Downies), നുതാച്ചെസ് (Nut-hatches) എന്നീ കുരുവികളുടെ നിരന്തരപ്രവാഹമായിരുന്നു; കാർദിനലുകളും ചിക്ക ഡീസും വേനൽക്കാലത്ത് കുഞ്ഞുങ്ങളുമായി എത്താറുണ്ടായിരുന്നു.*





*നിരവധി വർഷങ്ങളിലെ ഡി.ഡി.ടി. പ്രയോഗത്തിനു ശേഷം പട്ടണത്തിലിപ്പോൾ ഗായകക്കുരുവികളും സ്റ്റാർലിങ്ങുകളുമില്ല; എന്റെ തീറ്റക്കൂടിലിൽ ചിക്ക്ഡീസ് വരാതായിട്ട് രണ്ടു വർഷമായി. ഇക്കൊല്ലം കാർദിനലുകളും ഇല്ല. അയൽപക്കത്തെ പക്ഷിക്കൂട്ടം രണ്ട് ഇണപ്രാവുകളിലും ഒരുപക്ഷേ, ഒരു ക്യാറ്റ്ബേർഡ് കുടുംബത്തിലും ഒതുങ്ങുന്നു.*

*പക്ഷികളെ കൊല്ലുന്നതും പിടിക്കുന്നതും ശിക്ഷാർഹമാണ് എന്ന ഒരു കേന്ദ്രനിയമം ഉണ്ടെന്ന കാര്യം സ്കൂളിൽനിന്ന് പഠിക്കുന്ന കുട്ടികളോട്, പക്ഷികളെ കൊന്നുകളഞ്ഞു എന്നു വിശദീകരിച്ചു കൊടുക്കുന്നത് ബുദ്ധിമുട്ടാണ്. 'അവ എപ്പോഴെങ്കിലും തിരിച്ചുവരുമോ' എന്ന ചോദ്യത്തിനു മുമ്പിൽ എനിക്കുത്തരമില്ല. എൽമ് മരങ്ങൾ കെട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഒപ്പം പക്ഷികളും.*

*ഇതിനെന്തെങ്കിലും ചെയ്യുന്നുണ്ടോ? എന്തെങ്കിലും ചെയ്യാൻ കഴിയുമോ? എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോ?"*

കേന്ദ്രസർക്കാർ തീയുറുമ്പുകൾക്ക് (Fire ant) എതിരെ ഒരു വമ്പിച്ച മരുന്നുതളി പരിപാടി ആരംഭിച്ച് ഒരു വർഷത്തിനുശേഷം അലബാമയിൽ നിന്നുള്ള ഒരു സ്ത്രീ എഴുതി:

"അരനൂറ്റാണ്ടിലേറെക്കാലമായി ഞങ്ങളുടെയിടം അസ്സലൊരു പക്ഷിസങ്കേതമായിരുന്നു. 'എന്നത്തെക്കാളും കൂടുതൽ പക്ഷികളുണ്ടെന്ന്' കഴിഞ്ഞ ജൂലായിലാണ് ഞങ്ങളെല്ലാം അഭിപ്രായപ്പെട്ടത്. എന്നാൽ ആഗസ്റ്റ് രണ്ടാം വാരത്തോടെ അവയെല്ലാം പെട്ടെന്ന് അപ്രത്യക്ഷമായി. ഒരു കുഞ്ഞു പിറന്ന എന്റെ പ്രിയപ്പെട്ട പെൺകുതിരയെ ലാളിക്കാൻ വളരെ നേരത്തെ എഴുന്നേൽക്കുക എന്നത് എന്റെ ശീലമായിരുന്നു. ഒരൊറ്റ പക്ഷിയുടെ പാട്ടിന്റെ നാദവും അപ്പോൾ കേൾക്കാൻ കഴിഞ്ഞില്ല. അത് അലൗകികവിചിത്രവും ഭീതിജനകവുമായിരുന്നു. ഞങ്ങളുടെ സമ്പൂർണ്ണവും സുന്ദരവുമായ ലോകത്തോട് മനുഷ്യൻ എന്താണു ചെയ്തിരുന്നത്? അവസാനം അഞ്ചുമാസത്തിനുശേഷമാണ് ഒരു നീല ജേ (Jay) പക്ഷിയും ഗായകക്കുരുവിയും പ്രത്യക്ഷപ്പെട്ടത്."

അവർ സൂചിപ്പിച്ച 'ഹേമന്തകാലത്തിന്റെ വിഷണ്ണമായ റിപ്പോർട്ടുകൾ' തെക്കൻ ഭാഗങ്ങളുടെ അറ്റത്തുനിന്നുമുണ്ടായി. മിസ്സിസ്സിപ്പി, ലൂസിയാന, അലബാമ എന്നിവിടങ്ങളിൽ ദേശീയ ഒഡുബോൺ സൊസൈറ്റിയും അമേരിക്കൻ മത്സ്യ-വന്യജീവി വകുപ്പും ചേർന്ന് പ്രസിദ്ധീകരിക്കുന്ന ത്രൈമാസികയായ ഫീൽഡ് നോട്ട്സിൽ, പക്ഷിയനക്കമില്ലാതെ ശരിക്കും ശൂന്യമായ നിർജീവ സ്ഥലങ്ങളുടെ അവഗണിക്കാനാവാത്ത പ്രതിഭാസം രേഖപ്പെടുത്തിയിട്ടുണ്ട്. ചില പ്രത്യേക പ്രദേശങ്ങളിൽ ഏറെക്കാലം ചെലവിടുകയും ആ ഭാഗങ്ങളിലെ പക്ഷികളുടെ സാധാരണ ജീവിതത്തെക്കുറിച്ച് അസാമാന്യ പരിജ്ഞാനമുള്ള പക്വമതികളായ പക്ഷിനിരീക്ഷകരുടെ റിപ്പോർട്ടുകളുടെ സമാഹരണമാണ് ഫീൽഡ് നോട്ട്സ്. അത്തരമൊരു നിരീക്ഷണ റിപ്പോർട്ടിൽ ആ ഹേമന്തത്തിൽ തെക്കൻ മിസ്സിസ്സിപ്പിയിലൂടെ കാറോടിച്ചു പോകവേ 'ദീർഘദൂരം

കരയിലൊറ്റ പക്ഷിയെയും കാണാനായില്ല' എന്ന് ഒരു സ്ത്രീ രേഖപ്പെടുത്തിയിരുന്നു. ബേറ്റൻ റൂജിൽ നിന്നുള്ള ഒരു സ്ത്രീയാകട്ടെ തന്റെ പക്ഷിത്തീറ്റക്കൂട് 'നിരവധി ആഴ്ചകളോളം ഉപയോഗിക്കപ്പെടാതെ കിടന്നിരുന്നെന്നും' തന്റെ പറമ്പിലെ പഴംനിറഞ്ഞ പൊന്തക്കൂട്ടങ്ങൾ സാധാരണമായി അക്കാലമാകുമ്പോഴേക്കും പക്ഷികൾ തിന്നുതീർന്ന് ശൂന്യമാകാറുണ്ടെങ്കിലും അക്കൊല്ലം നിറഞ്ഞുതന്നെ കിടന്നിരുന്നെന്നും രേഖപ്പെടുത്തിയിരുന്നു. മറ്റൊരാളാകട്ടെ തന്റെ ചിത്രജാലകം നാൽപ്പതോ അമ്പതോ കാർദിനൽ പക്ഷികളുടെ ചുവപ്പുനിറം നിറഞ്ഞ് ഒരു ദൃശ്യം രൂപപ്പെടുത്തുന്നതും മറ്റു പക്ഷിയിനങ്ങൾ കൂടുന്നതും പതിവായിരുന്നുവെന്നും പക്ഷേ, ഇപ്പോൾ ഒന്നോ രണ്ടോ പക്ഷികളെ മാത്രമേ അപൂർവമായിപ്പോലും കാണാൻ കഴിയുന്നുള്ളൂ എന്നും രേഖപ്പെടുത്തിയിരുന്നു. അപ്പാലാഷ്യൻ പ്രദേശത്തെ പക്ഷികളെക്കുറിച്ച് ആധികാരികമായി പറയാൻ കഴിവുള്ളയാളും പടിഞ്ഞാറൻ വെർജീനിയ സർവകലാശാലയിലെ പ്രൊഫസറുമായ മോറിസ് ബ്രൂക്ക്സ് പടിഞ്ഞാറൻ വെർജീനിയയിലെ പക്ഷിവർഗം എണ്ണത്തിൽ 'അസാമാന്യമായ ശോഷണത്തിന്' ഇരയായിട്ടുണ്ട് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.


പക്ഷികളുടെ ദാരുണവിധിയുടെ - പല ഇനങ്ങളെയും ഇതിനകം പിടികൂടുകയും എല്ലാത്തിനെയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന വിധി - ദുരന്ത പ്രതീകമായിത്തീരാവുന്ന ഒരു കഥയുണ്ട്. അത് എല്ലാവർക്കും പരിചിതമായ ഒരു റോബിൻ കുരുവിയുടെ കഥയാണ്. അമേരിക്കയിലെ ദശലക്ഷക്കണക്കിന് ആളുകൾക്ക്, ഋതുവിൽ പ്രത്യക്ഷപ്പെടുന്ന ആദ്യ റോബിൻ ശൈത്യത്തിന്റെ പിടിയയഞ്ഞു എന്നതിന്റെ പ്രതിരൂപമാണ്. അതിന്റെ വരവ് വർത്തമാനപത്രങ്ങളിൽ ഇടം കണ്ടെത്തുകയും തീൻമേശകളിൽ പ്രാതലിന്റെ സമയത്ത് ചർച്ചാവിഷയമാകുകയും ചെയ്യുന്നു. ദേശാടനപ്പക്ഷികളുടെ എണ്ണം കൂടുകയും ആദ്യത്തെ ഹരിതാവരണം മരത്തോപ്പുകളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോൾ ഉഷസ്സിന്റെ പ്രകാശത്തിൽ ഉറക്കെപ്പാടുന്ന റോബിനുകളുടെ സംഘഗാനത്തിനായി ആയിരക്കണക്കിനാളുകൾ ചെവിയോർക്കുന്നു. എന്നാൽ ഇപ്പോൾ അതെല്ലാം മാറിയിരിക്കുന്നു. പക്ഷികളുടെ തിരിച്ചുവരവുപോലും തീർച്ചപ്പെടുത്താനാവുന്നതല്ല.

റോബിനുകളുടെയും അതുപോലെ നിരവധി ഇനങ്ങളുടെയും നിലനിൽപ്പ് എൽമ് മരങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അറ്റ്ലാന്റിക് മുതൽ റോക്കി പർവതനിരവരെയുള്ള ആയിരക്കണക്കിനു പട്ടണങ്ങളുടെ ചരിത്രത്തിന്റെ ഭാഗമായ ഈ മരം



അവയുടെ തെരുവുകളെയും ഗ്രാമചത്വരങ്ങളെയും കോളേജ് കാമ്പസുകളെയും ഗംഭീരമായ പച്ചക്കമാനങ്ങൾകൊണ്ട് അനുഗ്രഹീതമാക്കുന്നു. ഇപ്പോൾ ആ മരങ്ങൾ അവയുടെ നിരയാകെത്തന്നെയും ബാധിക്കുന്ന തരത്തിലുള്ള ഒരു രോഗത്തിനടിമപ്പെട്ടിരിക്കയാണ്.

രോഗം അത്രകണ്ട് ഗുരുതരമാണെന്നതുകൊണ്ട് ആ മരങ്ങളെ രക്ഷിക്കാനുള്ള ഏതുശ്രമവും പൂർണമായി ഫലപ്രദമാകില്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. ആ മരങ്ങൾ നഷ്ടപ്പെടുകയെന്നത് ഖേദകരം തന്നെയാണ്. എന്നാൽ അവയെ രക്ഷി



ക്കാനുള്ള വിഫലശ്രമത്തിൽ നമ്മുടെ നിരവധിയിനം പക്ഷികളുടെ സംഘങ്ങളെ വംശനാശത്തിന്റെ ഇരുട്ടിലേക്കു തള്ളിയിടുകയെന്നത് അതിനെക്കാളിരട്ടി ഖേദകരമാണ്. എന്നാൽ ഭീഷണമായിരിക്കുന്നത് ഇതുതന്നെയാണ്.

*(നിശ്ശബ്ദവസന്തം - വിവ. രതിമേനോൻ)*

## പദപരിചയം

• കൂജനം - കൂവൽ • ദ്രുതഗതി - വേഗത്തിലുള്ള പോക്ക് • ഡി.ഡി.ടി - ഒരുതരം കീടനാശിനി • സ്റ്റാർലിങ് - ഒരുതരം പക്ഷി • തീയുറുമ്പ് - ഒരുതരം ഉറുമ്പ് • അലൗകികം - ലോകസംബന്ധി അല്ലാത്ത • ത്രൈമാസികം - മൂന്നുമാസത്തിലൊരിക്കൽ • വിഫലം - ഫലമില്ലാത്തത് • ശോഷണം - നാശം, മെലിയൽ

## പഠനപ്രവർത്തനങ്ങൾ


- 'നിശ്ശബ്ദവസന്തം' ചൂണ്ടിക്കാണിച്ച പാരിസ്ഥിതികദുരന്തം ചർച്ചചെയ്യുക.
- നിങ്ങളുടെ അറിവിൽപ്പെട്ടതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ സസ്യങ്ങളുടെയും ജന്തുക്കളുടെയും പട്ടിക തയ്യാറാക്കുക.
- പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-വേസ്റ്റും എങ്ങനെ കരയെയും കടലിനെയും മലിനമാക്കുന്നുവെന്ന് കണ്ടെത്തുക.
- കൊടിയ ചൂഷണങ്ങളുടെയും അമിത ഉപഭോഗങ്ങളുടെയും ഫലമായി ഭൂമിക്കുണ്ടാകുന്ന ആഘാതങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച്, മറ്റുള്ളവരുമായി ചേർന്ന് വിശകലനം ചെയ്യുക.

പാഠം 3

# തേന്മാവ്

**ബഷീർ**

നിങ്ങൾ കേട്ടതൊന്നും ശരിയല്ല. ഞാൻ ഒരു വൃക്ഷത്തേയും ആരാധിക്കുന്നില്ല എന്നാൽ, ഈ തേന്മാവിനോട് എനിക്കു പ്രത്യേക സ്നേഹമുണ്ട്. എന്റെ ഭാര്യ അസ്മാക്കുമുണ്ട് സ്നേഹം. മഹത്തായ ഒരു പ്രവൃത്തിയുടെ അടയാളമാണ് ഈ തേന്മാവ്. അത് ഞാൻ വിശദമാക്കാം.



ഞങ്ങളാ മാവിൻചുവട്ടിലാണ്. ധാരാളം മാങ്ങയുണ്ട്. മാവിൻചുവട്ടിൽ വളരെ വീതിയിൽ, വൃത്തത്തിൽ വെള്ളമണൽ വിരിച്ചിരിക്കുന്നു. അതിനു ചുറ്റും രണ്ടുവരിയിൽ കല്ലുകെട്ടിച്ച് സിമന്റിട്ട് അതിൽ വൃത്തത്തിൽ റോസാച്ചെടികൾ പിടിപ്പിച്ചിരിക്കുന്നു. പലേ നിറങ്ങളിലുള്ള ധാരാളം പൂക്കളുണ്ട്. അദ്ദേഹത്തിന്റെ പേര് റഷീദ് എന്നാണ്. ഭാര്യയും മോനുമായി തൊട്ടടുത്തുള്ള വീട്ടിൽ താമസിക്കുന്നു. ഭാര്യയും ഭർത്താവും അടുത്തുള്ള സ്കൂളിലെ അധ്യാപകരാണ്.

അദ്ദേഹത്തിന്റെ ഭാര്യ മാമ്പഴം ചെത്തിപ്പൂളി പത്തുപതിനാറു വയസ്സായ മകന്റെ കൈയിൽ ഒരു പ്ലേറ്റിൽ കൊടുത്തയച്ചു. ഞങ്ങളതു തിന്നു. തേൻപോലെ മധുരമുണ്ട്.

"മാമ്പഴം എങ്ങനെ?"

"തേന്മാവു തന്നെ."

"ഇതു നമുക്കു തിന്നാൻ സാധിക്കുന്നത് - ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു."

"ഈ മാവ് നട്ടതാര്?"

"ഇവിടെ നട്ടത് ഞാനും അസ്മായും കൂടി. മാവിനെപ്പറ്റിയുള്ള വിവരം ഞാൻ പറയാം. ഇതു ഞാൻ ഒരുപാട് ആളുകളോടു പറഞ്ഞിട്ടുണ്ട്. കേട്ടവർ സംഭവമെല്ലാം മറന്നിട്ട്, മാവാരാധനയാക്കിത്തീർത്തു. ഇതിൽ ഒരു ആരാധനയുമില്ല. മഹത്തായ ഒരു പ്രവൃത്തിയുടെ ഓർമ്മയുണ്ട്. എന്റെ അനുജൻ പോലീസ് ഇൻസ്പെക്ടറാണ്. ഇവിടെ നിന്ന് എഴുപത്തഞ്ചുമൈൽ അകലെയുള്ള ഒരു പട്ടണത്തിലായിരുന്നു അന്ന് ഉദ്യോഗം. ഞാൻ അനുജനെ കാണാൻ പോയി. എന്നിട്ട് അനുജന്റെ കൂടെ താമസിച്ചു. വലിയ പട്ടണമൊന്നുമല്ല. എങ്കിലും ഞാനൊന്നു ചുറ്റിക്കറങ്ങാനിറങ്ങി. നല്ല വേനൽക്കാലമാണ്. ചൂടുകാറ്റാണ് അടിച്ചിരുന്നത്. വെള്ളത്തിന് ക്ഷാമമുണ്ടായിരുന്നു. ഞാനങ്ങനെ നടക്കുമ്പോൾ ഒരിടവഴിയിൽ, ഒരു വൃക്ഷത്തണലിൽ അവശനായി ഒരു വൃദ്ധൻ കിടക്കുന്നത് കണ്ടു. താടിയും മുടിയും നീട്ടിയിട്ടുണ്ട്. ഒരു എൺപതു വയസ്സുതോന്നിക്കും. തീരെ അവശനായി മരിക്കാറായ മട്ടാണ്.

എന്നെ കണ്ടയുടനെ 'അൽഹംദുലില്ലാ, മക്കളേ വെള്ളം' എന്നു പറഞ്ഞു. ഞാൻ അടുത്തുകണ്ട വീട്ടിൽ കയറിച്ചെന്ന് വരാന്തയിൽ പത്രം വായിച്ചുകൊണ്ടിരുന്ന യുവതിയോട് വെള്ളം വേണമെന്നു പറഞ്ഞു. സുന്ദരിയായ യുവതി പോയി ഒരു മൊന്തയിൽ വെള്ളം കൊണ്ടുവന്നു തന്നു. ഞാൻ അതുംകൊണ്ട് നടന്നപ്പോൾ യുവതി, എങ്ങോട്ടാണ് മൊന്തയും കൊണ്ടുപോകുന്നതെന്നു ചോദിച്ചു. വഴിയിൽ ഒരാൾ വീണുകിടപ്പുണ്ട്. അദ്ദേഹത്തിനു കുടിക്കാനാണെന്നു പറഞ്ഞു. യുവതിയും എന്റെ കൂടെവന്നു. വെള്ളം വൃദ്ധനുകൊടുത്തു. വൃദ്ധൻ പതുക്കെ എണീറ്റിരുന്നു. എന്നിട്ട് അത്ഭുതകരമായ ഒരു പ്രവൃത്തി ചെയ്തു. മൊന്തയും വെള്ളവുമായി എണീറ്റ് റോഡരുകിൽ വാടിത്തളർന്നുനിന്ന തൈമാവിന്റെ ചുവട്ടിൽ പകുതി വെള്ളം ഒഴിച്ചു. മാങ്ങ തിന്ന് വഴിപോക്കർ ആരോ അണ്ടി വലിച്ചെറിഞ്ഞതാണ്. അതു കിളിർത്തു. വേര് അധികവും മണ്ണിനുമീതെ. വൃദ്ധൻ വന്നു വൃക്ഷത്തണലിൽ ഇരുന്നിട്ടു ബാക്കി വെള്ളം ബിസ്മി ചൊല്ലി കുടിച്ചിട്ട് 'അൽഹം ദുലില്ലാ' എന്നു ദൈവത്തിനു സ്തുതിപറഞ്ഞിട്ടു പറഞ്ഞു: "എന്റെ പേര് യൂസുഫ് സിദ്ദീഖ്. വയസ്സ് എൺപതുകഴിഞ്ഞു. ഉറ്റവരായി ആരുമില്ല. ഫക്കീറായി ലോകം ചുറ്റുകയായിരുന്നു. ഞാൻ മരിക്കാൻ പോകുകയാണ്. നിങ്ങൾ രണ്ടുപേരുടെയും പേരെന്ത്? ഞാൻ പറഞ്ഞു: "എന്റെ പേര് റഷീദ്. സ്കൂൾ അധ്യാപകനാണ്."

യുവതി പറഞ്ഞു: "എന്റെ പേര് അസ്മാ. സ്കൂൾ അധ്യാപികയാണ്."

"നമ്മളെ എല്ലാം അല്ലാഹ് അനുഗ്രഹിക്കട്ടെ" എന്നും പറഞ്ഞു വൃദ്ധൻ കിടന്നു. ഞങ്ങളുടെ കൺമുന്നിൽ വച്ച് യൂസുഫ് സിദ്ദീഖ് മരിക്കുകയും ചെയ്തു. അസ്മയെ അവിടെ നിർത്തിയിട്ട് ഞാൻ ചെന്ന് അനുജനോടു വിവരം പറഞ്ഞു. ഒരു വാൻ കൊണ്ടുവന്നു. മൃതദേഹം പള്ളിയിൽ കൊണ്ടുപോയി കുളിപ്പിച്ച്, പുതുവസ്ത്രത്തിൽ പൊതിഞ്ഞു കബറടക്കി. വൃദ്ധന്റെ സഞ്ചിയിൽ ആറുരൂപയുണ്ടായിരുന്നു. ഞാനും അസ്മായും അയ്യഞ്ചുരൂപാ കൂട്ടിച്ചേർത്തു മിഠായി വാങ്ങിച്ച് സ്കൂൾകുട്ടികൾക്കു കൊടുക്കാൻ അസ്മായെ ഏൽപ്പിച്ചു. അസ്മായെ ഞാൻ പിന്നീടു വിവാഹം ചെയ്തു. മാവിന് അസ്മ വെള്ളമൊഴിച്ചുകൊണ്ടിരുന്നു. ഞാനീ വീടു പണിയിച്ചു താമസമാക്കുന്നതിനുമുമ്പ് ആ തൈമാവിന്റെ വേരു പൊട്ടിക്കാതെ, ഒരു ചാക്കുകഷണത്തിൽ മണ്ണിട്ട് ഞാനും അസ്മായും കൂടി മാവു പറിച്ചുകെട്ടി വെള്ളമൊഴിച്ചു. രണ്ടുമൂന്നു ദിവസം മാവ് അസ്മായുടെ കിടപ്പുമുറിയിൽ മൂലയിൽ ചാരിനിന്നു. അതിവിടെ കൊണ്ടുവന്നു ഞാനും അസ്മായും കൂടി കുഴികുത്തി, ഉണക്കച്ചാണകവും ചാരവും ഇട്ടു കുഴിച്ചു നിറുത്തി വെള്ളം ഒഴിച്ചു. പുതിയ ഇലകൾ വന്നു ജോറായപ്പോൾ എല്ലുപൊടിയും പച്ചിലവളവും ചേർത്തു. അങ്ങനെ ആ മാവ് ഇങ്ങനെയായി."

"മനോഹരസംഭവം! മരിക്കുന്നതിനുമുമ്പ്, മിണ്ടാൻ കഴിയാത്ത മാവിന് ആ വൃദ്ധൻ വെള്ളം ഒഴിച്ചു. ഞാനിത് ഓർമ്മിക്കാം."

ഞാൻ യാത്രപറഞ്ഞു നടന്നപ്പോൾ പിറകെ വിളിച്ചു.

ഞാൻ തിരിഞ്ഞുനിന്നു.

റഷീദിന്റെ മകൻ നാലു മാമ്പഴം ഒരു കടലാസിൽ പൊതിഞ്ഞുകൊണ്ടുവന്നു തന്നിട്ടു പറഞ്ഞു: "ഭാര്യക്കും മക്കൾക്കും കൊടുക്കാൻ പറഞ്ഞു."

"മോൻ പഠിക്കുന്നുണ്ടോ?"

"കോളേജിൽ പഠിക്കുന്നു."

"പേരെന്താ?"

"യൂസുഫ് സിദ്ദീഖ്"

"യൂസുഫ് സിദ്ദീഖ്?"

"അതേ, യൂസുഫ് സിദ്ദീഖ്"

*(ഭൂമിയുടെ അവകാശികൾ - വൈക്കം മുഹമ്മദ് ബഷീർ)*

## പഠനപ്രവർത്തനങ്ങൾ

- റോഡരികിൽ വാടിത്തളർന്നുനിന്ന തൈമാവിന്റെ ചോട്ടിൽ വൃദ്ധൻ വെള്ളം ഒഴിച്ചത് മഹത്തായ കർമ്മമായി ബഷീർ കരുതിയത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

- 'ഈ മണ്ണിന്റെ ഓരോ ഇടവും എന്റെ ജനതയ്ക്ക് പാവനമാണ്. പൈൻമരത്തിന്റെ തിളങ്ങുന്ന ഓരോ ഇലയും ഓരോ മണൽത്തീരവും കാടിന്റെ ഇരുളിമയിലെ തുറസ്സുകളിൽ പ്രത്യക്ഷപ്പെടുന്ന ഓരോ പുകമഞ്ഞിൻകൂട്ടവും പാട്ടുമൂളുന്ന ഓരോ ചെറുജീവിയും എന്റെ ജനങ്ങളുടെ സ്മരണയിൽ പാവനമാണ്. വൃക്ഷങ്ങളിൽ ഒഴുകുന്ന ജീവരസം ചുവന്ന മനുഷ്യന്റെ ഓർമ്മകളെയാണ് ചുമന്നുകൊണ്ടു പോകുന്നത്.


  - *സിയാറ്റിൽ മൂപ്പൻ*

  പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വൈക്കം മുഹമ്മദ് ബഷീറിന്റെയും സിയാറ്റിൽമൂപ്പന്റെയും ദർശനങ്ങൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

- പ്രകൃതിസ്നേഹികളായ ധാരാളം മനുഷ്യർ നമ്മുടെ സമൂഹത്തിൽ ഉണ്ടല്ലോ. നിങ്ങൾക്കറിയാവുന്ന അത്തരത്തിലുള്ള ഒരാളുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുക.

## എഴുത്തുകാർ

### ഇടശ്ശേരി ഗോവിന്ദൻനായർ (1906 - 1976)



മലയാളകവിതയിൽ കാല്പനികതയിൽ നിന്നുള്ള വഴിപിരിയലിനു തുടക്കം കുറിച്ച കവികളിൽ ഒരാൾ. പൊന്നാനിക്കടുത്തുള്ള കുറ്റിപ്പുറത്ത് ജനിച്ചു. *പൂതപ്പാട്ട്, കാവിലെപ്പാട്ട്, പുത്തൻകലവും അരിവാളും, ബുദ്ധനും ഞാനും നരിയും* എന്നീ കവിതകളിലൂടെ വ്യത്യസ്തമായ ഭാവുകത്വം പ്രകടമാക്കി. *കാവിലെപ്പാട്ടിന്* കേന്ദ്രസാഹിത്യ അക്കാദമി അവാർഡും, *ഒരുപിടി നെല്ലിക്ക* എന്ന കൃതിക്ക് കേരളസാഹിത്യഅക്കാദമി അവാർഡും ലഭിച്ചു.

### ഒ.എൻ.വി. കുറുപ്പ് (1931 - 2016)



ഇന്ത്യയുടെ പരമോന്നത സാഹിത്യപുരസ്കാരമായ ജ്ഞാനപീഠം ലഭിച്ച ഒ.എൻ.വി. കുറുപ്പ് കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. ആധുനിക കവികളിൽ പ്രധാനി. ധാരാളം സിനിമാ-നാടക ഗാനങ്ങളും രചിച്ചിട്ടുണ്ട്. *മയിൽപ്പീലി, വളപ്പൊട്ടുകൾ, വെളിച്ചം, നീലക്കണ്ണുകൾ, കറുത്തപക്ഷിയുടെ പാട്ട്, ഭൂമിക്ക് ഒരു ചരമഗീതം, അഗ്നിശലഭങ്ങൾ* (കേരള സാഹിത്യ അക്കാദമി അവാർഡ്), *അക്ഷരം* തുടങ്ങിയവയാണ് പ്രധാന കൃതികൾ. എഴുത്തച്ഛൻ അവാർഡ്, കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, പത്മശ്രീ എന്നിവ ലഭിച്ചിട്ടുണ്ട്.



## റേച്ചൽ കാഴ്സൻ (1907 - 1964)

അമേരിക്കയിലെ അക്വാട്ടിക് ബയോളജിസ്റ്റും എഴുത്തുകാരിയും. ശാസ്ത്രരചനകൾക്ക് നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 1953 മുതൽ നടത്തിയ ഗവേഷണത്തിന്റെ ഫലമായി 1962-ൽ പ്രസിദ്ധീകരിച്ച 'നിശ്ശബ്ദ വസന്തം' പരിസ്ഥിതിയുടെ ബൈബിൾ എന്നറിയപ്പെടുന്നു. മറ്റു രചനകൾ: *കടൽക്കാറ്റിനു കീഴെ (Under The Sea Wind), നമുക്കുചുറ്റുമുള്ള കടൽ (The Sea Around Us), കടലിന്റെ മുനമ്പ് (The Edge of The Sea).* ഈ മൂന്നു കൃതികളെയും ചേർത്ത് കാഴ്സന്റെ കടൽഗ്രന്ഥത്രയം എന്നു വിളിക്കുന്നു.



## കെ. രതി മേനോൻ (1953 - )

എറണാകുളത്തു ജനിച്ചു. ആലുവ സെന്റ് സേവ്യേഴ്സ് കോളേജിൽ മലയാളവിഭാഗം അധ്യാപികയായിരുന്നു. 'ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സ്' മലയാളത്തിൽ വിവർത്തനം ചെയ്തപ്പോൾ അതിന്റെ എഡിറ്ററായി പ്രവർത്തിച്ചു. *ഇന്ദിരാ ഗോസ്വാമിയുടെ ആത്മകഥ, റേച്ചൽ കാഴ്സന്റെ സൈലന്റ് സ്പ്രിംഗ്* (നിശ്ശബ്ദവസന്തം) എന്നിവ പ്രധാന വിവർത്തനങ്ങൾ.



## വൈക്കം മുഹമ്മദ് ബഷീർ (1908 - 1994)

പ്രശസ്ത മലയാള കഥാകൃത്തും നോവലിസ്റ്റും. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനിച്ചു.'ബേപ്പൂർ സുൽത്താൻ' എന്ന അപരനാമത്തിൽ അറിയപ്പെട്ടു. *ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ശബ്ദങ്ങൾ* തുടങ്ങിയ നോവലുകളും *ആനവാരിയും പൊൻകുരിശും, ആനപ്പൂട, ഭൂമിയുടെ അവകാശികൾ, ജന്മദിനം, വിഡ്ഢികളുടെ സ്വർഗം* തുടങ്ങിയ കഥാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചു. അനുകരിക്കാനാവാത്ത ഭാഷാശൈലിയുടെ ഉടമയായ ബഷീർ സ്വന്തം ജീവിതാനുഭവങ്ങളെത്തന്നെയാണ് കൂടുതലായും ഇതിവൃത്തങ്ങളാക്കിയത്. കേരള-കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പും പത്മശ്രീ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.



## തുടർവായന

1. ഭൂമിയുടെ അവകാശികൾ - ബഷീർ
2. കാടിനെ ചെന്നു തൊടുമ്പോൾ - എൻ.എ.നസീർ
3. ആരണ്യക് - വിഭൂതിഭൂഷൺ ബന്ദോപാധ്യായ
   (പരിഭാഷ - പി. വാസുദേവക്കുറുപ്പ്)
4. കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം - കല്ലേൻ പൊക്കുടൻ
5. നിശ്ശബ്ദവസന്തം - റേച്ചൽ കാഴ്സൻ
   (പരിഭാഷ - കെ. രതി മേനോൻ)
6. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ - സിയാറ്റിൽ മൂപ്പൻ
   (പരിഭാഷ - സക്കറിയ)

യൂണിറ്റ് - 2

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | വിവിധ സാഹിത്യരചനകൾ വിശകലനം ചെയ്ത് മനുഷ്യരും പരിസ്ഥിതിയുമായുള്ള ഗാഢബന്ധത്തെക്കുറിച്ചും മനുഷ്യർ പരിസ്ഥിതിയിൽ ഏൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ചും ചർച്ചയിൽ പങ്കെടുക്കാൻ. | | | |
| 2 | കവിതാഭാഗം വിശകലനം ചെയ്ത് വാങ് മയചിത്രത്തിന്റെ ആശയം കണ്ടെത്തി വിശദീകരിക്കാൻ. | | | |
| 3 | ആനുകാലിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഉപന്യാസം തയ്യാറാക്കാൻ. | | | |
| 4 | കവിതാഭാഗങ്ങളിലെ ആശയം ഉൾക്കൊണ്ട് വിവരണങ്ങൾ, വിശദീകരണങ്ങൾ എന്നിവ തയ്യാറാക്കാൻ. | | | |
| 5 | കവിതകൾ വായിച്ച് ആശയം ഉൾക്കൊണ്ട് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കാൻ. | | | |
| 6 | നമ്മുടെ പ്രദേശത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സസ്യങ്ങളുടെയും ജന്തുക്കളുടെയും പട്ടിക തയ്യാറാക്കാൻ. | | | |
| 7 | പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-വേസ്റ്റ് മാലിന്യങ്ങളും കരയെയും കടലിനെയും മലിനമാക്കുന്നത് എങ്ങനെയെന്ന് തിരിച്ചറിഞ്ഞ് ബോധവൽക്കരണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ. | | | |
| 8 | കൊടിയ ചൂഷണങ്ങളുടെയും അമിതോപയോഗങ്ങളുടെയും ഫലമായി ഭൂമിക്ക് ഉണ്ടാകുന്ന ആഘാതങ്ങളുടെ വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിച്ച് ആശയം ക്രോഡീകരിക്കാൻ. | | | |
| 9 | കഥകൾ, നോവൽ ഭാഗങ്ങൾ എന്നിവ വായിച്ച് വിശകലനം ചെയ്ത് ആശയങ്ങൾ ഉൾക്കൊള്ളാനും സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്താനും. | | | |

# മധ്യേയിങ്ങനെ മാധ്യമകാലത്ത്




* ഈ കാർട്ടൂൺ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.

## പാഠം 1

# പ്രാർഥിക്കുന്നെങ്കിൽ ഇങ്ങനെ

**കെ ജി ശങ്കരപ്പിള്ള**

അയൽക്കാരൻ കുശുമ്പൻ,
ഇതാ ഏറ്റവും നല്ല ടി വി
ഇതാ ഒരിക്കലും ജരവരാത്ത
തൊലി തരുന്ന സോപ്പ്.
നാൾതോറും ഇരട്ടിക്കുന്ന
യൗവനം തരുന്ന ഗുഡുഗുഡു.
ഇതാ ഒരിക്കലും ചുളിയാത്ത
നെറ്റി തരുന്ന പോളിസി.
കൊടികളുടെ നിറം കാക്കാൻ
ഇതാ സൂപ്പർ പവർ കളർ ഗാർഡ്.
അഥവാ
ചതുർ - സപ്തവർണ്ണ സംരക്ഷണം.
ഇതാ ചിതലരിക്കാത്ത
ഭാവിതരുന്ന തേക്കിൻതോട്ടം.

* * *

ഇതാ ഇതാ ഇതാ
ഒച്ചകളുടെ ഉന്മത്തജ്വാലകൾ.
'എന്നുടെ ഒച്ച കേട്ടുവോ വേറിട്ട്'
എന്നവൾ ചോദിച്ചുവോ?
കണ്ടതല്ലാതെ ഞാനവളെ
കേട്ടതേയില്ല.

### പദപരിചയം

● ജര - വാർധക്യത്തിൽ ശരീരത്തിലുണ്ടാകുന്ന ചുളിവ് ● സപ്തം - ഏഴ് ● ഉന്മത്തം - ലഹരിപിടിച്ച

## പഠനപ്രവർത്തനങ്ങൾ

- ഒച്ചകളുടെ ഉന്മത്ത ജ്വാലകൾ - കവിതയിലെ ഈ പ്രയോഗത്തെ ദൃശ്യമാധ്യമങ്ങളുടെ സ്വഭാവവുമായി ബന്ധിപ്പിക്കാനാവുമോ? എങ്കിൽ എങ്ങനെ? വിശദമാക്കുക.
- പുതിയ ജീവിതശൈലികൾ രൂപപ്പെടുത്തുന്നതിൽ പരസ്യങ്ങളുടെ സ്വാധീനത്തെപ്പറ്റി ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- 'കണ്ടതല്ലാതെ ഞാനവളെ കേട്ടതേയില്ല - കാണുന്നതാണ് യഥാർഥ്യം' എന്ന നിലപാടുറപ്പിക്കുന്നതിൽ ദൃശ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്കെന്ത്? വിശദമാക്കുക.
- മാധ്യമങ്ങൾ നിർവഹിക്കുന്ന സാമൂഹികധർമ്മം എന്ന വിഷയത്തെ മുൻനിർത്തി സംവാദം സംഘടിപ്പിക്കുക.

## പാഠം 2

# വെബ്സൈറ്റ്

**ചന്ദ്രമതി**

**ഒ**രു പരസ്യത്തിലായിരുന്നു തുടക്കം. ഒരു നടുക്കത്തിലായിരുന്നു ഒടുക്കം. അതാണ് ഈ കഥ.

പരസ്യം ഇങ്ങനെ:

സുന്ദരനും അവിവാഹിതനും എൻജിനീയറിംഗ് ബിരുദാനന്തര ബിരുദധാരിയും ഏകാകിയുമായ യുവാവ് (39 വയസ്സ്; ഹോബികൾ: സംഗീതം, വായന, ഇന്റർനെറ്റ്) സമാന അഭിരുചികളുള്ള യുവതികളിൽനിന്ന് ശുദ്ധസൗഹൃദം കാംക്ഷിക്കുന്നു. എഴുതുക. Box 2525, KGD

ഈ പരസ്യം ഉള്ളിന്റെയുള്ളിൽ കയറി സ്മിതയെ ഒന്നു തൊട്ടു. സുന്ദരി, അവിവാഹിത, മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദധാരി, ഏകാകിനി, ഇവയൊക്കെയായിരുന്നു സ്മിത. അവളുടെ ഹോബികളും മേല്പറഞ്ഞവ തന്നെയാണ്. ശുദ്ധസൗഹൃദം കിട്ടാത്തതിന്റെ വിഷമമനുഭവിക്കുകയാണ് അവളും. പിന്നെ അവൾ എഴുതാതിരിക്കുമോ?

അജ്ഞാതനായ പ്രിയ സുഹൃത്തേ:

താങ്കളുടെ പരസ്യം കണ്ടു. അതിലെ രണ്ട് വാക്കുകൾ വളരെ ഇഷ്ടപ്പെട്ടതുകൊണ്ട് ഈ കത്തെഴുതുന്നു. ആ വാക്കുകൾ എന്താണെന്ന് പിന്നീടെഴുതാം.

ആദ്യം ഞാനെന്നെ പരിചയപ്പെടുത്താം. പേര് സ്മിത. ശരിക്കുള്ള പേര് സുസ്മിത. അതേ പേരുകാരിക്ക് വിശ്വസുന്ദരിപ്പട്ടം കിട്ടിയപ്പോൾ ഞാനാദ്യാക്ഷരം ഉപേക്ഷിച്ചു. വെറുതേ ഉപേക്ഷിച്ചതല്ല. ഗസറ്റിൽ പരസ്യം ചെയ്തു പേരുമാറ്റി. അതെന്തിനാണെന്ന് നമ്മുടെ ശുദ്ധസൗഹൃദം വളരുമ്പോൾ താങ്കൾക്കു മനസ്സിലായിക്കൊള്ളും. എനിക്ക് 28 വയസ്സുണ്ട്. മലയാളം എം എ യാണ്. അധ്യാപികയാവാൻ താത്പര്യമില്ലായിരുന്നു. വിദ്യാർഥികൾക്കു പകർന്നുകൊടുക്കാൻ കൈയിലെന്തെങ്കിലും വേണ്ടേ? കാലികമാകാൻ കമ്പ്യൂട്ടറിന്റെ ബേസിക് കോഴ്സ് പഠിച്ചെടുത്തു. നേരത്തേയെഴുതിയ പല ടെസ്റ്റുകളിലൊന്നിന്റെ ഫലമായി യൂണിവേഴ്സിറ്റി ഓഫീസിൽ സെക്കന്റ് ഗ്രേഡ് അസിസ്റ്റന്റായി ജോലി കിട്ടി. ഈ നഗരത്തിലൊരു പേയിങ് ഗസ്റ്റായി താമസിക്കുന്നു. ഇന്റർനെറ്റും ഇ-മെയിലും പഠിച്ചത് ഇവിടെ നിന്നാണ്. ഈ വീടിന്റെ ഔട്ട്ഹൗസ് പെൺകുട്ടികൾക്കായി പെൺകുട്ടികൾ പഠിപ്പിക്കുന്ന കമ്പ്യൂട്ടർ പഠനശാഖയാണ്. കൂടുതൽ പഠിക്കാൻ താൽപര്യമില്ലാത്തതുകൊണ്ട് ഞാനങ്ങോട്ട് നോക്കാറേയില്ല.

ഈ വീട് ആകെ പെൺമയമാണ്. ഗൃഹനാഥൻ ദുബായിൽ. താഴത്തെ നിലയിൽ അയാളുടെ ഭാര്യയും രണ്ട് പെൺമക്കളും. മൂത്തമകളാണ് കമ്പ്യൂട്ടർ ക്ലാസ് നടത്തുന്നത്. മുകളിലെ രണ്ട് മുറികളിലായി ഞങ്ങൾ നാല് പേയിങ് ഗസ്റ്റുകൾ. ഏഴുമണിക്ക് മുമ്പ് വീട്ടിൽ കയറണമെന്നാണ് ചട്ടം. ഓഫീസ് വിട്ട് ലൈബ്രറിയിലും ഇന്റർനെറ്റ് കഫേയിലുമൊക്കെ കറങ്ങിനടന്ന് (ഇന്റർനെറ്റ് എനിക്ക് ഹരമാണ്) കൃത്യസമയത്തു തന്നെ ഞാൻ കൂടണയും. പിന്നീടാണ് സമയം പ്രശ്നമാകുന്നത്. വായിക്കും കാസറ്റ്



കേൾക്കും. മുകളിലത്തെ നിലയിൽ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ടിവിയും നാല് അഭിരുചികളുള്ള നാല് കാണികളും. ശബ്ദം കൂട്ടിയാൽ താഴത്തെ നിലയിലെ 29 ഇഞ്ച് കളർ ടിവി യുടെ മുമ്പിലിരുന്ന് ദുബായ് സുൽത്താന വാണിങ് അയയ്ക്കും. ഒക്കെ സഹിച്ചു കൊണ്ട് ഇവിടെ ഞാൻ. അഞ്ചടി രണ്ടിഞ്ചു പൊക്കവും 50 കിലോ തൂക്കവും വെളുത്ത നിറവും നീണ്ട മുടിയുമുള്ള പെണ്ണ്.

ഇനി താങ്കളുടെ പരസ്യത്തിലേക്കു വരാം. എനിക്കിഷ്ടമുള്ള രണ്ട് വാക്കുകൾ അതിലുള്ളത് ഏതാണെന്നോ? (1) ഏകാകി (2) ശുദ്ധസൗഹൃദം. ആദ്യത്തേത് നമുക്ക് രണ്ടുപേർക്കും പൊതുവായുള്ളത്. രണ്ടാമത്തേത് എന്നുമെന്റെ സ്വപ്നം. ഒരഴുക്കും പുരളാത്ത തെളിഞ്ഞ സൗഹൃദം നമുക്കു സ്വന്തമാകട്ടെ. ബാക്കി താങ്കളുടെ കത്തിനുശേഷമാകാം.

സ്നേഹപൂർവം
സ്മിത

തിങ്കളാഴ്ച പോസ്റ്റുചെയ്ത കത്തിന് വെള്ളിയാഴ്ച മറുപടിവന്നു. സുന്ദരനെന്നു സ്വയം വിളിച്ച പരസ്യയുവാവിനു ചേരാത്ത വികൃതമായ കൈയക്ഷരമെന്നു മനസ്സിലോർത്തുകൊണ്ട് സ്മിത കത്തുപൊട്ടിച്ചു.

ഡിയർ സ്മിത,

മലയാളം എനിക്കത്ര വഴങ്ങുകയില്ല. എസ് എസ് എൽ സിക്ക് കഷ്ടിച്ച് ചാടി ക്കടന്നതാണ്. കൈയക്ഷരവും വഴങ്ങില്ല. കീബോർഡിൽ അടിച്ചു ശീലിച്ചുപോയി. ഇന്റർനെറ്റ് ഹരമാണെങ്കിൽ സ്മിതയും എന്നെപ്പോലെ കൂടുതൽ സമയവും കമ്പ്യൂട്ടറിനു മുന്നിലാവുമല്ലോ. എനിക്ക് ലോകം മുഴുവൻ ഫ്രണ്ട്സുണ്ട്. ആര് ആരെന്നും ആര് എവി ടെയെന്നും സത്യത്തിലെനിക്കറിയില്ല. അത് നെറ്റ് ഫ്രണ്ട്ഷിപ്പിന്റെ ഗുണം.

എന്റെ പേര് വിനോദ് കൃഷ്ണ. കാൺപൂർ ഐ.ഐ.ടി.യിൽനിന്നും എം.ടെക്കെടു ത്തു. അമേരിക്കയിൽ കുറെ ജോലി ചെയ്ത് പണമുണ്ടാക്കി. ഇപ്പോൾ 39-ാം വയസ്സിൽ വിശ്രമജീവിതം. എന്തിന് ആവശ്യത്തിലേറെ പണം? ഒറ്റ ജീവിതമല്ലേയുള്ളൂ? അത് ആസ്വദിച്ച് തീർക്കണം. അതുകൊണ്ടു ഞാൻ ജോഷിയും മാർട്ടിനും കേൾക്കുന്നു. സാങ്കേതികപുസ്തകങ്ങളും പൾപ്പ്ഫിക്ഷനും വായിക്കുന്നു. നെറ്റിൽ സർഫ് ചെയ്ത് തളരുന്നു.

സ്മിതയുടെ ജീവിതംപോലൊരു ജീവിതം എനിക്കു പറ്റില്ല. ഒരാഫീസിൽ ക്ലർക്കിന്റെ പണി. പേയിങ് ഗസ്റ്റായിട്ടു താമസം. ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ടി.വി. ക്കുവേണ്ടി മൂന്നാളോട് കടിപിടി. ഭയങ്കരം! ഇന്ത്യ ഇപ്പോഴും ദരിദ്രനാരായണിമാരുടെ നാടുതന്നെയാണല്ലോ! എങ്കിലും സ്മിതയുടെ സ്വയം വർണ്ണന കൊള്ളാം. സാധാരണ മായി ഇന്ത്യൻ പെൺകുട്ടികൾ ആദ്യ കത്തിൽതന്നെ ഇങ്ങനെ സ്വയം വർണ്ണിക്കാറില്ല. ചോദിക്കാനായി കാത്തുനിൽക്കും. പൊക്കം, തൂക്കം, മുടി എന്നൊക്കെ വിളിച്ചു പറ യില്ല. നല്ല ഈഗോയുള്ള പെണ്ണാണ് സ്മിത. അല്ലേ? കത്തിൽ മുഴുവൻ അഹങ്കാരം നിറഞ്ഞുനിൽക്കുന്നു. ഗസറ്റിൽ പരസ്യം ചെയ്തു പേരുമാറ്റിയതും അതിനുകാരണം പറ യാത്തതുമൊക്കെ അഹന്തയായി തോന്നി. സ്മിതയുടെ രീതിയിൽത്തന്നെ എന്നെ പരി ചയപ്പെടുത്താം. എന്റെ പൊക്കം ആറടിയായിരുന്നു. ഈയിടെ അളക്കാറില്ല. തൂക്കം 70 കിലോ. ചുരുണ്ടമുടി, ഫ്രഞ്ചുതാടി, ഗോതമ്പിന്റെ നിറം, മതിയോ? ഇനി എന്തറി യണം? ഇഷ്ടപ്പെടുന്ന സംഗീതജ്ഞർ, എഴുത്തുകാർ, സർഫ് ചെയ്യുന്ന സ്ഥലങ്ങൾ, ഒക്കെ എഴുതി അറിയിക്കുക. തൽക്കാലം നിർത്തട്ടെ. ഇപ്പോൾ യാഹുവിന്റെ ചാറ്റ്റൂമി ൽ എനിക്കൊരു അപ്പോയ്മെന്റുണ്ട്. എന്റെ അനേകം ഇ-മെയിൽ വിലാസങ്ങളിലൊന്ന് താഴെക്കൊടുക്കുന്നു. അതുപയോഗിച്ചാൽ സമയം നഷ്ടപ്പെടാതിരിക്കും. ഓക്കെ?

വിത് ലവ്
വിനോദ്

കത്ത് വായിച്ചിട്ട് താഴോട്ടുപോകുന്തോറും സ്മിതയുടെ കണ്ണുകൾ രൂക്ഷങ്ങ ളായിവന്നു. കുടുംബത്തിൽ അവൾക്കെതിരെ ഏറ്റവുമധികം ഉപയോഗിക്കപ്പെട്ടിട്ടുള്ള പദമായിരുന്നു അഹങ്കാരി. കുടുംബത്തിനു പുറത്തെ ഒരപരിചിതൻ അപ്രതീക്ഷിതമാ യി അത് തനിക്കെതിരെ വലിച്ചെറിഞ്ഞതിൽ അവൾ ഏറെ ക്ഷുഭിതയായി. പേരിൽ മാത്രമേ അയാൾക്കു സൗന്ദര്യമുള്ളൂവെന്നും അയാൾ ഒരു മാനസികരോഗിയാണെന്നും അവൾ വിചാരിച്ചു. അല്ലെങ്കിലെങ്ങനെയാണ് കാണുകയോ അറിയുകയോ ചെയ്യാത്ത ഒരു പെണ്ണിനെഴുതുന്ന ആദ്യകത്തിൽ ഇങ്ങനെയൊക്കെ അയാൾക്കെഴുതാനാവുക! അതേ നാണയത്തിൽത്തന്നെ മറുപടി കൊടുക്കാനവൾ തീരുമാനിച്ചു. അയാളുടെ ഇ-മെയിൽ വിലാസത്തെ നിർദയം അവഗണിച്ചുകൊണ്ട് ഒരു കടലാസ്സിൽ അവളെ ഴുതി.

ശ്രീ വിനോദ് കൃഷ്ണാജി:

ഈ ദരിദ്രനാരായണിയുടെ പ്രണാമം സ്വീകരിച്ചാലും. താങ്കൾക്ക് മലയാളം വഴ ങ്ങാത്തതുപോലെ എനിക്ക് ഇംഗ്ലീഷും വഴങ്ങില്ല. താങ്കൾക്ക് കമ്പ്യൂട്ടർ കീബോർഡാണ്

പഥ്യമെങ്കിൽ എനിക്ക് കൈയക്ഷരമാണ് പ്രിയം. എനിക്ക് അനേകം ഇ-മെയിൽ വിലാസങ്ങളില്ല. ഒരേ ഒരെണ്ണമേയുള്ളൂ. അത് കത്തിൽ വയ്ക്കുന്നു. നിങ്ങൾക്കു വേണമെങ്കിൽ അതിൽ കത്തയയ്ക്കാം. പക്ഷേ, മറുപടി കൈയക്ഷരത്തിൽ സാദാ-തപാലിലേ വരികയുള്ളൂ. അഹങ്കാരികൾക്ക് വാശി കൂടുമെന്നറിയാമല്ലോ.

ആകെയുള്ള ഇ-മെയിൽ ഐഡി എടുക്കാൻ നോക്കിയപ്പോഴാണ് ഞാൻ എത്രയോ പുറകിലാണെന്ന് എനിക്ക് മനസ്സിലായത്. അവിടെ എന്റെ പേര് സ്മിത 1038 എന്നാണ്. 1037 സ്മിതകൾ എനിക്ക് മുന്നാലെ. 1037 പേർക്കു പിന്നിൽ സ്വന്തം പേരിനു വേണ്ടിപ്പോലും നിൽക്കേണ്ടിവരുന്ന എനിക്ക് ഈഗോയുണ്ടെന്ന് എന്നെ കാണുകയോ അറിയുകയോ ചെയ്യാത്ത ഒരാൾ പറയുന്നു. നല്ല തമാശ!

ആദ്യ കത്തിൽ പെൺകുട്ടികൾ സ്വയം വർണ്ണിക്കാൻ പാടില്ലെന്ന് ഒരു നിയമമുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. "ലോകം മുഴുവൻ ഫ്രണ്ട്സ്" ഇല്ലാത്തതുകൊണ്ട് നിയമങ്ങൾ നല്ല പിടിയില്ല. എനിക്ക് വിരലിലെണ്ണാവുന്ന സുഹൃത്തുക്കളേയുള്ളൂ. അവർ ആര് ആരാണെന്നും എവിടെയാണെന്നും എനിക്ക് നല്ലവണ്ണമറിയാമെന്നൊരു വ്യത്യാസമുണ്ട് നമ്മൾ തമ്മിൽ.



എന്റെ കത്ത് അഹങ്കാരം തുളുമ്പി നിൽക്കുന്ന ഒന്നാണെന്ന് നിങ്ങൾ പറഞ്ഞു. സ്വയം വർണ്ണന താൽപര്യമില്ലെന്നും സൂചിപ്പിച്ചു. പക്ഷേ, നിങ്ങളുടെ പരസ്യത്തിലെ വാക്കുകൾ ഓർമ്മയുണ്ടോ? സുന്ദരൻ, അവിവാഹിതൻ, ബിരുദാനന്തര ബിരുദധാരി, ഏകാകി. ഇത് സ്വയം വർണ്ണനയല്ലെന്നുണ്ടോ?

ഒരു "ശുദ്ധസൗഹൃദ"ത്തിന് അവസാനത്തേതൊഴികെ മറ്റെല്ലാ വിശേഷണവും അനാവശ്യമല്ലേ? "ലോകം മുഴുവൻ ഫ്രണ്ട്സ്," "കൈ നിറയെ പണം," "39-ാം വയസ്സിൽ വിശ്രമ ജീവിതം," പിന്നെ ജീവിതം സുഖിച്ചുതീർക്കാനുള്ളതാണെന്ന ഫിലോസഫി! ഇതൊന്നും ഈഗോയേ അല്ല? എന്നിട്ടും നിങ്ങളുടെ ചിന്തയിലൊരു ദരിദ്ര നാരായണി പ്രയോഗം വന്നല്ലോ. അദ്ഭുതം!

സുഹൃത്തേ, ഈ സൗഹൃദം ഏറെനാൾ തുടരാനാവുമെന്ന് തോന്നുന്നില്ല. നിങ്ങളെപ്പോലെ കൈനിറയെ പണവുമായി ജീവിതം സുഖിച്ചുതീർക്കുന്നവരാണ് ഈ നാടിന്റെ ശാപം. നിങ്ങൾക്കൊരിക്കലും സ്മിതയെപ്പോലൊരു പെണ്ണിനെ മനസ്സിലാവില്ല. ക്ലാർക്കിന്റെ പണിയും വീട് വിട്ടകന്ന് പേയിങ് ഗസ്റ്റായി താമസവുമൊക്കെ എന്റെ സ്വത്വത്തിന്റെ പ്രഖ്യാപനങ്ങളാണ്. സ്ത്രീധനത്തിന്റെ പിന്നാലെയൊഴുകി ഏതെങ്കിലുമൊരുത്തന്റെ കിടപ്പറയിൽ അവനു കുട്ടികളെ പ്രസവിച്ചുകൊടുക്കുന്നതല്ല സ്ത്രീത്വം എന്ന ധാരണകൊണ്ടാണ്. വായിൽ വെള്ളിക്കരണ്ടിക്കുപകരം കമ്പ്യൂട്ടറുമായി ജനിച്ച നിങ്ങൾക്ക് ഇതൊക്കെ പറഞ്ഞാൽ മനസ്സിലാവില്ല. ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ടിവിക്കുവേണ്ടി മൂന്ന് പേരോട് കടിപിടികൂടുന്ന എനിക്ക് ടിവി എന്തെന്നറിയാത്ത ദരിദ്രവാസികളെ മനസ്സിലാകും. ചാറ്റ് റൂമിൽ ശബ്ദമോ ശരീരമോ ഇല്ലാത്തവരുമായി സല്ലപിക്കുന്ന നിങ്ങൾക്ക് മജ്ജയും മാംസവുമുള്ള ആരെയെങ്കിലും മനസ്സിലാക്കാനാവുമോ?

കൂടുതലെഴുതാനെനിക്ക് തോന്നുന്നില്ല. ക്ഷമിക്കുക.

സ്നേഹപൂർവം
സ്മിത

കത്ത് പോസ്റ്റ് ചെയ്തിട്ട് ആദ്യംകണ്ട ബസ്സിൽകയറി സ്മിത വീട്ടിൽ പോയി.

കല്യാണക്കാര്യം പറഞ്ഞ അമ്മയോടു കയർത്തു. അച്ഛനുമായി കേന്ദ്രത്തിലെ രാഷ്ട്രീയസ്ഥിതി ചർച്ചചെയ്തു. പണ്ട് റാഗ് ചെയ്ത പെണ്ണ് പുറകെ നടക്കുന്നതിന് അനുജനെ കളിയാക്കി. തിങ്കളാഴ്ചയായിട്ടും പോകാത്ത അവളോട് എന്തേ, ലീവാണോ എന്നു ചോദിച്ചതിന് വീണ്ടും അമ്മയോടു കയർത്തു. തെങ്ങിൻ പറമ്പിലൂടെ ആറടി നീളവും 70 കിലോ തൂക്കവുമുള്ള ഒരു യുവാവിനെ മനസ്സിൽ വഹിച്ച്, ഓരോ നിമിഷവും അയാളെ ശപിച്ച് അവൾ അലഞ്ഞുനടന്നു. കത്തുന്ന തീയുടെ മനോഭാവമായിരുന്നു അവൾക്ക്. ചൊവ്വാഴ്ച രാവിലെ അവൾ വീടുവിട്ട് നഗരത്തിലേക്കുപോയി. രാവിലെ പതിവില്ലാതെ കയറിവരുന്ന അവളെക്കണ്ട് ഇന്റർനെറ്റ് കഫേ മാനേജർ അതിശയിച്ചുവെങ്കിലും ഒന്നും ചോദിച്ചില്ല.

അവളുടെ ഇൻ-ബോക്സിൽ ഒരു സന്ദേശമുണ്ടായിരുന്നു. ഒരിംഗ്ലീഷ് കത്ത്.

ഡിയർ സ്മിത,

ഒച്ച്-തപാലിൽ വന്ന എഴുത്തുകിട്ടിയിട്ട് അരമണിക്കൂറേ ആയിട്ടുള്ളൂ. എന്തുതരം പെണ്ണാണ് നിങ്ങൾ! ആദ്യത്തെ കത്തിൽനിന്ന് എനിക്ക് നിങ്ങളുടെ ഈഗോ മാത്രമേ കിട്ടിയുള്ളൂ. ഈ കത്തിൽനിന്ന് അസൂയയെന്ന പച്ചക്കണ്ണുള്ള ഭൂതത്തെയും കിട്ടുന്നു. ഭൂതാവേശിതയാണ് നിങ്ങൾ. നിങ്ങൾക്ക് ഒരു ദോഷവും ചെയ്യാത്ത ഒരാൾ ദൂരെയെവിടേയോ ഇന്റർനെറ്റും പുസ്തകവും സംഗീതവുമാസ്വദിച്ച് കഴിയുന്നതിൽ ഇത്രയും ക്ഷോഭിക്കാനെന്തുണ്ട്? സാഹിത്യം പഠിച്ചിട്ട് ഫയലുകളുന്തി ജീവിക്കേണ്ടി

വരുന്നതിന്റെ അസഹ്യതയാണോ? ജീവിതം എന്നെപ്പോലെ ചിലരോട് കാണിച്ചിട്ടുള്ള ആനുകൂല്യങ്ങളോട് അസൂയപ്പെട്ടിട്ട് കാര്യമില്ലെന്നുമാത്രം ഉപദേശിച്ചുകൊള്ളട്ടെ. ഒന്നു നിങ്ങൾ മനസ്സിലാക്കിയാൽ കൊള്ളാം. എന്തു തരുന്നതിനും ജീവിതം അതിന്റെ വില ഈടാക്കും.

നിങ്ങൾ സ്മിത 1038 അല്ല 10038 ആകേണ്ടവളാണ്. അത്രയും പിന്നിൽ നിൽക്കാനുള്ള അർഹതയും ബുദ്ധിയുമേ നിങ്ങൾക്കുള്ളൂ. അല്ലെങ്കിൽ പറയൂ. ഞാൻ നെറ്റിൽ സർഫ് ചെയ്യുന്നതു നിർത്തിയാൽ നാട് രക്ഷപ്പെടുമോ? സ്വത്വപ്രഖ്യാപനമെന്നു നിങ്ങൾ എഴുതി. എന്താണ് സ്വത്വമെന്ന് ആദ്യം തിരിച്ചറിഞ്ഞിട്ടുപോരെ അത്? ആ പരസ്യത്തിനു മറുപടി അയച്ച എല്ലാവരുമായി ഞാൻ നല്ല സുഹൃത്ബന്ധം സ്ഥാപിച്ചു കഴിഞ്ഞു. നിങ്ങൾ മാത്രമാണ് എന്നെ വേദനിപ്പിച്ചത്.

നിങ്ങളൊരു ക്രൂരയായ സാഡിസ്റ്റാണ്. മജ്ജയും മാംസവും കൈയിൽതന്നെ വച്ചോളൂ. ഒരു കാര്യത്തിൽ ഞാനും നിങ്ങളോടു യോജിക്കുന്നു. ഇത്തരമൊരു ബന്ധം അധികനാൾ തുടരാനാവില്ല. നിങ്ങളുടെ പ്രതികരണത്തിനു കാക്കുന്നു.

സ്നേഹപൂർവം
വിനോദ്
(വേണമെങ്കിൽ നിങ്ങൾക്കെന്നെ വിനുവെന്നു വിളിക്കാം)

കത്തിന്റെ പ്രിന്റൗട്ടുമായി കഫേയിൽ നിന്നിറങ്ങുമ്പോൾ സ്മിത ആകെ പുകയുകയായിരുന്നു. രാവിലേ വന്നുകയറിയ അവളെക്കണ്ട് വീട്ടുടമ അതിശയിച്ചു. തലവേദന... കാഷ്വൽ ലീവ് എന്നൊക്കെ പറഞ്ഞുകൊണ്ട് അവൾ മുറിയിലേക്കു കയറിപ്പോയി. അവൾക്ക് ഒരു കത്തെഴുതാനുണ്ട്. അഥവാ മനസ്സിൽ അവൾ എഴുതിക്കഴിഞ്ഞ കത്ത് പകർത്താനുണ്ട്. അവളെഴുതി.

പ്രിയ സുഹൃത്തേ,

ഒരുപാട് അസ്വസ്ഥതകളും വിഹ്വലതകളും പേറുന്ന ഒരു മനസ്സിന്റെ ഉടമയാണു ഞാൻ. ഏകാകിയെന്നത് എനിക്കൊരു കാല്പനിക പദമല്ല. അതുകൊണ്ട് സമാധാനക്കേട് വിലയ്ക്കെടുക്കേണ്ട ഗതികേടും എനിക്കില്ല. തെളിനീരുപോലെ ലഭിക്കുമെന്നു ഞാനാശിച്ച സൗഹൃദം തുടക്കത്തിലേ പിഴച്ചുപോയി. ജീവിതം എന്നോട് എപ്പോഴും അങ്ങനെയാണ്. ആനുകൂല്യം പോയിട്ട് അനുകമ്പപോലും തരില്ല. ഒരു വീക്ഷണത്തിലും പൊരുത്തമില്ലാത്ത നമുക്ക് ഈ സൗഹൃദം ഇവിടെവച്ച് അവസാനിപ്പിക്കാം. ലോകം മുഴുവൻ ചാറ്റ്റൂമായി കാണുന്ന നിങ്ങൾക്ക് ഇതൊരു വലിയ കാര്യമല്ലല്ലോ. ലോകാവസാനംവരെ ഗുഡ്ബൈ.

സ്മിത

ആ കത്ത് പോസ്റ്റ് ചെയ്തശേഷം സ്മിത തന്റെ മനസ്സിൽനിന്ന് അയാളെ പുറത്താക്കാനും മുറിവുണക്കാനുമുള്ള യജ്ഞം ആരംഭിച്ചു. ഇന്റർനെറ്റ് കഫേ സന്ദർശനം അവൾ പൂർണ്ണമായും നിർത്തി. ഓഫീസിലെ ലേഡീസ് ക്ലബ്ബിന്റെ പാചകക്ലാസ്സിൽ ചേർന്ന് ഫ്രൈഡ് റൈസും ചില്ലി ചിക്കനും ഉണ്ടാക്കാൻ പഠിച്ചു. ടിവിയിൽ വാർത്തയും ബുദ്ധിപരമായ പരിപാടികളും മാത്രം കണ്ടു ശീലിച്ചിരുന്ന അവൾ ചവറു സീരിയലുകൾ മുഴുവൻ കണ്ട് കഥാപാത്രങ്ങളുടെ ഭാവി ചർച്ചചെയ്തു. എന്നിട്ടും മനസ്സു പിടിയിൽ നിൽക്കാത്തതുകൊണ്ട് ആർട്ട് ഓഫ് ലിവിങ് ബേസിക് കോഴ്സിനു പോകാൻ തീരുമാനിച്ചു. ആ തീരുമാനമെടുത്ത് പേരു രജിസ്റ്റർ ചെയ്ത ദിവസംതന്നെ വികൃതമായ കൈയക്ഷരത്തിൽ മേൽവിലാസമെഴുതിയ കത്ത് അവളെത്തേടിവന്നു.

ഡിയർ സ്മിത,

ഈയിടെ ഇ-മെയിൽ ചെക്കു ചെയ്യാറില്ലേ? എന്റെ കത്തുകൊണ്ട് നിങ്ങളുടെ ഇൻബോക്സ് നിറഞ്ഞുകാണും. ലോകാവസാനംവരെ വിട പറഞ്ഞുപോയെങ്കിലും ഞാനെഴുതി. കാരണം നിങ്ങളെ എനിക്കു മറക്കാനാവില്ല. എന്നെ വേദനിപ്പിച്ച ഒരേയൊരു പെണ്ണാണു നിങ്ങൾ. എന്റെ ഓരോ കത്തിനും നിങ്ങളുടെ മൗനം പ്രതികരണമായപ്പോൾ എന്റെ വാക്കുകൾ എന്നിലേക്കു തിരിച്ചു വന്നതറിഞ്ഞു. പിന്നെയാണെനിക്കു തോന്നിയത്, എന്നോടുള്ള ദേഷ്യം കാരണം സ്മിത ഇ-മെയിൽ നോക്കുന്നുണ്ടാവില്ല. അതുകൊണ്ട് ഞാനിതാ നിങ്ങളുടെ ഒച്ച് - തപാലിലേക്ക് വരുന്നു.

തുടരാൻ താൽപര്യമില്ലാത്ത സൗഹൃദത്തിന് ഞാൻ നിങ്ങളെ നിർബന്ധിക്കില്ല. പക്ഷേ, ഒരിക്കൽകൂടി സ്മിത കമ്പ്യൂട്ടറിനരികിൽ വരണം.

www.vinodkrishna.com എന്ന വെബ്സൈറ്റ് സന്ദർശിക്കണം. ഞാൻതന്നെ ഡിസൈൻ ചെയ്ത വെബ്സൈറ്റാണ്. എന്നിട്ട് വിടപറഞ്ഞു പൊയ്ക്കൊള്ളൂ. വരില്ലേ?

സ്നേഹപൂർവം

വിനോദ്

താനയാളുടെയോ അയാളുമായി ബന്ധമുള്ളവരുടേയോ വെബ്സൈറ്റിൽ കയറുകയില്ലെന്ന് സ്മിത തീരുമാനമെടുത്തു. ഓഫീസ് വിട്ടാൽ വൈകുന്നേരം ആർട്ട് ഓഫ് ലിവിങ്ങിനു പോകാനുള്ളതാണ്. മനസ്സ് നിയന്ത്രണത്തിലായാൽ കുഴപ്പമില്ല.

പക്ഷേ, പിറ്റേന്നു വൈകുന്നേരം ആർട്ട് ഓഫ് ലിവിങ് കോഴ്സ് നടക്കുന്നിടത്തേക്കു യാത്രതിരിച്ച സ്മിത ഇന്റർനെറ്റ് കഫേയിലാണ് ചെന്നെത്തിയത്.

സ്മിതയെ അതിശയിപ്പിച്ചുകൊണ്ട് സ്മിത ടൈപ്പു ചെയ്തു.

www.vinodkrishna.com

പഞ്ചവാദ്യമേളത്തോടെ വെബ്സൈറ്റ് തെളിഞ്ഞു. മഴവില്ലിന്റെ ഏഴുനിറങ്ങൾ ഒരു പ്രത്യേക അനുപാതത്തിൽ തെറിച്ചുപരന്ന് മെല്ലെ ഒതുങ്ങി. മഴ പെയ്യുന്ന താളം തുടങ്ങുന്നതിനനുസരിച്ച് സ്ക്രീനിൽ വിനോദിന്റെ മുഖം തെളിഞ്ഞു. ഗോതമ്പിന്റെ നിറമുള്ള മുഖത്ത് ദൃഢതയും കർക്കശതയുമുള്ള പുരുഷഭംഗി സ്മിത ദർശിച്ചു. തൃഷ്ണയുണർത്തുന്ന ചുണ്ടുകളാണ് ആദ്യം ശ്രദ്ധ പിടിച്ചുപറ്റിയത്. അത്തരം പ്രത്യേക ചുണ്ടുകൾ അവൾ ആരിലും കണ്ടിരുന്നില്ല. വിനോദിന്റെ മിഴികളിൽ അസാമാന്യ തീക്ഷ്ണത നിറഞ്ഞിരുന്നു. ആ നോട്ടത്തിനുമുന്നിൽ സ്മിത വല്ലാതെ അസ്വസ്ഥയായി. ഈശ്വരാ എനിക്കെന്താണ് സംഭവിക്കുന്നത്? അവൾ സ്വയം ചോദിച്ചു. ഏ സി റൂമിൽ അവൾ വിയർക്കാൻ തുടങ്ങിയിരുന്നു. ചുരുളൻ മുടിയും ഫ്രഞ്ചുതാടിയും നൽകിയ ചാരുത അയാളെ അവളുടെ കണ്ണിൽ കാമദാഹമുള്ളൊരു യവനദേവനാക്കി.

കഴ്സറിനെ അവൾ ജീവചരിത്രം എന്ന ജാലകത്തിനുമുകളിൽ കൊണ്ടുവന്ന് ക്ലിക്കു ചെയ്തു. ജാലകം തുറന്നു.

ജനനം: 17-01-1961

വിദ്യാഭ്യാസം:

1. എസ് എസ് എൽ സി. പുല്ലുവിള സ്കൂൾ, ഫസ്റ്റ് ക്ലാസ്
2. പ്രീഡിഗ്രി. ഗവ. സയൻസ് കോളേജ്, ഫസ്റ്റ് ക്ലാസ്, രണ്ടാം റാങ്ക്
3. ബി.ടെക്. ഗവ. എൻജിനീയറിങ് കോളേജ്, ഫസ്റ്റ് ക്ലാസ്, രണ്ടാം റാങ്ക്
4. എം.ടെക് ഐ ഐ ടി, കാൺപൂർ, ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് റാങ്ക്.
5. ഗവേഷണം, ക്യാൽ ടെക്സ്, കാലിഫോർണിയ (പ്രൊഫസറുമായുള്ള അഭിപ്രായ വ്യത്യാസം കാരണം പൂർത്തിയാക്കിയില്ല).

പിന്നെ താഴോട്ടു പോകാതെ ഒന്നാം പേജിലേക്ക് മടങ്ങിവന്ന് സ്മിത വീണ്ടും

വിനോദിന്റെ മിഴികളിൽ കുരുങ്ങി. പ്രൊഫസറോടുപോലും ഇടയുന്ന അഹങ്കാരം, അല്ലേ? അവൾ ചോദിച്ചു. ബ്രെയിനുണ്ട്. സമ്മതിച്ചു. പക്ഷേ, ഹൃദയമോ? അതുകൂടി വേണ്ടേ? തന്റെ സ്വരം മൃദുലമാകുന്നതിൽ സ്മിത അതിശയിച്ചു.

'ജീവചരിത്രം', 'ഗവേഷണഫലങ്ങൾ', 'ഇപ്പോൾ ചെയ്യുന്നത്', 'ആൽബം', 'സന്ദർശക ഡയറി', 'ബന്ധപ്പെടുക', ആറു ജാലകങ്ങൾ സ്മിതയ്ക്കു മുന്നിൽ വന്നു. അവൾ സന്ദർശക ഡയറി തുറന്നു. ലോകത്തിന്റെ പലഭാഗത്തുനിന്നും ഒരുപാടാളുകൾ വെബ്സൈറ്റ് സന്ദർശിച്ച് അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഒന്നോടിനടന്ന് വീണ്ടും അവൾ ഒന്നാംപേജിൽ വന്നു. ഇനി ഏതു ജാലകം തുറക്കണമെന്നാലോചിച്ച് അവൾ ആൽബത്തിലേക്കു പോയി.

ചുവന്ന ചെക്ക് ഷർട്ടിൽ സുന്ദരനായ വിനോദ്കൃഷ്ണ കമ്പ്യൂട്ടറിനുമുന്നിൽ ആകർഷണീയമായൊരു പോസിലിരുന്ന് വിരലുകൾ കീബോർഡിൽവെച്ച് കഴുത്തു തിരിച്ച് അവളെ നോക്കി. അകന്ന ചുണ്ടുകൾക്കിടയിലൂടെ അയാളുടെ പല്ലുകളുടെ അഗ്രം ഒരു പുഞ്ചിരിയിൽ ദൃശ്യമായി. കണ്ണുകളിലെ വേട്ടക്കാരന്റെ നോട്ടം അവളെ വീണ്ടും തളർത്തി. വിരൽകൊണ്ട് അവളാ നോട്ടത്തിന് തടയിട്ടെങ്കിലും വിരൽ സങ്കോചത്തോടെ പിൻവാങ്ങി.

അവൾക്കു മുന്നിൽ മെല്ലെ അടുത്ത ചിത്രം ഡൗൺലോഡ് ചെയ്തുവന്നു.

വെള്ളച്ചാട്ടത്തിന്റെ പടം പതിപ്പിച്ച ചുവരിന്റെ മുന്നിൽ ഒരു പുസ്തകം വായിച്ചുകൊണ്ട് വിനോദ് ഇരിക്കുന്നു. ഇരിക്കുന്നത്...

ഇരിക്കുന്നത്?

കണ്ണുകളെ വിശ്വസിക്കുവാൻ വിസമ്മതിച്ച് സ്മിത ഒന്നുകൂടി നോക്കി. അതെ. വിനോദ്കൃഷ്ണ ഇരിക്കുന്നത് ഒരു കൂറ്റൻ വീൽചെയറിലാണ്.

ഒരു ഞെട്ടലോടെ പിന്നോട്ടു തെറിച്ച സ്മിത ചെന്നുവീണത് ജീവചരിത്ര ജാലകത്തിനുള്ളിലായിരുന്നു. നടുക്കം മാറാതെ അവൾ വായിച്ചു.

പ്രത്യേകത: 1997ൽ ന്യൂയോർക്കിൽ വെച്ചുണ്ടായ കാറപകടത്തിൽ രണ്ടുകാലുകളും അരയ്ക്കുതാഴെവച്ച് നഷ്ടപ്പെട്ടു.

കുടുംബം: ഇല്ല.

ഹോബികൾ: സംഗീതം, വായന

വേണ്ട, ഇനി സ്മിതയ്ക്ക് അറിയേണ്ടതായി ഒന്നുമില്ല. വെബ്സൈറ്റിന്റെ വലക്കണ്ണികൾ പൂർണ്ണമായി തന്നെ വരിഞ്ഞു മുറുക്കുന്നതിനുമുമ്പ് അവൾക്കു പുറത്തുചാടി രക്ഷപ്പെടണം. അവളുടെ വിറയ്ക്കുന്ന വിരലിനടിയിൽ മൗസ് വെറുതെ ക്ലിക്ക് ശബ്ദങ്ങളുതിർക്കുന്നതല്ലാതെ ദൃശ്യം മായുന്നില്ല. ആകെ തളർന്ന സ്മിതയിലേക്ക് തന്റെ തീക്ഷ്ണ നോട്ടങ്ങളയച്ചുകൊണ്ട് വീൽചെയറിൽ വിനോദ്കൃഷ്ണ വെറുതെ കാത്തിരുന്നു.

## പദപരിചയം

● കാലികം - കാലത്തിനു (സമയത്തിനു) യോജിച്ച ●ചട്ടം - നിയമം ● അഭിരുചി - താൽപര്യം ● ഏകാകി - തനിയേ ഇരിക്കുന്ന ആൾ ● ക്ഷുഭിതം - കോപിച്ച ● പഥ്യം - ഇഷ്ടം ● സ്വത്വം - തന്റേതെന്ന ഭാവം ● സല്ലപിക്കുക - നർമ്മസംഭാഷണം ചെയ്യുക ● അസഹ്യം - സഹിക്കാനാവാത്ത ● ആനുകൂല്യം - അനുകൂലഭാവം ● വിഹ്വലത - പരിഭ്രമം ● പേറുക - ചുമക്കുക ● അനുകമ്പ - ദയ ● തൃഷ്ണ - തീവ്രമായ ആഗ്രഹം ● തീക്ഷ്ണത - ശക്തി ● ചാരുത - ഭംഗി ● മൃദുലം - മാർദവമുള്ളത്

## പഠനപ്രവർത്തനങ്ങൾ

- 'വെബ്സൈറ്റിന്റെ വലക്കണ്ണികൾ പൂർണ്ണമായി തന്നെ വരിഞ്ഞുമുറുക്കുന്നതിനു മുമ്പ് അവൾക്ക് പുറത്തുചാടി രക്ഷപ്പെടണം.' ഈ വാക്യങ്ങൾ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാമാണ്? കഥ വിശകലനം ചെയ്ത് എഴുതുക.
- സ്വത്വത്തെ മറയ്ക്കാനും വെളിപ്പെടുത്താനും നവമാധ്യമങ്ങൾ അവസരമൊരുക്കുന്നു - കഥയെ മുൻനിർത്തി ഈ ആശയം വിശകലനം ചെയ്യുക.
- പ്രതീതിയാഥാർഥ്യലോകമാണ് വെബ്സൈറ്റുകളിലൂടെ കടന്നുവരുന്നത് എന്ന വസ്തുത വെബ്സൈറ്റ് എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.
- എനിക്ക് ലോകം മുഴുവൻ ഫ്രണ്ട്സുണ്ട്. ആര് ആരെന്നും ആര് എവിടെയെന്നും സത്യത്തിലെനിക്കറിയില്ല - വിനോദ് കൃഷ്ണ പറയുന്ന ഈ ഫ്രണ്ട്ഷിപ്പിന്റെ പ്രത്യേകതകൾ ചർച്ച ചെയ്യുക.
- കത്ത്, ഇ-മെയിൽ എന്നിവയെക്കുറിച്ച് കഥയിലുള്ള പരാമർശങ്ങൾ ക്രോഡീകരിക്കുക. അവ താരതമ്യം ചെയ്യുക.

പാഠം 3

# മതിലുകൾ

**എം എഫ് തോമസ്**

**അ**ടൂരിന്റെ 'മതിലുകൾ' എന്ന ചിത്രത്തിൽ കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്ന പ്രമേയത്തിന് സാർവജനീനതയുണ്ട്. കാലദേശാതീതമായ ഈ പ്രമേയം അപൂർവമായ ഒരു അനുഭവമായി മാറുന്നതിനു കാരണം ഇതു കഥാകൃത്തായ വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിന്റെ ഒരേടുതന്നെയാണെന്നതാണ്. യാഥാർഥ്യങ്ങളോട് ഏറ്റു മുട്ടി ഉയർന്നും താഴ്ന്നും ജീവിതമഹാസാഗരത്തിലൂടെ സഞ്ചരിച്ച ഒരു എഴുത്തുകാരനാണ് ബഷീർ. ബഷീർ എന്ന മലയാളത്തിന്റെ മഹാനായ എഴുത്തുകാരന്റെ ഹൃദയ രക്തമാണ് 'മതിലുകളി'ൽ വാർന്നുവീഴുന്നത്. 1940-42 ൽ നടന്ന കഥയ്ക്ക് ഏതാണ്ട് നാലു ദശകം കഴിഞ്ഞ് അടൂർ ഗോപാലകൃഷ്ണൻ ചലച്ചിത്ര വ്യാഖ്യാനം നൽകിയിരിക്കുന്നു.

ഉയർന്ന കന്മതിലുകൾ ആകാശം മുട്ടുന്നപോലെ. പുറത്തെ ലോകത്തെപ്പോലെ ത്രസിക്കുന്ന ഒരു ലോകമാണ് മതിലുകൾക്കകത്തുമുള്ളത്. അവിടം സ്വന്തം വീക്ഷണം കൊണ്ടു ജീവിതയോഗ്യമാക്കിത്തീർക്കുകയാണ് എഴുത്തുകാരൻ കൂടിയായ മുഖ്യകഥാ



പാത്രം. മരുഭൂമിയെ പൂങ്കാവനമാക്കി മാറ്റി അവിടെ സുഖമായി ജീവിക്കുന്ന മനുഷ്യന്റെ അടങ്ങാത്ത അനുകൂലനത്തെപ്പറ്റിക്കൂടിയാണ് ഈ സിനിമ.

ബഷീറിന്റെ വ്യക്തിപരമായ കലാഗുണമെന്താണെന്നു ചോദിച്ചാൽ ഭാവദീപ്തി യാണെന്നു നിശ്ശങ്കം പറയാം. ചൊറുചൊറുക്കുള്ള ആ വാക്യങ്ങളിൽ ഒരു മനുഷ്യഹൃദയത്തിന്റെ ശീഘ്രസ്പന്ദനം നമുക്ക് അനുനിമിഷം കേൾക്കാം എന്ന എം.പി. പോളിന്റെ അഭിപ്രായം എത്ര അർഥവത്താണ്. ബഷീറിന്റെ ലാളിത്യവും നർമ്മബോധവും സർവോപരി മനുഷ്യസ്നേഹവും അടൂരിന്റെ മതിലുകളിൽ വെളിവാക്കപ്പെടുന്നു. പുറംലോകത്തിന്റെ ഒരു പരിച്ഛേദവും മതിലുകളിൽ നമുക്കു കാണാം. ജീവിച്ചിരിക്കുന്ന ഒരെഴുത്തുകാരനെ കേന്ദ്രകഥാപാത്രമാക്കി നിർമ്മിക്കുന്ന ആദ്യത്തെ ഇന്ത്യൻ ചിത്രമെന്ന പദവികൂടി മതിലുകൾക്കവകാശപ്പെടാം.

പുറമേക്ക് ലളിതമെന്നോ അതിലളിതമെന്നോ തോന്നാവുന്ന രൂപഘടനയുള്ള ഈ ചിത്രം ബഷീറിന്റെ ജീവിതലാളിത്യവും ബഷീർകൃതികളുടെ ലാളിത്യവും സ്വാംശീകരിച്ചെടുത്ത ഒരു ശൈലി പിന്തുടരുന്നതായിക്കാണാം. ബഷീറിന്റെ നർമ്മബോധം ഒരു സ്വർണ്ണനൂലിഴപോലെ ആദ്യം മുതൽ അവസാനം വരെ ചിത്രത്തിൽ തെളിഞ്ഞു കാണാം. 'ഇനി ഇതുപോലെ എവിടെയെങ്കിലും വച്ചു കാണാം സാറേ' എന്നുപറഞ്ഞു തൊരപ്പൻ പിരിഞ്ഞുപോകുമ്പോൾ ആർക്കും ചിരിക്കാതെയിരിക്കാനാവില്ല. ബഷീറിന്റേതാണോ അടൂരിന്റേതാണോ എന്നു തിരിച്ചറിയാനാവാത്തവിധം കഥാപാത്രങ്ങളും സംഭാഷണങ്ങളും രംഗങ്ങളും അങ്ങനെ ഒത്തുചേർന്ന് ഒന്നായൊഴുകുന്നു.

പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളുടെയും സ്രഷ്ടാവായ കരുണാമയനായ ദൈവത്തെപ്പറ്റി ബഷീർ എന്ന മനുഷ്യനും ബഷീർ എന്ന എഴുത്തുകാരനും എല്ലായ്പ്പോഴും ഓർമ്മിക്കുന്നതായി കാണാം. അടൂരിന്റെ ഈ ചിത്രത്തിലും ബഷീറിന്റെ ഈ ദൈവാഭിമുഖ്യം പ്രകടമാകുന്നുണ്ട്. മരങ്ങളോടും ചെടികളോടും പൂക്കളോടും അണ്ണാർക്കണ്ണനോടും ചിത്രശലഭങ്ങളോടും സംവദിക്കുവാൻ കഴിയുന്ന എഴുത്തുകാരനായ ഈ മനുഷ്യൻ ഇരുപതാം നൂറ്റാണ്ടിലെ വിറളിയെടുത്തോടുന്ന ബദ്ധപ്പാടുകാരനെ അവനു നഷ്ടപ്പെട്ടതെന്താണെന്ന് ഓർമപ്പെടുത്തുന്നില്ലേ?


പ്രസിദ്ധമായ കാരാഗൃഹചിത്രങ്ങളിലെല്ലാം തന്നെ ജയിലിലെ ക്രൂരതകളും മനുഷ്യത്വഹീനവും മൃഗീയവുമായ മർദനതന്ത്രങ്ങളും നിർബന്ധമായും രേഖപ്പെടുത്തിയിരിക്കുന്നതായിക്കാണാം. റെയ്നാഡ് ഹോഫിന്റെ 'ബൂട്ടലൈസേഷൻ ഒഫ് ദി ഫാൻസ് ബ്ലം', 'നൈസ് ഇൻ ദി ഹെഡ്', യെൽമാസ് ഗുനെയുടെ 'ദി വാൾ' എന്നു തുടങ്ങിയ ചിത്രങ്ങളെല്ലാംതന്നെ ഒരു പേക്കിനാവുപോലെ നമ്മെ പിന്തുടരുമ്പോൾ അടൂരിന്റെ കാരാഗൃഹചിത്രം മനുഷ്യമഹത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ഉയർന്നുനിൽക്കുന്നു. ക്രൂരനായിത്തീർന്ന ബാല്യകാലസഹൃത്തിനോട്, ചങ്ങലയ്ക്കിട്ട ആ മദയാനയോട് 'എന്റെ സുഹൃത്താണെന്ന് പറയെടാ പുല്ലേ' എന്ന് ബഷീർ പറയുമ്പോൾ അതിന്റെ തീവ്രത നാം അനുഭവിച്ചറിയുന്നു.

മതിലുകൾ എന്ന കഥയുടെ സത്ത ശക്തമായി, സ്വതന്ത്രമായിത്തന്നെ ആവിഷ്ക്കരിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. അതിലേക്കായി സമീപനത്തിലും ഘടനയിലും സ്വീകരിച്ചിട്ടുള്ള മൗലികമായ ആവിഷ്കാരരീതി ശ്രദ്ധേയമാണ്. ആദ്യമായി മറ്റൊരാളുടെ കഥ ചലച്ചിത്രമാക്കുന്ന അടൂർ, ബഷീർ എന്ന എഴുത്തുകാരന്റെ സർഗാത്മകതയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. അടൂരിന്റെ അനുഭവവ്യാഖ്യാനം അചുംബിതം തന്നെ. മതിലിനപ്പുറത്തുനിന്നും വരുന്ന മാദകമായ സ്ത്രീശബ്ദം തികച്ചും യഥാർഥമാണെന്ന് ഗ്രന്ഥകാരൻ ഉറപ്പിച്ചു പറയുമ്പോൾ അത് എഴുത്തുകാരന്റെ ഭാവനാസൃഷ്ടിയല്ലേ എന്ന സംശയം ജനിപ്പിക്കുന്ന രീതിയിലാണ് ചിത്രത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ബഷീർ എന്ന എഴുത്തുകാരന്റെ മനസ്സറിയാൻ മുതിരുന്ന ഈ ചിത്രം ഇത്തരമൊരു കല്പനയിലേക്കു വികസിക്കുന്ന രീതിയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. മതിലുകളിൽ ഒരൊറ്റ സ്ത്രീകഥാപാത്രം പോലും പ്രത്യക്ഷപ്പെടുന്നില്ല. എന്നിരുന്നാലും അടൂരിന്റെ 'കൊടിയേറ്റ'ത്തിലും 'സ്വയംവര'ത്തിലും 'എലിപ്പത്തായ'ത്തിലുമെന്നപോലെ 'മതിലുകളി'ലും സ്ത്രീകഥാപാത്രം ശക്തിയുടെ പ്രതീകമാണ്. ഇത്രയും തീക്ഷ്ണവും ശക്തവുമായ ലൈംഗികത മറ്റൊരു അടൂർ ചിത്രത്തിലുമില്ലതന്നെ. ഏകാന്തതയും വിരസതയും കൊണ്ട് വീർപ്പുമുട്ടുന്ന തടങ്കൽ ജീവിതത്തിലെ ശപിക്കപ്പെട്ട ആദ്യനിമിഷങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്, 'ചാരുലത'യിലെ നായികയുടെ വിരസത ഘനീഭവിച്ച നിമിഷങ്ങളെ വെല്ലുന്ന വിധത്തിലാണ്. ജനൽപ്പാളികൾക്കിടയിലൂടെ വെറുതെ വഴിയിലേക്കു നോക്കിയിരിക്കുന്ന ചാരുവിനെപ്പോലെ ഏകാന്തതയുടെ കൂട്ടുകാരനായി ദൈന്യതയുടെ മുഖം പേറുന്ന മതിലിലേക്കു നോക്കി ബഷീർ ഇരുന്നു. ആദ്യരംഗങ്ങളിലെ നിഷ്ക്രിയത പിന്നീടങ്ങോട്ടുള്ള ചടുലതയുടെ ശക്തി കൂട്ടുന്നു. ജയിൽ വരാന്തയിലൂടെയുള്ള ബഷീറിന്റെ ആവർത്തിച്ചുള്ള ഉലാത്തൽ. മറ്റുള്ളവർ ഉറങ്ങുമ്പോൾ ഉറങ്ങാതിരിക്കുന്ന ഒരാൾ. ആ അസ്വസ്ഥത വിഭ്രാന്തിയുടെ വക്കോളമെത്തിയതായി നമുക്കറിയാം. വിജയൻ ഭാസ്കർ ആ രംഗത്തു നൽകിയിരിക്കുന്ന സംഗീതം ഉയർന്നുയർന്ന് ഉച്ചസ്ഥായിയിലെത്തുമ്പോൾ അസ്വസ്ഥത പൂർണ്ണതയിലെത്തുന്നു. പലതരത്തിലും കനത്തിലുമുള്ള കൂർക്കംവലികളോടെയാണ് ആ രംഗം ആരംഭിക്കുന്നത്. രാത്രി അവസാനിച്ച് പ്രഭാതം എത്തുന്നത്, ചീവീടിന്റെ ശബ്ദം കിളികളുടെ കലമ്പലിന് വഴിമാറിക്കൊടുക്കുന്നതിലൂടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

* * *

ചിത്രം തുടങ്ങുമ്പോൾ തന്നെ കൊലമരത്തിന്റെ പരാമർശമുണ്ട്. വെളുപ്പിന് അഞ്ചുമണിക്ക് തൂക്കിക്കൊല്ലാൻ പോകുന്ന പുള്ളിക്ക് ലേശം ചായ കുടിക്കണമെന്നു മോഹം. വാർഡൻ ബഷീറിനെ വിളിച്ചെണീൽപിച്ചു വിവരം പറയുന്നു. ബഷീർ കടും



ചായയുണ്ടാക്കാനായി വെള്ളമെടുക്കാൻ മുറ്റത്തെ ഇരുട്ടിലേക്ക് ഇറങ്ങിപ്പോയി. തിരശ്ശീലയിൽ ഇരുട്ടു മാത്രം. പേടിപ്പെടുത്തുന്ന ഇരുട്ട്. മരണം കാവൽ നിൽക്കുന്ന കൂരാക്കൂരിരുട്ട്. കടുംചായയോടൊപ്പം ഒന്നുരണ്ടു ബീഡിയും തീപ്പെട്ടിയും കൂടെ കൊടുത്തയച്ചു. ധൈര്യമായിരിക്കാൻ പറഞ്ഞയച്ചു. നേരം പുലരുന്നവരെ ബഷീർ ഉറങ്ങാതിരിക്കുകയായിരുന്നു. മരണത്തിനു കൂട്ടിരിക്കുകയായിരുന്നു.

കാലത്തിന്റെ അക്കരെനിന്നു വരുന്ന ഒരു ശോകഗാനമെന്ന് ബഷീർ വിശേഷിപ്പിക്കുന്ന അനശ്വരമായ പ്രണയകഥയ്ക്ക് അടൂർ നൽകിയ പുനരാഖ്യാനം ഒരു സ്വതന്ത്ര ചലച്ചിത്രസൃഷ്ടിയുടെ രൂപഭാവങ്ങൾ നേടിയത് ഇത്തരത്തിലാണ്.

*(അടൂരിന്റെ ചലച്ചിത്രയാത്രകൾ)*

## പദപരിചയം

● സാർവജനീന - എല്ലായിടത്തുമുള്ളത് ● നിശ്ശങ്കം - സംശയമില്ലാത്തത് ● ഭാവദീപ്തി - ഭാവത്തിന്റെ പ്രകാശം ● അനുനിമിഷം - നിമിഷംതോറും ● സർവോപരി - എല്ലാറ്റിനും മീതെ ● പരിച്ഛേദം - കഷണം, വിഭാഗം ● സത്ത - സാരം, ഉള്ളടക്കം ● കല്പന - ഭാവന ● ഘനീഭവിച്ച - കട്ടപിടിച്ച ● വിഭ്രാന്തി - മനോനില തെറ്റിയ അവസ്ഥ ● കലമ്പൽ - വഴക്കിടൽ ● അനശ്വരം - നാശമില്ലാത്തത്


## പഠനപ്രവർത്തനങ്ങൾ

- മതിലുകൾ എന്ന ചലച്ചിത്രത്തിൽ തടവറയിൽപ്പോലും ജീവിതത്തിന്റെ സൗന്ദര്യം കണ്ടെത്തുകയാണ് ചെയ്യുന്നത്. ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന സൂചനകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
- "മതിലിനപ്പുറത്തുനിന്നും വരുന്ന മാദകമായ സ്ത്രീശബ്ദം തികച്ചും യഥാർഥമാണെന്ന് ഗ്രന്ഥകാരൻ ഉറപ്പിച്ചു പറയുമ്പോൾ അത് എഴുത്തുകാരന്റെ ഭാവനാസൃഷ്ടിയല്ലേ എന്ന സംശയം ജനിപ്പിക്കുന്ന രീതിയിലാണ് ചിത്രത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്."

  ഈ നിരീക്ഷണത്തിന്റെ സാംഗത്യം പരിശോധിക്കുക.
- 'സിനിമയുടേത് ദൃശ്യഭാഷയാണ്' എന്ന നിലയ്ക്ക് ലേഖകൻ വിശകലനം ചെയ്യുന്ന ദൃശ്യങ്ങൾ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.
- നിങ്ങൾക്ക് ഇഷ്ടപ്പെട്ട കലാമൂല്യമുള്ള ഒരു ചലച്ചിത്രത്തിന് ആസ്വാദനം തയ്യാറാക്കുക.
- 'നവമാധ്യമങ്ങളുടെ കാലത്തെ സിനിമ' എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

# എഴുത്തുകാർ

## കെ ജി ശങ്കരപ്പിള്ള (1948 - )



പ്രമുഖ മലയാള കവി. കൊല്ലം ജില്ലയിലെ ചവറയിൽ ജനനം. 1970-കളിൽ 'ബംഗാൾ' എന്ന കവിതയിലൂടെ ശ്രദ്ധേയനായി. എറണാകുളം മഹാരാജാസ് കോളേജിൽനിന്ന് പ്രിൻസിപ്പൽ ആയി വിരമിച്ചു. പ്രസക്തി, സമകാലീന കവിത തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ എഡിറ്റർ ആയിരുന്നു. *കൊച്ചിയിലെ വൃക്ഷങ്ങൾ, കെ ജി ശങ്കരപ്പിള്ളയുടെ കവിതകൾ, കെ ജി എസ് കവിതകൾ, നന്നങ്ങാടികൾ, പ്രാർഥിക്കുന്നെങ്കിൽ* ഇങ്ങനെ എന്നിവയാണ് പ്രധാന കൃതികൾ. 2019 ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, കേരള സാഹിത്യ അക്കാദമി അവാർഡ്, 'കെ.ജി. ശങ്കരപ്പിള്ളയുടെ കവിതകൾ'ക്കു കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു.

## ചന്ദ്രമതി (1954 - )



മലയാളത്തിലെ ശ്രദ്ധേയയായ കഥാകാരി. വർത്തമാനകാല ജീവിതത്തിന്റെ സങ്കീർണയാഥാർഥ്യങ്ങൾ കഥകളിൽ അവതരിപ്പിച്ചു. തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജിൽ ഇംഗ്ലീഷ് അധ്യാപികയായിരുന്നു. 'റെയിൻഡിയർ' എന്ന കഥാസമാഹാരം കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി. *ദേവീഗ്രാമം, ദൈവം സ്വർഗത്തിൽ, വേതാളകഥകൾ, പേരില്ലാ പ്രശ്നങ്ങൾ, ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള* എന്നിവ പ്രധാന കൃതികൾ.

### എം എഫ് തോമസ് (1946 - )



ചിത്രലേഖാ ഫിലിം സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയായി ചലച്ചിത്രപ്രവർത്തനം ആരംഭിച്ചു. ദേശീയ - സംസ്ഥാന ചലച്ചിത്ര അവാർഡ്, ഇന്ത്യൻ പനോരമ, സെൻസർ ബോർഡ് തുടങ്ങി ചലച്ചിത്ര സംബന്ധമായ നിരവധി കമ്മിറ്റികളിൽ അംഗമായി പ്രവർത്തിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സീനിയർ സബ് എഡിറ്ററായി വിരമിച്ചു. *സിനിമയെ കണ്ടെത്തൽ, സിനിമയുടെ ആത്മാവ്, അടൂരിന്റെ ലോകം, ഇന്ത്യൻ സിനിമ, നിന്റെ കഥ* (നോവൽ) എന്നീ പുസ്തകങ്ങൾ രചിച്ചു.



## തുടർവായന

1. മാധ്യമപഠനം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
2. ടെലിവിഷൻ: കാഴ്ചയും സമൂഹവും - ഷാജി ജേക്കബ്
3. മാധ്യമങ്ങളും മലയാളസാഹിത്യവും - കെ. കുഞ്ഞിക്കൃഷ്ണൻ
4. മലയാളസിനിമയുടെ കഥ - വിജയകൃഷ്ണൻ
5. സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ
6. കാഴ്ചയുടെ അശാന്തി - വി. രാജകൃഷ്ണൻ
7. മലകളിൽ മഞ്ഞു പെയ്യുമ്പോൾ - ഐ. ഷണ്മുഖദാസ്
8. മാധ്യമങ്ങളും മലയാളസാഹിത്യവും - ഡോ. എം.വി. തോമസ്
9. മലയാളസിനിമയും സാഹിത്യവും - മധു ഇറവങ്കര

യൂണിറ്റ് - 3

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | വിവിധ സാഹിത്യരചനകൾ വിശകലനംചെയ്ത് അവയിലുള്ള മാധ്യമധർമ്മങ്ങളെ സംബന്ധിച്ച നിരീക്ഷണങ്ങൾ കണ്ടെത്തി ചർച്ചചെയ്യാൻ. | | | |
| 2 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സംവാദങ്ങളിൽ പങ്കെടുക്കാനും സ്വന്തം അഭിപ്രായങ്ങൾ യുക്തിപൂർവം സമർഥിക്കാനും. | | | |
| 3 | കഥകൾ വിശകലനം ചെയ്ത് സമൂഹമാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം കണ്ടെത്താൻ. | | | |
| 4 | നവമാധ്യമസൗഹൃദങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും സാധ്യതകളും വിശദീകരിക്കാൻ. | | | |
| 5 | സിനിമാഭാഗങ്ങൾ വിശകലനം ചെയ്ത് ചിത്രത്തിൽ അവതരിപ്പിക്കുന്ന ദൃശ്യഭംഗിയും അതിൽ എഴുത്തുകാരന്റെ ഭാവനാസൃഷ്ടിക്കുള്ള പ്രാധാന്യവും കണ്ടെത്താൻ. | | | |
| 6 | സിനിമാദൃശ്യങ്ങൾ പരിശോധിച്ച് ദൃശ്യഭാഷയുടെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കാൻ. | | | |
| 7 | ചലച്ചിത്രങ്ങൾക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കാൻ. | | | |

# നവീനയുഗത്തിൻ വാകത്തോപ്പുകൾ

ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്.

- **ശ്രീനാരായണഗുരു**

മാനവ സാഹോദര്യത്തെക്കുറിച്ചുള്ള ശ്രീനാരായണഗുരുവിന്റെ കാഴ്ചപ്പാട് സമകാലിക സാമൂഹിക ജീവിതാവസ്ഥയുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക.

പാഠം 1

# ദുരവസ്ഥ

**കുമാരനാശാൻ**

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ, നിൻവയറ്റിൽ.
തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,
താണു കിടക്കുന്നു നിൻ കുക്ഷിയിൽ ചാണ
കാണാതെയാറേഴു കോടിയിന്നും.
എന്തിനു കേഴുന്നു ദീനയോ നീ ദേവി,
എന്തു ഖേദിപ്പാൻ ദരിദ്രയോ നീ?
ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ.
തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!



## പദപരിചയം

● കാന്തി - ഭംഗി ● കുക്ഷി - ഉദരം ● പെരുമാക്കൾ - കേരളത്തിലെ പഴയ രാജാക്കന്മാർ ● തുഞ്ചൻ - എഴുത്തച്ഛൻ ● കുഞ്ചൻ - കുഞ്ചൻ നമ്പ്യാർ ● നൂനം - തീർച്ചയായും ● വാഴ്ക്കുക - വർധിക്കുക ● ഭാരതാംബ - ഭാരതമാകുന്ന മാതാവ് ● ദീന - ദുഃഖിത ● ഹോമിക്കുക - ഹോമകുണ്ഡത്തിൽ എരിക്കുക ● ചിന്തിതം - ചിന്തിക്കുന്ന കാര്യം ● രത്നഗർഭ - രത്നങ്ങൾ ഉള്ളിലുള്ളവൾ (ഭൂമി) ● കെട്ടില്ലാത്തവർ - വിവാഹബന്ധങ്ങൾ ഇല്ലാത്തവർ

## പഠനപ്രവർത്തനങ്ങൾ

- "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" - എന്ന സന്ദേശം പ്രചരിപ്പിക്കാൻ ശ്രീനാരായണഗുരുവിനെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തൊക്കെയാവാം. ഈ കാവ്യഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.
- 'രത്നഗർഭേ' - എന്ന് കവി വിളിക്കുന്നത് ആരെയാവാം? കവിതയിൽ ഈ വിശേഷണത്തിന് മറ്റ് അർഥങ്ങൾ കല്പിക്കാനാവുമോ? നിരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് ചർച്ച ചെയ്യൂ.
- വരികൾ വ്യാഖ്യാനിക്കുക.
  "തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
  വാച്ചിടും കല്ലുകൾ ഭാരതാംബേ,
  താണു കിടക്കുന്നു നിൻ കുക്ഷിയിൽ ചാണ
  കാണാതെയാറേഴു കോടിയിന്നും."
- 'കുമാരനാശാനും കേരളീയ നവോത്ഥാനവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.



പാഠം 2

# ദേവകിയുടെ മനേരിച്ചിൽ

**ദേവകി നിലയങ്ങോട്**

**പ**തിനഞ്ചാമത്തെ വയസ്സിലാണ് എന്റെ വിവാഹം കഴിഞ്ഞത്. വിവാഹത്തിന്റെ തലേ ദിവസമാണു ഞാൻ അറിഞ്ഞത്, മറ്റെന്നാൾ എന്റെ കൊടുക്കയാണ് എന്ന്.

പണിക്കാരികളാണു സാധാരണ ഈ വിവരം പെൺകിടാങ്ങളെ അറിയിക്കുക. വൈകുന്നേരം കുളത്തിൽ മേൽ കഴുകാൻ പോവുമ്പോൾ തുണയ്ക്കുവരുന്ന പെണ്ണു പറയും: 'കുട്ടിക്കാവേ, നാളെ മനേരിച്ചിലായീലോ'. മനേരിച്ചിൽ എന്നാണു വിവാഹത്തിനു പറയുന്ന ആചാരഭാഷ. മന തിരിച്ചിൽ അഥവാ വീടുമാറൽ എന്നാണ് ഈ വാക്കിനർഥം. എവിടെയ്ക്കാണു വേളികഴിച്ചുകൊടുക്കുന്നതെന്നോ, ആരാണ് വരനെന്നോ ദാസിപ്പെണ്ണിനും അറിവുണ്ടായിരിക്കയില്ല. കല്യാണം കഴിഞ്ഞേ പെൺകിടാങ്ങൾ അത് അറിയാറുള്ളൂ.



എന്നോടു പക്ഷേ, എന്റെ വിവാഹക്കാര്യം പറഞ്ഞത് എന്നെ ഇംഗ്ലീഷ് പഠിപ്പിച്ചുപോന്ന തങ്കം ടീച്ചറായിരുന്നു. 'കുട്ടിക്കാവേ, മറ്റന്നാൾ കൊടുക്കാത്രേ. നാളത്തോടെ ട്യൂഷനൊക്കെ നിക്കൂലോ' - ടീച്ചറുടെ സ്വരത്തിൽ സങ്കടം ഉണ്ടായിരുന്നു. എങ്ങോട്ടാണു കൊടുക്കുന്നതെന്ന് അവർക്കും അറിയില്ലായിരുന്നു.

ഋതുമതിയായി രണ്ടു വർഷം ഇരുന്നപ്പോഴേക്കും എന്റെ വിവാഹമായി. ഈ രണ്ടുവർഷവും ഞാൻ ഇല്ലത്തുനിന്നു പുറത്തിറങ്ങാതെ കഴിച്ചുകൂട്ടി. ഋതുമതിയായ പെൺകിടാവ് പുറത്തിറങ്ങരുത്, പൂമുഖം കാണരുത്. അടുക്കളയ്ക്കടുത്ത് അന്തർജ്ജ

നങ്ങൾക്കായി ഒരു അടുക്കളക്കുളമുണ്ട്. അതിൽ പോയി കുളിച്ചു വരാം. അതാണ് അവൾക്ക് അനുവദിച്ച ഏറ്റവും വലിയ സഞ്ചാരപരിധി. ഒരു വിശേഷത്തിനും പോകാൻ പാടില്ല. വിശേഷമുള്ള ഇല്ലങ്ങളിൽനിന്ന് അവൾക്കുള്ള ഭക്ഷണം പകർച്ചയായി എത്തും. സ്വന്തം സഹോദരന്റേയോ സഹോദരിയുടെയോ വിവാഹമായാലും അതിൽ പങ്കെടുക്കാൻ അനുവാദമില്ല. അന്നൊക്കെ മിക്ക നമ്പൂതിരിഗൃഹങ്ങളിലും തിരണ്ടിരിക്കുന്ന പെൺകിടാങ്ങൾ ഒന്നിലേറെ ഉണ്ടാവും. സ്ത്രീധനം കൊടുക്കാൻ വകയില്ലാത്തതിനാൽ പെൺകുട്ടികൾ ഇരുപത്തിയഞ്ചും മുപ്പതും വയസ്സുവരെ ഇല്ലത്ത് ഇരിക്കും. പകരാവൂര് അടുത്തുള്ള ചില ഇല്ലങ്ങളിലും മുപ്പതു മുപ്പത്തിരണ്ടു വയസ്സുവരെ പെൺകുട്ടികൾ തിരണ്ടിരിക്കുന്നത് എനിക്കോർമ്മയുണ്ട്. മക്കളെ വേളികഴിച്ചു കൊടുക്കാൻ വകയില്ലാത്ത അച്ഛൻ പണം വാങ്ങി അവരെ അജ്ഞാതരായ ആളുകൾക്ക് കല്യാണം എന്ന പേരിൽ വിൽക്കുന്നതും അന്ന് അപൂർവമായിരുന്നില്ല. അങ്ങനെ ഒരനുഭവത്തിനു ഞാൻ ഏറെക്കുറെ സാക്ഷിയായിട്ടുണ്ട്.

ഇല്ലത്തു വെപ്പിനായി താമസിച്ചിരുന്ന ഒരു അന്തർജനത്തിനു രണ്ടു പെൺമക്കളുണ്ടായിരുന്നു. മക്കൾ അച്ഛനുമൊത്ത് അവരുടെ തറവാട്ടിലായിരുന്നു. ഒരുദിവസം അവിടെനിന്ന് ഒരു സ്ത്രീവന്നു. 'നാളെ കുട്ടിയെ കൊടുക്കുകയാണ്. ഇന്നുതന്നെ വരണം' - എന്നായിരുന്നു സന്ദേശം. വന്ന സ്ത്രീയോടൊപ്പം ആത്തേമ്മാർ സ്വന്തം തറവാട്ടിലേക്കു പോയി. അവിടെ ചെന്നപ്പോൾ അറിഞ്ഞു, പൂണൂലിട്ട ഒരാൾ അവിടെ അതിഥിയായി വന്നിട്ടുണ്ട്. മൂത്ത മകളെ വേളികഴിക്കാനായി എത്തിച്ചേർന്ന ആളാണ്. കുറെ വടക്കുള്ള നമ്പൂതിരിയാണ് എന്നെല്ലാം ഭർത്താവു പറഞ്ഞു. അയാൾ പറയുന്ന ഭാഷ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. വരന്റെ ഇല്ലത്തുകൊണ്ടുവച്ചാണ് വിവാഹം എന്നു പറഞ്ഞ് അച്ഛൻ മകളേയും കൂട്ടി അയാളുടെ ഒപ്പംപോയി. കുട്ടിയെ അയാളോടൊപ്പം തീവണ്ടിയിൽ കയറ്റി അച്ഛൻ തിരിഞ്ഞുവന്നു. അയാൾ അച്ഛനു കുറച്ചു പണം കൊടുത്തിരുന്നു. അമ്മ ഏറെ കരഞ്ഞിരിക്കണം. അതൊരു വിവാഹമായിരുന്നില്ലെന്നും സ്ത്രീധനത്തിനു വകയില്ലാത്ത ഭർത്താവ് മകളെ മംഗലാപുരത്തുകാരനു 'വിറ്റ'താണെന്നും അമ്മയ്ക്കു ക്രമേണ മനസ്സിലായി. മകളെ പിന്നീടു കണ്ടതുമില്ല. ഇത്തരം സംഭവങ്ങൾ വേറെയും കേട്ടിരുന്നു.

ഇതൊക്കെ നോക്കുമ്പോൾ എന്റെ വിവാഹം ഒരു ഭാഗ്യമായിരുന്നു.

കുടിവച്ചശേഷമാണ് എനിക്കു വരനെപ്പറ്റിയും തറവാടിനെപ്പറ്റിയും ക്രമേണ അറിയാൻ കഴിഞ്ഞത്. രവിനമ്പൂതിരി എന്നാണ് പേര്. പാലക്കാട് ജില്ലയിലെ ചാത്തന്നൂർദേശത്ത് നിലയങ്ങോട് എന്നാണ് അദ്ദേഹത്തിന്റെ ഇല്ലപ്പേര്. വലിയ ജന്മിമാരാണ്. ഏറ്റവുമധികം ശിഷ്യരുള്ള ഓതിക്കഗൃഹമായിരുന്നു നിലയങ്ങോട്. അവർ ഋഗ്വേദികളാണ്. അച്ഛന്റെ കീഴിൽ നടന്ന വേദാധ്യയനത്തിനു പുറമേ അദ്ദേഹം ഓതിവൃത്തിയും പരിശീലിച്ചിട്ടുണ്ട്. എട്ടാംക്ലാസുവരെ സ്കൂൾ വിദ്യാഭ്യാസമുണ്ടായിരുന്നു. പക്ഷേ, കൃഷിയിലും മരാമത്തിലും മറ്റുമായിരുന്നു താൽപര്യം. ഇല്ലത്തെ ധാരാളമായ കൃഷി നേരിട്ട് നോക്കി നടത്തിപ്പോന്നിരുന്നു. സാധാരണ നമ്പൂതിരിമാർക്കില്ലാതിരുന്നമട്ടിൽ യന്ത്രങ്ങളോടും അതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളോടും പ്രത്യേകമായ താൽപര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ആ വാസനയുടെ ഭാഗമായിട്ടായിരിക്കണം കാർ ഓടിക്കാൻ പരിശീലിച്ചത്. നിലയങ്ങോട്ട് അക്കാലത്ത് ഒരു കാർ ഉണ്ടായിരുന്നു. കോയമ്പത്തൂർ



പോയി അതുവാങ്ങിയതും സ്വയം ഓടിച്ചുകൊണ്ടുവന്നതും അദ്ദേഹം തന്നെയായിരുന്നു. അതിന്റെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിലും അദ്ദേഹത്തിന് സാമർഥ്യമുണ്ടായിരുന്നു.

ഇല്ലത്തിനു ചുറ്റുവട്ടത്ത് താമസിച്ചിരുന്ന മുസ്‌ലിം ചെറുപ്പക്കാർ തൊഴിലൊന്നുമില്ലാത്തതിനെപ്പറ്റി പരാതിപ്പെട്ടപ്പോൾ അവർക്കൊരു ഉപജീവനമാർഗമെന്ന മട്ടിൽ ഒഴിഞ്ഞുകിടന്നിരുന്ന ഒരു കയ്യാലയിൽ ഒരു ബീഡിക്കമ്പനി തുടങ്ങുന്നതിലും അദ്ദേഹം മുൻകൈ എടുക്കുകയുണ്ടായി. 'ജയ്ഹിന്ദ്' എന്നായിരുന്നു ആ കമ്പനിയുടെ പേര്.

ജ്യേഷ്ഠൻ നീലകണ്ഠൻ നമ്പൂതിരി പ്രമുഖനായ ഒരു ഓതിക്കനായിരുന്നു. ഇല്ലത്തിനകത്ത് നമ്പൂതിരി ചടങ്ങുകളെല്ലാം പാലിച്ചുകൊണ്ടുതന്നെ അദ്ദേഹം പൊതുപ്രവർത്തനത്തിലും മുഴുകി.

ഇവർ ഇരുവരും, പ്രസിദ്ധ കഥകളിനടനും കൂടിയായിരുന്ന ഇട്ടിരവി സോമയാജിപ്പാടിന്റെ മക്കളാണ്. യാഥാസ്ഥിതികത്വം ഒട്ടുമില്ലാത്ത തറവാടായിരുന്നു അവരുടേത്. പരിഷ്കൃതാശയരുടെ തറവാട്ടിലേക്കാണു ഞാൻ വന്നത് എന്നതും എനിക്കു വലിയ ഭാഗ്യമായി.

വിവാഹത്തിനുമുൻപ് അയനി ഊണ് എന്ന ഒരു ചടങ്ങുണ്ട്. തേച്ചുകുളിച്ച് വിളക്കുവച്ച് പിറന്നാളുപോലെ ഊണു കഴിക്കും. ധാരാളം സുമംഗലികൾ ഉണ്ടാകും. വിധവകൾക്ക് ഇവിടെ കാര്യമില്ല. അതുകഴിഞ്ഞു കൈയിൽ മൈലാഞ്ചിയിട്ടു വിരലുകളിൽ നിറയെ വെള്ളിമോതിരമണിയിച്ച് എന്നെ ഒരു മുറിയിൽ കൊണ്ടുപോയിരുത്തി. അപ്പോഴാണ് ഭർത്തൃഗൃഹത്തിൽ എത്തിയാൽ പെരുമാറേണ്ടവിധത്തെപ്പറ്റിയുള്ള ഉപദേശം ലഭിക്കുന്നത്. 'നങ്ങയ്യ പോയി ഒക്കെ ഒന്ന് പറഞ്ഞു കൊടുക്ക്ാ...' അമ്മ പറഞ്ഞു. എന്റെ അച്ഛൻപെങ്ങളുടെ മകളായ നങ്ങയ്യേടത്തി ഭർതൃഗൃഹത്തിൽ ഓരോരുത്തർക്കും പ്രിയമാകുന്നവിധം പെരുമാറേണ്ടതെങ്ങനെ എന്നു വിശദമായി ഉപദേശിച്ചു.

പിറ്റേന്നു വിവാഹം. വളരെ വലുതായിട്ടൊന്നുമല്ല ചടങ്ങ്. അച്ഛന്റെ മൂത്ത മകളുടെ കൊടുക്ക കേമമായിട്ടുതന്നെ നടത്തിയിരുന്നു. എന്റേതാകുമ്പോഴേക്കും വെറും എണ്ണംകഴിക്കൽ തന്നെ. നാലുദിവസത്തെ വേളിച്ചടങ്ങിനുശേഷം നാലാം ദിവസം കുളികഴിഞ്ഞു കുടിവയ്പ്പിന് നിലയങ്ങോട്ടേക്കു പോയി.

ഞങ്ങൾക്കു യാത്രചെയ്യാൻ ഒരു സ്പെഷ്യൽ ബസുണ്ടായിരുന്നു. 1942-ലെ സ്ഥിതിവച്ചു നോക്കിയാൽ ഈ യാത്ര അപൂർവത തന്നെയായിരുന്നു. പന്ത്രണ്ടുനാഴികയോളം വരും, പകരാവൂരുനിന്നു നിലയങ്ങോട്ടേക്കുള്ള ദൂരം. രാവിലെ പത്തുമണിയോടെ ഞങ്ങളുടെ സംഘം നിലയങ്ങോട്ടെ പടിക്കൽ എത്തിച്ചേർന്നു.

ബസ് പടിക്കു പുറത്തു നിർത്തി. ഇനി ഇറങ്ങി ഇല്ലംവരെ നടക്കണം. വരനും ഞാനും മറ്റുള്ളവരും പുറത്തിറങ്ങി. പടി കടന്നതോടെ ഞങ്ങളോടു മാത്രമായി അവിടെ നിൽക്കാൻ ചിലർ പറഞ്ഞു. രണ്ടുപേർ വന്ന് ഭർത്താവിനെയും എന്നെയും ചുവന്ന മാലയിടുവിച്ചു. ഏട്ടന്റെ മൂത്തമകൾ സരോജിനിയാണ് എനിക്കു മാലയിട്ടത്. അവിടെ അടുത്തുള്ള കിഴക്കേടത്തു നമ്പൂതിരിയാണ് അദ്ദേഹത്തിനു മാലയിട്ടത്. മാലയിട്ടതും അവിടെ കൂടിനിന്ന കുറെ നമ്പൂതിരിമാർ ചേർന്ന് 'ഇങ്ക്വിലാബ് സിന്ദാബാദ്' എന്ന് മൂന്നുവട്ടം വിളിച്ചു. അങ്ങനെയൊരു വാക്കും മുദ്രാവാക്യം വിളിക്കലും ഞാൻ ആദ്യമായി കേൾക്കുകയായിരുന്നു. എന്താണ് 'ഇങ്ക്വിലാബ്' എന്ന വാക്കിന്റെ അർഥമെന്നോ എന്തുകൊണ്ടാണ് അവർ അങ്ങനെ വിളിച്ചതെന്നോ എനിക്കു മനസ്സിലായില്ല.

യോഗക്ഷേമസഭയുമായി നേരത്തെ ബന്ധപ്പെട്ടിരുന്ന കുറേപ്പേർ കമ്യൂണിസത്തിലേക്കു മാറിക്കഴിഞ്ഞിരുന്നുവെന്നും അവരാണ് ആ മുദ്രാവാക്യം വിളിച്ചതെന്നും

'വിപ്ലവം ജയിക്കട്ടെ' എന്നാണ് അതിന്റെ അർഥമെന്നും വളരെക്കാലം കഴിഞ്ഞാണു മനസ്സിലായത്. മൂക്കുതലയിൽ നിന്നു വന്ന ബന്ധുക്കളാകട്ടെ ഇതൊക്കെ കണ്ട് ഒന്നും മനസ്സിലാകാതെ അമ്പരന്നു നിൽക്കുകയായിരുന്നു.

(നഷ്ടബോധങ്ങളില്ലാതെ)

## പദപരിചയം

● കൊടുക്ക - വിവാഹം കഴിച്ചു കൊടുക്കൽ ● കുട്ടിക്കാവ് - ബ്രാഹ്മണ പെൺകുട്ടി ● വെപ്പ് - ആഹാരം പാചകം ചെയ്യൽ ● കുടിവയ്ക്കുക - വധുവിന്റെ ഭർത്തൃഗൃഹപ്രവേശം ● ഓതിക്കൻ - ഋഗ്വേദമന്ത്രോച്ചാരണം പഠിപ്പിക്കുന്നയാൾ ● ഋഗ്വേദികൾ - ഋഗ്വേദപണ്ഡിതന്മാർ ● ഓതിവൃത്തി - വേദം ഓതൽ ● സോമയാജിപ്പാട് - സോമയാഗം നടത്തുന്ന ബ്രാഹ്മണൻ

## പഠനപ്രവർത്തനങ്ങൾ

- തന്റെ മനേരിച്ചിലിനെ ദേവകി നിലയങ്ങോട് അവതരിപ്പിക്കുന്നതെങ്ങനെ?
- അരനൂറ്റാണ്ട് മുമ്പ് വരെ കേരളത്തിലെ അന്തർജ്ജനങ്ങളുടെ ജീവിതം തികച്ചും ദുരിത പൂർണ്ണമായിരുന്നു എന്നതിന് പാഠഭാഗത്തുനിന്നുള്ള തെളിവുകൾ ചൂണ്ടിക്കാട്ടി കുറിപ്പ് തയ്യാറാക്കുക.
- പെൺകുട്ടികളുടെ വിവാഹത്തിന് 'കൊടുക്കുക' എന്നൊരു പ്രയോഗം നിലവിലുണ്ടായിരുന്നു എന്ന് പാഠഭാഗത്തുനിന്നും മനസ്സിലാക്കാമല്ലോ.


  സ്ത്രീവിരുദ്ധ വാക്കുകളും പ്രയോഗങ്ങളും ഇന്നും സമൂഹത്തിൽ പ്രചാരത്തിലില്ലേ? അവ കണ്ടെത്തി ചർച്ച ചെയ്യുക?
- സ്വന്തം വിവാഹക്കാര്യത്തെപ്പറ്റി തലേദിവസം മാത്രമാണ് ദേവകി അറിയുന്നത്. ഇത് അക്കാലത്തെ നമ്പൂതിരിസമുദായത്തിലെ സ്ത്രീയുടെ സാമൂഹികപദവിയെ സംബന്ധിച്ച വെളിപ്പെടുത്തലാണ്. കുടുംബഘടനയ്ക്കുള്ളിൽ സ്ത്രീ ഇന്നും നേരിടുന്ന അസ്വാതന്ത്ര്യങ്ങളെന്തൊക്കെയെന്നു കണ്ടെത്തി ചർച്ച ചെയ്യുക.
- നവോത്ഥാന കാലഘട്ടത്തിൽ കേരളത്തിലുണ്ടായ സ്ത്രീവിമോചന മുന്നേറ്റങ്ങളെപ്പറ്റി പ്രഭാഷണം തയ്യാറാക്കുക.
- താഴെ തന്നിട്ടുള്ള പഴഞ്ചൊല്ലുകൾ വിശകലനം ചെയ്ത് പഴഞ്ചൊല്ലിൽ പതിരില്ല എന്ന ആശയത്തെ വിമർശിക്കുക.
  - പെൺബുദ്ധി പിൻബുദ്ധി
  - നാരി ഭരിച്ചിടം, നാരകം നട്ടിടം, കൂവളം പട്ടിടം, നായ കുട്ടിയിട്ടിടം

പാഠം 3

# നെഹ്റുവും ശാസ്ത്രാവബോധവും

**ടി കെ ദേവരാജൻ**

നവംബർ 14 ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ്. സ്വാതന്ത്ര്യസമരനായകൻ, ആദ്യ പ്രധാനമന്ത്രി, കുട്ടികളെയും പൂക്കളെയും സ്നേഹിച്ച ചാച്ചാ നെഹ്റു എന്നീ നിലകളിലൊക്കെ വിദ്യാർഥികൾ അദ്ദേഹത്തെ പഠിക്കുന്നുണ്ട്. വൈഷണികരംഗത്ത് ഏറെ ഔന്നത്യം പുലർത്തിയ അദ്ദേഹം ആധുനിക ശാസ്ത്രം മാനവപുരോഗതിക്ക് നൽകിയ സംഭാവനകൾ തിരിച്ചറിയുകയും എങ്ങനെ അത് രാജ്യപുരോഗതിക്ക് പ്രയോജനപ്പെടുത്തുമെന്ന് ഉറക്കെ ചിന്തിക്കുകയും ചെയ്ത ഭരണാധികാരിയാണ്. ശാസ്ത്രം നൽകിയ ശുഭാപ്തിവിശ്വാസത്തിൽ നിന്നുകൊണ്ട് രാഷ്ട്രത്തെക്കുറിച്ച് സ്വപ്നങ്ങൾ കാണുകയും അതിനായി പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹം ശാസ്ത്രം എല്ലാവരുടെയും ജീവിതവീക്ഷണമാകണമെന്നും ആഗ്രഹിച്ചു. ഇംഗ്ലീഷിൽ Scientific Temper (ശാസ്ത്രാവബോധം) എന്ന വാക്ക് തന്നെ സംഭാവന നൽകിയത് ജവഹർലാൽ നെഹ്റുവാണ്.




ജീവിതസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിലൂടെ ശാസ്ത്രം നിത്യജീവിതത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റം ഏവരും അനുഭവിക്കുന്നതാണ്, ബോധ്യവുമുണ്ട്. ശാസ്ത്രത്തിന്റെ ഉൽപന്നമായ സാങ്കേതികവിദ്യകളെ നാം അതിവേഗം വാരിപ്പുണരുന്നു. എന്നാൽ ശാസ്ത്രം മാനവരാശിയെ ഏതൊക്കെ വിധത്തിൽ സ്വാധീനിച്ചു എന്ന ബോധ്യം ഇനിയും വ്യാപകമല്ല. ഭക്ഷ്യോൽപാദനം വർധിപ്പിച്ചും പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്തും പ്രകൃതിദുരന്തങ്ങളെ മുൻകൂട്ടി അറിഞ്ഞും മനുഷ്യന്റെ അതിജീവനശേഷി ഉയർത്തിയത് ആധുനിക ശാസ്ത്രമാണ്. ഒരു നൂറ്റാണ്ടിനിടയിൽ മനുഷ്യായുസ്സ് ഇരട്ടിയിലേറെ വർധിച്ചു. എന്നിട്ടും അതിന് ഏറെ സഹായിച്ച വാക്സിനേഷനും ആധുനിക ചികിത്സാരീതിയും അപകടമാണെന്ന് പ്രചരിപ്പിക്കുകയും പണ്ട് മനുഷ്യൻ ഏറെക്കാലം ജീവിച്ചിരുന്നു എന്നെല്ലാമുള്ള അബദ്ധങ്ങൾ വിശ്വസിക്കുകയും ചെയ്യുന്ന ഏറെപ്പേരെ ഇന്നും നമ്മുടെയിടയിൽ കാണാം. പ്രകൃതിപ്രതിഭാസങ്ങളോരോന്നിനെയും കുറിച്ച് എന്തുകൊണ്ട്, എങ്ങനെ, എപ്പോൾ, എത്ര എന്നീ ചോദ്യങ്ങൾ ചോദിച്ച് അവയ്ക്കോരോന്നിനും കണ്ടെത്തിയ ഉത്ത

രങ്ങളും അതിലൂടെ രൂപപ്പെട്ട ജീവിതവീക്ഷണവുമാണ് ശാസ്ത്രത്തിന്റെ മുഖ്യസംഭാവനകളിലൊന്ന്. ഏറെയുണ്ടായ നേട്ടങ്ങളോടൊപ്പം ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ ദുരുപയോഗം ചെയ്യുന്നതുവഴി മാനവരാശിക്ക് ദുരിതങ്ങളും (യുദ്ധം, പരിസ്ഥിതിനാശം) സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ശാസ്ത്രം ഒരു ജീവിത വീക്ഷണമാകുമ്പോഴാണ് ഇപ്പറഞ്ഞ വിപത്തുകളെയും നമുക്ക് തടയാനാവുന്നത്.

ശാസ്ത്രം ജീവിതവീക്ഷണമാകുന്ന അവസ്ഥയെയാണ് നെഹ്റു Scientific Temper എന്നു വിളിച്ചത്.

അതിനെക്കുറിച്ചദ്ദേഹം പറഞ്ഞതിങ്ങനെയാണ്. "പുതിയ അറിവുകൾക്കും സത്യത്തിനും വേണ്ടിയുള്ള സാഹസികവും വിമർശനാത്മകവുമായ അന്വേഷണം; ആവർത്തിച്ച പരിശോധനയിലൂടെയും പരീക്ഷണത്തിലൂടെയുമേ ഏത് കാര്യവും ബോധ്യപ്പെടൂ എന്ന നിലപാട്; പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ മുൻധാരണകളെ തിരുത്താനുള്ള സന്നദ്ധത; മനസ്സിൽ സങ്കൽപ്പിച്ച സിദ്ധാന്തങ്ങളേക്കാൾ നിരീക്ഷിക്കപ്പെട്ട വസ്തുതകളെയാണ് ആശ്രയിക്കേണ്ടത് എന്ന തിരിച്ചറിവ് ഇവയെല്ലാമാണ് ശാസ്ത്രാവബോധത്തിന്റെ അടിത്തറ. ശാസ്ത്രത്തിന്റെ പ്രയോഗത്തിന് മാത്രമല്ല, ജീവിത പ്രശ്നങ്ങളെ പരിഹരിക്കാനും വേണ്ടത് ഈ കാഴ്ചപ്പാട് ആണ്".

ചുറ്റുപാടുകളിലെ പ്രശ്നങ്ങൾ ഏതുമാകട്ടെ, അവ പരിഹരിക്കാൻ ശാസ്ത്രത്തിന്റെ രീതിയാണ് പ്രയോഗിക്കാനാകുക. ശാസ്ത്രത്തിന്റെ രീതിയെ നമുക്ക് നാലു ഘട്ടങ്ങളായി തിരിക്കാം. ഒന്നാമത്തെ ഘട്ടത്തിൽ പ്രശ്നത്തെ തിരിച്ചറിയലാണ്. നിരീക്ഷണവും വിവരശേഖരണവും, അളന്നു തിട്ടപ്പെടുത്തൽ, വിവരങ്ങളെ തരംതിരിക്കൽ ഇവയെല്ലാമാണ് ഈ ഘട്ടത്തിൽ. തുടർന്ന് ഇതിലൂടെ ലഭിക്കുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ചില അനുമാനങ്ങൾ മുമ്പോട്ട് വയ്ക്കുന്നു. അത് പരിശോധിക്കാൻ ആവശ്യമായ



പരീക്ഷണങ്ങളോ നിരീക്ഷണങ്ങളോ തയ്യാറാക്കുന്നു. പുറമെയുള്ള ഘടകങ്ങൾ സ്വാധീനിക്കില്ലെന്ന് ഉറപ്പുവരുത്തി ആവർത്തിച്ച് നടത്തുന്ന പരീക്ഷണങ്ങളിലൂടെ അനുമാനത്തിന്റെ സാധുത തെളിയുകയോ തിരസ്കരിക്കയോ ചെയ്യും. ഈവിധം തെളിയിക്കപ്പെട്ട അനുമാനങ്ങളാണ് ശാസ്ത്രസിദ്ധാന്തങ്ങൾ. തെളിയിക്കപ്പെട്ടില്ല എങ്കിൽ കൂടുതൽ വിവരങ്ങൾ ശേഖരിച്ച് പുതിയ അനുമാനം മുമ്പോട്ട് വയ്ക്കുന്നു, പരീക്ഷിക്കുന്നു. ഒരിക്കൽ ശരിയെന്ന് കണ്ടെത്തിയ ചില സിദ്ധാന്തങ്ങൾ പുതിയ വിവരങ്ങളുടെ സാഹചര്യത്തിൽ പിന്നീട് അനുയോജ്യമല്ല എന്നുവരാം. അപ്പോൾ ഇതേ രീതിയിൽ വീണ്ടും അവ പരിഷ്കരിക്കപ്പെടുന്നു. ഈ വിധം നിരന്തരം പരിഷ്കരിച്ച് ശരിയിൽനിന്ന് കൂടുതൽ ശരിയിലേക്ക് പോകുകയാണ് ശാസ്ത്രം ചെയ്യുക. മാനവരാശിയുടെ ഏറ്റവും കരുത്തുള്ള ആയുധമായി ശാസ്ത്രം മാറിയത് അതുകൊണ്ടാണ്. പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ കാഴ്ചപ്പാട് വികസിച്ച് മഹാവിസ്ഫോടനസിദ്ധാന്തം വരെ എത്തിയത് ഈ പ്രക്രിയയിലൂടെയാണ്.

ശാസ്ത്രം ഓരോ വ്യക്തിയുടെയും ചിന്തയിലും പ്രവർത്തനത്തിലും വഴികാട്ടിയാകണമെന്നാണ് നെഹ്റു ആഗ്രഹിച്ചത്. രണ്ടുനൂറ്റാണ്ടിലേറെ നീണ്ട കൊളോണിയൽ ചൂഷണത്താൽ തകർന്ന നമ്മുടെ രാജ്യത്തെ പുനരുദ്ധരിക്കാൻ ശാസ്ത്രത്തിനാണ് കഴിയുക എന്നദ്ദേഹം ഉറച്ചുവിശ്വസിച്ചു. അദ്ദേഹം പറഞ്ഞു, 'വിശക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം അതല്ലാതെ മറ്റൊരു സത്യമില്ല. അവർക്ക് ഭക്ഷണം വേണം. വിശക്കുന്നവന് ദൈവം എന്നതിന് വലിയ അർഥമില്ല. ഇന്ത്യയെപ്പോലെ പട്ടിണി നടമാടുന്ന ഒരു രാജ്യത്ത് ദൈവം, ആത്യന്തിക സത്യം തുടങ്ങിയ വലിയ കാര്യങ്ങൾ പറയുന്നത് ഒരു തമാശയാണ്. നമുക്കവർക്ക് ഭക്ഷണം നൽകാനാവണം. വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നു എന്നുറപ്പുവരുത്തണം. അത് സാധ്യമായതിനുശേഷം നമുക്ക് തത്വചിന്തയിലേക്കും ദൈവത്തിലേക്കും തിരിയാം. അതിനാൽ ശാസ്ത്രം ഈ രീതിയിലാണ് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. കൂടുതൽ വിശാലമായി കാര്യങ്ങളെ ആസൂത്രണം ചെയ്യേണ്ടതും അതിനാലാണ്'.

ഈയൊരു കാഴ്ചപ്പാടോടെയാണ് സ്വതന്ത്രഭാരതത്തെ സ്വാശ്രയ പാതയിലൂടെ കെട്ടിപ്പടുക്കാൻ അദ്ദേഹം യത്നിച്ചത്. ഇതിനായി പാടിക്ബ്ലാക്കെറ്റ്, ജെ ബി എസ് ഹാൽഡയിൻ, ജെ ഡി ബർണൽ എന്നീ ഉന്നതരായ ബ്രിട്ടീഷ് ശാസ്ത്രജ്ഞരുമായി അടുത്ത സൗഹൃദം പുലർത്തുകയും അവരെ നമ്മുടെ രാഷ്ട്രനിർമ്മാണത്തിൽ സഹകരിപ്പിക്കുകയും ചെയ്തു. നിരായുധീകരണം സംബന്ധിച്ച നെഹ്റുവിന്റെ കാഴ്ചപ്പാടിനെ ഏറെ സ്വാധീനിച്ച വ്യക്തി പാടിക്ബ്ലാക്കെറ്റ് ആണത്രെ. ഹാൽഡയിൻ ഇന്ത്യയെ പ്രവർത്തന രംഗമായി തിരഞ്ഞെടുക്കുക മാത്രമല്ല, ഒടുവിൽ ഇന്ത്യൻ പൗരത്വം സ്വീകരിക്കയും ചെയ്തു.



സി വി രാമൻ, പ്രഫുല്ല ചന്ദ്ര റേ, മഹലാനോബിസ്, വിക്രം സാരാഭായ്, ഹോമി ഭാഭ, സതീഷ് ധവാൻ, നളിനി രഞ്ജൻ സർക്കാർ തുടങ്ങി പ്രശസ്തരായ ശാസ്ത്രജ്ഞരുടെ ഒരു നിര തന്നെ നെഹ്റുവിന്റെ നേതൃത്വത്തിൽ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളായി. CSIR (Council of Sci-

entific and Industrial Research) നെ കൂടുതൽ കാര്യക്ഷമമാക്കി. Indian National Committee for Space Research (INCOSPAR-1962) (ISROയുടെ മുൻഗാമി), IIT കൾ (1961) തുടങ്ങി അമ്പതോളം ശാസ്ത്രഗവേഷണ സ്ഥാപനങ്ങളാണ് നെഹ്രുവിന്റെ ഭരണകാലത്ത് ആരംഭിച്ചത്. രാജ്യത്തിന്റെ മൊത്തം ദേശീയ വരുമാനത്തിന്റെ ഒരു ശതമാനമെങ്കിലും ശാസ്ത്രഗവേഷണത്തിനായിത്തീരണമെന്ന് അദ്ദേഹം വിഭാവനം ചെയ്തു.

നെഹ്രുവിനു ശേഷമുള്ള അഞ്ചുദശകത്തിനിടയിൽ ശാസ്ത്ര-സാങ്കേതിക രംഗത്ത് നാം അതിവേഗം മുന്നേറി. ഭക്ഷ്യരംഗത്ത് സ്വയംപര്യാപ്തത നേടി. ബഹിരാകാശരംഗത്തും ആണവസാങ്കേതികവിദ്യയിലും നാം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. ചികിത്സാരംഗത്ത് ഒറ്റ വാക്സിൻകൊണ്ട് അഞ്ചു മാരകരോഗങ്ങളെ തുരത്താനാവുന്ന പെന്റാവാലന്റ് വാക്സിനും നൽകാൻ നമുക്കാവുന്നു. ഈ നേട്ടങ്ങളുടെയെല്ലാം അടിത്തറ സൃഷ്ടിക്കപ്പെട്ടത് പണ്ഡിറ്റ് നെഹ്രുവിന്റെ നേതൃത്വത്തിലാണ്.

എന്നാൽ നെഹ്രു മുന്നോട്ടുവച്ച ശാസ്ത്രാവബോധത്തിന്റെ കാര്യത്തിൽ രാജ്യം ഏറെ പിന്നോട്ട് പോയിരിക്കുന്നു. അന്ധവിശ്വാസങ്ങൾ പലതും തിരിച്ചുവരുന്നു. ശാസ്ത്രവിരുദ്ധതയും കപടശാസ്ത്രങ്ങളും പൊതുബോധത്തിൽ വലിയതോതിൽ സ്വാധീനം ചെലുത്തുന്നു. ശാസ്ത്രചിന്തയ്ക്കും യുക്തിബോധത്തിനും വേണ്ടി നിലകൊള്ളുന്നവർ ആക്രമണത്തിനും മരണത്തിനുമിരയാവുന്നു. അടിസ്ഥാന ശാസ്ത്രഗവേഷണത്തിനു പകരം മിത്തുകളും വിശ്വാസങ്ങളും യാഥാർഥ്യമാണെന്ന് സ്ഥാപിക്കാനുള്ള ഗവേഷണങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്നു. ഭാരതം കൈവരിച്ച ശാസ്ത്രപുരോഗതിയെ പിന്നോട്ടടിപ്പിക്കാൻ പോന്ന കാര്യങ്ങളാണിവ.



## പദപരിചയം

● സാധുത - ശരിയായ അവസ്ഥ ● ആത്യന്തികം - പൂർണ്ണമായ ● അവബോധം - അറിവ് ● മിത്ത് - പുരാവൃത്തം ● മഹാവിസ്ഫോടനസിദ്ധാന്തം - ലോകോല്പത്തിസിദ്ധാന്തങ്ങളിൽ ഒന്ന് ● വീക്ഷണം - കാഴ്ച, നോട്ടം ● പ്രതിഭാസം - മായികമായ തോന്നൽ ● മാരകം - മരണകാരണമായ ● പെന്റാവാലന്റ് വാക്സിൻ - കുഞ്ഞുങ്ങൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പ്


## പഠനപ്രവർത്തനങ്ങൾ

- ശാസ്ത്രം മനുഷ്യരാശിക്കു നൽകിയ സംഭാവനകളെന്തെല്ലാം? ലേഖനത്തിലെ ആശയങ്ങളെ മുൻനിർത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
- നെഹ്രുവിന്റെ ശാസ്ത്രാവബോധം നമ്മുടെ രാജ്യത്തിനു നൽകിയ നേട്ടങ്ങൾ വിശകലനം ചെയ്യുക.
- ഒരു നൂറ്റാണ്ടിനിടയിൽ മനുഷ്യായുസ് ഇരട്ടിയിലേറെ വർധിച്ചു. എന്നിട്ടും അതിന് ഏറെ സഹായിച്ച വാക്സിനേഷനും ആധുനിക ചികിത്സാരീതിയും അപകടമാണെന്ന് പ്രചരിപ്പിക്കുകയും പണ്ട് മനുഷ്യർ ഏറെക്കാലം ജീവിച്ചിരുന്നു എന്നെല്ലാമുള്ള അബദ്ധങ്ങൾ വിശ്വസിക്കുകയും ചെയ്യുന്ന ഏറെപ്പേരെ ഇന്നും നമ്മുടെയിടയിൽ കാണാം.

  പ്രസ്താവനയും പാഠഭാഗവും പരിഗണിച്ച് 'വളരുന്ന ശാസ്ത്രം, വളരാത്ത മനുഷ്യർ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.
- ശാസ്ത്രം ഓരോ വ്യക്തിയുടെയും ചിന്തയിലും പ്രവർത്തനത്തിലും വഴികാട്ടിയാകണമെന്നാണ് നെഹ്റു ആഗ്രഹിച്ചത് നെഹ്രുവിന്റെ ഈ ചിന്തകൾ വർത്തമാനകാലത്ത് എത്രത്തോളം പ്രാവർത്തികമാണ്? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക?

## എഴുത്തുകാർ

### ശ്രീനാരായണഗുരു (1856-1928)



ആധുനിക ഭാരതം കണ്ട ഏറ്റവും വലിയ തത്വചിന്തകനും മഹാനായ സന്യാസിവര്യനും കേരള നവോത്ഥാന ചരിത്രത്തിലെ അതുല്യനായ സാമൂഹ്യ പരിഷ്കർത്താവും ആണ് ശ്രീനാരായണഗുരു. സാമൂഹിക തിന്മകൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പോരാടിയ അദ്ദേഹം കേരളീയ സമൂഹത്തെയാകെ നവോത്ഥാനത്തിലേക്ക് നയിച്ചു. ജാതിവ്യവസ്ഥയെ ചോദ്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണഗുരു. പ്രധാനകൃതികൾ: *വിനയാഷ്ടകം, ദൈവദശകം, ദർശനമാല, ജാതിലക്ഷണം, അനുകമ്പാദശകം, കുണ്ഡലിനിപ്പാട്ട്*

### കുമാരനാശാൻ (1873 - 1924)



മലയാളത്തിലെ കാൽപനിക കവിതയ്ക്ക് തുടക്കം കുറിച്ച കവി. ചിറയിൻകീഴിലെ കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്നു. എസ് എൻ ഡി പി യോഗത്തിന്റെ സ്ഥാപക സെക്രട്ടറി. വിവേകോദയം മാസികയുടെ പത്രാധിപർ. 1922ൽ വെയിൽസ് രാജകുമാരൻ അദ്ദേഹത്തെ പട്ടും വളയും നൽകി ആദരിച്ചു. 1924 ജനുവരി 16നു പല്ലനയാറ്റിൽ റഡീമർ എന്ന ബോട്ട് മറിഞ്ഞ് അന്തരിച്ചു. പ്രധാനകൃതികൾ: *വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ, പ്രരോദനം, ശ്രീബുദ്ധചരിതം, ബാലരാമായണം, ചിന്താവിഷ്ടയായ സീത, പുഷ്പവാടി.*

## ദേവകി നിലയങ്ങോട് (1928 - 2023)



**1928ൽ പൊന്നാനിക്കടുത്ത് മൂക്കുതലയിൽ ജനിച്ചു. ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ല. അന്തർജനങ്ങളുടെ ദുരിതപൂർണ്ണമായ ജീവിതാവസ്ഥയ്ക്കെതിരെ സംഘടിതമായി പോരാടി. 1948ൽ ലക്കിടി ചെറാമംഗലത്ത് മനക്കൽ അന്തർജനങ്ങളുടെ കൂട്ടായ്മയിൽനിന്ന് പിറന്ന 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകത്തിന്റെ ചുക്കാൻ പിടിച്ചത് ദേവകി നിലയങ്ങോട് ആയിരുന്നു. പ്രധാന കൃതികൾ:** *കാലപ്പകർച്ചകൾ, യാത്ര: കാട്ടിലും നാട്ടിലും, നഷ്ടബോധങ്ങളില്ലാതെ, Antharjanam: Memoirs of a Namboodiri Woman.*

## ടി കെ ദേവരാജൻ (1960 - )



എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ജനനം. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ജനറൽ സെക്രട്ടറിയുടേതുൾപ്പടെ വിവിധ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്. മലയാളത്തിലെ സയൻസ് ഓൺലൈൻ മാഗസിനായ ലൂക്ക (Luca.co.in) യുടെ എഡിറ്ററായും പ്രവർത്തിച്ചു. *ജ്യോതിഷം: ശാസ്ത്രവും വിശ്വാസവും, നക്ഷത്രദൂരങ്ങൾ തേടി, മലയാളിയും ശാസ്ത്രബോധവും* (ലഘുപുസ്തകം) എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ട ശാസ്ത്രപുസ്തകങ്ങൾ. *ജനങ്ങളെ കൈവെടിയുന്ന ബാങ്കുകൾ, നോട്ടു നിരോധനവും ജി എസ് ടിയും* (മറ്റ് രണ്ടു പേരുമായി ചേർന്ന്) എന്നിവയാണ് മറ്റ് പുസ്തകങ്ങൾ.



## തുടർവായന

1. സരസ്വതീവിജയം - പോത്തേരി കുഞ്ഞമ്പു
2. ജാതിക്കുമ്മി - പണ്ഡിറ്റ് കെ.പി.കറുപ്പൻ
3. തോട്ടിയുടെ മകൻ - തകഴി
4. മണ്ണിന്റെ മാറിൽ - ചെറുകാട്
5. കണ്ണീരും കിനാവും - വി.ടി.ഭട്ടതിരിപ്പാട്
6. പന്തിഭോജനം (കഥ) - സന്തോഷ് ഏച്ചിക്കാനം
7. എച്ചിൽ - ഓം പ്രകാശ് വാല്മീകി
8. അക്കർമാശി - ശരൺകുമാർ ലിംബാലെ
9. അർധനാരീശ്വരൻ - പെരുമാൾ മുരുകൻ
10. തൊഴിൽകേന്ദ്രത്തിലേക്ക് - ഒരു സംഘം സ്ത്രീനാടക പ്രവർത്തകർ
11. അഗ്നിസാക്ഷി - ലളിതാംബിക അന്തർജനം
12. കെ സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ - കെ. സരസ്വതിയമ്മ
13. എഴുത്തമ്മമാർ - ഗീത

യൂണിറ്റ് - 4

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | ശ്രീനാരായണഗുരുവിന്റെ കാഴ്ചപ്പാടുകൾ സമകാലിക കേരളസമൂഹവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാൻ. | | | |
| 2 | കവിതാഭാഗം വിശകലനം ചെയ്ത് ജീവിതദർശനങ്ങൾ കണ്ടെത്തി എഴുതാൻ. | | | |
| 3 | കവിതാഭാഗങ്ങളിലെ പ്രയോഗങ്ങളുടെ സവിശേഷതകൾ കണ്ടെത്താൻ. | | | |
| 4 | സാമൂഹികപരിഷ്കർത്താക്കൾ സമൂഹത്തിന് നൽകുന്ന സന്ദേശം വെളിപ്പെടുത്തുന്ന പ്രഭാഷണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ. | | | |
| 5 | സാമൂഹ്യമായ വിലക്കുകളെയും പിന്നാക്കാവസ്ഥകളെയും അതിജീവിച്ച് ഉയർന്നുവന്ന, നവോത്ഥാന നായകന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാൻ. | | | |
| 6 | ആത്മകഥാഭാഗങ്ങൾ വിശകലനം ചെയ്ത് കേരളീയ ജീവിതത്തിൽ നിലനിന്നിരുന്ന, സ്ത്രീകളുടെ ജീവിത സാഹചര്യങ്ങൾ കണ്ടെത്തി ചർച്ച ചെയ്യാൻ. | | | |
| 7 | പഴഞ്ചൊല്ലുകൾ വിശകലനം ചെയ്ത് അവയിലെ ഗുണദോഷങ്ങൾ കണ്ടെത്തി ചർച്ച ചെയ്യാൻ. | | | |
| 8 | ശാസ്ത്രം മനുഷ്യരാശിക്ക് നൽകിയ സംഭാവനകളെക്കുറിച്ച് ലേഖനങ്ങളെ മുൻനിർത്തി ആശയങ്ങൾ ക്രോഡീകരിച്ച് കുറിപ്പ് തയ്യാറാക്കാൻ. | | | |
| 9 | ആധുനികശാസ്ത്രം മനുഷ്യരാശിക്ക് നൽകിയ സംഭാവനകൾ എന്തെന്ന് കണ്ടെത്തി ഉപന്യാസം തയ്യാറാക്കാൻ. | | | |

# നൊന്തു പൊരുതുന്നവർ

ആരു ചവിട്ടിത്താഴ്ത്തിലുമഴലിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവസ്മരണയിലാഹ്ളാദത്തിൻ
ലോകത്തെത്തും ഹൃദയം.

ഒരു താരകയെക്കാണുമ്പോളതു
രാവു മറക്കും, പുതുമഴ കാൺകെ
വരൾച്ച മറക്കും, പാൽച്ചിരി കണ്ടതു
മൃതിയെ മറന്നു സുഖിച്ചേ പോകും
പാവം മാനവഹൃദയം...

*- സുഗതകുമാരി*

- പാവം മാനവഹൃദയം എന്ന് കവി പറയുന്നതെന്തുകൊണ്ട്? ചർച്ച ചെയ്യുക.

## പാഠം 1

# പന്തങ്ങൾ

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

ചോര തുടിക്കും ചെറുകൈയുകളേ,
പേറുക വന്നീപ്പന്തങ്ങൾ.
ഏറിയ തലമുറയേന്തിയ പാരിൻ
വാരൊളി മംഗളകന്ദങ്ങൾ!

പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ
ചിന്തകളുരസിടുമക്കാലം,
വന്നു പിറന്നിതു ചെന്നിണമോലും
വാളുകണക്കൊരു തീനാളം.

സഞ്ചിതമാകുമിരുട്ടുകളെല്ലാം
സംഭ്രമമാർന്നോരന്നേരം
മാനവർ കണ്ടാ,രഗ്നിസ്മിതമതിൽ
മന്നിലെ വിണ്ണിൻ വാഗ്ദാനം.

ആയിരമായിരമാത്തീ ചുംബി-
ച്ചാളി വിടർന്നൊരു പന്തങ്ങൾ
പാണിയിലേന്തിപ്പാടിപ്പാടി-
പ്പാരിലെ യുവജനവൃന്ദങ്ങൾ

കാലപ്പെരുവഴിയൂടെ പോന്നിതു
കാണെക്കാണെക്കമനീയം
കാടും പടലും വെണ്ണീറാക്കി-
ക്കനകക്കതിരിനു വളമേകി,

കഠിനമിരുമ്പുകുഴമ്പാക്കിപ്പല-
കരുനിര വാർത്തു പണിക്കേകി,
അറിവിൻതിരികൾ കൊളുത്തിക്കലകൾ-
ക്കാവേശത്തിൻ ചൂടേകി,

മാലോടിഴയും മർത്ത്യാത്മാവിനു
മേലോട്ടുയരാൻ ചിറകുതകി,
പാരിൽ മനുഷ്യപുരോഗമനക്കൊടി
പാറിച്ചവയീപ്പന്തങ്ങൾ,



മെത്തിടുമിരുളിതിലെത്ര ചമച്ചു
പുത്തൻ പുലരിച്ചന്തങ്ങൾ!
ധൃഷ്ടതകൂടുമധർമ്മശതത്തിൻ
പട്ടടതീർത്തു പന്തങ്ങൾ,

പാവനമംഗളഭാവിപഥത്തിൽ
പട്ടുവിരിച്ചു പന്തങ്ങൾ.
മർത്ത്യചരിത്രം മിന്നലിലെഴുതീ-
യിത്തുടുനാരാചാന്തങ്ങൾ!

പോയ്മറഞ്ഞവർ ഞങ്ങൾക്കേകി,
കൈമുതലായീപ്പന്തങ്ങൾ.
ഹൃദയനിണത്താൽത്തൈലം നൽകി,
പ്രാണമരുത്താൽ തെളിവേകി!

മാനികൾ ഞങ്ങളെടുത്തു നടന്നു
വാനിനെ മുകരും പന്തങ്ങൾ.
ഉച്ചലമാക്കീയൂഴിയെ, ഞങ്ങടെ-
യുജ്ജ്വലഹൃദയസ്പന്ദങ്ങൾ
അടിമച്ചങ്ങല നീറ്റിയുടപ്പാൻ
അഭിനവലോകം നിർമ്മിപ്പാൻ
ആശയ്ക്കൊത്തു തുണച്ചൂ ഞങ്ങളെ-
യാളിക്കത്തും പന്തങ്ങൾ,

കൂരിരുളിൻ വിരിമാറു പിളർത്തി
ച്ചോര കുടിക്കും ദന്തങ്ങൾ.

വാങ്ങുകയായീ ഞങ്ങൾ, കരുത്തൊടു
വാങ്ങുക വന്നീപ്പന്തങ്ങൾ!

എരിയും ചൂട്ടുകളേന്തിത്താരകൾ
വരിയായ് മുകളിൽപ്പോകുമ്പോൾ
ചോര തുടിക്കും ചെറുകയ്യുകളേ,
പേറുക വന്നീപ്പന്തങ്ങൾ!
എണ്ണീടാത്തൊരു പുരുഷായുസ്സുകൾ
വെണ്ണീറാകാം! പുകയാകാം,
പൊലിമയൊടന്നും പൊങ്ങുക പുത്തൻ
തലമുറയേന്തും പന്തങ്ങൾ!

കത്തിന വിരലാൽച്ചൂണ്ടുന്നുണ്ടവ
മർത്ത്യപുരോഗതി മാർഗങ്ങൾ.
ഗൂഢതടത്തിൽ മൂഗീയത മരുവും
കാടുകളു,ണ്ടവ കരിയട്ടെ

വാരുറ്റോരു നവീനയുഗത്തിൻ
വാകത്തോപ്പുകൾ വിരിയട്ടെ.
അസ്മദനശ്വരപൈതൃകമാമീ-
യഗ്നി വിടർത്തും സ്കന്ധങ്ങൾ.

ആകെയുടച്ചീടട്ടേ മന്നിലെ
നാകപുരത്തിൻ ബന്ധങ്ങൾ!
ചോര തുടിക്കും ചെറുകയ്യുകളേ
പേറുക വന്നീപ്പന്തങ്ങൾ!

## പദപരിചയം

- വാരൊളി - മനോഹരമായ പ്രകാശം • വൃന്ദങ്ങൾ - കൂട്ടങ്ങൾ • സ്പന്ദങ്ങൾ - തുടിപ്പുകൾ • വാരുറ്റ - അതിമനോഹരം
- മാല് - ദുഃഖം • മെത്തിടുക - വർധിക്കുക

## പഠനപ്രവർത്തനങ്ങൾ

- അധ്വാനമാണ് ജീവിതത്തെ സുന്ദരവും അർഥപൂർണ്ണവുമാക്കുന്നത്. കവിത വിശകലനംചെയ്ത് സമർഥിക്കുക.
- അടിമച്ചങ്ങല നീറ്റിയുടപ്പാൻ
  അഭിനവലോകം നിർമ്മിപ്പാൻ
  ആശയൊത്തുതുണച്ചൂ ഞങ്ങളെ
  ആളിക്കത്തും പന്തങ്ങൾ
  മാനവ വിമോചനത്തിന്റെ പ്രതീകമായി പന്തങ്ങൾ മാറുന്നുണ്ടോ? ചർച്ച ചെയ്യുക. ഇത്തരത്തിലുള്ള പ്രയോഗഭംഗികൾ കവിതയിലെ സന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് വ്യക്തമാക്കുക.
- കാവ്യപ്രയോഗങ്ങൾ വിശദീകരിക്കുക.
  അഗ്നിസ്മിതം, ചിന്തകളുരസി, കാലപ്പെരുവഴി, കത്തിന വിരലാൽ ചൂണ്ടുന്നു.

പാഠം 2


# പിറന്ന നാടുവിട്ടവർ

**ബെന്യാമിൻ**

ജയിലിലെ ഭക്ഷണനേരങ്ങളത്രയും ക്രമീകരിച്ചിരിക്കുന്നത് നമസ്കാര സമയങ്ങളുമായി ബന്ധപ്പെടുത്തിയാണ്. അതികാലത്ത് സുബ്ഹ് നമസ്കാരം കഴിഞ്ഞാലുടൻ എല്ലാവർക്കും ഓരോ ഗ്ലാസ് പാൽ! പിന്നെ ഒൻപതുമണിക്ക് പ്രഭാതഭക്ഷണംവരെ ഇഷ്ടംപോലെ കയറിയിറങ്ങി കുടിക്കാൻ പാകത്തിൽ ചായ. ഖുബൂസും ഡാൽ കറിയുമാണ് പ്രഭാതഭക്ഷണം. ഉച്ചയ്ക്ക് കഷ്ടിച്ച് പന്ത്രണ്ടുമണി ആവുകയേയുള്ളൂ. ളുഹ്ര് കഴിഞ്ഞാലുടൻ ആഹാരം തയ്യാർ. ഖബ്സ എന്നും മജ്ബൂസ് എന്നുമൊക്കെ വിളിക്കുന്ന ഒരുതരം അറബി ബിരിയാണിയാണ് എല്ലാ ദിവസവും. ഒരു വലിയ തളികയിൽ ഒരു പത്തുപേർക്ക് ഒന്നിച്ചു കഴിക്കാൻ പാകത്തിലാണ് ആഹാരം കൊണ്ടുവരിക. അറബി ശൈലിയിൽ എല്ലാവരും വട്ടം കൂടിയിരുന്ന് ഒരു തളികയിൽനിന്ന് ഒന്നിച്ചു കഴിച്ചുകൊള്ളണം. കോഴി, ആട്, ഒട്ടകം ഇവയുടെ ഇറച്ചിയിട്ട് വേവിച്ചത് ഓരോ ദിവസവും മാറിമാറി വരും. അതിൽ ആട്ടിറച്ചി ഇട്ടുവേവിക്കുന്ന ദിവസം ഞാൻ ഒന്നും കഴിക്കില്ല. കഴിഞ്ഞതൊക്കെ കഴിഞ്ഞു. അതൊക്കെ മറന്ന് വല്ലതും കഴിക്കാൻ നോക്ക്. ശരീരം നന്നാക്കാൻ ജയിൽപോലെ നല്ല ഇടം വേറെ ഇല്ല. വന്നപോലെയെങ്കിലും നമുക്കു തിരിച്ചുപോകണ്ടേ. നാട്ടിൽ ചെല്ലുമ്പോ കോലം കണ്ട് ഭാര്യ നെഞ്ചത്തു കൈവയ്ക്കാൻ ഇടകൊടുക്കരുത്. നമ്മളനുഭവിച്ചതു നമ്മളുമാത്രം അറിഞ്ഞാൽ മതി എന്നൊക്കെ ഹമീദ് എപ്പോഴുമെന്നെ നിർബന്ധിക്കും. പക്ഷേ, ആര് എന്തൊക്കെ പറഞ്ഞാലും സമാധാനിപ്പിച്ചാലും എനിക്കതുമാത്രം ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ആട്ടിറച്ചി എന്നു കേൾക്കുമ്പോഴേ എന്റെ കണ്ണിൽ വെള്ളം നിറഞ്ഞുകവിയും.

ആദ്യമൊക്കെ വിശപ്പോടെ ചെന്ന് ആഹാരത്തിൽ കൈയിട്ടു കഴിയുമ്പോഴാവും ഇന്ന് ആട്ടിറച്ചിയാണ് എന്നറിയുക. ഒന്നും മിണ്ടാതെ കൈ കുടഞ്ഞ് ഞാൻ എഴുന്നേറ്റു പോകും. പിന്നെപ്പിന്നെ നേരത്തെ ചോദിച്ചുവയ്ക്കും. ആടാണെന്നറിയുന്ന ദിവസം ഞാൻ ആഹാരത്തിന്റെ അടുത്തേക്കേ പോവില്ല. അന്നു പിന്നെ അസ്റിനുശേഷമുള്ള ചായയിലും ബിസ്കറ്റിലും എന്റെ ഭക്ഷണം ഒതുക്കും. അതുതന്നെയാണ് രാത്രിയിലത്തെയും സ്ഥിതി. മഗ്‌രിബിനും ഈശ നമസ്കാരത്തിനും ഇടയിലാണ് രാത്രിയാഹാരം. അപ്പോഴും ഖുബൂസും ഇറച്ചിക്കറിയുമായിരിക്കും ഭക്ഷണം. ആട്ടിറച്ചിയാണെങ്കിൽ ഞാൻ മാറിയിരിക്കും. അത്ര വിശപ്പ് തോന്നുന്നെങ്കിൽ ഖുബൂസ് മാത്രം എടുത്ത് പച്ചവെള്ളത്തിൽ മുക്കിക്കഴിക്കും. തൊട്ടുകൂട്ടി തിന്നാൻ കറിയൊന്നുമില്ലാത്ത ആ കഴിപ്പിൽ എനിക്കൊരു വിഷമവും വ്യത്യാസവും തോന്നിയിരുന്നതേയില്ല. എത്രയോ കാലം എന്റെ പതിവായിരുന്നു അത്!

സുമേസി ജയിലിന് ജയിലിന്റേത് എന്നു കേട്ടറിവുള്ള സ്വഭാവങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അത്യക്കും സ്വതന്ത്രമായിരുന്നു ബ്ലോക്കിലെ ഞങ്ങളുടെ ജീവിതം. വിസയില്ലാത്തവർ, വിസ പുതുക്കാത്തവർ, പത്താക്കയില്ലാത്തവർ, നമസ്കാരത്തിനു കൂടാതെ പൊതുനിരത്തിൽനിന്നും പിടികൂടിയ മുസ്ലീങ്ങൾ, റമദാനിൽ ആഹാരം പാകം ചെയ്തവർ, പൊതുനിരത്തിൽ സിഗരറ്റു വലിച്ചവർ, കൂടോത്രവും ക്ഷുദ്രഹോമവും നടത്തിയവർ, അറബികളുമായി ചില്ലറ ഗുസ്തികൾ നടത്തിയവർ എന്നിങ്ങനെയുള്ള നിയമലംഘനം നടത്തിയവരായിരുന്നു ഞങ്ങളുടെ ബ്ലോക്കിൽ ഉണ്ടായിരുന്നത്. ഏറിയതും കുറഞ്ഞതുമായ ശിക്ഷ, നാടുകടത്തൽ എന്ന ശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ. കടുത്ത ക്രിമിനൽ കുറ്റം ചെയ്തവർ വേറെ ജയിലിലോ വേറെ ബ്ലോക്കിലോ ആയിട്ടാവും ഞങ്ങൾക്ക് ഈ



സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടത്. അത്രയും മാനസിക സമ്മർദമില്ലാതെ കഴിഞ്ഞ ദിവസങ്ങൾ ജീവിതത്തിലെവിടെയും ഓർമിക്കാൻ കഴിയുന്നില്ല. സമയത്ത് ഭക്ഷണം കഴിക്കുക, നമസ്കരിക്കുക, ആവശ്യത്തിനും അതിലധികവും ഉറങ്ങുക, വെറുതെ ചിന്തിക്കുക, വേണ്ടുന്നത്ര വർത്തമാനം പറയുക, ജീവിതത്തെപ്പറ്റി പുതിയ വല്ലതും മോഹിക്കുക ഇതൊക്കെയായിരുന്നു ജയിൽപതിവുകൾ. ലോകം നമ്മളെ അറിയുന്നില്ല. നമ്മൾ ലോകവും അറിയുന്നില്ല. അതാണ് സത്യത്തിൽ ഒരു ജയിൽ!

അവിടെ കുളിക്കാനുള്ള സൗകര്യമില്ലായ്മയെക്കുറിച്ചായിരുന്നു ഹമീദിന്റെ ഒരേയൊരു പരാതി. ആദ്യത്തെ കുറച്ചു ദിവസം അങ്ങനെയൊക്കെ അങ്ങ് പോയി. ഒരാഴ്ച കഴിഞ്ഞപ്പോൾ ദേഹത്ത് വല്ലാതെ വിയർപ്പൊട്ടുന്നതിനെക്കുറിച്ചും ദുർഗന്ധം ഉയരുന്നതിനെപ്പറ്റിയും അവൻ സ്വയം പഴിപറയുന്നതു കേട്ടു. ഞാനപ്പോൾ അൽപം ഉറക്കെത്തന്നെ ചിരിച്ചു. പിന്നെ ഞാൻ എന്റെ വിരലിൽ കണക്കു കൂട്ടി. മൂന്നു വർഷം നാലു മാസം ഒൻപതു ദിവസം! അതോർത്തു ഞാൻ വീണ്ടും വീണ്ടും കുലുങ്ങിച്ചിരിച്ചു. ഒരുപക്ഷേ, അന്നേരം ഹമീദിനുപോലും എന്റെ ആ ചിരിയുടെ അർഥം പിടികിട്ടിക്കാണില്ല.

എന്നെപ്പോലെ ജയിലിൽ എത്തിപ്പെട്ട ഓരോരുത്തർക്കും ഉണ്ടായിരുന്നു ഓരോരോ കഥകൾ. വേദനയുടെ, സങ്കടത്തിന്റെ, കഷ്ടപ്പാടിന്റെ, കണ്ണീരിന്റെ, നിരപരാധിത്വത്തിന്റെ, നിസ്സഹായതയുടെ കഥകൾ. ഒരുപക്ഷേ, എവിടെയെങ്കിലുമൊക്കെ വച്ച് നിങ്ങൾ വ്യത്യസ്ത വ്യാഖ്യാനങ്ങളോടെ കേട്ടിട്ടുള്ള കഥകൾ. അവരിൽ ഒരാളുടെയും നൊമ്പരത്തെ കുറച്ചുകാണിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. എല്ലാവർക്കും സ്വയം കടന്നുവന്ന പാതകൾ കഠിനം തന്നെയായിരുന്നു. അവർക്കു ജീവിതത്തിലുണ്ടായ നഷ്ടങ്ങൾ മറ്റാർക്കും നികത്തിക്കൊടുക്കാനാവാത്ത നഷ്ടങ്ങൾ തന്നെയാണ്. മറ്റു പലരുടെ സങ്കടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എന്റെ ജീവിതവും സങ്കടങ്ങളും വളരെ ചെറുതാണെന്നുവരെ എനിക്കു തോന്നിപ്പോയിട്ടുണ്ട്. അവരിൽ ചിലരുടെയെങ്കിലും സങ്കടകഥകൾ എന്നെ സ്വന്തം സങ്കടത്തിൽനിന്നും കരകയറ്റാൻ സഹായിച്ചിട്ടുണ്ട് എന്നതാണ് സത്യം. ഇങ്ങനെയൊരു കഥ പറയാൻ തക്കവിധം തുടർജീവിതം നയിക്കാൻ എന്നെ പ്രേരിപ്പിച്ചതുതന്നെ ജയിലിൽ നിന്നുകേട്ട ആ കഥകളാണെന്നു ഞാൻ തുറന്നു സമ്മതിക്കാം. ഇല്ലെങ്കിൽ ഒരുപക്ഷേ, ഞാൻ എന്റെ സങ്കടം താങ്ങാനാവാതെ ആത്മഹത്യ ചെയ്തേനെ. ഏതു സങ്കടത്തിൽനിന്നും കരകയറാനുള്ള ഒരേയൊരു വഴി നമ്മളേക്കാൾ സങ്കടമുള്ളവരുടെ കഥകൾ കേൾക്കുക എന്നതുതന്നെയാണ്!

ആഴ്ചയിൽ ഒരിക്കൽ ജയിലിൽ ഒരു തിരിച്ചറിയൽ പരേഡ് ഉണ്ട്. അറബികൾക്കു തങ്ങളുടെ അരികിൽനിന്നു കടന്നുകളഞ്ഞ തൊഴിലാളികളെ കണ്ടെത്താനുള്ള ദിവസമാണത്. ആഴ്ചയിൽ ഒരിക്കൽ ആവർത്തിക്കുന്ന കണ്ണീരിന്റെ ജയിൽവാസം. അന്നു പ്രഭാതഭക്ഷണം കഴിയുന്നതോടെ എല്ലാവരെയും ബ്ലോക്കിനു പുറത്തിറക്കി വരിവരിയായി നിറുത്തും. പ്രതിയെ തിരിച്ചറിയാൻ വരുന്ന സാക്ഷിയെപ്പോലെ അറബികൾ ഞങ്ങൾക്കു മുന്നിലൂടെ നടക്കും, ഓരോ മുഖവും സശ്രദ്ധം വീക്ഷിച്ചുകൊണ്ട്. ഓരോ ആഴ്ചയും ഏതെങ്കിലുമൊക്കെ നിർഭാഗ്യവാന്മാർ ഞങ്ങളുടെ കൂട്ടത്തിൽ കാണും. ആളെ തിരിച്ചറിയുന്നതും ചെവിക്കണം പൊട്ടുന്ന ഒരടിയായിരിക്കും അറബിയുടെ ആദ്യപ്രതികരണം. ചിലർ ബെൽട്ടൂരി നെടുകെയും കുറുകെയും ദേഷ്യം തീരു

ന്നതുവരെ അടിക്കും. അപ്പോൾ ദൂരെ പോലീസുകാർ നോക്കി നിൽക്കുന്നുണ്ടാവും. പക്ഷേ, അവരിതു ശ്രദ്ധിക്കുന്നുകൂടി ഉണ്ടാവില്ല. അതറിയാവുന്നതുകൊണ്ട് ദൂരെ സ്വന്തം സ്പോൺസറെ കാണുമ്പോഴെ സകല ജീവനും നഷ്ടപ്പെട്ട് ചിലർ വലിയ വായിൽ കരയാൻ തുടങ്ങും. മനുഷ്യർ അവന്റെ നിസ്സഹായാവസ്ഥയിൽ എത്ര അധീര നായിപ്പോകുന്നു എന്ന് അപ്പോഴാണ് ശരിക്കും മനസ്സിലാവുക. ഇത്രനാളും അനുഭവിച്ച കഷ്ടപ്പാടിൽ നിന്നും മോചനമായല്ലോ എന്ന ആശ്വാസത്തോടെയായിരിക്കും അയാൾ ജയിലിനുള്ളിൽ കഴിഞ്ഞിരിക്കുക. വീണ്ടും തന്നെ ക്രൂരമായി കഷ്ടപ്പെടുത്തിയ അറ ബിയുടെ അരികിലേക്കു മടങ്ങിപ്പോവുക എന്നതു പലർക്കും ചിന്തിക്കാവുന്നതിനും അപ്പുറത്തുള്ള സംഗതിയാണ്. അത്രയ്ക്കും താഡനങ്ങൾ താണ്ടിയാവും അവർ അവിടെ എത്തിയിട്ടുണ്ടാവുക.

എന്നാൽ അറബിക്ക് യാതൊരു ദയയും ദാക്ഷിണ്യവും ഉണ്ടാവില്ല. ഇവൻ എന്റെ പണം മോഷ്ടിച്ചിട്ടാണ് ഓടിപ്പോയത്, എന്റെ മകളെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു, എന്നെ കൊല്ലാൻ ശ്രമിച്ചു എന്നിങ്ങനെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അറബി അവനെ അപ്പോൾത്തന്നെ വലിച്ചിഴച്ചുകൊണ്ടു പോകും. കൊല്ലാൻ കൊണ്ടു പോകുന്ന അറവുമാടിന്റെ ദൈന്യതയാവും അപ്പോൾ അവന്റെ മുഖത്തുണ്ടാവുക. അവന്റെ നിലവിളി ജയിലിന്റെ മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്കും ഉയർന്നു കേൾക്കും. അവൻ ഉച്ചത്തിൽ അവന്റെ നിരപരാധിത്വം വിളിച്ചുപറയുന്നുണ്ടാവും. ഒന്നും ശ്രദ്ധിക്കുവാൻ ആരും ഉണ്ടാവില്ല. അറബി അവന്റെ നിയമം അവന്റെ ഇഷ്ടം പോലെ നടപ്പാക്കും.

ഒരന്യരാജ്യത്തിന്റെ ജയിലിനുള്ളിൽ ഞങ്ങൾ എത്രയധികം സ്വാതന്ത്ര്യം അനു ഭവിച്ചുവോ അതിലപ്പുറം സ്വാതന്ത്ര്യം സ്വന്തം രാജ്യത്തെ ഒരു ജയിലിൽ ഒരു അറബി അനുഭവിക്കുന്നു എന്നുമാത്രം അതിനെക്കണ്ടാൽ മതി. പൊലീസ് സ്റ്റേഷനിൽ പരാതി കൊടുത്തതിന്റെ ഒരു പേപ്പറുകഷണം കയ്യിലുണ്ടെങ്കിൽ ഏതൊരറബിക്കും അന്നേ ദിവസം സുമേസി ജയിലിനുള്ളിൽ യഥേഷ്ടം കറങ്ങിനടക്കാം. ഓടിപ്പോയ തന്റെ 'അടിമയെ' കണ്ടെത്തിയാൽ വലിച്ചിഴച്ചുകൊണ്ട് ജയിൽ വാർഡന്റെ മുന്നിൽ ഹാജരാക്കാം. അവനെപ്പറ്റിയുള്ള യഥാർഥ പരാതി ബോധിപ്പിക്കാം. പിന്നെ കേസിന്റെ സ്വഭാവം തന്നെ മാറുകയാണ്. നിസ്സാര കുറ്റത്തിന് അകത്തായവർ ക്രിമിനൽ കുറ്റവാളി യാകുന്നു. പിന്നെ നിയമം ശരിയത്ത് കോടതി, ശിക്ഷ... അതല്ലെങ്കിൽ അവനെ കൂടെ കൊണ്ടുപോകണമെന്ന് അറബിക്ക് ആവശ്യപ്പെടാം. അതുമല്ലെങ്കിൽ നാടുകടത്താൻ നിർദേശിക്കാം. എങ്കിൽ മാത്രം അവൻ രക്ഷപ്പെട്ടു. കൂടെ കൊണ്ടുപോകാനാണ് വിധി യെങ്കിൽ പിന്നെ അവന്റെ കഥ കഴിഞ്ഞു എന്നു ചിന്തിച്ചാൽ മതി.

ഓടിപ്പോയതിന്റെ ദേഷ്യത്തിൽ ഇനിയുള്ള കാലം അറബി അവനോട് എങ്ങനെ യാവും പെരുമാറുക എന്ന് സ്വജീവിതത്തിലൂടെ വളരെ നേരിയ മട്ടിൽ ഒന്ന് കണ്ണോ ടിച്ചപ്പോൾത്തന്നെ എന്റെയുള്ളിൽ കിടിലത പെരുകി. ഈ വേദനയും അതിജീവിച്ചു പോരുവാൻ ആ നിർഭാഗ്യവാന്മാർക്ക് കഴിയട്ടെ എന്ന് അള്ളാഹുവിനോട് പ്രാർഥിക്കു വാൻ മാത്രമല്ലേ മറ്റുള്ളവർക്കു കഴിയൂ.

പരേഡു ദിവസം പിന്നെ ബ്ലോക്കിൽ ആകെയൊരു മൂകതയായിരിക്കും. അതുവരെ തങ്ങൾക്കൊപ്പം ഒരു ബ്ലോക്കിൽ കഴിച്ചുകൂട്ടി വർത്തമാനം പറഞ്ഞ് നാടി

നെക്കുറിച്ചു സ്വപ്നം കണ്ടു കളിച്ചു ചിരിച്ച് ആഹാരം പങ്കുവച്ച ഒരുവന്റെ നഷ്ടത്തിന്റെ സങ്കടമാവും മനസ്സുനിറയെ. മെയിൻ ഹാൾ കടന്ന് അപ്പുറംവരേക്കും നീണ്ട അവന്റെ നിലവിളിയുടെ മുഴക്കമായിരിക്കും കാതുനിറയെ.

പിന്നെ തിന്നാനും കുടിക്കാനും ഉറങ്ങാനും വർത്തമാനം പറയാനും ഒന്നും തോന്നില്ല. ആ വേദന ഒന്നു മാഞ്ഞു തുടങ്ങുമ്പോഴേക്കും അടുത്ത ഒരാഴ്ചയെത്തും. അന്നും ഏതെങ്കിലും ഒരു നിരപരാധിക്ക് നറുക്കുവീഴും. ജയിൽ എന്നത് അത്ര സുഖ കരമായ ഓർമ്മയൊന്നുമല്ല!

ഉച്ചഭക്ഷണം വരെ നീണ്ടുനിൽക്കുന്ന രണ്ടു മണിക്കൂറിനുള്ളിൽ നൂറുകണക്കിന് അറബികളാവും ഞങ്ങളുടെ പരേഡ് ലൈനിനെ കടന്നുപോവുക. ആദ്യത്തെ ദിവസ



ങ്ങളിലൊക്കെ എനിക്കും ഹമീദിനും എന്തൊരു പേടിയായിരുന്നെന്നോ. എപ്പോഴാണ് ഞങ്ങളെത്തേടി ആ നിർഭാഗ്യം കടന്നുവരിക എന്ന ആധിയുടെ രണ്ടു മണിക്കൂറുകൾ. വല്ല സാമ്യവും തോന്നിപ്പോയാൽ പൊറുപ്പില്ലാത്ത ഒരു കത്തലാണ് വയറ്റിനുള്ളിൽ. അതു തങ്ങൾക്കു പരിചയമുള്ള ആരുമല്ല എന്നുറപ്പായെങ്കിലേ പിന്നെ ആ കത്തൽ മാറുകയുള്ളൂ.

പല നിർഭാഗ്യവാന്മാരുടെയും കണ്ണീരിനെ താണ്ടിയാണ് ഞങ്ങൾ പോരുന്നതെങ്കിലും ആ രണ്ടു മണിക്കൂർ കഴിയുമ്പോൾ എന്തെന്നില്ലാത്ത ഒരാശ്വാസമാണ് എനിക്കു തോന്നുക. ആ സ്വാർഥതയോടു പൊറുക്കുക. എന്നെത്തേടി ആരും വന്നില്ലല്ലോ എന്ന ആശ്വാസം എന്റെയുള്ളിൽ എപ്പോഴും ഉണ്ടാകും. ആദ്യത്തെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ പതിയെപ്പതിയെ എന്റെ ആധി ഒഴിഞ്ഞകലാൻ തുടങ്ങി. ഏതൊരു ഭീതിയെയും നേരിട്ട് നേരിട്ട് അതു സ്വയം ഇല്ലാതായിപ്പോവുന്നതാവാം ഒരു കാരണം. മറ്റൊന്ന്, എന്നെ തേടിവരാനുള്ള കാലം കഴിഞ്ഞു എന്നൊരു വിശ്വാസവുമാവാം.

സ്പോൺസറുടെ അരികിൽനിന്നും ഓടിപ്പോകുന്ന ഏതൊരാളും ഏതാണ്ട് പതിനഞ്ചു ദിവസം ഒരു മാസത്തിനകം എത്രയായാലും പൊലീസ് വലയിൽ വീണിരിക്കും. അല്ലെങ്കിൽ അവൻ അതിനകം ഒരു താൽക്കാലിക സുരക്ഷിതസ്ഥാനം കണ്ടെത്തിക്കഴിഞ്ഞിരിക്കും. പിന്നെ അവനെ കണ്ടെത്തുക ഏതൊരു അറബിക്കും പ്രയാസമുള്ള സംഗതിയാണ്. അങ്ങനെ വർഷങ്ങളായി രേഖകൾ ഒന്നുമില്ലാതെ താമസിക്കുന്ന എത്രയോ പേരുണ്ട്. ഇതൊക്കെ അറിയാവുന്നതുകൊണ്ട് ഒന്നുരണ്ടു മാസത്തിനകം അറബികൾ തങ്ങളുടെ അന്വേഷണം അവസാനിപ്പിക്കും.

പിന്നെ പോലീസിൽ ഒരു കേസ് കിടക്കും. എന്നെങ്കിലും പിന്നെ കിട്ടിയാൽ കിട്ടി. അത്രതന്നെ.

ആ ഒരു കാലപരിധിയൊക്കെ കഴിഞ്ഞതോടെ എനിക്കും ഹമീദിനും ആശ്വാസമായി. ഇനി ഒരിക്കലും ഞങ്ങളെത്തേടി ആരും വരാൻ പോകുന്നില്ല. അതുകൊണ്ടു തന്നെ പിന്നെപ്പിന്നെ ആ വരിയിൽ നിൽപ്പ് ഞങ്ങൾക്കൊരു രസവും കൗതുകവുമായി ത്തീർന്നു. വെറുതെ വർത്തമാനം പറഞ്ഞും കളിതമാശകൾ പങ്കിട്ടുമായിരുന്നു ഞങ്ങൾ ആ രണ്ടുമണിക്കൂർ ചെലവഴിക്കുന്നത്. ജയിലിനുള്ളിൽ നാലും അഞ്ചും മാസം പിന്നിട്ടവരുടെ ഒക്കെ കാര്യം ഇതായിരുന്നു. ആധികളോട് ഒരുതരം സമരസപ്പെടൽ. അതു ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും നമ്മൾ നേരിടുന്നുണ്ട്. ജീവിതം എത്ര കഠിനമാണെങ്കിലും!

ആളുകൾ വന്നും പോയുമിരിക്കുന്ന ഒരു റെയിൽവേ സ്റ്റേഷൻപോലെയായിരുന്നു ഞങ്ങളുടെ ബ്ലോക്ക്. സ്ഥിരം അന്തേവാസികൾ ആരുമില്ല. പഴയവർ പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയവർ വന്നുകൊണ്ടിരിക്കുന്നു.

ഒന്നിച്ച് ഒരു കൂട്ടമായല്ല വരുന്നത്. രാജ്യത്തിന്റെ വിവിധ കോണുകളിൽ നിന്നും വിവിധ പൊലീസ് സ്റ്റേഷനുകളിൽനിന്നും ഒറ്റ തിരിഞ്ഞാണ് ആ വരവ്. പല ദിവസങ്ങളിൽ പല നേരങ്ങളിലായി. പതിയെയുള്ള ആ ഒഴുകി വരവ് നാം അറിയുകകൂടിയില്ല. എന്നാൽ ഒരുവണ്ടി വന്നുനിൽക്കുമ്പോൾ ഒന്നിച്ചൊരു പ്ലാറ്റ്ഫോം കാലിയാവുന്നപോലെയാണ് ചിലപ്പോഴത്തെ ഒഴിഞ്ഞുപോക്ക്.

അറബികൾ പരിശോധനയ്ക്കു വരുന്നതിന്റെ പിറ്റേ ദിവസം എംബസികളുടെ ദിവസമാണ്. എല്ലാ രാജ്യത്തിന്റെയും എംബസി ജീവനക്കാർ അതതു രാജ്യങ്ങളിലെ തടവുപുള്ളികളുടെ വിമോചനപത്രങ്ങളുമായി ജയിലിൽ വരും. തലേന്ന് കണ്ണീരിന്റെ ദിവസമാണെങ്കിൽ പിറ്റേന്നു സന്തോഷത്തിന്റെ ദിവസമാണ്. അന്നും എല്ലാവരെയും ബ്ലോക്കിൽനിന്നും പുറത്തിറക്കി നിറുത്തും. എംബസി ജീവനക്കാർ മുന്നിൽ വന്നുനിന്ന് പേപ്പറുകൾ - എക്സിറ്റ് പാസ് എന്നാണ് പറയുക - ശരിയായവരുടെ പേരുകൾ വായിക്കും. അവർ മുന്നോട്ടുകയറി നിൽക്കണം. വല്ലാത്തൊരു ആകാംക്ഷ നിറഞ്ഞൊരു നിൽപാണത്. ലോകസുന്ദരിപ്പട്ടത്തിനുള്ള തിരഞ്ഞെടുപ്പുവേദിയിൽ ഫലപ്രഖ്യാപനത്തിന് കാത്തുനിൽക്കുന്ന പെണ്ണിന്റെ ആകാംക്ഷ എന്ന് പിന്നെ പലപ്പോഴും ഞാനതിനെ തമാശയോടെ ഓർത്തിട്ടുണ്ട്. സ്വന്തം പേര് വിളിക്കപ്പെടുമ്പോൾ ലോക സുന്ദരിയുടെ മുഖത്തു ഞെട്ടിവിരിയുന്ന ഭാവം ഓരോരുത്തരുടെയും ഉള്ളിൽ ഞെട്ടി വിടരുന്നുണ്ടാവണം. ആരുമത് പക്ഷേ, പരസ്യമായി പ്രകടിപ്പിക്കാറില്ലെന്നു മാത്രം. എത്രയോ കാലത്തെ യാതനയിൽനിന്നുള്ള അവസാന വിടുതലാവണം ആ പേരുവിളി. ഇപ്പോൾ തന്റെ പേരുവിളിക്കും, പേരുവിളിക്കും എന്നു പ്രതീക്ഷിച്ച് ആകാംക്ഷയോടെ കാത്തുനിന്ന ദിനങ്ങൾ. വിളിക്കപ്പെട്ടവരുടെ ഇടയിൽ തന്റെ പേരില്ലെന്ന് അറിയുമ്പോൾ ഉണ്ടാകുന്ന ഒരു നിരാശയുണ്ട്. മാസങ്ങളായി കാത്തുകാത്തു കിടക്കുന്നവരിൽ ചിലർ ശരിക്കും കരഞ്ഞുപോകും.

പേരുവിളി കഴിഞ്ഞ് ഉദ്യോഗസ്ഥർ ജയിലധികാരികളുടെ മുറിയിലേക്കു മടങ്ങി പേപ്പർ വർക്കുകൾ ശരിയാക്കുന്ന അഞ്ചു മിനിറ്റുസമയം. പിന്നെ ഞങ്ങൾക്കിടയിൽ യാത്രപറച്ചിലിന്റെ നേരമാണ്. കഴിഞ്ഞ കുറേ ദിവസങ്ങൾ ഒന്നിച്ചു കഴിഞ്ഞതിന്റെ, ഒന്നിച്ച് വേദനകൾ പങ്കുവച്ചതിന്റെ ഒരു സങ്കടം എല്ലാവർക്കും ഉണ്ടാകും. എന്നാലും യാത്രയാകുന്നവരെ നിറഞ്ഞ സന്തോഷത്തോടെയാണ് ബാക്കിയാവുന്നവർ യാത്രയാക്കുന്നത്. അധികം പേരോടൊന്നും യാത്ര പറയാൻ പറ്റില്ല. അപ്പോഴേക്കും അനങ്ങിത്തുടങ്ങുന്ന തീവണ്ടിയുടെ ചൂളംവിളിപോലെ പോലീസുകാരുടെ വിസിലടി മുഴങ്ങും. വിളിക്കപ്പെട്ടവർ എല്ലാം അവരുടെ അടുത്തേക്ക് ഓടും. പോകുന്നതിന് തൊട്ടുമുൻപ് പൊലീസിന്റെ ബെൽറ്റുപാട് പുറത്തുവീഴാൻ ആരും ഇഷ്ടപ്പെടില്ലല്ലോ...

ജയിലിൽ ദിവസങ്ങളിങ്ങനെ പിന്നിട്ടപ്പോൾ വല്ലാത്തൊരാധി എന്നെ പിടികൂടി. എനിക്കു മുൻപേ വന്നവരും പിന്നിലേ വന്നവരും ഒക്കെ നാട്ടിലേക്കു കേറിപ്പോയിക്കഴിഞ്ഞു. എന്റെ മാത്രം പേപ്പറുകൾ ഒന്നും ശരിയായിട്ടില്ല. എനിക്കറിയാം. മറ്റുള്ളവർ പാസ്പോർട്ടും മറ്റും കൈവശമുള്ളവരാണ്. അവരുടെ കാര്യങ്ങൾ നടക്കുന്നത്ര വേഗത്തിൽ എന്റെ കാര്യങ്ങൾ നടക്കണമെന്ന് ആഗ്രഹിക്കുന്നതു പന്തിയല്ല. എന്നാലും ഒരു സമയപരിധിയുണ്ടല്ലോ. ഇതിപ്പോ മാസം നാലഞ്ച് പിന്നിടുന്നു. പിന്നെ എന്റെ നിർഭാഗ്യത്തിനു കൂട്ടായി ഹമീദും ഉണ്ട് എന്നതു മാത്രമായിരുന്നു ഒരാശ്വാസം. അവന്റെയും പേപ്പർ വർക്കുകൾ ഇതുവരെയും ശരിയായിട്ടില്ല. ഓരോ ആഴ്ചയും എംബസിക്കാർ വരുമ്പോൾ ഞങ്ങളുടെ പ്രതീക്ഷയേറുകയും അവർ പോയിക്കഴിയുമ്പോൾ നിരാശ വർധിക്കുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാം ശരിയാക്കാമെന്ന് കുഞ്ഞിക്കാ പറഞ്ഞതുപ്രകാരമാണ് പൊലീസിന്റെ പിടിയിലേക്ക് സ്വയം നടന്നുകയറിച്ചെന്നത്. ശരിയാവും. കുഞ്ഞിക്കായെ വിശ്വസിക്കാം. എന്റെ പടച്ചോനെ... കുഞ്ഞിക്കായെ

ഞാൻ വിശ്വസിക്കാതിരുന്നാൽ പിന്നെ ഈ ലോകത്തിൽ മറ്റാരെയാണ് ഞാൻ വിശ്വസിക്കുക..?! അദ്ദേഹം നിന്റെ പേരിൽ എനിക്കു ചെയ്തുതന്ന ഉപകാരങ്ങൾ ഞാൻ ഒരു നിമിഷത്തേക്കു മറന്നുപോയതിലും നിരാശയുടെ ഒരു അർധനിമിഷത്തിൽ ഞാൻ അദ്ദേഹത്തെ സംശയിച്ചുപോയതിലും നിന്റെ പരമകാരുണ്യം ഉപയോഗിച്ച് എന്നോട് പൊറുക്കണമേ...

എംബസിക്കാര്യങ്ങളല്ലേ. എല്ലാം അതിന്റെ മുറപോലെയേ നടക്കൂ. കാത്തിരിക്കുക. കാത്തിരിക്കുക. ഇത്രയും നാൾ സഹിച്ച് കാത്തിരുന്നില്ലേ... ഇനി കുറച്ചു നാൾ കൂടി. പരമകാരുണികനായ അള്ളാഹു എനിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയം ഇനിയും വന്നിട്ടില്ല. അത്രയേയുള്ളൂ. അതിനുള്ള തൃപ്തികരമായ വിശദീകരണം.

അന്ന് അറബികൾ വരുന്ന ദിവസമായിരുന്നു. ഞാനും ഹമീദും ഒക്കെ അപ്പോഴേക്കും ജയിലിലെ പഴക്കം ചെന്ന പുള്ളികൾ ആയിക്കഴിഞ്ഞിരുന്നു. അറബികൾ വരുന്നു എന്നു കേൾക്കുമ്പോഴേ പുതുക്കക്കാർക്ക് ഒരാധിയാണ്. എല്ലാവരെയും സമാശ്വസിപ്പിച്ചുകൊണ്ട് ഞാനും ഹമീദും അവർക്കിടയിലൂടെ നടന്ന് ഏറ്റവും ഒടുവിലായി പോയിനിന്നു. പൊലീസുകാരും ഞങ്ങൾക്ക് നല്ല പരിചയക്കാരായിക്കഴിഞ്ഞിരുന്നു. എന്റെ കഥയറിഞ്ഞ് അവർക്കും കുറച്ച് സഹാനുഭൂതി എന്നോടുണ്ട് എന്നു പറയാം. അതിന്റെയൊരു പരിഗണനയും. അതുകൊണ്ടുതന്നെ വരിയിൽ പുതുക്കക്കാരുടെ ബലം പിടിത്തമൊന്നും ഞങ്ങൾക്കില്ല. വരിയിൽ നിന്ന് വർത്തമാനം പറയുക, ആവശ്യത്തിനും അനാവശ്യത്തിനും ചിരിക്കുക, മറ്റുള്ളവരെ കളിയാക്കുക ഒക്കെ ഞങ്ങളുടെ പതിവായിരുന്നു.

അങ്ങനെ ഞാൻ എന്തോ കാര്യം ഹമീദിനോട് പറഞ്ഞു നിൽക്കുന്നതിനിടയിലാണ് ഹമീദിന്റെ മുഖഭാവം പൊടുന്നനേ നിലച്ചുപോയത്! എന്തുപറ്റിയെന്ന് അതിശയത്തോടെ ഞാനവനെ നോക്കി. ഏറെ നേരം അവനാ നില്പ് നിന്നു.

പിന്നെ പതിഞ്ഞ ശബ്ദത്തിൽ എന്റെ നജീബേ... എന്നൊരു വിളിവിളിച്ചു. ആ വിളിയിൽ ഘനീഭൂതമായിരുന്ന വികാരങ്ങൾ എന്തൊക്കെയായിരുന്നു എന്ന് എനിക്കുതന്നെ അറിയില്ല. സങ്കടം, ഭീതി, വേദന, കണ്ണീർ, നൊമ്പരം... എല്ലാം അതിൽ സമാസമം കലർന്നിരുന്നു. ഒരൊറ്റ വാക്കിൽ ഒരൊറ്റ വിളിയിൽ അത്രയും വികാരങ്ങൾ ഒന്നിച്ചു സമ്മേളിപ്പിക്കാനാവുമെന്ന് എനിക്കപ്പോഴേ മനസ്സിലായുള്ളൂ. ലോകത്തിൽ ഒരു കലാകാരനും പുനരാവിഷ്കരിക്കാൻ കഴിയാത്ത ജീവിതത്തിന്റെ ഒരു പച്ചനിമിഷം!

ബാക്കിയൊന്നും ഹമീദ് പറയേണ്ടതില്ലായിരുന്നു. അവന്റെ കണ്ണുകൾ ഉറഞ്ഞുപോയ വശത്തേക്ക് ഞാനും നോക്കി. അവിടെനിന്ന് ഒരറബി നടന്നുവരുന്നുണ്ടായിരുന്നു. അയാൾ ഇങ്ങെത്തുന്നതിനും വളരെ മുമ്പേ ഹമീദ് വലിയ വായിൽ നിലവിളിച്ചു. അതുകൊണ്ടുതന്നെ അറബിക്ക് തന്റെ ഇരയെ അന്വേഷിച്ച് പിന്നെ ഏറെ അലയേണ്ടി വന്നില്ല. അയാൾ തേടി വന്നവൻ ഇതാ കൺമുന്നിൽ നിന്ന് വാവിട്ടു കരയുന്നു.

ഹമീദിന്റെ മുഖം കണ്ടതും അറബി ഒരു ചീറ്റപ്പുലിയെപ്പോലെ ചാടിവന്ന് അവനെ പൊതിരെ തല്ലി. കൈകൊണ്ടും അരയിൽനിന്ന് ബെൽറ്റ് ഊരിയും തലയിൽനിന്നും ഗത്രയുടെ തിരികച്ചുറ്റായ ഇഖാൽ ഊരിയും അയാളുടെ കലി അടങ്ങുന്നതുവരെ, തല്ലി. എല്ലാം നോക്കിനിന്ന് കരയുവാനേ എനിക്കും ബ്ലോക്കിലെ ബാക്കിയുള്ള

വർക്കും കഴിഞ്ഞുള്ളൂ.

എനിക്ക് നാട്ടിൽപ്പോകണം. എനിക്കിവിടെ വയ്യ. ഞാൻ പൊയ്ക്കോട്ടെ... എന്നെ വിടോ... എന്നിങ്ങനെ ഹമീദ് അലറിക്കരഞ്ഞെങ്കിലും അറബി അവനെ വലിച്ചിഴച്ചു വാർഡന്റെ മുറിയിലേക്കു കൊണ്ടുപോയി.

അന്നാണ് ഞാൻ ഹമീദിനെ അവസാനമായി കാണുന്നത്. പിന്നെ ഒരിക്കലും അവനെപ്പറ്റി യാതൊരു വിവരവും അറിയാൻ എനിക്കു സാധിച്ചിട്ടില്ല. അവന്റെ ബാക്കി ജീവിതം എന്തായിത്തീർന്നു എന്നറിയാനുള്ള ആകാംക്ഷ ഉണ്ടായിരുന്നിട്ടും. അങ്ങനെ പാതിവഴിയിൽ അപൂർണ്ണമായിപ്പോവുന്ന എത്രയെത്ര ജീവിതങ്ങൾ! സ്വന്തം കഥ ആരോടും പറയാനാവാതെ ഒടുങ്ങിപ്പോകുന്ന നിസ്സഹായ ജീവികൾ!

കുറച്ചു ദിവസത്തെ പരിചയം. ഏറെ സൗഹൃദം അതായിരുന്നു എനിക്കു ഹമീദ്. അറബിയുടെ തോട്ടത്തിൽ കൃഷിപ്പണിയായിരുന്നു അവന്. രാവോളം പണിയും. നിറയെ മർദനങ്ങളും കുറച്ചു കൂലിയും. സഹിക്കാനാവാതെ വന്നപ്പോഴാണ് അവൻ ഒരു ദിവസം തോട്ടംവിട്ട് ഓടിപ്പോന്നത്. ജയിലിൽ എത്തിയപ്പോഴേക്കും ഞാൻ അനുഭവിച്ചതിന്റെ നാലിരട്ടി സന്തോഷമായിരുന്നു ഹമീദിന്.

പുറംലോകത്തുനിന്നും സർക്കാർ സുരക്ഷിതത്വത്തിൽ എത്തിയതോടെ ഇനി മേലിൽ താൻ അറബിയുടെ പിടിയിലാവാൻ പോകുന്നില്ല എന്ന ഉറച്ച വിശ്വാസമായിരുന്നു അവന്. പക്ഷേ, എത്ര പെട്ടെന്നാണ് എല്ലാം കീഴ്മേൽ മറിയുന്നത്. അന്ന് ബ്ലോക്ക് മുഴുവൻ നിറഞ്ഞ നിശ്ശബ്ദതയായിരുന്നു. അവൻ എല്ലാവരുടെയും പ്രിയപ്പെട്ടവൻ ആയിരുന്നു. എല്ലാവരോടും അവൻ സന്തോഷത്തോടെ ഇടപെട്ടു. വലിയ തമാശകൾ പറഞ്ഞു. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ നിറയെ ആശ്വസിപ്പിക്കലുകൾ



നടത്തി. അവസാനം അവൻ വലിയ നിലവിളിയോടെ ഞങ്ങൾക്കിടയിൽനിന്നും വലിച്ചിഴയ്ക്കപ്പെടുന്നത് ഞങ്ങൾക്കു കാണേണ്ടിവന്നു. അത്ര വലിയ കരച്ചിലോടെ അടുത്ത കാലത്തെങ്ങും ഒരാളും മടങ്ങിപ്പോയതായി ഓർമ്മയില്ല.

പിറ്റേന്നാണ് അതിലും വലിയ സങ്കടം തോന്നിയത്. അന്ന് എംബസി ഉദ്യോഗസ്ഥർ വന്നപ്പോൾ ആദ്യം വിളിച്ച പേര് ഹമീദിന്റേതായിരുന്നു! ഹോ..!! എന്റെ പടച്ച തമ്പുരാനേ... കഴിഞ്ഞ ആഴ്ച ഈ പേരു വിളിക്കപ്പെടാൻ നീ അവസരം ഒരുക്കിയില്ലല്ലോ. എങ്കിൽ അവന്റെ ജീവിതം എത്ര വ്യത്യസ്തവും സന്തോഷം നിറഞ്ഞതും ആവുമായിരുന്നു. ഇല്ല. നിന്റെ വിധിയിൽ ന്യായവിസ്താരം നടത്താൻ ഞാൻ തുനിയുന്നില്ല. നിന്റെ കണിശതയിൽ ഞാൻ ഉറച്ചുവിശ്വസിക്കുന്നു. നീ അവനുവേണ്ടി മാറ്റിവച്ച സങ്കടത്തിന്റെ ദിനങ്ങൾ അവസാനിക്കുവാൻ ഇനിയും സമയമുണ്ടെന്ന് നീ അവനെ പറഞ്ഞു മനസ്സിലാക്കിക്കൊടുത്താൽ മാത്രം മതി.

ഹമീദ് പോയതോടെ ഞാൻ ജയിലിൽ വല്ലാതെ ഒറ്റപ്പെട്ടു. പുതിയതായി വന്നവരോട് എനിക്കധികം സൗഹൃദമൊന്നും സ്ഥാപിക്കാൻ കഴിഞ്ഞില്ല. ആരോടും ഒന്നും മിണ്ടാതെയും പറയാതെയും ഞാൻ വല്ല മൂലയ്ക്കും ഒതുങ്ങിക്കൂടും. വല്ലപ്പോഴും കഴിക്കും. മിക്ക ദിവസങ്ങളിലും കഴിക്കില്ല. ഹമീദിന്റെ നഷ്ടം എനിക്ക് ഉന്മേഷത്തിന്റെ നഷ്ടമായിരുന്നു. ആഴ്ചയിൽ ഒരിക്കൽ എംബസിക്കാർ വരുമ്പോൾ മാത്രമാണ് ഞാനൊന്ന് ഉണരുക. ആകാംക്ഷയോടെ കാത്തുനിൽക്കും. എന്റെ പേരു വിളിക്കപ്പെടാനായി. പക്ഷേ, ഒരിക്കലും അതു സംഭവിച്ചില്ല. അവരോടു പറ്റിക്കൂടി ചോദിക്കുമ്പോൾ, ഇനിയും ശരിയായി വരാനുള്ള നൂലാമാല പിടിച്ച നിരവധി പേപ്പറുകളുടെ കഥ പറയും. എന്നാലും അടുത്ത ആഴ്ചയിലേക്കു ശരിയായേക്കും എന്നൊരു പ്രതീക്ഷ തന്നിട്ടാണ് അവർ എല്ലാവട്ടവും പോകാറ്. അങ്ങനെ ഞാൻ ഓരോ പ്രാവശ്യവും പ്രതീക്ഷയിലേക്ക് വളരുകയും നിരാശയിലേക്കു തളരുകയും ചെയ്തുകൊണ്ടിരുന്നു.

അങ്ങനെ ജയിൽ ദിവസങ്ങൾ കൊഴിഞ്ഞുപോയ്ക്കൊണ്ടിരിക്കെ അറബി പരിശോധനയ്ക്കു വരുന്ന ഒരു ദിവസം! ഭീതിയോ ആകാംക്ഷയോ നിരാശയോ ഒന്നുമില്ലാതെ ഞാൻ വരിയിൽ നിൽക്കുകയാണ്. നിരവധി അറബികൾ ഞങ്ങളെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. പെട്ടെന്ന് വരിയുടെ അങ്ങേത്തലയ്ക്കൽ ഒരു മുഖം പ്രത്യക്ഷപ്പെട്ടു. ആ മുഖം എന്റെ കണ്ണിൽ തെളിഞ്ഞതും എന്റെയുള്ളിലൂടെ ഒരു കൊടുംവെള്ളിടി പാഞ്ഞുപോയി. കുറച്ചുദിവസങ്ങൾക്കു മുൻപ് ഹമീദ് വിളിച്ചതുപോലെ ഒരു വിളി ഞാനെന്റെ അള്ളാവിനെ വിളിച്ചുപോയി!

ഇനി ഒരിക്കലും കണ്ടുമുട്ടില്ലെന്നും ഇനി ഒരിക്കലും എന്നെ തേടിവരില്ലെന്നും ഞാൻ ദൃഢമായി വിശ്വസിച്ചിരുന്ന എന്റെ സ്വന്തം അർബാബ് ആയിരുന്നു അത്! ഏതാണ്ടു നാലുവർഷം മുൻപ് റിയാദ് എയർപോർട്ടിൽ വച്ച് ഞാനാദ്യമായി കണ്ട എന്റെ അർബാബ്! ഭീതികൊണ്ട് എനിക്കു തല കറങ്ങുന്നതുപോലെ തോന്നി. താഴെ വീഴാതിരിക്കാൻ ഞാൻ എന്റെ തൊട്ടടുത്തു നിന്നിരുന്ന ആളിന്റെ കയ്യിൽ കയറിപ്പിടിച്ചു.

*(ആടുജീവിതം)*

## പദപരിചയം

● ഖുബൂസ് - അറബിനാട്ടിലെ ഒരുതരം റൊട്ടി ● മബ്ബൂസ്/ഖബ്സ - ഒരുതരം അറബി ബിരിയാണി ● പത്താക്ക - തൊഴിലാളികൾക്കുള്ള കാർഡ് ● റമദാൻ - അറേബ്യൻ കലണ്ടറിലെ ഒരു മാസം ● ശരിയത്ത് - ഇസ്ലാമിക വ്യക്തിനിയമം ● ഗത്ര - പുരുഷൻമാരുടെ ഒരു ശിരോവസ്ത്രം ● ഇഖാൽ - ഗത്രയുടെ തിരികെച്ചുറ്റ് ● അർബാബ് - തൊഴിലാളിയുടെ സംരക്ഷകൻ/ബോസ് (സംരക്ഷകൻ എന്ന് അറബി അർഥം) ● ഇസ്ലാം മതവിശ്വാസ പ്രകാരമുള്ള 5 നമസ്കാരങ്ങൾ - സുബഹി, ജുഹർ, അസർ, മഗ്‌രിബ്, ഇശാഅ്

## പഠനപ്രവർത്തനങ്ങൾ

- ജീവിതാനുഭവങ്ങളുടെ തീവ്രമായ അവതരണമാണ് 'ആടുജീവിതം' എന്ന കൃതിയുടെ ഏറ്റവും വലിയ പ്രത്യേകത. 'പിറന്ന നാടുവിട്ടവർ' എന്ന പാഠത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.
- ഏതു സങ്കടത്തിൽനിന്നും കരകയറാനുള്ള ഒരേയൊരു വഴി നമ്മളേക്കാൾ സങ്കടമുള്ളവരുടെ കഥകൾ കേൾക്കുക എന്നതു തന്നെയാണ്.
  നജീബിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ. സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.
- നജീബിന്റെ അനുഭവങ്ങളിൽനിന്ന് ഗൾഫ് ജയിലുകളിലെ മനുഷ്യാവകാശപ്രശ്നങ്ങൾ നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടല്ലോ. പ്രവാസികളെ ഇവ എത്രത്തോളമാണ് ബാധിക്കുന്നത്. 'പ്രവാസികളും ഗൾഫ് ജയിലുകളിലെ മനുഷ്യാവകാശലംഘനങ്ങളും' എന്ന വിഷയത്തിലെ സെമിനാർ അവതരണത്തിനായി ഒരു പ്രബന്ധം തയ്യാറാക്കുക?
- തുല്യദുഃഖിതർ തമ്മിലോലും വേഴ്ച
  തെല്ലൊരാശ്വാസമേകുന്നതല്ലോ
  (നളിനി - കുമാരനാശാൻ)

- 'നമ്മൾ ഒരാളോട് നമ്മുടെ വേവലാതികൾ പറയുമ്പോ കേൾക്കുന്ന ആൾ അതേ തോതിലല്ലെങ്കിലും അങ്ങനെ ചില വേദനകളിലൂടെ ചെറുതായിട്ടൊന്ന് കടന്നുപോയിരിക്കുകയെങ്കിലും വേണം. അല്ലാത്തവരോട് നമ്മളത് പറയരുത്. പറഞ്ഞാൽ നമ്മൾ സ്വയം ഒരു കുറ്റവാളിയോ കോമാളിയോ ആയിത്തീരും.' (ബിരിയാണി - സന്തോഷ് ഏച്ചിക്കാനം)
- 'ഏതു സങ്കടത്തിൽനിന്നും കരകയറാനുള്ള ഒരേയൊരു വഴി നമ്മളേക്കാൾ സങ്കടമുള്ളവരുടെ കഥ കേൾക്കുക എന്നതു തന്നെയാണ്
  (ആടുജീവിതം - ബെന്യാമിൻ)

  പരസ്പരം പങ്കുവയ്ക്കുമ്പോൾ സങ്കടങ്ങളുടെ തീവ്രത കുറയുന്നുണ്ടോ? തന്നിരിക്കുന്ന ഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഒരൊറ്റ വാക്കിൽ ഒരൊറ്റ വിളിയിൽ അത്രയും വികാരങ്ങൾ ഒന്നിച്ചു സമ്മേളിപ്പിക്കാനാവുമെന്ന് എനിക്കപ്പോഴേ മനസ്സിലായുള്ളു. ലോകത്തിൽ ഒരു കലാകാരനും പുനരാവിഷ്കരിക്കാൻ കഴിയാത്ത ജീവിതത്തിന്റെ ഒരു പച്ചനിമിഷം! ഇത് നജീബിന്റെ അനുഭവമാണല്ലോ. ആശ്ചര്യചിഹ്നമിട്ട് എഴുതുന്ന ഒരു വാക്കിന് ഏതെല്ലാം വികാരങ്ങളെ പ്രകടിപ്പിക്കാൻ കഴിയും.
- അയ്യോ!' എന്ന ശബ്ദം ദുഃഖം, വേദന, അത്ഭുതം, ആകാംക്ഷ എന്നിങ്ങനെയുള്ള വികാരങ്ങൾ ധ്വനിപ്പിക്കുന്ന രീതിയിൽ ഉച്ചരിച്ച് റെക്കോഡ് ചെയ്യൂ.

പാഠം 3

# കല്യാണസാരി

നാടകം

**ശ്രീജ കെ വി**

(മകൾ കുളിച്ച് ബക്കറ്റുനിറയെ കഴുകിയ വസ്ത്രങ്ങളുമായി കൂട്ടുകാരിയോടൊത്ത് കളിച്ചുചിരിച്ചു വരുന്നു.)

മകൾ: അതേയ്, ഊണു കഴിഞ്ഞ് അമ്മ കെടക്കുമ്പൊ വരാം ട്ടോ. രണ്ടരയ്ക്ക് മോഹൻലാലിന്റെ സിനിമണ്ട് ടീവില്. (പടികയറി വരുന്നു. തുണികൾ നിറച്ച ബക്കറ്റ് മുറ്റത്തുവച്ച് അകത്തുകയറി കണ്ണാടി നോക്കി മുഖം മിനുക്കുന്നു.)

സുശീല: ഓ... എത്ത്യോ? എത്ര കുളം കുഴിച്ചു? ഊണു കഴിക്കാൻ നേരത്ത് കയറി വന്നോളും!

മകൾ: ഈ വീട്ടിലെ എല്ലാവരടേം ഒരുമാസത്തെ തുണി മുഴ്വോനെ വൃത്ത്യാക്കി കഴികിക്കൊണ്ടന്നാലും പിന്നേം ചീത്ത. രണ്ടു കയ്യും ഒടിയാറായി.

സുശീല: ചെയ്തേന്റെ കണക്കൊന്നും പറയണ്ട. (കഴുകിയ തുണികൾ മുറ്റത്ത് തലങ്ങും വിലങ്ങും കെട്ടിയ അയകളിൽ ഉണക്കാനിടുന്നു) നീയെന്താ അവടെ കാട്ടണ്? കൊളത്തിലൊന്ന് മുക്കിക്കൊണ്ടന്നാ പണി കഴിഞ്ഞൂന്നാ പെണ്ണിന്റെ വിചാരം. ഒണക്ക്വൊന്നും വേണ്ടേ? ങട് വാ...

(മകൾ പിറുപിറുത്ത് മുറ്റത്തുവന്ന് അമ്മയെ സഹായിക്കുന്നു. ഇടയ്ക്കിടയ്ക്ക് കയ്യിലെ വാരിക മറിച്ച് വായിക്കുന്നുമുണ്ട്.)

ഒരു പണി മര്യാദയ്ക്ക് ചെയ്യാൻ വയ്യെ നിനക്ക്. ഇതു മുഴ്വോനെ ഞാൻ തന്നെ ചെയ്യണംന്ന്ണ്ടോ? ഇതാ... ഇതൊന്നു ശരിക്ക് പിടിക്ക്.

(മുറ്റം നിറയെ തുണികൾ. പരസ്പരം കാണാൻ പറ്റാത്ത വിധത്തിൽ തുണികൾ തലങ്ങും വിലങ്ങും തൂങ്ങിക്കിടക്കുന്നു. സുശീല കല്യാണസാരി നിവർത്തി അയയിലിടാൻ തുടങ്ങുന്നു. അതിൽ വലിയൊരു വട്ടത്തിലുള്ള കീറൽ കാണുന്നു.)

സുശീല: ഈശ്വരാ... എന്താദ്... എന്റെ കല്യാണ സാരി... എടീ, നീയെന്താ ഈ കാട്ടീത്. നിനക്കറിയില്ല്യേ, ഇത് കല്ലിലിട്ട് അടിച്ചു തിരുമ്മരുത്ന്ന്. നിനക്കിതിന്റെ വില അറിയാഞ്ഞിട്ടാ...

(മകൾ പേടിച്ച് തൂക്കിയിട്ട വസ്ത്രങ്ങൾക്കിടയിൽ ഒളിച്ചുനടക്കുന്നു.)

എവിടെ നീയ്? ഒളിച്ചുകളിക്കണ്ട. മര്യാദയ്ക്ക് പറഞ്ഞോ...

മകൾ: (ഒളിച്ചിരുന്നുതന്നെ) ഞാൻ നല്ലോണം സൂക്ഷിച്ചിട്ടന്ന്യാ കഴുകീത്. ഞാൻ കീറിതൊന്ന്വല്ല.

സുശീല: പിന്നാരാടീ കീറീത്? നിന്നെ ഞാൻ... ഇവിടെ വാടീ, ഒളിച്ചുകളിക്കാതെ. (മകളെ തിരയുന്നു)

(മകൾ ഒളിച്ചുനടക്കുന്നു)

മകൾ: ഈശ്വരാ എല്ലാറ്റിനും എനിക്കാ കുറ്റം. ഇങ്ങനൊരമ്മ... നിറമാല സീരിയലിലെ സൗദാമിനീടെ അവസ്ഥയായീലോ എന്റെ.

സുശീല: നിന്റെ ഒരു നിറമാലേം സൗദാമിനീം. വല്ലോരടേം വീട്ടിലെ ആ പെട്ടീട മുമ്പില് ഒരു നാണോല്യാതെ കുത്തിയിരുന്ന് കരഞ്ഞാമതി നിനക്ക്... എന്നാലും എന്റെ കല്യാണസാരി നീ കീറീല്യേ?



മകൾ: (പതുങ്ങിച്ചെന്ന് കല്യാണസാരി കീറിയത് നോക്കുന്നു.) അമ്മേ, ഇതു കത്തിയ പാടുപോലെതന്നെണ്ട്. എന്നെ വെറുതെ ചീത്ത പറയണ്ട.

സുശീല: (പെട്ടെന്ന് സാരിയെടുത്ത് കീറിയ ദ്വാരത്തിലൂടെ നോക്കുന്നു.) ശര്യാണല്ലോ? ഇത് കത്തീതന്നെ. എന്റീശ്വരാ, എങ്ങനെത് കത്തീത്? കല്യാണസാരി കത്ത്വാ... ഇത് വല്ലാത്തൊരു ദുശ്ശകുനാണല്ലോ? ഇപ്പോത്തന്നെ എന്തൊക്കെ സഹിക്കണം. ഇനി എന്തൊക്കെ അനുഭവിക്കണ്ടി വരും ആവോ? (കരയുന്നു. സാരി കത്തിയ ദ്വാരത്തിലൂടെ നോക്കി തളർന്നിരിക്കുന്നു.)

(അമ്മ കാണാതെ മകൾ പടികടന്നു പോകുന്നു.)

ഇതെങ്ങന്യാ കത്തീത്? (പെട്ടെന്ന് രോഷത്തോടെ ചാടിയെണീറ്റ് രാമകൃഷ്ണൻ നായരുടെ അടുത്ത് ചെല്ലുന്നു.) നിങ്ങളന്യാ ഇതു കത്തിച്ചത്. ഇന്നലെ രാത്രീല് നിങ്ങളല്ലേ ഇത് പൊതച്ചു കെടന്നത്. കൂർക്കം വലിക്കുമ്പഴുംകൂടി നിങ്ങടെ വായില് ബീഡിക്കുറ്റിയാ.

രാമകൃഷ്ണൻ: (ഞെട്ടിയുണർന്ന് ചാടിയെണീറ്റ്) കത്ത്യേ... ബീഡ്യോ... സാര്യോ... എന്തൊക്ക്യാ നീയ്യ് പറയണത്?

സുശീല: നിങ്ങളന്ന്യാ ഇതു കത്തിച്ചത്.

രാമകൃഷ്ണൻ: എന്ത്?

സുശീല: കണ്ടില്ലേ. എന്റെ കല്യാണസാരി. ഇത് കത്തി നാശായിരിക്കണു. ഇന്നലെ രാത്രി നിങ്ങളല്ലേ ഇതു പൊതച്ചേർന്നത്? ഒറക്കത്തിലുംകൂടി ബീഡി വലിച്ചട്ട് തന്ന്യാ ഇത് കത്തീത്.

രാമകൃഷ്ണൻ: ഏയ്, ഇന്നലെ രാത്രി ഞാൻ ബീഡി വലിച്ചിട്ടേല്യ.

സുശീല: ഇല്യാലേ... എന്നാലും നിങ്ങളിങ്ങനെ ചെയ്യൂലോ, എന്റെ കാൽപ്പെട്ടീല് എത്ര സൂക്ഷിച്ചുവെച്ചേർന്നതാ ഇത്. ഇന്നലെ മഴയത്ത് പൊതക്കാനൊന്നുംല്ല്യാതെ നിങ്ങള് തണുത്ത് വെറച്ച് കെടക്കണ കണ്ടപ്പോ പാവം തോന്നീട്ട് തന്നതാ. നിങ്ങളിങ്ങനെ വിലയറിയാതെ കാണിക്കുംന്ന് വിചാരിച്ചില്യ. (ദേഷ്യവും സങ്കടവും കലർന്ന് ഓടിച്ചെന്ന് രാമകൃഷ്ണൻ നായരെ ചുമലു പിടിച്ചു കുലുക്കുന്നു.) നിങ്ങളന്യാ ഇതു കത്തിച്ചത്. എനിക്കിപ്പൊ ഒക്കെ നശിച്ചിരിക്കണ കാലാ... ഇപ്പൊ ഇതും. നിധിപോലെ ഞാൻ സൂക്ഷിച്ചേർന്ന കല്യാണസാരി...

നിങ്ങടെ കയ്യോണ്ട് തന്നത്... നിങ്ങടെ കയ്യോണ്ടന്നെ അതു നശിച്ചു. ചത്താമതി എനിക്ക്. (ഉറക്കെ കരയുന്നു.)

രാമകൃഷ്ണൻ: നിനക്കേയ് പ്രാന്താ... ചങ്ങലക്കിട്വാ വേണ്ട് നിന്നെ.

സുശീല: അതെ, എനിക്ക് ഭ്രാന്താ... ഇത്രയും കാലം ഈ നരകത്തിൽ താമസിച്ചാ ഭ്രാന്ത് വന്നില്യങ്കിലേ അത്ഭുതള്ളൂ.

രാമകൃഷ്ണൻ: അതന്ന്യാ പറഞ്ഞ്. നിനക്ക് മുഴുഭ്രാന്താ... നീയ് മറ്റുള്ളോർക്കുംകൂടി ഭ്രാന്ത് പിടിപ്പിക്കും. നാശം, ഒരു നിമിഷം സ്വൈരം തരില്ല. (പടി കടന്ന് പുറത്തു പോകുന്നു.)

(സുശീല സാരിയുടെ ദ്വാരത്തിലൂടെ നോക്കി സ്തംഭിച്ചുനിൽക്കുന്നു. മകൻ പുറത്തുനിന്ന് ധൃതിയിൽ കയറിവരുന്നു. തുണികൾ കാരണം പരസ്പരം കാണുന്നില്ല.)

മകൻ: അമ്മേ, അമ്മേ, അമ്മയെവിടെ?

സുശീല: നോക്ക്, എന്റെ കല്യാണസാരി കത്തിയിരിക്കുന്നു.

മകൻ: അമ്മേ, എന്നോട് നാളെ ഇന്റർവ്യൂന് ചെല്ലാൻ പറഞ്ഞട്ട്ണ്ട്. ഇന്നു വൈകുന്നേരം പോണം. കുറച്ച് കാശ് വേണം എനിക്ക്.

സുശീല: എന്റെ കയ്യില് എവിടന്നാ കാശ്? ഇത് നോക്ക്. ഞാനെത്ര സൂക്ഷിച്ചു വെച്ചേർന്നതാ... അതിങ്ങനെ നാശായീലോ?

മകൻ: നിങ്ങളെവടിരുന്നാ ഈ വർത്താനം പറയണത്? എനിക്ക് കാശ് കിട്ടണം.

(രണ്ടുപേരും തുണികൾക്കിടയിലൂടെ പരസ്പരം തിരയുന്നു. കാണുന്നില്ല.)

സുശീല: നീയിങ്ങനെ തൊള്ളയിട്ടാല് എന്റെ കയ്യില് കാശ്ണ്ടാവ്വോ? ഒക്കെ ദുശ്ശകുനാ... നിധിപോലെ ഞാൻ സൂക്ഷിച്ചുവെച്ചേർന്ന കല്യാണസാരി... അത് കത്തീലോ... എന്തോ വല്ലാത്തൊരാപത്ത് വരണപോലെ...

മകൻ: ആപത്ത്... ഇനിപ്പൊ എന്താ വരാൻള്ളത്?

സുശീല: എന്നാലും നീയിതൊന്ന് നോക്ക്.

മകൻ: നിങ്ങളും നിങ്ങടൊരു കല്യാണസാരീം. മര്യാദയ്ക്കെനിക്ക് കാശ് തരണ്ണ്ടോ? നിങ്ങളെന്താ ഒളിച്ചുകളിക്ക്യാ? (ദേഷ്യത്തോടെ അകത്തുകയറി പലതും വലിച്ചിട്ട് തിരയുന്നു.)

സുശീല: നീയെന്താ എന്നോട് മാത്രം ചോദിക്കണത്? ബീഡ്യോണ്ട് വീടു മുഴുവൻ തീ കൊളുത്തണ്ല്ല്യേ ഒരാള്. മൂപ്പരോട് ചോദിക്ക്.

മകൻ: ആര് തന്നാലും വിരോധല്യ. എനിക്കിപ്പൊ കാശ് കിട്ടണം. എങ്ങനേങ്കിലും ഒരു ചെറ്യേ ജോല്യേങ്കിലും കിട്ടി നേര്യാവാനുംകൂടി സമ്മതിക്കില്ല.

സുശീല: എന്റെ കയ്യില് ഇല്യാഞ്ഞിട്ടല്ലെ?

മകൻ: കാശില്ലെ? കാണിച്ചുതരാം ഞാൻ. ഒളിച്ചുകളിച്ച് എന്നെ പറ്റിക്കാ

നൊന്നും നോക്കണ്ട. (അകത്തുനിന്ന് പാത്രങ്ങളും പെട്ടികളും വലിച്ചെറിയുന്നു. തിരയുന്നു.)

സുശീല: (പരിഭ്രമിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു.) നീയെന്താ ഈ

കാട്ടണത്? നീയെവിട്യാ?

മകൻ: നിങ്ങൾടെ ഒളിച്ചുകളി ഞാനിപ്പൊ അവസാനിപ്പിക്കാം. (അയകൾ വലിച്ചുപൊട്ടിക്കുന്നു. തുണികളെല്ലാം മണ്ണിലും സുശീലയുടെ ദേഹത്തുമായി വീഴുന്നു. സുശീല തുണികൾക്കടിയിലായി നിലത്തുവീഴുന്നു.) മര്യാദക്ക് എനിക്ക് പുവ്വാറാവുമ്പഴയ്ക്കും കാശ് കിട്ടീല്യങ്കിൽ കത്തിച്ചുകളയും ഞാനീ വീട്.

(പുറത്തേക്കുപോകുന്നു.)

(സുശീലയുടെ തേങ്ങിക്കരച്ചിൽ മാത്രം. പതുക്കെ, കീറിയ കല്യാണസാരി പിടിച്ചുകൊണ്ട് തുണികൾക്കിടയിൽനിന്നും സുശീല എഴുന്നേൽക്കുന്നു.)

സുശീല: കത്തട്ടെ, ഒക്കെ കത്തിനശിക്കട്ടെ. അതാ നല്ലത്. ഇവിടത്തെ ദാരിദ്ര്യോം, പട്ടിണീം, വഴക്കും ഒക്കെ മറ്റുള്ളോരറിയണതിനുമുമ്പ് കത്തിനശിക്ക്യാ നല്ലത്. ഞാനെന്തിനാ ഇനി ജീവിക്കണത്? എനിക്കിനി ജീവിക്കണ്ട (എഴുന്നേറ്റ് കല്യാണസാരി കുരുക്കാക്കി കഴുത്തിലിടുന്നു. മറ്റേ അറ്റം കിണറിന്റെ കമ്പിയിൽ കെട്ടി ചാടാനൊരുങ്ങുന്നു.)

(പാറുക്കുട്ടി ഓടിക്കിതച്ചെത്തുന്നു.)

പാറുക്കുട്ടി: സുശീലേടത്ത്യേ, സുശീലേടത്ത്യേ, നിങ്ങളെവിട്യാ?

ഹൗ, വല്ലാത്തൊരു കാഴ്ചന്ന്യ. പാൽപാത്രം തിരിച്ചുവാങ്ങാൻ പോയതാ ഞാൻ... ശബ്ദൊന്നും കേക്കാത്തോണ്ട് ജനലുക്കൂടെ നോക്കീതാ. നിലത്ത് മൂന്നാള്. മോളില് തൂങ്ങീട്ട് കാർന്നോരും. എന്തേ അവർക്കിങ്ങനെ തോന്നാൻ. (പെട്ടെന്ന്, സുശീല തൂങ്ങാനായി നിൽക്കുന്നത് കാണുന്നു. ഓടി ച്ചെന്ന് പിടിക്കുന്നു.) എന്താ സുശീലേടത്ത്യേ നിങ്ങളീ കാണിക്കണത്? ഇത്ര യ്ക്കൊക്കെ എന്താ നിങ്ങൾക്ക്? വിഡ്ഢിത്തം കാട്ടരുത് (പിടിച്ചിറക്കുന്നു.)



(സുശീല ഉറക്കെ കരയുന്നു.)

സുശീല: ഞാനെന്തിനാ ജീവിക്കണത്. എനിക്കു മത്യായി. ഇടിഞ്ഞുപൊളിഞ്ഞൊരു വീടും, കാടുപിടിച്ചൊരു പറമ്പും... നേരാംവണ്ണം ചോറുണ്ടട്ട് ദിവസെത്ര്യായി. ആരേം അറിയിക്കാതെ ഇത്രേം കാലം കഴിഞ്ഞോര്ന്നതാണ് നെനക്കറിയാലോ? ഇപ്പൊ ദാ... ഞാൻ നിധിപോലെ സൂക്ഷിച്ചേർന്ന കല്യാണസാരി കത്തീരിക്കണു. വല്ലാത്ത ദുശ്ശകുനാ അത്. എനിക്കിനി ജീവിക്കണ്ട. (കരയുന്നു)

(പാറുക്കുട്ടി പിടിച്ച് തിണ്ണമേലിരുത്തുന്നു.)

പാറുക്കുട്ടി: ഒരു ദുരന്തവാർത്ത പറയാൻ വന്നതാ ഞാൻ. അപ്പൊ ഇവടെങ്ങനെ... ആ മേലെപ്പാട്ടോര്, എങ്ങനെ കഴിഞ്ഞോർന്നതാ അവര്? വല്ലാത്ത കടാത്രെ അവർക്ക്, ലക്ഷങ്ങൾടെ! ആരും അറിഞ്ഞോർന്നില്യ. ഇപ്പൊ ദാ എല്ലാവരുംകൂടി ജീവനൊടുക്കിയിരിക്കുന്നു. ആലോചിക്കാൻ വയ്യ. ഇവിടെ വന്നപ്പോ ദാ നിങ്ങളും...

സുശീല: എനിക്കു മത്യായി.

പാറുക്കുട്ടി: നിങ്ങളിങ്ങനെ വീട്ടിലിരുന്ന് കരഞ്ഞിട്ടെന്താ കാര്യം. നിധിപോലെ സൂക്ഷിക്കാൻ നിങ്ങക്കൊരു കല്യാണസാര്യേങ്കിലുംണ്ട്. എനിക്ക് കല്യാണത്തിനുപോലും ഒരു നല്ല സാരിണ്ടായിട്ടില്യ. എന്തൊക്കെ ഓടി നടന്ന് ചെയ്തിട്ടാ ഞാൻ ജീവിക്കണ്ന്ന് നിങ്ങക്കും അറിയണതല്ലേ? വെറുതെ ഇരുന്ന് വെഷമിക്കാൻ എളുപ്പാ സുശീലേടത്ത്യേ. എനിക്കിങ്ങനെ ആലോചിച്ച് വെഷമിക്കാൻകൂടി സമയല്യ.

സുശീല: ഞാനെന്താ ചെയ്യേണ്ടത്? എനിക്കൊരു പണീം അറിയില്ല.

പാറുക്കുട്ടി: ആരും പണി മുഴേവാനെ പഠിച്ചട്ടൊന്ന്വല്ല ജനിച്ചുവീഴണത്. ചെയ്യാൻള്ള മനസ്സ്ണ്ടായാ മതി.

സുശീല: ഒന്നും ചെയ്ത് ശീലല്യ എനിക്ക്.

പാറുക്കുട്ടി: അതന്ന്യാ നിങ്ങടെ പ്രശ്നം. എന്തിനാ വെറുതെ ഈ ദുരഭിമാനം? നിങ്ങളിവടെ എങ്ങന്യാ കഴിയണത്ന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങളെന്നോടുകൂടി ഒന്നും പറയാറില്യ. ഈ കല്യാണസാരി പെട്ടീലടച്ചു വെച്ചിട്ടെന്താ കാര്യം. പണിയെടുത്ത് ജീവിക്കണേന് ഒരു നാണക്കേടൂല്യ. ഒന്നും ചെയ്യാതെ നിങ്ങക്കതു ശീലായി.

സുശീല: ശര്യാണ്. ഒന്നു പൊറത്തെക്കെറങ്ങാനുംകൂടി എനിക്കു

മടിയാണ്.

പാറുക്കുട്ടി: മറ്റുള്ളോര് ണ്ടാക്കിത്തരുംന്ന് വിചാരിച്ചട്ടൊന്നും ഒരു

കാര്യോല്യ. അവനോൻ പണിയെടുത്ത് തിന്നണത് ഒരു സുഖംതന്ന്യാ. (പാറുക്കുട്ടി നിലത്തുവീണ തുണികളെടുത്ത് ബക്കറ്റിലിടുന്നു. അയകൾ കെട്ടുന്നു. സുശീല ഒപ്പം കൂടുന്നു.)

സുശീല: (കല്യാണസാരി കയ്യിലെടുത്ത്) എന്തിനാദ് സൂക്ഷിച്ചുവെക്കണത്? എനിക്കിനി വേണ്ട ഇത്. (പറമ്പിലേക്ക് വലിച്ചെറിയാൻ തുടങ്ങുന്നു.)

പാറുക്കുട്ടി: എന്തിനാദ് കളയണത്? കത്ത്യാലും അതോണ്ടെന്തെങ്കിലും കാര്യം ണ്ടാവും.

സുശീല: കത്ത്യ സാര്യോണ്ട് എന്താ കാര്യം?

പാറുക്കുട്ടി: ഇതോണ്ട് പൊതയ്ക്കാം. അല്ലെങ്കി ഇതോണ്ട് നല്ല ചവിട്ടിണ്ടാക്കാം. ഞാൻ പഴേ തുണ്യോണ്ടാണ് ചവിട്ടിണ്ടാക്കാറ്. നിങ്ങടെ ചവിട്ടി ഏതായാലും കാണാ

ൻല്യാന്നല്ലേ പറഞ്ഞത്.

സുശീല: സാര്യോണ്ട് ചവിട്ട്യോ? എങ്ങന്യാത്?

പാറുക്കുട്ടി: ഞാൻ കാണിച്ചുതരാം. നല്ല രണ്ടു ചവിട്ടിണ്ടാക്കാം ഇതോണ്ട്. ഇതാ ഇതിന്റെ അറ്റം പിടിക്കൂ. (സാരി നിവർത്തിപ്പിടിച്ച് രണ്ടായി കീറി ചവിട്ടിയുണ്ടാക്കാൻ തുടങ്ങുന്നു. സുശീല ഒപ്പം ചേരുന്നു.)

## പദപരിചയം

• ദുശ്ശകനം - അശുഭ ലക്ഷണം • മുഴേവാനെ - മുഴുവനെ • നേര്യാവാൻ - ശരിയാകാൻ

## പഠനപ്രവർത്തനങ്ങൾ

- ഈ ലഘുനാടകത്തിലെ സാമൂഹിക പ്രശ്നമെന്താണെന്ന് കണ്ടെത്തുക.
- സുശീല ....... കല്യാണസാരി കത്ത് ്വാ.... ഇത് വല്ലാത്തൊരു ദുശ്ശകുനമാണല്ലോ? ഇപ്പോതന്നെ എന്തൊക്കെ സഹിക്കണം. ഇനി എന്തൊക്കെ അനുഭവിക്കേണ്ടിവരും ആവോ?

  പാറുക്കുട്ടി : ഇതോണ്ട് പൊതയ്ക്കാം. അല്ലെങ്കി ഇതോണ്ട് നല്ല ചവിട്ടിണ്ടാക്കാം. ഞാൻ പഴേ തുണി കൊണ്ടാണ് ചവിട്ടിണ്ടാക്കാറ്. നിങ്ങടെ ചവിട്ടി ഏതായാലും കാണാൻല്യാന്നല്ലോ പറഞ്ഞത്.

* * *

- സുശീല - "ഒന്നും ചെയ്യ്ട്ട് ശീലല്യ എനിക്ക്".

  പാറുക്കുട്ടി - "ആരും പണി മുഴേവാനെ പഠിച്ചിട്ടൊന്ന്വല്ല ജനിച്ചുവീഴണത്. ചെയ്യാൻള്ള മനസ്സ്ണ്ടായാ മതി".

  സുശീല - "ഞാനെന്താ ചെയ്യേണ്ടത് എനിക്കൊരു പണീം അറിയില്ല".

  പാറുക്കുട്ടി - "മറ്റുള്ളോര്ണ്ടാക്കിത്തരുംന്ന് വിചാരിച്ചിട്ടൊന്നും ഒരു

  കാര്യോല്യ. അവനോൻ പണിയെടുത്ത് തിന്നണത് ഒരു സുഖം തന്ന്യാ".

  ഈ സംഭാഷണങ്ങളിൽ തെളിയുന്ന കാഴ്ചപ്പാട് ചർച്ച ചെയ്യ്ത് കുറിപ്പെഴുതുക..
- രാമകൃഷ്ണൻ നായരാണ് തന്റെ കല്യാണസാരി കത്താൻ കാരണക്കാരനായതെന്ന നിഗമനത്തിൽ സുശീല എങ്ങനെയാണ് എത്തിച്ചേർന്നത്? അതിന്റെ സൂചനകൾ എന്തെല്ലാം? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

# എഴുത്തുകാർ

## സുഗതകുമാരി (1934 - 2020)



പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ജനിച്ചു. കവി, പരിസ്ഥിതി പ്രവർത്തക. കേരള വനിതാകമ്മിഷൻ അധ്യക്ഷ ആയിരുന്നു. സൈലന്റ് വാലി പ്രക്ഷോഭണത്തിൽ നിർണായക പങ്കുവഹിച്ചു. *മുത്തുച്ചിപ്പി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, പ്രണാമം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ* തുടങ്ങിയവയാണ് കൃതികൾ. പദ്മശ്രീ പുരസ്കാരം, സരസ്വതി സമ്മാൻ, കേരള സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.

## വൈലോപ്പിള്ളി ശ്രീധരമേനോൻ (1911 - 1985)



പ്രശസ്തനായ കവിയും അധ്യാപകനും. എറണാകുളം ജില്ലയിലെ കലൂരിൽ ജനനം. പുരോഗമന കലാസാഹിത്യ സംഘം ആദ്യ അധ്യക്ഷൻ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൃതികൾ: *കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, വിത്തും കൈക്കോട്ടും, ഋഷ്യശൃംഗനും അലക്സാണ്ടറും, കടൽകാക്കകൾ, കുരുവികൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത്, മിന്നാമിന്നി, പച്ചക്കുതിര, മുകുളമാല, കൃഷ്ണമൃഗങ്ങൾ, ചരിത്രത്തിലെ ചാരുദൃശ്യം, അന്തി ചായുന്നു* എന്നിവയാണ് പ്രധാന കൃതികൾ. കാവ്യലോകസ്മരണകളാണ് ആത്മകഥ.

## ബെന്യാമിൻ (1971 - )



ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് ബെന്യാമിൻ. സ്വദേശം പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്ത് കുളനട. *അബീശഗിൻ, പ്രവാചകന്മാരുടെ രണ്ടാം പുസ്തകം, അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ, ആടുജീവിതം, മഞ്ഞവെയിൽ മരണങ്ങൾ, അൽ - അറേബ്യൻ നോവൽ ഫാക്ടറി, മുല്ലപ്പൂനിറമുള്ള പകലുകൾ, തരകൻസ് ഗ്രന്ഥവരി* എന്നീ നോവലുകളും *യുത്തനേസിയ, പെൺമാറാട്ടം, ഇ.എം.എസും പെൺകുട്ടിയും, മനുഷ്യൻ* എന്ന സഹജീവി എന്നീ കഥാസമാഹാരങ്ങളും *ഇരുണ്ട വനസ്ഥലികൾ, അനുഭവം ഓർമ്മ യാത്ര, ഒറ്റമരത്തണൽ, ഗ്രീൻ സോണിനു വെളിയിൽ നിന്ന് എഴുതുമ്പോൾ, ഇരട്ടമുഖമുള്ള നഗരം* എന്നീ കൃതികളും അദ്ദേഹത്തിന്റെ സംഭാവനകളാണ്. കേരളസാഹിത്യ അക്കാദമി പുരസ്കാരം, വയലാർ അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങൾ ബെന്യാമിനെ തേടിയെത്തിയിട്ടുണ്ട്.

## ശ്രീജ കെ.വി. (1966 - )



തൃശൂർ ജില്ലയിലെ ആറങ്ങോട്ടുകരയിൽ ജനിച്ചു. 'ഓരോരോ കാലത്തിലും' എന്ന നാടകം കേരള സംഗീത നാടക അക്കാദമിയുടെ അമെച്വർ നാടക മത്സരത്തിൽ 1999-ൽ മികച്ച രചനയ്ക്കുള്ള അവാർഡിനും മികച്ച നവാഗത പ്രതിഭയ്ക്കുള്ള ടി എൻ ഗോപിനാഥൻ നായർ അവാർഡിനും 2003-ലെ ചെറുകാട് അവാർഡിനും അർഹമായി.



## തുടർവായന

1. തൊഴിൽകേന്ദ്രത്തിലേക്ക് (നാടകം) - ഒരുസംഘം എഴുത്തുകാരികൾ
2. മത്സ്യഗന്ധി - സജിത മഠത്തിൽ
3. മരുഭൂമിയുടെ ആത്മകഥ (യാത്രാവിവരണം) - വി മുസാഫിർ അഹമ്മദ്
4. ഓടയിൽനിന്ന് - പി. കേശവദേവ്
5. വിഷകന്യക - എസ്.കെ. പൊറ്റെക്കാട്ട്
6. ആടുജീവിതം - ബെന്യാമിൻ
7. പ്രവാസം - എം. മുകുന്ദൻ

യൂണിറ്റ് - 5

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | ഏത് പ്രതിസന്ധികളെയും അതിജീവിച്ച് മുന്നോറാനുള്ള മനുഷ്യമനസ്സിന്റെ സവിശേഷതകൾ കണ്ടെത്തുന്നതിന്. | | | |
| 2 | കവിതാഭാഗം വിശകലനം ചെയ്ത്, വിശേഷണങ്ങൾ നൽകുന്ന സവിശേഷ അർഥതലം ചർച്ച ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്. | | | |
| 3 | കാവ്യപ്രയോഗങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്ത് സ്വന്തം രചനകളിൽ പ്രയോഗിക്കുന്നതിന്. | | | |
| 4 | ജീവിതാനുഭവങ്ങളുടെ തീവ്രമായ അവതരണങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കൃതികൾ വായിച്ച് അതിനെ അടിസ്ഥാനപ്പെടുത്തി ഉപന്യാസം തയാറാക്കുന്നതിന്. | | | |
| 5 | കഥാകൃത്തുക്കളുടെ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി സ്വാഭിപ്രായം രൂപീകരിക്കുന്നതിന്. | | | |
| 6 | മനുഷ്യാവകാശങ്ങളെ അടിസ്ഥാനപ്പെടുത്തി നടക്കുന്ന സെമിനാറിൽ അവതരിപ്പിക്കാനുള്ള പ്രബന്ധം തയാറാക്കുന്നതിന്. | | | |
| 7 | കവിതാഭാഗങ്ങൾ, കഥാഭാഗങ്ങൾ എന്നിവ വിശകലനം ചെയ്ത് താരതമ്യക്കുറിപ്പ് തയാറാക്കുന്നതിന്. | | | |
| 8 | ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോൾ ഭാഷയിൽ ഉണ്ടാകുന്ന വൈകാരികമാറ്റം എന്തെന്ന് തിരിച്ചറിയുന്നതിന്. | | | |
| 9 | ലഘുനാടകങ്ങൾ വായിച്ച് അതിലെ സാമൂഹികപ്രശ്നങ്ങൾ എന്തെന്ന് കണ്ടെത്തി സ്വന്തം രചനകളിൽ ഉൾപ്പെടുത്തുന്നതിന്. | | | |
| 10 | നാടകങ്ങളിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ തെളിയുന്ന മനോഭാവങ്ങളും വിശ്വാസങ്ങളും കഥാപാത്രങ്ങളുടെ സ്വഭാവവും വിശകലനം ചെയ്യുന്നതിന്. | | | |
| 11 | നാടകസംഭാഷണങ്ങളിൽ തെളിയുന്ന സന്ദേശങ്ങൾ എന്തെന്ന് വിശദമാക്കുന്നതിന്. | | | |

# സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം

വീട്ടിലേക്കെന്നു പോകുന്നു? ചോദിക്കുന്നു കൂട്ടുകാർ;
ഇന്നു വരും മകനെന്നു പടിപ്പുര-
ത്തിണ്ണയിൽ കണ്ണുനട്ടമ്മയിരിക്കുമോ?
കണ്ണുനീരെല്ലാം തൊടിയിൽ തുളസിയായ്
വന്നുവെന്നാശ്വസിക്കുന്ന പെങ്ങൾവ-
ന്നില്ലാരുമില്ലെന്നുറപ്പായ നേരത്തു
ചൊല്ലാൻ പറയുമോ സ്നേഹവിലാപങ്ങൾ?
അപ്പുറത്തിപ്പുറത്തുള്ള പെണ്ണുങ്ങൾവ-
ന്നെത്തിനോക്കുമ്പോളിടയ്ക്കൊരാളിൽ മാത്രം
ദൃഷ്ടിയുടക്കിയിടറി നിന്നീടുമോ?
നാടകം, വാർഷികം, വായനശാലയ്ക്കു
കൂടുതൽ ഗ്രാന്റ്, പൊതുവിശ്രമസ്ഥലം-
ഓരോന്നിനോരോവിധം കൂട്ടുകാർ  വന്നു
നേരം മുഴുക്കാതിരുന്നു പറയുമോ?

(വീട്ടിലേക്കുള്ള വഴി - ഡി.വിനയചന്ദ്രൻ)

ഈ കവിത പങ്കുവയ്ക്കുന്ന അനുഭവങ്ങൾ
എന്തൊക്കെയാണ്. ചർച്ച ചെയ്യുക.

പാഠം 1

# നഗരത്തിൽ ഒരു യക്ഷൻ

ആറ്റൂർ രവിവർമ്മ





മാഞ്ഞൂ പുതുമ; വിവാഹിതയാം മുൻപു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും

വേനലിൻ ചൂടിൽ വരണ്ടു, കൊടുംമഞ്ഞു-
കാലത്തഭംഗികലർന്നു നിൻചുണ്ടുകൾ

പേന മരിച്ചുകിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം.

എത്രയോ ദമ്പതിമാർതൻ മധുവിധു-
ച്ചിത്രങ്ങൾതൂങ്ങും തളത്തിലെ ഭിത്തിമേൽ

നാമന്നു നിഷ്ക്കർഷ പാലിച്ചെടുത്തൊരാ-
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമയായ്.

മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദൂരത്തി-
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ

ഓഫീസിലൊപ്പം പണിയെടുക്കുന്നവ-
രൊത്തൊരു 'ലോഡ്ജി'ൽ കഴിയുന്ന വേളയിൽ

നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന.

വീറുപിടിച്ചവർ വാദിച്ചു വിശ്രമ-
വേളയിൽ വൃത്താന്തപത്രക്കുറിപ്പുകൾ.

[തങ്ങൾ തന്നുള്ളറയിങ്കലൊറ്റയ്ക്കിരു-
ന്നപ്പൊഴും കേഴുകയാണവരെങ്കിലും]

ബാല്യകാലത്തിൻ നുറുങ്ങുകഥകളാൽ
പിന്നെയും  മാധുരി ചേർത്തു നീ കാപ്പിയിൽ

ബോംബെയിൽ താമസിച്ചീടുമമ്മായിതൻ
വീമ്പും പകൽ വന്ന ഭിക്ഷുവിൻ ദൈന്യവും

ഞാനറിയാതയൽപക്കത്തുകാരിതൻ
മാസക്കുറിയിൽ നറുക്കൊന്നു ചേർന്നതും

രാവിൽ  നിലാവുമറയുംവരെച്ചൊല്ലു-
മാറില്ലയോ വീട്ടുമുറ്റത്തിരുന്നു നീ?

മൂളായ്കിലപ്പോൾ പിണങ്ങിക്കിടക്കുവാൻ
പോയിടാറില്ലേ പലപ്പോഴുമന്നു നീ!

പൂട്ടിവച്ചുള്ള മനസ്സോടിരുന്നു ഞാ-
നോർക്കുകയാണദ്ദിനങ്ങൾ തൻ ലാഘവം

പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ.

*(ആറ്റൂരിന്റെ കവിതകൾ)*

## പദപരിചയം

- ട്രങ്ക് - പെട്ടി
- നിഷ്ക്കർഷ - നല്ലതുപോലെയുള്ള ശ്രദ്ധ
- അഭാവം - ഇല്ലാത്ത അവസ്ഥ
- വൃത്താന്തം - വാർത്ത
- മാധുരി - മധുരം

## പഠനപ്രവർത്തനങ്ങൾ

- 'നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന'
കവി ഇങ്ങനെ പറയുന്നതിന് കാരണമെന്ത്?
നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

- പേന മരിച്ചുകിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം...
കവിയുടെ വർത്തമാനകാലജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്? വ്യക്തമാക്കുക.

- അകലുന്തോറും അടുത്തേക്കു വരാൻ കൊതിക്കുന്ന സ്നേഹത്തിന്റെ ഊഷ്മളമായ അനുഭവമാണ് 'നഗരത്തിൽ ഒരു യക്ഷൻ' എന്ന കവിത. വിലയിരുത്തുക

- "പലനിറം കാച്ചിയ വളകളണിഞ്ഞുമഴിച്ചും
പലമുഖം കൊണ്ടുനാം തമ്മിലെതിരേറ്റും
നൊന്തും പരസ്പരം നോവിച്ചും മുപ്പതി-
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്ത വഴികളിൽ
എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ!"

*സഫലമീയാത്ര - എൻ എൻ കക്കാട്*

"നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ
നയമെത്രയാണഭിനയമെത്രയാണെന്നും
കുഴിച്ചുകുഴിച്ചു നാമനിഷ്ടസ്മൃതികൾത-
ന്നഴുക്കുപരതിച്ചെന്നെത്തുന്നൂ നരകത്തിൽ.
നിർദയലോകത്തിൽ നാമിരുപേരൊറ്റപ്പെട്ടോർ
അത്രയുമല്ലാ തമ്മിൽ തമ്മിലുമൊറ്റപ്പെട്ടോർ.
പിറക്കാതിരുന്നെങ്കിൽ പാരിൽ നാം സ്നേഹിക്കുവാൻ
വെറുക്കാൻ, തമ്മിൽക്കണ്ടുമുട്ടാതിരുന്നെങ്കിൽ"

*കണ്ണീർപ്പാടം - വൈലോപ്പിള്ളി*

മുകളിൽ നൽകിയിരിക്കുന്ന കവിതാഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പാഠം 2

# പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ

**പ്രിയ എ എസ്**

**കൃ**ഷ്ണൻവല്യച്ചൻ പത്മിനിയെയും കൂട്ടി നാട്ടിൽനിന്നു വന്നതിനുശേഷമുള്ള ഈ ദിവസങ്ങൾ എന്നെ വല്ലാതെ കുഴക്കുക തന്നെ ചെയ്യുന്നു.

പത്മിനിയെ പഴയ പത്മിനിയായിക്കിട്ടാൻവേണ്ടിയാണ് മോളേ, എന്ന വല്യച്ഛന്റെ അടക്കിപ്പറയലുകൾ എത്ര കഴിഞ്ഞു ഇതിനകം. പത്മിനിയുടെ കാര്യത്തിൽ നമ്മളിനി എന്തു വേണമെന്നാണ് നിന്റെ അഭിപ്രായം എന്ന ചോദ്യം കുത്തിനിർത്തിയിരിക്കുന്ന വല്യച്ഛന്റെ കണ്ണുകൾ, എനിക്കുനേരെ പത്മിനിയുടെ കണ്ണിൽപ്പെടാതെ വന്നുകൊണ്ടേയിരിക്കുന്നു.

എങ്ങനെ ചാഞ്ഞുചരിഞ്ഞുനോക്കിയിട്ടും അവളിലൊരു പാകപ്പിഴയും എനിക്കൊട്ടു കാണാനാകുന്നുമില്ല. എല്ലാം സാന്ത്വനയോടു പറഞ്ഞ് അവളുടെ സഹായം തേടാം പ്രശ്നപരിഹാരത്തിന് എന്നു കരുതി എന്തോ ചിലത് പറയാൻ തുടങ്ങിയതേയുള്ളൂ. അപ്പോഴാണ് സാന്ത്വനയുടെ നിർത്തിപ്പൊരിക്കൽ --- പത്മിനിക്കുഞ്ഞമ്മയ്ക്ക് എന്തുപറ്റി എന്നാണ് അമ്മ പറഞ്ഞുവരുന്നത്?

എപ്പോഴുമതെ, അച്ഛനില്ലാതെ വളരുന്ന കുട്ടികളിൽ, അച്ഛനായിത്തീർന്ന് അമ്മയെ ഭരിക്കലുണ്ട്. സാന്ത്വന ചൂണ്ടുന്നതാണ് പലപ്പോഴുമെന്റെ വഴികൾ. അവൾ ഒന്നിനെയും പെരുപ്പിച്ചുകണ്ട് ബേജാറാകാറില്ല. അവൾക്ക് സന്തോഷിക്കാനാണ് ജീവിതം. എന്റെയല്ല ചന്ദ്രന്റെ സ്വഭാവമാണവൾക്ക്. ചലനങ്ങളിൽ, ചിരിയിൽപോലും ചന്ദ്രന്റെ മകളാണവൾ. ഭൂമി വിട്ടുപോയ ചന്ദ്രനെ സദാ എന്റെയരികിൽ കൊണ്ടുവന്നു നിർത്തുന്നു അവൾ.

ജയഭാദുരിയുടെ മുഖത്തെ മാതിരി കുസൃതിയും നീണ്ടുവിടർന്ന ചിരിയും നിറഞ്ഞ പഴയകാല പത്മിനിക്കുഞ്ഞമ്മയെ തിരിച്ചുകിട്ടിയ സന്തോഷത്തിലാണ് ഞാൻ എന്ന് സാന്ത്വനയുടെ പ്രസ്താവനയുമുണ്ടായി തൊട്ടുപിന്നാലെ.

നാരായണൻചിറ്റപ്പന്റെ കൂടെ കഴിഞ്ഞിരുന്നപ്പോഴത്തെക്കാൾ ഇപ്പോഴിങ്ങനെ ഒറ്റയ്ക്കായപ്പോഴാണ് കുഞ്ഞമ്മയ്ക്ക് ഐശ്വര്യം എന്ന് തറപ്പിച്ചുപറയുകയും ചെയ്തു അവൾ. മൂളിപ്പാട്ട്, പാദസരക്കിലുക്കം, ചിത്രത്തുന്നലിന്റെ നൂലും സൂചിയും ഒരുക്കുന്ന വിസ്മയഭംഗികൾ, കൈപ്പുണ്യത്തിൽനിന്ന് എണ്ണപ്പുറത്തേക്ക് പൊങ്ങിവരുന്ന നെയ്യപ്പമധുരം --- ഇതിലൊക്കെ മുഴുകിയാണ് ഇത്തവണ പത്മിനിക്കുഞ്ഞമ്മ. ഇതാണോ കുഞ്ഞമ്മയിലെ ആപൽക്കരമായ മാറ്റം? സാന്ത്വനയുടെ ചോദ്യം ചെയ്യലിന് എനിക്കില്ല വ്യക്തമായ ഒരുത്തരം.

നാരായണനുമായി പിരിയുന്നതിന് ഏതാണ്ടാറുമാസം മുമ്പ് പത്മിനിയും ഞാനും കണ്ടിരുന്നു. അന്നേ അവൾ സൂചന തന്നിരുന്നു ഉലയുന്ന ദാമ്പത്യത്തെക്കുറി

ച്ച്. കാരണങ്ങളെക്കുറിച്ചൊന്നും അവൾ പറഞ്ഞില്ല, ഞാൻ ചോദിച്ചുമില്ല. അല്ലെങ്കിലും ചോദിച്ച് ഞാനവളിൽനിന്നൊന്നും അറിയാറില്ല. അവൾ പറയും. ഞാൻ കേൾക്കും --- അതാണ് ഞങ്ങളുടെ രീതി. എന്റെ കേൾവിയിൽ ഒരു തലോടലിന്റെ സാന്ത്വനം അടങ്ങിയിട്ടുണ്ട് എന്നു പണ്ടേ പത്മിനി പറയും. ഞാൻ കേട്ടുതീരുമ്പോൾ ഒരുവഴിയുമില്ലാത്തിടത്ത് ഒരു നേർവഴിക്കിടം തെളിഞ്ഞുവരുമെന്നും.

അന്ന് കാണുമ്പോൾ പരസ്പരധാരണയില്ലായ്മയുടെ പിരിമുറുക്കങ്ങൾ പത്മിനിയുടെ കൺതടങ്ങളിൽ കറുപ്പായും നെറ്റിത്തടത്തിൽ കുരുക്കളായും പൊന്തിയിരുന്നു.

ഇപ്പോൾ അവളുടെ മുഖത്ത് ഒരു തെളിച്ചമുണ്ട്.

നെറ്റിയിലെ വരകൾ അശാന്തിയോടെ ചുളിഞ്ഞുകുത്തുന്നില്ല.

അവൾ നന്നായുറങ്ങുന്നുണ്ട്.

ശാന്തമാണ് അവളുടെ ഓരോ വാക്കും.

ജീവിക്കാൻ ഇതൊക്കെയല്ലേ വേണ്ടത്?

ഇങ്ങനെയൊക്കെയല്ലേ വേണ്ടത് ഒഴുക്കുള്ള ഒരു ജീവിതം?



പത്മിനിയുടെ ചിരി സാന്ത്വനയുടെ മുറിയിൽനിന്ന് ഉയരുന്നതിന്റെ മേളം കേൾക്കുന്നില്ലേ എന്ന ചോദ്യം എന്റെ ചുണ്ടിൽ മുളയ്ക്കുന്നത് കാണുന്നുണ്ട് വല്യച്ഛൻ. പക്ഷേ, അതൊന്നും കാര്യമാക്കാതെ വല്യച്ഛൻ ദുഃഖനിലപാടിൽത്തന്നെയാണ്.

പത്മിനിയുടെ മേൽ എന്തെല്ലാമോ ഇടിഞ്ഞുപൊളിഞ്ഞുവീണ് ചതഞ്ഞരഞ്ഞ് അർധപ്രാണാവസ്ഥയിലാണവളെന്ന മട്ടിലാണ് വല്യച്ഛന്റെ നെടുവീർപ്പുകൾ. പത്മിനിക്ക് അവളുടേതായ ഒരു കാര്യത്തിലും ഇല്ല ശ്രദ്ധ. മറ്റുള്ളവരുടെ കാര്യത്തിലും ഇല്ല എന്ന് വല്യച്ഛൻ സങ്കടനടുവിൽ കരകാണാതുഴറുകയാണ്.

വല്യച്ഛൻ തുടരുന്നു---അവൾ സാന്ത്വനയെ സന്തോഷിപ്പിക്കാൻ വേണ്ടി കിടക്കവിരിയിൽ പൂക്കൾ തുന്നുന്നു. നെയ്യപ്പമുണ്ടാക്കുന്നു എന്നൊക്കെ നീ കരുതുന്നു. സാന്ത്വന സന്തോഷിക്കുന്നതല്ല വീട് മുഴുവനായി സന്തോഷത്തോടെ കൈകൊട്ടിയാർത്തെണീറ്റുനിന്ന് കുലുങ്ങിച്ചിരിക്കുന്നതിലാണവൾക്ക് കമ്പം. അവളോട്ടുപാത്രങ്ങൾ തേച്ചുമിനുക്കുന്നതും തോട്ടം അടിമുടി മാറ്റിമറിച്ചു ഭംഗിയാക്കുന്നതും എപ്പോഴും വീട് തൂത്തുതുടച്ചു വൃത്തിയാക്കുന്നതും കണ്ടില്ലേ? അവൾക്ക് വീട് ഒരു ഭ്രാന്താണ്. അവളുടെ വീട് അടുത്തില്ലാത്തതുകൊണ്ട് അവൾ നിന്റെ വീടിനെ സന്തോഷിപ്പിച്ച് ആ സന്തോഷം കണ്ട് സമാധാനിക്കുകയാണ്. നീ കണ്ടോളൂ, ഒരാഴ്ച തികച്ചു നില്ക്കില്ല അവളിവിടെ. എന്റെ വീട്, അതപ്പടി പൊടിപിടിക്കും, അവിടത്തെ ചെടിയെല്ലാം കരിയും, എനിക്ക് പോണം എന്നു പറഞ്ഞ് ബഹളം തുടങ്ങും അവളടുത്തുതന്നെ.

പക്ഷേ, എത്ര സൂക്ഷ്മമായി നോക്കിയിട്ടും നാരായണനുമായി പിരിഞ്ഞതിൽപ്പിന്നെ കൂടുതൽ സ്വസ്ഥയാണ് പത്മിനി എന്നേ എനിക്കും കണ്ടുപിടിക്കാനാവുന്നുള്ളൂ.

കുട്ടിക്കാലംമുതൽ കല്യാണംവരെ അവൾക്കൊപ്പം നടന്നിരുന്നവളല്ലേ നീയ്? എന്നിട്ടുമിപ്പോൾ നിന്റെ പിടിച്ചെടുക്കലുകൾ ഈ വയസ്സന്റെ പിടിച്ചെടുക്കലുകളെക്കാൾ ദുർബ്ബലമാണല്ലോ മോളേ. നിനക്ക് കാഴ്ചയും മങ്ങിയിട്ടുണ്ട്.

കാണേണ്ടതൊന്നും നീ കാണുന്നുമില്ല --- വല്യച്ഛനെന്റെ അലംഭാവം തീരെ പിടിക്കുന്നില്ല.

ഒച്ച താഴ്ത്തി ചുറ്റും നോക്കി. വല്യച്ഛൻ വേറെ ചിലതുകൂടി പറഞ്ഞു --- ഞങ്ങൾ ഇവിടെ വന്നിട്ട് കുറച്ചുദിവസമായി, അല്ലേ? എന്നിട്ടിതുവരെ അവൾ വാ, നമുക്കൊന്നു ചുറ്റിയടിക്കാം എന്നു നിന്നെ പിടിച്ചുവലിച്ചൊന്നു പുറത്തേക്കിറങ്ങിയോ? ബീച്ചിൽപോയി നനഞ്ഞു കുളിച്ചുനടന്നു പനിപിടിക്കുക, നഗരമാറ്റങ്ങൾ കാണാൻ നടനടോയെന്ന് നടന്ന് കാലുകഴയ്ക്കുക, വഴിവക്കു ഭക്ഷണങ്ങൾ പരീക്ഷിക്കുക --- ഇതൊക്കെയല്ലേ പത്മിനി? ഇത്തവണ വന്നിട്ട് പച്ചക്കറിമാർക്കറ്റിലേക്കല്ലാതെ എവിടെയെങ്കിലും പോയോ അവൾ? ഓരോ മാസവും മുടി മുറിച്ചിട്ടിരുന്നവളാണ്. ഇപ്പോ കണ്ടില്ലേ മുടി നീണ്ടുവളർന്ന് അരയറ്റമായി. പച്ചസാരികളോടുള്ള കമ്പവും തീർന്നു. ഉള്ള പച്ചസാരികളിലൊരെണ്ണംപോലും അവളെടുക്കാറുമില്ല. ഓട്ടുവളകൾ, കളിമൺമാലകൾ, വെള്ളിക്കമ്മലുകൾ --- അതൊക്കെ അവൾ ആർക്കു കൊടുത്താവോ? ഒരു നേർത്ത സ്വർണ്ണച്ചെയിനും ഒരു മൊട്ടുകമ്മലുമിട്ട് ശൂന്യമായ കൈത്തണ്ടകളുമായി അവൾ നടക്കുന്നതു കാണുമ്പോൾ എനിക്കെന്തോ പോലെ. എന്തിനാണവൾ പഴയ ശീലങ്ങളും കമ്പങ്ങളും ഇങ്ങനെ മാറ്റിമറിക്കുന്നത്?

എനിക്ക് ചിരിവന്നു.

ഏകദേശം പത്തറുപത് കൊല്ലമെങ്കിലും ജീവിക്കാനുണ്ടാവുക. അക്കാലമെല്ലാം ഒരേപോലെ തലമുടി വെട്ടി, ഒരേ നിറമിഷ്ടപ്പെട്ട്. ഒരേ ആഭരണമിട്ട് ജീവിക്കുക --- മടുപ്പുകൊണ്ട് ചത്തുപോകാൻ ഇതിൽ കൂടുതലെന്തു വേണം?

ഒരേ ജന്മത്തിൽ എത്രമാത്രം ആളുകളാകാൻ പറ്റുമോ അത്രയുമാകണം എന്ന ആഗ്രഹംകൊണ്ടാണ് നമ്മൾ ഉടുപ്പുകൾ മാറുന്നതും കർട്ടനുകൾ മാറ്റുന്നതും പുതിയ ചെടികൾ നടുന്നതും.

ജോലി, വീട്, അച്ഛനമ്മമാർ, ഭർത്താവ്, കുട്ടികൾ ഇതൊക്കെ മാറൽ അസാധ്യമായതുകൊണ്ട് തലമുടിയുടെ രീതി, ചെരിപ്പിന്റെ പൊക്കം, പൊട്ടിന്റെ ആകൃതി, ഉടുപ്പിന്റെ കൈനീളം ഒക്കെ മാറ്റിമറിച്ച് നമ്മൾ വേറെ വേറെ ആളുകളാകാൻ ശ്രമിക്കുന്നു. അല്ലെങ്കിലും ഓരോ പ്രായത്തിലും മനുഷ്യർക്ക് ഓരോരോ കൗതുകങ്ങൾ, മട്ട്, മാതിരി ഒക്കെയല്ലേ?

സാന്ത്വനയുടെ ശാഠ്യത്തിനു വഴങ്ങി അവൾക്കൊപ്പം പുറത്തുപോയി ബട്ടൂരയും നാനും സൂഖാറൊട്ടിയും ഒക്കെ കഴിക്കുമ്പോൾ കുറച്ച് കഞ്ഞിയും ചമ്മന്തിയും കിട്ടിയിരുന്നെങ്കിലെന്ന് ഉള്ളാലെ അസ്വസ്ഥയാകുന്നു ഞാൻ.

കടുംനീലനിറങ്ങളിലമ്മ കത്തിജ്വലിക്കുമെന്നു പറഞ്ഞ് സാന്ത്വന തിരഞ്ഞെടുക്കുന്ന സാരികളുടുക്കുമ്പോൾ എനിക്ക് പൊള്ളുന്നു. ഭസ്മനിറമാണെനിക്കിഷ്ടം എന്നു പറഞ്ഞാൽ സാന്ത്വന മുഖം വീർപ്പിക്കുമല്ലോ എന്നു കരുതിയാണ് ഇപ്പോഴെന്റെ ആട്ടമെല്ലാം.

എന്റെ ചിന്തകൾ വായിച്ചെന്നവണ്ണം വല്യച്ഛൻ പറഞ്ഞു: നിനക്ക് വന്ന മാറ്റങ്ങളും ഞാൻ കാണുന്നുണ്ട് മോളേ. പക്ഷേ, നിനക്ക് സാന്ത്വനയില്ലേ? അവളുടെ ചെറുപ്പത്തിന് തിളക്കമേറുമ്പോൾ നീ നിന്റെ നടത്ത പതുക്കെയാക്കുന്നു. പത്മിനി പതുക്കെ നടന്നാൽ അവൾക്കു മുന്നെ നടന്നുകയറി ചെറുപ്പത്തിന്റെ തിളക്കം വാരിവിതറി, അവളെ അതിന്റെ വലയത്തിലാക്കാൻ അവൾക്കൊരു സാന്ത്വനയില്ലല്ലോ മോളേ.

സത്യത്തിന്റെ തുറുകണ്ണ് കണ്ടില്ലെന്നു നടിക്കാൻ വല്യച്ഛനെ കളിയാക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ --- ഇപ്പറയുന്ന ആൾ തന്നെ എത്ര മാറി. അരക്കൈയൻ ഷർട്ട്. അതും ഖദറിന്റേതു മാത്രമേയിടൂ എന്ന് ശാഠ്യം പിടിച്ചിരുന്ന, കല്യാണമോതിരം പോലും ആഡംബരമെന്നു പറഞ്ഞൂരിവച്ചിരുന്ന വല്യച്ഛൻ ഇപ്പോൾ ഇളംനിറ റെഡിമെയ്ഡ് ബോംബെ ഡൈയിങ് ഷർട്ടുകൾ ഇഷ്ടപ്പെടുകയും സ്വർണം കെട്ടിയ രണ്ടുമടക്ക് രുദ്രാക്ഷമാലയിട്ടു നടക്കുകയും ചെയ്യുന്നതിനെന്താണ് കാരണം? പണ്ടത്തെ രാവുണ്ണിനായരല്ല ഇപ്പഴത്തെ രാവുണ്ണിനായരെന്ന് ഞാനും പത്മിനിയും പറഞ്ഞാലോ? വല്യച്ഛൻ ഷർട്ടിടാതെ നടക്കുമ്പോൾ പരമനെന്നും തോർത്ത് തലയിൽ കെട്ടി പറമ്പു കിളയ്ക്കുമ്പോൾ കൊച്ചൗസേപ്പെന്നും കഞ്ഞിമുക്കി വടിപോലാക്കിയ ഖദർഷർട്ടിട്ട് കണ്ണടയും വച്ച് നടക്കാനിറങ്ങുമ്പോൾ ബാലൻമാഷെന്നും വിളിച്ചു രസിച്ചിരുന്നല്ലോ കുട്ടിക്കാലത്ത് ഞങ്ങൾ. അതേമട്ടിൽ, പച്ചയണിഞ്ഞ് ഹരിത, കറുപ്പണിഞ്ഞ് യാമിനി, ചുവപ്പിട്ട് ദുർഗ --- ഒരേ ജന്മത്തിലെ പല രൂപപരിണാമങ്ങൾക്ക് ശ്രമിക്കുകയാവും പത്മിനി. അവൾ തീർച്ചയായും സന്തോഷവതിയാണ്. വന്നയുടനെ ഓടിയിറങ്ങി ബീച്ചിലേക്ക് പോയില്ല, എണ്ണവച്ചു കുളിക്കുന്നു. മുടി നീട്ടിവളർത്തുന്നു എന്നൊക്കെ പറഞ്ഞ് വെറുതെ പരിഭ്ര

മിക്കുകയാണ് വല്യച്ഛൻ. പണ്ട് പത്മിനി മുടി മുറിക്കുന്നതിനും സ്വർണ്ണാഭരണങ്ങളിടാത്തതിനും ബഹളം വച്ചിരുന്നതൊക്കെ ഈ വല്യച്ഛൻ തന്നെയല്ലേ?

വല്യച്ഛൻ പറയുന്നത് എനിക്കിപ്പോഴും കാര്യത്തിന്റെ ഗൗരവം മനസ്സിലായിട്ടില്ല എന്നുതന്നെയാണ്. പത്മിനിയെ വീട് ജ്വരം പോലെ ബാധിച്ചിരിക്കുകയാണ്. അവൾക്ക് വീടെന്ന ഒറ്റവിചാരം മാത്രമേയുള്ളൂ. അവളതിനോട് സംസാരിക്കും. അതിനെ ചമയിക്കും, കൊഞ്ചിക്കും, അതിന്റെ വിയർപ്പുമണത്തോടൊട്ടിയേ അവൾക്കിപ്പോൾ ജീവിതമുള്ളൂ. അവൾ അതിനെ എടുത്ത് മടിയിൽ വയ്ക്കുകയോ വീട് അവളുടെ മടിയിൽ വീണുറങ്ങുകയോ അങ്ങനെ എന്തോ ഒന്ന് സംഭവിക്കുന്നുണ്ട് ഈയിടെയായി.

വല്യച്ഛൻ ഉറപ്പിച്ചുപറഞ്ഞു--- വീട് ഒരു മേൽക്കൂരയല്ല, ഭ്രാന്താണവൾക്ക്. ആർക്കോ ഉടുപ്പു വാങ്ങുംപോലെയാണവൾ വീടിന് കർട്ടനുകൾ വാങ്ങുന്നത്. ആരുടെയോ തലമുടി പിന്നിയിടുംപോലെയാണവൾ വീട്ടുമുറ്റത്തെ പാവലിന് പന്തലിടുന്നത്. ആരെയോ ഒരുക്കിനിർത്തുംപോലെയാണവൾ തൂത്തും തുടച്ചും അലങ്കാരസാധനങ്ങൾ പതിച്ചും വീട് സൂക്ഷിക്കുന്നത്.

പത്മിനിക്ക് പിറക്കാതെപോയ കുട്ടി, അപ്പോഴെനിക്കും വല്യച്ഛനും ഇടയ്ക്കോടിക്കളിക്കുന്നതുപോലെ തോന്നി. കുട്ടികളുടെ ബഹളമില്ലായ്മ പത്മിനിക്കും നാരായണനുമിടയിലെ അകലമില്ലായ്മയായി മാറുന്നതു കണ്ട് പണ്ട് ഞാനത്ഭുതപ്പെട്ടിട്ടുണ്ട്.

ഓരോ വേനലൊഴിവിനും അവർ രണ്ടാളും കൊച്ചിയിൽ നിന്നും പറന്നുവന്നിരുന്നു ഞങ്ങളുടെ കുഞ്ഞുഫ്ളാറ്റിലേക്ക്.

എന്റെ വൈധവ്യത്തിനും സാന്ത്വനയുടെ അച്ഛനില്ലായ്മയ്ക്കും മീതെ നിറങ്ങളും രസങ്ങളും വാരിച്ചൊരിയാനും ഒരു കൈച്ചുറ്റിന്റെ അലസസ്നേഹം തരാൻ ഞങ്ങളുണ്ട് നിങ്ങൾക്ക് എന്നു ബോധ്യപ്പെടുത്താനുമായിരുന്നു അന്ന് ആ വരവുകൾ.

സാന്ത്വനയ്ക്ക് ഏറ്റവും കൂടുതൽ കുഞ്ഞുടുപ്പുകൾ കൊടുത്തിരുന്നത് അവരായിരുന്നു. ആ ഉടുപ്പുകൾ സാന്ത്വനയെ ഇടീക്കുമ്പോൾ അതവർക്ക് കുഞ്ഞുടുപ്പുകൾ വാങ്ങാനുള്ള ഒരവസരം കൊടുക്കലായിരുന്നു.

ആ പരസ്പര സഹായസഹകരണപദ്ധതി പിന്നെയെപ്പോഴോ നിന്നു. സാന്ത്വന വലുതായി ചന്ദ്രേട്ടനെപ്പോലെ എന്റെ മൂക്കിലെ മറുകിൽ ഉമ്മ വയ്ക്കാൻ തുടങ്ങുകയും വരവുചെലവുകണക്കുകൾ എഴുതിവച്ച് ഓരോ അധികപ്പറ്റുബില്ലിനും എന്നെ കണ്ണുരുട്ടാനും തുടങ്ങിയിരുന്നു അപ്പോഴേക്ക്. അക്കാര്യമൊക്കെ പറഞ്ഞുകേൾപ്പിക്കുമ്പോൾ, ഇനി ഞങ്ങൾ വന്നില്ലെങ്കിലും നിങ്ങൾക്ക് നിങ്ങളുണ്ടല്ലോ എന്നു പറഞ്ഞു പത്മിനി ഒരിക്കൽ. പത്മിനിയോട് സാന്ത്വനയുടെ കുറ്റങ്ങൾ പറയുമ്പോൾ അവൾ അമ്മേ എന്ന് താക്കീതിന്റെ സ്വരത്തിൽ വിളിച്ചതും പത്മിനി ശ്രദ്ധിച്ചുകാണണം. ഞങ്ങൾക്കിടയിലെ കുറ്റങ്ങളും കുറവുകളും വഴക്കുകളും മൂന്നാമതൊരാളറിയണ്ട എന്ന കൗതുകകരമായ ധാരണയിൽ ഞങ്ങൾ ഒപ്പുവച്ചിട്ടുണ്ട് എന്നു വിശദീകരിച്ച് ചിരിക്കുമ്പോൾ പത്മിനിയന്ന് ചോദിച്ചു - ഒരു ഭാര്യക്കും ഭർത്താവിനും ഇടയിലെ പരസ്പരധാരണ പോലെ ഒന്ന്. അല്ലെ?

ഞങ്ങളുടെ ലോകം ഞങ്ങൾ നന്നായി ആസ്വദിക്കുന്നതു കണ്ടാണവർ അന്ന് തിരിച്ചുപോയത്. പിന്നെയും കുറച്ചു നാൾ വല്ലപ്പോഴുമൊക്കെ വന്നു പോയി അവർ. ഇനി ഓടിപ്പിടിച്ചുവന്നില്ലെങ്കിലും കുഴപ്പമില്ലല്ലോയെന്ന് ഒരു വരവിൽ നാരായണൻ

പറയുകയും ചെയ്തു.

നാരായണന്റെ ആ പറച്ചിൽ പുതിയൊരടുപ്പത്തിലേക്കുള്ള അകൽച്ചയാണെന്നു മനസ്സിലാക്കാൻ എല്ലാവരും വൈകി. നാരായണൻ പത്മിനിയോടു ചെയ്ത ചതിവ്. അവർ മാറിമാറിക്കണ്ട ഓരോ ഡോക്ടറും പത്മിനിക്ക് കുട്ടികളുണ്ടാവില്ലെന്ന് കെയ്സ് ഷീറ്റുകളിൽ കുത്തിക്കുറിച്ചപ്പോഴെല്ലാം നാരായണൻ പത്മിനിയുടെ തോളിൽ കൈയിട്ടു ചിരിച്ച്, കുട്ടികളുണ്ടാകാത്തതിൽ എന്തു ദുഃഖം, എനിക്കിവൾ പോരേ കുഞ്ഞായും വലുതായും എന്നു ചോദിച്ചു. ഈ പൊട്ടിക്കാളിയെ വളർത്തിവലുതാക്കാൻ തന്നെ എന്താ പാടെന്നറിയാമോ എന്ന് നാരായണൻ പത്മിനിയെ ചേർത്തുപിടിക്കുന്നതു കാണുമ്പോഴെല്ലാം ഹൃദയത്തിലേക്ക് ഒരു പുഴയുടെ മുഴുവൻ തണുപ്പും കയറിവന്നിരുന്നു. അതേ നാരായണൻ പിന്നെ ഒളിപ്പിച്ചുകളിയിലേർപ്പെട്ടു. പിടിക്കപ്പെട്ടപ്പോൾ ഇതെന്റെ മകൾ. ഇതവളുടെ അമ്മ എന്നു ചൂണ്ടിക്കാണിച്ചും കുഞ്ഞുങ്ങളുടെ ഒച്ചയില്ലാതെ ഒരു ജീവിതമെങ്ങനെ ജിവിതമാകും, എന്നു ചോദിച്ചും പറഞ്ഞും നെഞ്ചുവിരിച്ചിറങ്ങിപ്പോയി. ചെലവിനു തന്നോളാം എന്നു പറഞ്ഞുചെന്ന ദൂതനോട് പത്മിനിയിറങ്ങിപ്പോകാൻ പറഞ്ഞു.അത്രയുമേ വല്യച്ഛനറിയൂ.

എന്നോട് കൂടുതലെന്തെങ്കിലും പത്മിനി പറഞ്ഞോ എന്നാണ് വല്യച്ഛനറിയേണ്ടത്. കഴിഞ്ഞ കാര്യങ്ങളുടെ തോലുപൊളിച്ചാലുമില്ലെങ്കിലും ഇനി എന്തു ഫലം എന്നു തോന്നിയതുകൊണ്ട് ഞാനൊന്നും ചോദിച്ചില്ല എന്നു പറഞ്ഞതിനെ, നിനക്ക് നിന്റെ കാര്യം അല്ലേ എന്നു നെടുവീർപ്പോടെയാണ് വല്യച്ഛൻ നേരിട്ടത്.

അങ്ങനെ ഓരോന്ന് പറഞ്ഞിരിക്കുമ്പോഴാണ് പത്മിനി സാന്ത്വനയുടെ കൂടെ ഷോപ്പിങ്ങിനു പോകാൻ സ്വമേധയാ തയ്യാറായത്. നിന്റെ കാലുകഴപ്പുകാരി അമ്മ നമ്മുടെ കൂടെ വന്നാൽ അയ്യോ എന്റെ കാലേ എന്ന് നൂറുവട്ടം പറഞ്ഞ് നമ്മുടെ ഷോപ്പിങ്ങിന്റെ രസം കളയുമെന്നു പറഞ്ഞെന്നെ വീട്ടിലിരുത്തി സാന്ത്വനയുടെ കൈയും പിടിച്ച് തിമിർപ്പോടെ അവൾ പോകുന്നതു കണ്ട് മനസ്സു നിറഞ്ഞാണ് വല്യച്ഛൻ ഉച്ചയുറക്കത്തിനു വട്ടംകൂട്ടിയത്.

പക്ഷേ ചുറ്റിയടിക്കലുകളിൽ നിന്ന് തിരിച്ചുവരുമ്പോൾ സാന്ത്വനയ്ക്ക് ഒരു കെട്ട് പരാതിയുണ്ട്, പത്മിനിയെക്കുറിച്ച്.

പത്മിനിക്കുഞ്ഞമ്മ 'ചൂരൻ' കഴിക്കാൻ കൂടെ വന്നില്ല. സാരിക്കടയിൽ ഒന്നു കയറിയതുകൂടെയില്ല. മെട്രോയിൽ കയറാൻ താൽപര്യമില്ലെന്നു പറഞ്ഞു. അതു കേട്ടതും വല്ല്യച്ഛൻ എന്നെ അർഥഗർഭമായി നോക്കി.

കുഞ്ഞമ്മ വാങ്ങിയതൊക്കെ നോക്കമ്മേ. ഇപ്പോഴും കുഞ്ഞമ്മയുടെ ടേസ്റ്റ് അപാരംതന്നെ എന്നുപറഞ്ഞ് സാന്ത്വന അവളുടെ പരാതികൾ മറന്ന് പാക്കറ്റുകൾ പൊട്ടിക്കാൻ തുടങ്ങിയിരുന്നു, അപ്പോഴേക്കും.

വല്യച്ഛന്റെ കണ്ണുകളെ നേരിടാൻ വീണ്ടുമെനിക്ക് പ്രയാസം സൃഷ്ടിക്കുന്ന തരത്തിലുള്ളതായിരുന്നു ആ പാക്കറ്റുകളെല്ലാം. അതിലുള്ളതെല്ലാം പത്മിനി വീടിനുവേണ്ടി വാങ്ങിയതായിരുന്നു. വീടിന്റെ കാര്യങ്ങളിലൊന്നും തടസ്സമുണ്ടാകാതിരിക്കാൻ വേണ്ടി ഗണപതി വിഗ്രഹങ്ങൾ, അടുക്കളഭിത്തിയെ സന്തോഷിപ്പിക്കാൻവേണ്ടി അലങ്കാരസ്പൂണുകൾ, ജനാലകൾക്ക് രാജകുമാരിമാരും തേരും നൃത്തവുമുള്ള കർട്ടനുകൾ, കുളിമുറിക്ക് റ്റൈൽസ്ക്ലീനറുകൾ, ഊണുമേശയ്ക്ക് ചിത്രത്തുന്നലുകളുള്ള വിരികൾ. ഫ്രിഡ്ജിനു കൂട്ടിരുത്താൻ കളിമൺ പാവക്കുട്ടി....... അങ്ങനെയെന്തെല്ലാമോ....



പിന്നീട് സാന്ത്വന ഒരു കഥ പറയുംപോലെ കണ്ണു വിടർത്തിയെന്നോട് പറഞ്ഞു നല്ല രസം, ഈ കുഞ്ഞമ്മ പറയുന്നതുകേൾക്കാൻ. വീട് വിലക്കിയിട്ടാണത്രെ. കുഞ്ഞമ്മ വഴിയിൽനിന്ന് പാനിപൂരിയും ചൂരനും കഴിക്കുന്നത് നിർത്തിയത്.

കഴുത്തുനിറയുന്ന മുത്തുമാലകൾ, ജൂട്ട്ബാഗുകൾ, കടുംനിറസ്സാരികൾ ഒക്കെ നിരോധിച്ച് ചെറിയ സ്വർണ്ണചെയിൻ, ലെതർബാഗ്, മുണ്ടും നേര്യതും എന്നിവ മതിയെന്നൊക്കെ വീട് കുഞ്ഞമ്മയോട് ചട്ടംകെട്ടിയിട്ടുണ്ടത്രെ. സംസാരിക്കുന്ന വീട്. എന്തൊരു രസമുള്ള കല്പന എന്നു പറഞ്ഞ് സാന്ത്വന തുള്ളിച്ചാടിപ്പോയതും വല്യച്ഛൻ കടന്നുവന്നു. പിന്നാലെ പത്മിനിയും.

ഞാനവളോട് അവളുടെ വീടിനെക്കുറിച്ചലസമായി ചോദിച്ചു.

നാരായണനുമായി പിരിഞ്ഞശേഷം ലോണെടുത്ത് സ്വന്തം പ്ലാനനുസരിച്ച് അവൾ വച്ച വീടാണത് എന്നുമാത്രമേ എനിക്കറിയാമായിരുന്നുള്ളു. കൈയോ കാലോ വളരുന്നതെന്നു നോക്കി ഉയിരെടുത്ത് ഉള്ളംകൈയിൽ പിടിച്ച് ഞാൻ വച്ച എന്റെ വീടെന്നു പറഞ്ഞു പത്മിനി.

അപ്പോഴവളുടെ കണ്ണുകളിൽ എനിക്കാ വീട് കാണാമായിരുന്നു. അതിനോടുള്ള വാത്സല്യത്തിന്റെ ആഴങ്ങളിൽ അവൾ നീന്തിത്തുടിക്കുന്നതു കാണാമായിരുന്നു.

അവൾ പറഞ്ഞു --- കൊന്നപ്പൂക്കളും പവിഴമല്ലിപ്പൂക്കളും കൊഴിഞ്ഞുവീണ് പൂക്കളമാകുന്ന മുറ്റമുണ്ട് എന്റെ വീടിന്. കാക്കകൾ കുരുവികളുടെ ലാസ്യമുണ്ടെന്നു നടിച്ചു വന്ന് മുരിക്കിൻ പൂവുകളിൽ നിന്ന് തേൻ കുടിക്കുന്നതുകണ്ട് കുളക്കോഴികൾ കുണുങ്ങിച്ചിരിക്കും. വീടിന് പാലടപ്രഥമന്റെ മണമൊത്തിരി ഇഷ്ടമാണ്. വീടു പറയാറുണ്ട്, ഈ കുഞ്ഞുമാരുതിയൊരു രസമില്ല. പച്ചനിറമുള്ള വണ്ടുപോലുള്ള പുതിയ അംബാസഡർകാറു മതി നമുക്ക്, ഇൻഡ്യൻ റോഡുകൾക്ക് അംബാസഡറേ പറ്റൂ. പത്മിനി ഓഫീസിൽ നിന്നെത്താൻ വൈകിയാൽ വീട് കണ്ണു കഴയ്ക്കുംവരെ നോക്കിനിൽക്കും. ഇപ്പോൾ പാവം വീടിന് കരഞ്ഞുകരഞ്ഞ് ശ്വാസംമുട്ടുന്നുണ്ടാവും. വീടിനെ കാറ്റിനെയും പൂവുകളെയും കിളികളെയും ഏൽപിച്ചാണ് ഞാൻ പോന്നത്. എന്തായിട്ടുണ്ടാവുമോ എന്തോ? എനിക്ക് കാണാനും കേൾക്കാനും രസിക്കാനുമൊക്കെ എന്തെങ്കിലും കൊണ്ടുവന്നാൽ മതി. പൊയ്ക്കോളൂ എന്ന് വീട് മുൻകൈയെടുത്തിട്ടാണ് ഞാനീ യാത്ര പുറപ്പെട്ടതുതന്നെ. പക്ഷേ, ഇപ്പോ പോന്നിട്ട് രണ്ടാഴ്ചയായില്ലേ? മറന്നുപോയിക്കാണുമോ ഞാൻ വീടിനെ. ഇനി തിരിച്ചുചെല്ലില്ലേ ഞാനങ്ങോട്ട് എന്നൊക്കെ ആധി കയറിയിട്ടുണ്ടാവും വീടിന്. അതാണിന്നലെ രാത്രിയിൽ വീട് സ്വപ്നത്തിലേക്കു കയറിവന്നത്, കണ്ണുനീർത്തുള്ളിപോലെ.

അങ്ങനെ പറഞ്ഞുപറഞ്ഞ് പത്മിനിയെത്തി നിന്നത് എനിക്കു എത്രയും വേഗം വീട്ടിൽ പോകണം എന്ന പറച്ചിലിലാണ്. വല്യച്ഛൻ എതിർത്തിട്ടും സാന്ത്വന കെഞ്ചിയിട്ടും പത്മിനി വീടുവീടെന്നുതന്നെ ജപിച്ചുകൊണ്ടേയിരുന്നു.

അവസാനം പത്മിനിയുടെ വാശിതന്നെ ജയിച്ചു. ടിക്കറ്റ് ശരിയാക്കാൻ പത്മിനി സാന്ത്വനയെക്കൂട്ടി പോവുകതന്നെ ചെയ്തു. അവളെ ഇവിടെയുള്ള വല്ല നല്ല ഡോക്ടർമാരെയും കാണിച്ചാലോ. എന്താ നിന്റെ അഭിപ്രായം എന്നു ചോദിച്ചുകൊണ്ട് ആധിയിൽ മുങ്ങിപ്പൊങ്ങുകയായി അതോടെ വല്യച്ഛൻ.

ഞാൻ ചോദിച്ചു - എന്തിനാണ് വല്യച്ഛാ ഇനിയവൾക്ക് ചികിത്സ? ആ വീടല്ലേ അവൾക്ക് കിട്ടാവുന്നതിൽ വച്ചേറ്റവും നല്ല ചികിത്സ? അവളുടെ വിഷമങ്ങളിലെല്ലാം മരുന്നുവച്ച് കെട്ടുന്നത് ആ വീടാണ് എന്ന് ഇനിയും മനസ്സിലായിട്ടില്ലേ വല്യച്ഛന്? അവൾ വിഷമങ്ങളടക്കി നടക്കുമ്പോൾ നമ്മൾ കരുതുന്നു വിഷമങ്ങൾ സ്പർശിക്കാത്ത വിധം അവളുടെ തലതിരിഞ്ഞു പോയെന്ന്. നാരായണന്റെ ചതിവിൽ, കുട്ടികളില്ലാ

ത്തതിൽ, കൂട്ടില്ലാത്തതിൽ ഒക്കെ അവൾക്ക് ദുഃഖമില്ലെന്നാണോ? കുട്ടികളില്ലാത്തതുകൊണ്ടാണോ നാരായണൻ ഒളിച്ചും ചതിച്ചും മറ്റൊരുവളിലേക്കിറങ്ങിയത് എന്നവളാലോചിക്കാറേയില്ലെന്നാണോ? അവളും നാരായണനും കൂടി സ്വപ്നം ചാലിച്ചു പണിത വീട് നാരായണനും പുതുക്കക്കാരിക്കും അവരുടെ കുഞ്ഞിനും കൂടി കൊടുത്തിറങ്ങിപ്പോരുമ്പോൾ അവളുടെ ഹൃദയം പിടഞ്ഞില്ലെന്ന് വല്യച്ഛൻ കരുതുന്നതാണ് കഷ്ടം. അവളും നാരായണനുംകൂടി താലോലിച്ച സങ്കല്പക്കുഞ്ഞ് നാരായണന്റെ പുതുക്കക്കാരിയുടെ മടിയിൽക്കിടന്ന് ചിരിച്ചപ്പോഴും പത്മിനി കൂസാതെ നിന്നുവെന്ന് വല്യച്ഛനല്ലേ എന്നോടു പറഞ്ഞത്? അടക്കിപ്പിടിക്കലുകൾ അപകടകാരികളാണ്. അതു നമ്മളെ വേരോടെ ചീയ്ക്കും. അതിനിടെ വീട് പണിയാൻ പത്മിനിക്ക് തോന്നിച്ചതിന് നമ്മൾ ദൈവത്തിന് സ്തുതിപറയണം. അവളൊറ്റയ്ക്ക് ഒരു കുഞ്ഞുവീട് പണിതു. അതിനെ മടിയിൽ കിടത്തി അവളമ്മയായി. അവളുടെ മടിത്തട്ടിൽ വീണുകിടന്ന് ആ വീടവളുടെ കുഞ്ഞായി. അതത്ര കാര്യമാക്കാനൊന്നുമില്ല.

നിനക്കും ഭ്രാന്തായോ എന്നു ചോദിച്ചെഴുന്നേറ്റ വല്യച്ഛനെ ഞാൻ വീണ്ടും സോഫയിൽ പിടിച്ചിരുത്തി.

വല്യച്ഛനോർമ്മയില്ലേ, ചന്ദ്രേട്ടൻ മരിച്ചപ്പോൾ ഞാനൊരു റിസപ്ഷനിസ്റ്റിന്റെ ജോലിക്ക് പോയിത്തുടങ്ങിയത്? ആദ്യത്തെ ശമ്പളം ഞാൻ വച്ചുകൊടുത്തത് സാന്ത്വനയുടെ കൈയിലാണ്. അവളതിലെ നൂറുരൂപാ നോട്ട് ഞൊടിയിടയിൽ പിച്ചിക്കീറി കൈയടിച്ച് ചിരിച്ചപ്പോൾ ഞാനവളെ എടുത്തു മടിയിലിരുത്തി കൊഞ്ചിച്ചു. അവളെ വഴക്കുപറയാത്തതിന്, അടിക്കാത്തതിന്, പൈസ കുട്ടിയുടെ കൈയിൽ കൊടുത്തതിന്... ഒക്കെ എല്ലാവരും എന്നെയന്ന് വഴക്കുപറഞ്ഞു. സാന്ത്വനയാണ് എന്റെ വഴി എന്ന മട്ടിലെ എന്റെ പോക്കിന് കടിഞ്ഞാണിടാൻ ശ്രമിച്ച് അന്ന് നിങ്ങളെല്ലാവരും തോറ്റു. വേണ്ട, വേണം, കൊള്ളില്ല എന്നൊക്കെ വാശിപിടിച്ച് സാന്ത്വന കൂടെ നടക്കുമ്പോൾ ഞാനവളിൽ ചന്ദ്രേട്ടനെ തേടുകയും കാണുകയും ചെയ്യുകയായിരുന്നു. എനിക്കാ പകരംവയ്ക്കൽ ഒരു പിടിവള്ളിയായിരുന്നു. ചന്ദ്രേട്ടനായി പകർന്നാടി പലപ്പോഴും സാന്ത്വന എന്നത് എന്റെ ഒരു വിഭ്രാന്തി മാത്രമായിരുന്നിരിക്കാം. പക്ഷേ, ആ വിഭ്രാന്തിയിൽ തൂങ്ങിയാണ് ഞാനന്നൊക്കെ ജീവിച്ചത്.

ചന്ദ്രേട്ടൻ കാലത്തിന്റെ മാറ്റത്തോടൊപ്പം മാറുമായിരുന്നില്ലേ, ഇന്ന് ചന്ദ്രേട്ടനുണ്ടായിരുന്നെങ്കിൽ ഇത്തരം മീൻകറി തന്നെയാവുമോ ഇഷ്ടപ്പെടുക, ഈ ബാങ്കിലാവുമായിരുന്നോ അക്കൗണ്ട് തുടങ്ങുക എന്നൊക്കെ തർക്കിക്കാം ആർക്കു വേണമെങ്കിലും. പക്ഷേ, യുക്തിഭദ്രതയെക്കാൾ എനിക്കു വേണ്ടിയിരുന്നത് സങ്കല്പത്തിന്റെ തലോടലാണ്. അതുകിട്ടിയത് സാന്ത്വനയുടെ കുഞ്ഞുവിരലിൽ പിടിച്ചപ്പോഴാണ്. അതുതന്നെയാണ് പത്മിനിയും ചെയ്യുന്നത്. വല്യച്ഛനും ചെയ്തിട്ടില്ലേ അങ്ങനെ?

വല്യച്ഛൻ മറുപടിയൊന്നും പറഞ്ഞില്ല. ഭാമവല്യമ്മ മരിച്ചതിനുശേഷമുള്ള കാലം ഓർക്കുകയായിരുന്നിരിക്കണം.

വല്യമ്മ ഉണക്കിസൂക്ഷിച്ചിരുന്ന പയറുവിത്തുകൾ വല്യമ്മയുടെ മരണത്തിനുശേഷമെടുത്ത് കിളിർപ്പിച്ച്, മണ്ണു കിളച്ചുമറിച്ച്, നട്ട്, വളമിട്ട്, വെള്ളം കോരി

വളർത്തി വലുതാക്കി, വയലറ്റ് പൂവുകൾ കുരുത്തോലപ്പയറുകളായി നീണ്ടുവരുന്നതുകണ്ട് വല്യച്ഛൻ സായൂജ്യം കൊണ്ടത് എല്ലാവരെയും അദ്ഭുതപ്പെടുത്തിയിരുന്നു. തൂമ്പ തൊടാത്ത ആളാണ്. ചീര വാടിക്കുഴഞ്ഞു കിടന്നാലും അത് കണ്ണിൽപ്പെടാത്ത ആളാണ്. മുരിങ്ങക്ക മൂപ്പെത്തി പൊട്ടിച്ചിതറുന്ന പരുവമായാലും പറിക്കാൻ മെനക്കെടാത്ത ആളാണ്. അങ്ങനെയൊക്കെ എണ്ണിപ്പറഞ്ഞാണ് വല്യമ്മ, വല്യച്ഛനോട് വഴക്കുകൂടിയിരുന്നതു തന്നെ.

അങ്ങനെയുള്ള വല്യച്ഛൻ അത്തവണ മാത്രമല്ല എല്ലാത്തവണയും പയറുകൃഷി ചെയ്തു. പയറുവള്ളികളോടായിരുന്നു പിന്നെ വല്യച്ഛന്റെ ചങ്ങാത്തം.

സംസാരം, ഉപദേശംതേടൽ.

അതിന്റെ ഇലയനക്കവും നാമ്പുനീട്ടലും ഊഞ്ഞാലാട്ടവും ഓരോരോ കാര്യം പറച്ചിലുകളായി തർജമ ചെയ്തു വല്യച്ഛൻ. പത്മിനിക്ക് പാവാടത്തുണി എടുക്കുമ്പോൾ നീലയോ മഞ്ഞയോ വേണ്ടത്? എണ്ണ തേയ്ക്കാതെ പത്മിനിയുടെ തലമുടി ചെമ്പിച്ചിരിക്കുന്നു, വഴക്ക് പറയണോ അതോ അങ്ങനങ്ങ് പോട്ടെന്നു വയ്ക്കണോ? പത്മിനിക്ക് ഒരു നാരായണനോടിഷ്ടം, നമുക്ക് ചേരുമോയെന്തോ എന്നുതുടങ്ങി എന്തെല്ലാം പ്രശ്നങ്ങൾക്കാണ് പയറുവള്ളികൾ പരിഹാരം പറഞ്ഞു കൊടുത്തിട്ടുള്ളത് വല്യച്ഛന്? പത്മിനിയെയും കൂട്ടിയുള്ള ഈ വരവുതന്നെ പയറുവള്ളികളോടാലോചിച്ചിട്ടാവും എന്നെനിക്കുറപ്പുണ്ട്.

പയറുവള്ളികളെ വിട്ട് എവിടെയും പോയിനിൽക്കാറില്ല വല്യച്ഛൻ. പത്മിനി നിർബന്ധിച്ചാൽ അവളുടെ കൂടെ കഷ്ടിച്ച് രണ്ടു ദിവസം. നാട്ടുമ്പുറത്തേക്ക് രക്ഷപ്പെടാൻ അതിനിടയിൽ ഒരു മഹാഭാരതകഥതന്നെ മെനഞ്ഞുണ്ടാക്കും അച്ഛൻ എന്നാണ് പത്മിനിയുടെ ഭാഷ്യം.

ചിലർക്ക് പയറുവള്ളികൾ, ചിലർക്ക് കുട്ടികൾ, ചിലർക്ക് വീട് ഒക്കെയാണ് ചികിത്സ എന്നു പറയാനാഞ്ഞപ്പോൾ കേട്ടു കോണിപ്പടിയിൽ പത്മിനിയുടെയും സാന്ത്വനയുടെയും ചിരി. കൺകോണിലൂടെ എനിക്ക് കാണാം, വല്യച്ഛന്റെ മുഖം മെല്ലെ മെല്ലെ തെളിയുകയാണ്. ഒരു നേർവഴിക്കിടം തെളിഞ്ഞുവരികയാണ് എന്നു തന്നെ തോന്നുന്നു.

*(മഞ്ഞമരങ്ങൾ ചുറ്റിലും)*

## പദപരിചയം

• സദാ - എല്ലായ്പ്പോഴും • സ്വസ്ഥം - സുഖം • മടുപ്പ് - വിരസം • വൈധവ്യം - വിധവ ആയിരിക്കുന്ന അവസ്ഥ (ഭർത്താവ് മരിച്ച സ്ത്രീയുടെ അവസ്ഥ) • തുന്നൽ - തയ്യൽ • ഉയിർ - ജീവൻ

## പഠനപ്രവർത്തനങ്ങൾ

- അപ്പോഴവളുടെ കണ്ണുകളിൽ എനിക്കാവീട് കാണാമായിരുന്നു, അതിനോടുള്ള വാത്സല്യത്തിന്റെ ആഴങ്ങളിൽ അവൾ നീന്തിത്തുടിക്കുന്നതു കാണാമായിരുന്നു. - വീടിനെ വീടാക്കുന്നത് എന്തെല്ലാം ഘടകങ്ങളാവാം? കഥയിൽനിന്ന് ലഭിക്കുന്ന സൂചനകൾ എന്തെല്ലാം?
- പയറുവള്ളികളോടായിരുന്നു പിന്നെ വല്യച്ഛന്റെ ചങ്ങാത്തം, സംസാരം, ഉപദേശം തേടൽ - ഈ പരിണാമത്തിലേക്ക് വല്യച്ഛൻ എന്ന കഥാപാത്രം മാറിയ സാഹചര്യം വിശകലനം ചെയ്യുക.
- അവളുടെ വിഷമങ്ങളിലെല്ലാം മരുന്നുവച്ചുകെട്ടുന്നത് ആ വീടാണ് - പത്മിനിയെസംബന്ധിച്ച ഈ പരാമർശത്തിന്റെ യുക്തി വിശകലനം ചെയ്യുക.
- 'പയറുവള്ളിയിൽത്തൂങ്ങി നമ്മളൊക്കെ' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം ഉചിതമായിരിക്കുന്നു എന്ന് വ്യക്തമാക്കുക.
- "പത്മിനിയെ വീട് ജ്വരംപോലെ ബാധിച്ചിരിക്കുകയാണ്. എനിക്ക് പകരംവയ്ക്കൽ ഒരു പിടിവള്ളിയായിരുന്നു."
  അടിവരയിട്ടിരിക്കുന്ന ശൈലി കഥാസന്ദർഭത്തെ ഭാവതീവ്രമാക്കുന്നതെങ്ങനെ? ചർച്ച ചെയ്യുക. കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

പാഠം 3

# ഒരു ചെറുപുഞ്ചിരി

**എം ടി വാസുദേവൻ നായർ**

**സീൻ 50 എ**

പകൽ
ഗ്രാമപാത.
അമ്മാളു, കുറുപ്പ്.
*അവർ തനിയെ നടക്കുന്നു.*

**അമ്മാളു:** (കൈ നീട്ടി) ബാഗ് ഇങ്ങട്ട് തന്നേക്കൂ. കനംണ്ട്.

**കുറുപ്പ്:** ഓറഞ്ചും മുന്തിരിങ്ങേം ആണ്. നിന്റേല് എന്താ?

**അമ്മാളു:** ഒരു സെറ്റ്മുണ്ട്. അത് ഞാൻ പിടിക്കാം, കനൊള്ളതല്ലേ.

കുറുപ്പ്: (വാശിയിൽ) ഇതെനിക്ക് തന്നതാ അവൻ! അത്ര ദുര വേണ്ട. ഞാൻ പിടിച്ചോളാം.

അവർ നടക്കുമ്പോൾ

**കുറുപ്പ്:** നീയ് മാലതിക്കെന്തോ കൊടുക്ക്ണത് കണ്ടല്ലോ.

**അമ്മാളു:** അതൊക്കെ ഞാൻ കൊടുത്തു.

**കുറുപ്പ്:** കണക്കറിയണല്ലോ എനിക്ക്? എന്താ കൊടുത്തത്?

**അമ്മാളു:** (സംശയിച്ച്) ഒരു കുതിരപ്പവൻ.

**കുറുപ്പ്:** (ആലോചിച്ച്) അപ്പോൾ ഇനി നാലെണ്ണം ബാക്കിണ്ട്, അല്ലേ?

**അമ്മാളു:** ഉം.

**കുറുപ്പ്:** ബീനേം ഭർത്താവുംകൂടി വരുമ്പോൾ ഒന്നവൾക്ക്. പിന്നേം മൂന്ന്ണ്ടാവും. ഉം. നാല്പത്തിരണ്ടു റുപ്പിക പവനു വെലള്ള കാലത്ത് വാങ്ങീതാ അതൊക്കെ!

**അമ്മാളു:** കല്യാണച്ചെലവിന് ജാനൂന് ഒന്നും കൊടുത്തില്ലെ?

**കുറുപ്പ്:** (ഗൗരവത്തിൽ) ഉം. എന്നെ നാട്ടുമര്യാദ പഠിപ്പിക്കണ്ട!

**അമ്മാളു:** എത്ര?

**കുറുപ്പ്:** (ഗൗരവത്തിൽ) അത് നീയറിയണ്ട. ഇവിടെ വരവ്ചെലവ് കണക്ക് വയ്ക്കണത് ഞാനാ!

*നടക്കുന്നു. സന്ധ്യയുടെ പശ്ചാത്തലത്തിൽ അവർ പതുക്കെപ്പതുക്കെ ഗ്രാമപ്രകൃതിയിലൂടെ നടക്കുന്നു. അപ്പോൾ കല്യാണവീട്ടിൽനിന്ന് മൈക്ക് ടെസ്റ്റിങ്... പിന്നെ സംഗീതം.*

**കുറുപ്പ്:** ഓ മൈക്കൊക്കെ വച്ച് കേമാക്ക്ണണ്ടല്ലോ ജാനു!

**അമ്മാളു:** ഓർമ്മണ്ടോ? കല്യാണത്തിന് ഞങ്ങടെ വീട്ടിലും റിക്കാർഡ് വെച്ചിരുന്നു. അഞ്ഞൂറാൾക്കായിരുന്നു സദ്യ. നിരത്തുമ്പ്ന്ന് തൊട്ട് ഏഴു ദിക്കില് ഈന്തിൻ പട്ടടെ കമാനം. എം.എസ് സുബ്ബലക്ഷ്മീടെ റിക്കാർഡായിരുന്നു അധികോം. അസ്സലോർമ്മണ്ട്.

*പശ്ചാത്തലത്തിൽ കല്യാണവീട്ടിൽനിന്ന് സംഗീതം. ഭൂതകാലസ്മരണകളിൽ നിമഗ്നരായി അവർ നടക്കുന്നു.*

**അമ്മാളു:** ശുണ്ഠിക്കാരനാന്നാ എല്ലാരും പറഞ്ഞത്. എനിക്കും അതോണ്ട് പേടിയായിരുന്നു. മാലടമ്പോ ഒന്നു നോക്കി. അപ്പഴും വലിയ ഗൗരവം.

**കുറുപ്പ്:** (ചിരിച്ച്) പരിഭ്രമം. ആകെ പരിഭ്രമമായിരുന്നു. പിന്നെപ്പഴാ പേടി മാറീത്?

**അമ്മാളു:** ബസ്സില് പോയില്ലെ? വീട്ടിലയ്ക്ക് കൂട്ടിക്കൊണ്ട്വോവുമ്പോ. അടുത്തടുത്തിരുന്നപ്പോ കൂടി ഒന്ന് നോക്ക്ണില്ല. മുഖത്ത് ശുണ്ഠിതന്നെ.

*കുറുപ്പ് ചിരിയും ഗൗരവവും കലർന്ന ഭാവത്തിൽ കേൾക്കുന്നു.*

**അമ്മാളു:** ബസ്സിന്റെ മണം തട്ടിയപ്പോൾ വല്ലാതെ ഛർദ്ദിക്കാൻ വന്നു. അപ്പോൾ അതിലേറെ പേടി. അപ്പോ ആരും കാണാണ്ടെ ഒരു ചെറുനാരങ്ങ കൈയിൽ തന്ന് പറഞ്ഞില്ലെ! മണപ്പിച്ചോളൂ. ഛർദ്ദി വരില്ല. നോക്കുമ്പോൾ ഒരു ചിരി! ചെറ്യേ ഒരു പുഞ്ചിരി.

**കുറുപ്പ്:** (കുറച്ച് പതുക്കെ ചിരിക്കുന്നു) വല്ലാത്തൊരോർമ്മ!

**അമ്മാളു:** (അല്പം ഗൗരവത്തിൽ) ആ ചിരി എന്നും ഞാൻ മറക്കില്ല. പേടിക്കണ്ട ഒരാളല്ല. ഒരു ചങ്ങാതിതന്നെയാണ്ന്ന് തോന്നിയത് ആ ചെറ്യേ ചിരി ചിരിച്ചനേരം തൊട്ടാണ്.

*കുറുപ്പ് തുറന്നു ചിരിക്കുന്നു. അവർ വീണ്ടും നടക്കുന്നു.*

## സീൻ 51

അടുത്ത പകൽ
വീട്.
അമ്മാളു, കുറുപ്പ്.

*മേശപ്പുറത്ത് പകർച്ച വന്ന വിഭവങ്ങൾ. ഊണ് കഴിയാറായിരിക്കുന്നു.*

*പായസം കഴിക്കുന്ന കുറുപ്പിനോട്*

**അമ്മാളു:** മതി. ഇനി പരിപ്പ് പായസോം ണ്ട്.

**കുറുപ്പ്:** പാലട നന്നായി. ജാനു ഒക്കെ കേമായിട്ടുതന്നെയാണ്. എമ്പ്രാന്തിരിടെ ദേഹണ്ണം ഒട്ടും മോശല്യ.

**അമ്മാളു:** (പരിപ്പ് പായസം വിളമ്പുമ്പോൾ) കുറച്ചു മതി. ഉം. മതി. *(അപ്പോൾ ഫോൺ കോൾ.)*

**അമ്മാളു:** ഞാൻ നോക്കാം.

*(കാരണവർ വിസ്തരിച്ച് പായസം കഴിക്കുന്നു. അമ്മാളു ഫോണിൽ പറയുന്ന ശബ്ദം കേൾക്കാം:)*
എനിക്ക് സുഖല്യാന്ന് കേട്ട് വെറുതെ വന്നതാണ്... ആ ബീനമോളും ണ്ടായിരുന്നു... അച്ഛൻ ഊണു കഴിക്കാ... ആ, ഞാൻ പറയാം... ഓ! അയ്യോ കഷ്ടായി.

*ഊണു കഴിഞ്ഞ് എഴുന്നേറ്റ് കൈ കഴുകുമ്പോൾ അമ്മാളു വന്ന്:*

രാധയാണ്. കേശു വന്നതറിഞ്ഞിട്ടുണ്ട്. ബീനടെ കാര്യം എന്തോ അറിഞ്ഞിട്ടുണ്ട്ന്ന് തോന്ന്ണു. ഞാനൊന്നും പറഞ്ഞില്ല.

*കുറുപ്പ് കൈ കഴുകി തോർത്തിൽ തുടച്ച്:*

*ഊണ് കുറച്ച് ജാസ്ത്യായി.*

**അമ്മാളു:** ആ ചിന്നമണിയമ്മല്യേ. അത് കുളിമുറിയിൽ വീണു. അരക്കെട്ടൊടിഞ്ഞു. ആശുപത്രിലാണത്രെ.

**കുറുപ്പ്:** അവരെയൊക്കെ ഈശ്വരൻ വേഗം അങ്ങട്ട് വിളിക്യാ. അതൊരനുഗ്രഹാവും. എങ്ങനെ കഴിഞ്ഞതാണ്! മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല.

*കുറുപ്പ് കിടപ്പുമുറിയിലേക്ക്.*

## സീൻ 52

പകൽ

വീട്.

*കിടപ്പുമുറിയിൽ വിശ്രമിക്കാനായി കിടക്കുന്ന കുറുപ്പ്. അമ്മാളു വന്ന് പുതപ്പ് കാൽക്കലേക്ക് കയറ്റിയിട്ട് ഒരു വശത്തു കിടക്കുന്നു.*

**അമ്മാളു:** ഞാനേയ്, കുറച്ചീസായി പറേണം ന്ന് വിചാരിച്ചിട്ട്. ആലൂര്ന്ന് വന്ന ആലോചനടെ കാര്യം.

**കുറുപ്പ്:** *(ഗൗരവത്തിൽ)* ഇനി അത് വിസ്തരിച്ചിട്ടെന്താ കാര്യം? എന്റെ കൂടെ കഴിയാനായിരുന്നു തലേലെഴുത്ത്! തീർന്നില്ലെ?

**അമ്മാളു:** *(ചിരിച്ച്)* ആലൂര്ത്തേയ് ഞാൻ വെറുതെ പറഞ്ഞതാ. ഒരാലോചനേം വന്നില്ല. ആദ്യായിട്ട് എനിക്ക് വന്ന ആലോചന ഇതന്നായിരുന്നു. അത് നടക്കൂം ചെയ്തു.



**കുറുപ്പ്:** *(ചിരിച്ച്)* അത് ഏകദേശം ഞാനൂഹിച്ചിരുന്നു. ഇല്ലാത്ത ഒരാലോചനടെ കേമത്തം പറേണേല് ഒരു രസം ണ്ടല്ലോ. അത് കളയണ്ടാച്ചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്നതല്ലെ ഇതുവരെ? നീയ് കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൽ എനിക്കറിയില്ലെ?

*രണ്ടാളും പൊട്ടിച്ചിരിക്കുന്നു. അയാൾ ഗ്യാസ്ട്രബിൾകൊണ്ട് ഒന്നസ്വസ്ഥനാവുന്നു. പിന്നെ ഉറക്കെ ശ്വാസം വിടുന്നു. അയാൾ ഒരു ദീർഘശ്വാസത്തോടെ മന്ദഹസിച്ച് കിടക്കുന്നു.*

അമ്മാളു: ഊണ് കുറച്ചധികായി. രാത്രി പൊടിയരിടെ കഞ്ഞി മാത്രം ഇത്തിരി കഴിച്ചാൽ മതി.

*അയാൾ മിണ്ടുന്നില്ല. മയങ്ങാൻ തുടങ്ങുന്നു.*

*ആലോചനയ്ക്കുശേഷം* **അമ്മാളു:** ബീനമോൾടെ കാര്യം കൊഴപ്പൊന്നും കൂടാതെ കഴിഞ്ഞുകൂടിയാൽ മതിയായിരുന്നു. നമുക്ക് അങ്ങോട്ടൊന്ന് വിളിക്കാം. ഇന്ന് രാത്രീല്--

*ശബ്ദമൊന്നും കേൾക്കാത്തപ്പോൾ:*

ഒറങ്ങി, അല്ലെ?

*അവർ നോക്കുമ്പോൾ ഒരു പന്തികേട്. മന്ദഹാസത്തോടെ കാരണവർ കിടക്കുന്നു. പക്ഷേ, നിശ്ചലം. നെഞ്ചത്ത് കൈവച്ചപ്പോൾ ഒരു നടുക്കം. അവസാനിച്ചു എന്ന നിശ്ശബ്ദമായ ആഘാതം മുഖത്തു പടരുന്നു.*

## സീൻ 53

പകൽ.

കുറുപ്പിന്റെ വീട്.

*പൂമുഖത്ത് കുറച്ചാളുകൾ കൂടി നിൽക്കുന്നു. ചെറിയൊരു മനുഷ്യന്റെ മരണമാണ്.*

*മരിച്ചുകിടത്തിയ കുറുപ്പിന്റെ കാൽക്കലേക്ക് വന്ന് കണ്ണൻ നമസ്കരിക്കുന്നു. മുറ്റത്തും വരാന്തയിലുമൊക്കെ ആൾക്കാർ. തലയ്ക്കൽ മക്കൾ, പേരക്കുട്ടികൾ, കേശുവിന്റെ ഭാര്യ. പരിസരത്തിൽ കേശു.*

*(രാമൻകുട്ടി ഫോണിൽ അന്വേഷണങ്ങൾക്കു മറുപടി പറയുന്നു)*

*കണ്ണൻ നമസ്കരിച്ച് തിരികെ വരുമ്പോൾ പശ്ചാത്തലത്തിൽ വന്നുകൂടിയ ചുരുക്കം പേരെ കാണാം.*

## സീൻ 53 എ

രാത്രി.

വീട്.

*വീട്ടുപരിസരത്തിൽ ഏകാകിയായി നിൽക്കുന്ന കണ്ണൻ. അകലെ പറമ്പിന്റെ അതിർത്തിയിൽ ദഹിപ്പിച്ചേടത്തുനിന്നുള്ള പുക ഉയരുന്നു. നേർത്ത ഇരുട്ട്. ഇരുട്ടിന്റെ ഒരു കീറുപോലെ കണ്ണനും.*



## സീൻ 54

സന്ധ്യ.
വീട്.

*ശവസംസ്കാരവും മറ്റും കഴിഞ്ഞശേഷം ഒരു സന്ധ്യ. വീടിന്റെ പൂമുഖത്ത് രാധ, രവി, കേശു, ജയൻ, കേശുവിന്റെ ഭാര്യ എന്നിവർ പലേടത്തായി ഇരിക്കുന്നു.*

*അമ്മാളു ചുവർ ചാരിയിരിക്കുന്നു. അവരുടെ മുഖത്ത് കണ്ണീരില്ല. വിഷാദം അകമെ ഉണ്ടെങ്കിലും ശാന്തമാണ് ഭാവം.*

**രവി** : അവിടെ കുറച്ചു ദിവസം നിൽക്ക്വാ. പിന്നെ ഒരു മാറ്റം വേണമെന്നു തോന്നിയാൽ കേശ്വേട്ടന്റെ അടുത്തേക്കു പോകാം.

**ജയൻ:** അമ്മയ്ക്ക് കുവൈറ്റിലേക്കും വരാം. പുതിയ സ്ഥലം. നാട്ട്ന്ന് കുറച്ചു വിട്ടുനിന്നാൽത്തന്നെ മനസ്സിന് സുഖം തോന്നും. ഇപ്പോൾ കൊച്ചീന്ന് നേരിട്ട് ഫ്ളൈറ്റുണ്ടല്ലോ. യാത്രയ്ക്ക് ഒരു ബുദ്ധിമുട്ടൂല്യ.

**കേശു:** പറമ്പും വീടും ഒക്കെ ആ രാമൻകുട്ടി നോക്കിക്കോളും. നല്ല വെല കിട്ടിയാൽ പിന്നെ കൊടുക്കൂം ചെയ്യാം. ഇവിടെ ഇത്തിരി കൃഷി ചെയ്യിട്ട് എന്താ കാര്യം?

**രാധ:** എവിടെ നിൽക്കാനാ ഇഷ്ടന്ന് അമ്മയാണ് നിശ്ചയിക്കേണ്ടത്.

**സുഭദ്ര:** ഞാൻ പറയ്വാച്ചാൽ മാറി മാറി മൂന്നു സ്ഥലത്തും നിൽക്കാം. ഇടയ്ക്കിടയ്ക്ക് ഒരു ചെയ്ഞ്ച് വന്നാൽ അമ്മയ്ക്ക് ഒരു മടുപ്പും തോന്നില്ല അല്ലേ, അമ്മേ?

*അമ്മ മുഖമുയർത്തി അവരെ നോക്കുന്നു.*

**അമ്മാളു:** ഞാനെവിടയ്ക്കും ല്ല കുട്ടികളേ!

*അവർക്കത്ഭുതം*

**ജയൻ:** അമ്മ ഇവിടെ ഒറ്റയ്ക്ക് എങ്ങനെ?

**അമ്മാളു:** *(തലകുനിച്ച് ആത്മഗതം പോലെ)* ഞാനൊറ്റയ്ക്കല്ല. അച്ഛൻ ഈ ചുറ്റുവട്ടത്ത് എപ്പഴും ഉണ്ടാവും. എനിക്കൊരു ബുദ്ധിമുട്ടും വരില്ല കുട്ടികളേ.

*കൂടുതൽ ആരും വാദിക്കണ്ട എന്നറിയിക്കുംപോലെ അമ്മ അകത്തേക്ക്.*

## സീൻ 55

പകൽ.
കുറുപ്പിന്റെ വീട്.
*മക്കൾ മടങ്ങിപ്പോയിരിക്കുന്നു. വീട്ടിൽ അമ്മ തനിയെ.*
*മാലതിയും ഭാസ്കരനും കൂടി വരുന്നു.*
*അമ്മാളു കോലായിൽ തൂണിനടുത്തായി നിൽക്കുന്നു.*
*യാത്രയ്ക്കുള്ള വേഷത്തിലാണ് മാലതിയും ഭാസ്കരനും.*

**ഭാസ്കരൻ:** ഞങ്ങള് പോവ്വാ. രണ്ടാഴ്ച കഴിഞ്ഞാൽ ഒന്നു വരും. ബന്ധുവീടുകളിലൊക്കെ കേറിക്കഴിഞ്ഞില്ല.

*അമ്മാളു മന്ദഹസിച്ച് ശരിവയ്ക്കുന്നു. ഭാസ്കരൻ പുറത്തേക്ക്. മാലതി പിന്നെയും വലിയമ്മയുടെ സമീപം നിൽക്കുന്നു. അവൾക്കും വല്ലാത്തൊരു വിഷാദമുണ്ട്. ചോറ്റുപാത്രംകൊണ്ട് കണ്ണൻ അകത്തേക്ക്.*

**അമ്മാളു:** *(ശാന്തഭാവത്തിൽ)* ബുദ്ധിമുട്ടാതെ പോയി വലിയച്ഛൻ. എന്റെ ആഗ്രഹംപോലെതന്നെ.

**മാലതി:** അമ്മയോട് ഞാൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇവിടത്തെ കാര്യം നോക്കാൻ.

**അമ്മാളു:** *(അത് ശ്രദ്ധിക്കാതെ)* എല്ലാ സ്ത്രീകൾക്കും ആഗ്രഹം ഭർത്താവിരിക്കുമ്പോൾ മരിച്ചുപോണേന്നാണ്. മംഗല്യത്തോടെ മരിക്ക്യ. എന്റമ്മയൊക്കെ പറേണത് കേട്ടിട്ടുണ്ട്. അതറിയേ്വാ മാലതിക്ക്?

*കണ്ണൻ വന്ന് അമ്മാളൂവിന്റെ സമീപം നിൽക്കുന്നു.*

എന്റെ പ്രാർഥന മറിച്ചായിരുന്നു. ഞാനുള്ളപ്പോൾ കഷ്ടപ്പെടാതെ വല്യച്ഛൻ പോണേ എന്ന്. അതീശ്വരൻ കേട്ടു!

*മാലതിക്ക് മനസ്സിലാവുന്നില്ല.*

*(മാലതിയോടായി)* കുട്ടിക്ക് അത് മനസ്സിലാവില്ല. രാത്രി പാതിരയ്ക്കാവും വയറ്റിൽക്കാളല്. അപ്പോ മോര് വേണം. രാസ്നാദിപൊടിയിട്ടില്ലെങ്കിൽ കുളിച്ചാൽ നീരിളക്കം. തണുപ്പുവിട്ട വെള്ളത്തിലേ കുളിക്കാവൂ. ആഹാരം ചിലതൊക്കെ വയറ്റിന് തീരെ പിടിക്കില്ല. ഞാനില്ലാത്തപ്പോൾ ഇതൊക്കെ ആരാ അറിഞ്ഞു ചെയ്യ്വാ?

*മാലതി നോക്കുന്നു.*

ശീലങ്ങളൊക്കെ എനിക്കറിയ്ണമാതിരി വേറാർക്കെങ്കിലും നിശ്ചയണ്ടാവ്വോ? ഒട്ടും കഷ്ടപ്പെടാതെ പോയത് ഭാഗ്യം!

*അവർ എഴുന്നേറ്റ് തൂണിനടുത്തു വന്ന് പറമ്പിലേക്ക് നോക്കി നിൽക്കുന്നു.*

*കുറച്ചടികൾ നടന്ന് മാലതി തിരിഞ്ഞുനോക്കുന്നു. അപ്പോൾ വലിയമ്മ തൂണുപിടിച്ചു നിന്ന് തേങ്ങിക്കരയുകയാണ്.*

*പുറത്തേക്കിറങ്ങുന്ന മാലതിയോട്---*

**കണ്ണൻ:** നേരത്തെ മരിച്ചത് ഭാഗ്യായീന്നല്ലെ വല്യമ്മ പറഞ്ഞത്?

**മാലതി:** ഉം.

**കണ്ണൻ:** പിന്നെന്തിനാ വല്യമ്മ കരേണ്?

**മാലതി:** അത്... അത് നിനക്ക് മനസ്സിലാവില്ല കണ്ണാ....

*മാലതി വീട്ടിലേക്ക്. കണ്ണൻ അകലെ നിൽക്കുന്ന വലിയമ്മയെ നോക്കുന്നു.*

*അമ്മാളു തൂണിനടുത്ത് നിന്ന് മുറ്റത്തിറങ്ങി പതുക്കെപ്പതുക്കെ തോട്ടത്തിലേക്ക്. അവർ തോട്ടത്തിൽ. അപ്പോൾ വീശിയ കാറ്റിൽ തോട്ടത്തിലെ ഇലകളും വള്ളികളും അവരുടെ സാമീപ്യം മനസ്സിലാവുംപോലെ ചലിക്കുന്നു. പന്തലിൽ പടർത്തിയ ചില വള്ളികൾ അവരെ ആശ്ലേഷിക്കുന്നു. ഞാൻ തനിച്ചല്ല എന്ന ആശ്വാസത്താൽ ദുഃഖച്ഛായ മാഞ്ഞ് ആ മുഖം ശാന്തമാവുന്നു. ചെടികളുടെ ആഹ്ലാദം.*

## പദപരിചയം

- ദുര - അതിമോഹം • പശ്ചാത്തലം - പിൻഭാഗം • ശുണ്ഠി - കോപം • ജാസ്തി - അധികം • മംഗല്യം - വിവാഹം
- ആശ്ലേഷം - ആലിംഗനം

## പഠനപ്രവർത്തനങ്ങൾ

- 'ഒരു ചെറുപുഞ്ചിരി' എന്ന സിനിമയിലെ കുറുപ്പ്, അമ്മാളു, കണ്ണൻ എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്തുക.
- 'ഒരു ചെറുപുഞ്ചിരി' എന്ന തിരക്കഥയിൽനിന്ന് തെളിഞ്ഞുകിട്ടുന്ന ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കണ്ടെത്തുക. ഇത്തരം കാഴ്ചപ്പാടുകളെ സമകാലികജീവിതവുമായി താരതമ്യം ചെയ്യുക.
- 'പന്തലിൽ പടർത്തിയ ചില വള്ളികൾ അവരെ ആശ്ലേഷിക്കുന്നു. ഞാൻ തനിച്ചല്ല എന്ന ആശ്വാസത്താൽ ദുഃഖച്ഛായ മാഞ്ഞ് ആ മുഖം ശാന്തമാകുന്നു.

  ചെടികളുടെ ആഹ്ലാദം' (ഒരു ചെറുപുഞ്ചിരി)

  അതിന്റെ ഇലയനക്കവും നാമ്പുനീട്ടലും ഊഞ്ഞാലാട്ടവും ഓരോരോ കാര്യം പറച്ചിലുകളായി. തർജമചെയ്തു വല്യച്ഛൻ (പയറുവള്ളികളിൽ തൂങ്ങി നമ്മളൊക്കെ) പ്രകൃതിയും മനുഷ്യരും തമ്മിലുള്ള അഗാധമായ ആത്മബന്ധമാണോ മുകളിൽ നൽകിയ രചനാഭാഗങ്ങളിൽ തെളിയുന്നത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.
- 'മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല' 'ഒരു ചെറുപുഞ്ചിരി'യിലെ കുറുപ്പിന്റെ അഭിപ്രായമാണിത്. മനുഷ്യബന്ധങ്ങളെപ്പറ്റി ചർച്ചചെയ്യുന്ന യൂണിറ്റിലെ മറ്റു പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഈ ആശയം ചർച്ചചെയ്യുക.
- ഇക്കാലത്ത് വൃദ്ധസദനങ്ങൾ അനിവാര്യമാണോ? ഈ വിഷയത്തെ ആസ്പദമാക്കി ഒരു സംവാദം സംഘടിപ്പിക്കുക.

## ഡി. വിനയചന്ദ്രൻ (1946 - 2013)



കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയിൽ ജനിച്ചു. വംശഗാഥ, *വിനയചന്ദ്രന്റെ കവിതകൾ, ദിശാസൂചി, ഭൂമിയുടെ നട്ടെല്ല്, കായിക്കരയിലെ കടൽ, വീട്ടിലേക്കുള്ള വഴി, സമയമാനസം, സമസ്തകേരളം പി ഒ, സൗമ്യകാശി, ചിറപ്പ്, മദനനും രമണനും തോളുരുമ്മി, നരകം ഒരു പ്രേമകവിത എഴുതുന്നു, വിനയചന്ദ്രന്റെ പ്രണയകവിതകൾ, പൊടിച്ചി* (നോവൽ) തുടങ്ങിയവ പ്രധാന കൃതികൾ.

## ആറ്റൂർ രവിവർമ്മ (1930 - 2019)



തൃശൂർ ജില്ലയിലെ ആറ്റൂരിൽ ജനനം. *കവിത, ആറ്റൂർ രവിവർമ്മയുടെ കവിതകൾ ഒന്നും രണ്ടും ഭാഗങ്ങൾ* എന്നിവ കൃതികൾ. *പുളിമരത്തിന്റെ കഥ (സുന്ദരരാമസാമി), നാളെ മറ്റൊരുനാൾ മാത്രം (നാഗരാജൻ), രണ്ടാം യാമങ്ങളുടെ കഥ (സെൽമ)* എന്നീ നോവലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. *പുതുനാനൂറ് (തമിഴ് പുതു കവിത), ഭക്തികാവ്യം (മധ്യകാല തമിഴ് കവിത)* എന്നിവ കവിതാവിവർത്തനങ്ങൾ. കേന്ദ്രസാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചു.

## എം.ടി.വാസുദേവൻനായർ (1933- )



പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ ജനനം. പത്രാധിപർ, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തൻ. 1994 ൽ ജ്ഞാനപീഠം പുരസ്കാരം ലഭിച്ചു. പത്മഭൂഷൺ, എഴുത്തച്ഛൻ പുരസ്കാരം, ജെ.സി. ഡാനിയേൽ പുരസ്കാരം, പ്രഥമ കേരളജ്യോതി പുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവയും ലഭിച്ചിട്ടുണ്ട്. പ്രധാന കൃതികൾ: *മഞ്ഞ്, കാലം, നാലുകെട്ട്, രണ്ടാമൂഴം* (നോവലുകൾ). *പഞ്ചാഗ്നി, വൈശാലി, പെരുന്തച്ചൻ, പഴശ്ശിരാജ, ഒരു വടക്കൻവീരഗാഥ, ഒരു ചെറുപുഞ്ചിരി* (തിരക്കഥകൾ)

## പ്രിയ എ എസ് (1967 - )



ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ എരമല്ലൂരിൽ ജനിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. കൃതികൾ: *കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ* (വിവർത്തനം - ഗോഡ് ഓഫ് സ്മാൾ തിംഗ്സ്), *ഓരോരോ തിരിവുകൾ* (1994), *പ്രിയ എ എസിന്റെ കഥകൾ* (1999), *മഞ്ഞമരങ്ങൾ ചുറ്റിലും* (2002), *ജാഗരൂക* (2002), *ഒഴുക്കിൽ ഒരില* (ഓർമക്കുറിപ്പ് - 2003), *മായക്കാഴ്ചകൾ* (ലേഖന സമാഹാരം - 2004).



## തുടർവായന

1. സഫലമീയാത്ര - എൻ.എൻ. കക്കാട്
2. ഊഞ്ഞാലിൽ (കവിത) - വൈലോപ്പിള്ളി
3. ഒഴുക്കിൽ ഒരില (ഓർമക്കുറിപ്പ്) - പ്രിയ എ.എസ്
4. നര - മലയാളത്തിലെ വാർധക്യ കഥകൾ
5. പ്രിയ എ.എസിന്റെ കഥകൾ
6. ഡി. വിനയചന്ദ്രന്റെ കവിതകൾ
7. ആറ്റൂരിന്റെ കവിതകൾ

യൂണിറ്റ് - 6

## എനിക്കറിയാം

| ക്രമ നമ്പർ | നേടിയ ശേഷികൾ/ധാരണകൾ | ✓ അടയാളമിടുക | | |
|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടേണ്ടതുണ്ട് |
| 1 | വീട്, നാട് എന്നിവ നൽകുന്ന ഗൃഹാതുരത്വവുമായി ബന്ധപ്പെട്ട കവിതകളും കഥകളും വായിച്ച് ആസ്വദിക്കാൻ. | | | |
| 2 | കവിതാഭാഗം വിശകലനംചെയ്ത് അതിലെ പ്രയോഗങ്ങൾ നൽകുന്ന അർഥസൂചനകൾ കണ്ടെത്താൻ. | | | |
| 3 | കവിതാഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കാൻ. | | | |
| 4 | കവിതാഭാഗങ്ങളിലെ ആനുകാലിക ജീവിതവുമായി ബന്ധപ്പെട്ട ആശയതലം ഉൾക്കൊള്ളുന്ന രീതിയിൽ ഉപന്യാസം തയ്യാറാക്കാൻ. | | | |
| 5 | കവിതാഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാൻ. | | | |
| 6 | കഥകൾ വിശകലനം ചെയ്ത് കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കാൻ. | | | |
| 7 | കഥകൾ വായിച്ച് കഥാഭാഗത്തെ സംഘർഷാത്മകമാക്കുന്നതിൽ കഥാപാത്രങ്ങൾ വഹിച്ച പങ്ക് എന്താണെന്ന് കണ്ടെത്താൻ. | | | |
| 8 | തിരക്കഥാഭാഗങ്ങൾ വായിച്ച് കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്താൻ. | | | |
| 9 | തിരക്കഥകളിൽ തെളിഞ്ഞ്നിൽക്കുന്ന ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കണ്ടെത്താനും സമകാലിക ജീവിതവുമായി താരതമ്യം ചെയ്യാനും. | | | |
| 10 | തിരക്കഥകളിലെ ദൃശ്യാവിഷ്കാരത്തിന്റെ ഔചിത്യം കണ്ടെത്തി അവതരിപ്പിക്കാൻ. | | | |
| 11 | തിരക്കഥകളിലെ രചനാപരമായ സവിശേഷതകൾ മനസ്സിലാക്കി തിരക്കഥകൾ തയ്യാറാക്കാൻ | | | |
| 12 | വൃദ്ധസദനങ്ങളുടെ അനിവാര്യതയുമായി ബന്ധപ്പെട്ട് ഒരു സംവാദം സംഘടിപ്പിക്കാനും സ്വന്തം വാദമുഖങ്ങൾ യുക്തിപൂർവം സമർഥിക്കാനും. | | | |